PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

SECOND SESSION—1954

Thursday, the 5th August 1954.

Vol. XI] OFFICIAL REPORT [No. 20.

The Assembly met in the Assembly Chamber, Trivandrum. at Eleven of the Clock on Thursday, the 5th August 1954, with Mr. Speaker in the Chair.

Adjournment motions.

Mr. Speaker: There are two adjournment motions. The first one is from Shri Narayanan Potti and the second is from Shri Avira Tharakan. They do not satisfy the conditions of general public importance according to Rules and I disallow both of them.

Papers laid on the Table.

Minister for Finance **(Shri P. S. Nataraja Pillai):** Sir, I beg to lay on the Table the Appropriation Accounts of the Government of Travancore-Cochin for 1951-52 and the Audit Report 1953.

Motion under Rule 43 re: introduction of Basic Education.

Chief Minister **(Shri A. Thanu Pillai):** Sir,—

ശ്രീ. പി. കെ. യശോധരൻ: സർ, ഒരു പായിന്റ് ആഫ് ആർഡർ. വളരെ പ്രധാനപ്പെട്ട ഈ ബേസിക് എഡ്യൂക്കേഷന്റെ സ്കീമിനെപ്പറ്റിയുള്ള യാതൊരു കരടുരൂപവും നേരത്തെ നല്കാതെയാണ് ഒരു മോഷനായി ഇപ്പോൾ അവതരിപ്പിക്കാൻ പോകുന്നതു്. ഇതിൽ നിക്ഷിപ്തതാല്പര്യത്തിന്റേതായ പലതും ഉൾക്കൊള്ളിച്ച് അതനുസരിച്ച് രൂപപ്പെടുത്താനുള്ള ഒരു സംരംഭമായ ഇതിനെ കാണാൻ കഴിയുകയുള്ളു. ആ നിലയ്ക്ക് ഇതിന്റെ പൂർണ്ണവിവരം നേരത്തെ ഇവിടെ തരാതെ ചർച്ച കൊണ്ടുവരുന്നതു് ശരിയല്ലെന്നാണ് എനിക്കു പറയുവാനുള്ളതു്.

മി. സ്പീക്കർ : ഇതൊരു പായിൻറ് ഓഫ് ഓർഡറല്ല. ഇങ്ങനെയുള്ള ഒരു കാര്യം മോഷനായി കൊണ്ടുവന്ന് ഡിസ്കസ് ചെയ്യുന്ന പതിവ് എല്ലാ നിയമസഭകളിലും ഉണ്ട്. വളരെ പ്രധാനപ്പെട്ട ഒരു കാര്യത്തെപ്പററി ഈ സഭയുടെ അഭിപ്രായം അറിയുന്നതിന് ഗവണ്മെൻറ തന്നെ നേരിട്ട് ഒരു മോഷൻ കൊണ്ടുവന്ന് ഡിസ്കസ് ചെയ്യുന്നതു് തികച്ചും അനുവദനീയമായ ഒരു കാര്യമാണ്.

ശ്രീ. ഏ. താണുപിള്ള : ഞാൻ അവതരിപ്പിക്കുന്ന പ്രമേയം ഇതാണ്.

"I move that this Assembly is of opinion that the system of Basic Education should be introduced in the schools of the State in place of the present system."

സർ, ബേസിക്ക് എഡ്യൂക്കേഷൻ അല്ലെങ്കിൽ അടിസ്ഥാനവിദ്യാഭ്യാസം ഈ സ്റ്റേററിൽ നടപ്പിൽ വരുത്തുന്നതിന് ഈ സഭയുടെ അനുവാദം ആവശ്യപ്പെടുകയാണ് ഈ പ്രമേയംകൊണ്ട് ഉദ്ദേശിക്കുന്നതു്. ഇവിടെ ഒരു ബഹുമാനപ്പെട്ട മെംബർ പുറപ്പെടുവിച്ച ആക്ഷേപം സ്കീം എന്താണെന്നു പൂർണ്ണമായിട്ടും സഭയെ അറിയിക്കാതെ ഇങ്ങനെ ഒരു പ്രമേയം കൊണ്ടുവരുന്നതു ശരിയല്ലെന്നാണ്. സർ, അതിനെപ്പററി എനിക്കു പറയുവാനുള്ളതു് ബേസിക്ക് എഡ്യൂക്കേഷൻ എന്താണെന്നു ഇന്നു സാമാന്യമായി ഇൻഡ്യാരാജ്യത്തു പൊതുവായി അറിയാവുന്ന ഒരു കാര്യമാണെന്നാണ്. ഇന്ന് നിലവിലിരിക്കുന്ന സമ്പ്രദായം എന്താണെന്നു നമുക്കൊക്കെ അറിയാം. ആ സമ്പ്രദായത്തിലുള്ള ന്യൂനതകളും നമുക്കറിയാം. ഈ ന്യൂനതകൾ കൂടാതെയുള്ള ഒരു സമ്പ്രദായമാണ് ബേസിക്ക് എഡ്യൂക്കേഷൻ. ആ ബേസിക്ക് എഡ്യൂക്കേഷൻ നമ്മുടെ നാട്ടിൽ നടപ്പിൽ വരുത്തുന്നതിനായി ഈ സഭയുടെ അഭിപ്രായം ആരായുന്നതു് ഉചിതമായിരിക്കുമെന്നാണ് ഗവണ്മെൻറ കരുതുന്നതു്.

ഇന്നാണെങ്കിൽ നമ്മുടെ സ്റ്റേററിൽ അനേകായിരം പ്രൈമറി സ്കൂളുകളും മിഡിൽസ്കൂളുകളും അവയ്ക്കു പുറമേ ഹൈസ്കൂളുകളുമുണ്ട്. ഈ സ്കൂളുകളിൽനിന്നും പഠിച്ചുവരുന്ന വിദ്യാർത്ഥികൾക്കു് അവരുടെ ജീവിതം നയിക്കുന്നതിനു വേണ്ടിടത്തോളം സാമർത്ഥ്യം ഇപ്പോഴുള്ള വിദ്യാഭ്യാസം കൊണ്ടു് സിദ്ധിക്കുന്നില്ലെന്നുള്ളതാണ് ഇന്നത്തെ വിദ്യാഭ്യാസസമ്പ്രദായത്തെപ്പററി പറയാനുള്ള വലിയ ആക്ഷേപം. ഈ നിയമസഭയിൽത്തന്നെ ഇങ്ങനെ ഒരാക്ഷേപമുണ്ടെന്നു സമ്മതിക്കാത്തവർ ആരെങ്കിലും ഉണ്ടായിരിക്കുമെന്ന് എനിക്ക് തോന്നുന്നില്ല. ആ നിലയ്ക്കു് ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായത്തിലുള്ള ന്യൂനതകൾ പരിഹരിച്ചു് കൂടുതൽ പ്രയോജനകരവും കാര്യക്ഷമവുമാക്കി വിദ്യാർത്ഥികളെ അവരുടെ ജീവിതം നയിക്കുന്നതിന് സമർത്ഥന്മാരാക്കുന്ന ഒരു സമ്പ്രദായം നടപ്പിൽ വരുത്തേണ്ടതു് അത്യാവശ്യമാണ്. ഇൻഡ്യയെ സംബന്ധിച്ചിടത്തോളം അതിലേക്ക് ബേസിക്ക് വിദ്യാഭ്യാസമാണ് സ്വീകരിക്കേണ്ടതെന്ന തത്വം പൊതുവേ സ്വീകരിക്കപ്പെട്ടിട്ടുണ്ട്. ചില രാഷ്ട്രീയകക്ഷികൾ ചില കാരണങ്ങളാൽ അതു സ്വീകരിച്ചില്ലെന്നുവരാം. എങ്കിലും പൊതുവേ സ്വീകരിക്കപ്പെട്ടിട്ടുള്ള ഒരു പദ്ധതിയാണ് അതെന്നുള്ളതിന് സംശയമില്ല. ഇൻഡ്യയിലെ പ്ലാനിംഗ് കമ്മീഷനും, വിദ്യാഭ്യാസപരമായി പ്രവർത്തിക്കുന്ന സമിതികളും ഇതു് സ്വീകരിച്ചിട്ടുണ്ട്. അതുപോലെതന്നെ ഇൻഡ്യയിലെ പല

സ്റ്റേറ്റുകളും ഇതു സ്വീകരിച്ചു് നടപ്പിലാക്കി വരുന്നുണ്ടു്. നമ്മുടെ സ്റ്റേറ്റിനെ സംബന്ധിച്ചടത്തോളവും ഈ പദ്ധതി കേവലം പുതിയതാണെന്നു പറയാൻ നിർവാഹമില്ല. ഏതാനും കൊല്ലങ്ങൾക്കു മുൻപു് ബേസിക്കു് പള്ളിക്കൂടങ്ങളിൽ പഠിപ്പിക്കുന്നതിലേക്കു് അദ്ധ്യാപകന്മാർക്കു ട്രെയിനിംഗ് നൽകുന്ന ഒരു സ്കൂൾ ചേർപ്പിൽ നമ്മുടെ സ്റ്റേറ്റും ഏർപ്പെടുത്തിയിട്ടുണ്ടു്. ഇതിനകം അവിടെ 300-ൽപരം അദ്ധ്യാപകന്മാരെ പരിശീലനം ചെയ്യിപ്പിച്ചിട്ടുമുണ്ടു്. ആ നിലയിൽ ഈ പദ്ധതി ഈ സ്റ്റേറ്റിൽ കേവലം പുതിയതായി കൊണ്ടുവന്നിരിക്കുന്ന ഒരു കാര്യമല്ല. ഏതാനും കൊല്ലങ്ങളായി ചേർപ്പിൽ അദ്ധ്യാപകന്മാർക്കു് പരിശീലനം നൽകുന്നുണ്ടെങ്കിലും അവരുടെ ആ പരിശീലനം ഉപയോഗപ്പെടുത്തി ഇവിടെയുള്ള സ്കൂളുകളിൽ പഠിപ്പിക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്തിട്ടില്ല. അതുപോരാ. ഇന്നത്തെ വിദ്യാഭ്യാസത്തിന്റെ ദോഷങ്ങൾ പരിഗണിച്ചു് ഈ നവീനസമ്പ്രദായം നമ്മുടെ രാജ്യത്തും ഏർപ്പെടുത്തണം. അതിനു് ഈ സഭ അനുമതി തരണമെന്നാണു് ഈ പ്രമേയംമൂലം ഞാൻ ആവശ്യപ്പെടുന്നതു്. ബേസിക്കു് എഡ്യുക്കേഷനെപ്പറ്റി ഇൻഡ്യൻ ബ്യൂറോ ഓഫ് എഡ്യുക്കേഷൻ എഴുതിയിട്ടുള്ള പാംഫ്ലെറ്റിൽനിന്നു ഒരു ചെറിയ ഭാഗം ഞാൻ വായിക്കാം.

"In the Basic System, education is imparted through productive or creative activity. This activity will be in the form of crafts and centre round the physical and social environments of the child. In this respect the Basic System of Education radically differs from the present system of education in the country which is much too literary and bookish. The child in the present system is a passive receptacle of learning administered to him. There is practically no correlation between the intellectual and practical elements and experience, the result being that the child loses all powers of initiative and self-reliance. In the Basic System the child learns by doing and thus realises the necessity fo learning various school subjects. For example, while cleaning the school, the child learns the simple principles of hygiene. His village pond initiates him into the science of Botany and Zoology. Again, while spinning, before he can report how many yards of yarn are produced on the Takli or what is the count of the yarn that has been spun, he should learn counting and simple operations of arithmetic. Arithmetic lessons to the child are, therefore, no longer abstract but have some significance in life.

The object of the Basic System will not be attained unless the teaching of the school subjects is co-ordinated through some form of activity. Correlation is essential to make the system a success. This idea of correlation is not new. Herbart and other educationists have emphasised the need for co-ordination in studies for the sake of creating unity and consistency in the individual's mental life. Subjects like History, Geography, Arithmetic, Science, Language, Painting and Music could be taught through activity. It is obvious that a teacher should be resource ful in order to succeed in such work. He should know which particular moment is suitable for introducing a particular topic. Festivities of birth days of great men can well be the starting

[Shri A. Thanu Pillai]

point of teaching a certain amount of history to the child. Again a child is using Takli ; he cannot spin ; the yarn continually breaks. The teacher explains that the hot weather is the chief reason. He may utilise this occasion; spinning will offer opportunities of starting lessons on the properties of circle, etc. Take again carpentry. While learning carpentry the child will be told something about the various kinds of timber and about the places where they come from. He will thus begin to have a knowledge of Geography. While using the tools he will learn something about their mechanism. He may draw the models of these tools and thus acquire some knowledge of Arithmetic and Geometry."

സർ, ഇങ്ങനെ ജോലിയും അറിവും സംബന്ധിച്ചുള്ള ബന്ധം കുട്ടികൾക്കു് മനസ്സിലാക്കാൻ കഴിയുന്നു. പഠിപ്പിക്കുന്നതു എന്തെങ്കിലും ചെയ്തും ചുററുപാടുമുള്ള വസ്തുക്കളെ നിരീക്ഷണം ചെയ്തുമായിരിക്കും. ഇന്നത്തെ സമ്പ്രദായത്തിൽ അതൊന്നുമില്ല. കേവലം പുസ്തകത്തിൽനിന്നു പറഞ്ഞു കൊടുക്കുക മാത്രമാണു് ചെയ്യുന്നതു്. മഴയെ സംബന്ധിച്ചാണെങ്കിൽ അതു പെയ്യുന്നതെങ്ങിനെയാണെന്നൊന്നും കാണിച്ചുകൊടുത്തല്ല ഇപ്പോൾ പഠിപ്പിക്കുന്നതു്. കാററിനെപ്പററിയും പഠിപ്പിക്കുന്നതു് ഇങ്ങനെയാണു്. മനുഷ്യൻെറ ശരീരത്തെ ഉപയോഗിച്ചുവേണം കാര്യങ്ങൾ നിർവ്വഹിക്കേണ്ടതെന്നുള്ളതു് ഇക്കാലത്തു് പഠിപ്പിക്കുന്നില്ല. മനുഷ്യൻെറ കരം ഉപയോഗിക്കുന്നതിൻെറ ആവശ്യകതയെപ്പററി വിദ്യാർത്ഥികളെ ഇപ്പോൾ ഒന്നും പഠിപ്പിക്കുന്നില്ല. അതിൻെറ ഫലമായിട്ടാണു് വിദ്യാഭ്യാസം ചെയ്തിട്ടുള്ള ആളുകൾക്കു് ശാരീരികമായ പ്രവൃത്തനത്തിനു വൈമുഖ്യവും ശാരീരികമായി പ്രവർത്തിച്ചു് വേണ്ടതു സാധിക്കുന്നതിനുള്ള സാമർത്ഥ്യക്കുറവും വന്നുകൂടുന്നതു്. അതൊക്കെ അകററി ഏതെങ്കിലും ക്രാഫ്ററുവഴി പഠിപ്പിക്കണം. അങ്ങിനെ ജീവിതവും പഠനവുമായി യോജിപ്പിക്കേണ്ടിയിരിക്കുന്നു. അതാണു് ഈ ബേസിക്കു് വിദ്യാഭ്യാസത്തിൻെറ സ്വഭാവം. ഇങ്ങനെയുള്ള ഒരു സിസ്റ്റംകൊണ്ടു മാത്രമേ നാം ഉദ്ദേശിക്കുന്ന രീതിയിൽ പൗരന്മാരെ രൂപീകരിച്ചെടുക്കാൻ നമുക്കു് സാധിക്കയുള്ളു. അതില്ലാത്തിടത്തോളംകാലം നമ്മുടെ നാട്ടിൽ തൊഴിൽപരമായ വൈമുഖ്യമുണ്ടാകുന്നതോടുകൂടി തൊഴിലിനുള്ള സൗകര്യങ്ങൾ ഉണ്ടാകാതിരിക്കുകയും ചെയ്യുമെന്നുള്ളതു സ്പഷ്ടമാണു്. അതായതു നമ്മുടെ വിദ്യാർത്ഥികളെ നല്ല പൗരന്മാരാക്കി, ഉപയോഗയോഗ്യരായ പൗരന്മാരാക്കിത്തീർക്കുന്നതിനു് ഇന്നത്തെ വിദ്യാഭ്യാസം പററിയതല്ലെന്നു എല്ലാവരും സമ്മതിക്കും. പിന്നെ ബേസിക്കു് സിസ്റ്റമാണോ വേണ്ടതു്, അതോ വേറെ തരത്തിൽ ഈ ഉദ്ദേശം സാധിക്കുമോ എന്നു അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടാകാം. എന്നാൽ തത്വപരമായി നോക്കിയാൽ അങ്ങിനെ അഭിപ്രായവ്യത്യാസങ്ങൾ യഥാർത്ഥത്തിൽ ആവശ്യമില്ല എന്നു കാണാം.

ഈ ബേസിക്കു് എഡ്യൂക്കേഷൻസിസ്റ്റം നമ്മുടെ സ്കൂളുകളിൽ ഏർപ്പെടുത്തുന്നതിനെ ഈ സഭ അംഗീകരിക്കണമെന്നാണു് എനിക്കിവിടെ ചെയ്യാനുള്ള അപേക്ഷ. ഞാൻ ഈ പ്രമേയത്തിൽ In the Schools of the State എന്നു പറഞ്ഞിട്ടുണ്ടെങ്കിലും പ്രധാനമായിട്ടുദ്ദേശിക്കുന്നതു പ്രൈമറി ക്ലാസ്സുകളേയും മിഡിൽസ്കൂൾ ക്ലാസ്സുകളേയുമാണു്. ഇതേവരെ ആദ്യമായി രണ്ടും മൂന്നും എട്ടും ക്ലാസ്സുകളിൽ അതായതു പതിന്നാലു വയസ്സുവരെയുള്ള

പരിശീലനമാണ് ഈ ബേസിക് എഡ്യുക്കേഷൻ സിസ്റ്റത്തിൽ പ്രധാനമായി വരുത്തിയിട്ടുള്ളതു്. അതു കഴിഞ്ഞാൽ പോസ്റ്റ് ബേസിക് സ്കീം ആകാം. സെക്കണ്ടറി വിദ്യാഭ്യാസക്കമ്മീഷന്റെ റിപ്പോർട്ടിലും ബേസിക് വിദ്യാലയങ്ങൾ ആകാം എന്നും സാങ്കേതികമായ തൊഴിലുകൾതന്നെ പഠിപ്പിക്കുന്ന വിദ്യാലയങ്ങളുമാകാം എന്നു പറഞ്ഞിട്ടുണ്ട്. മററു പാഠങ്ങൾ പഠിപ്പിക്കുന്നതിന്റെകൂടെ ഈ സാങ്കേതികവിഷയങ്ങളും പഠിപ്പിക്കാമെന്നും പറഞ്ഞിട്ടുണ്ട്; അതായതു മൾട്ടി പർപ്പസ് സ്കൂളുകളുമാകാം, എന്നാൽ തൊഴിൽ കേന്ദ്രീകരിച്ചു പഠിപ്പിക്കുന്ന വിദ്യാലയങ്ങളുമാകാം. അതൊക്കെ ബേസിക് സമ്പ്രദായത്തിൽ ഉള്ള എട്ടുവർഷം വിദ്യാഭ്യാസം കഴിഞ്ഞു നടത്തേണ്ടതാണ്. ഈ പ്രമേയത്തിൽ ഉദ്ദേശിക്കുന്നതു ആദ്യത്തെ എട്ടുവർഷത്തെ പഠനമാണ്. എന്നാൽ ഈ ബേസിക് സമ്പ്രദായത്തിൽതന്നെ തുടർന്നുപോവുകയും ചെയ്യാം. ഏതായാലും അതിനടിസ്ഥാനമായിട്ടു നമ്മുടെ വിദ്യാഭ്യാസസമ്പ്രദായം പുരോഗമിപ്പിക്കണമെങ്കിൽ അതിനു ബേസിക് സിസ്റ്റമാണ് പ്രധാനമായിട്ടുള്ളതു്. ഈ സിസ്റ്റം ഇൻഡ്യാഗവണ്മെന്റ് അംഗീകരിച്ചിട്ടുണ്ട്; പ്ലാനിംഗ് കമ്മീഷനും അതംഗീകരിച്ചിട്ടുണ്ട്, മാത്രമല്ല, പല ഗവണ്മെന്റുകളും ഇതു സ്വീകരിച്ചിട്ടുണ്ട്. അതുകൊണ്ട് നാമും ആ വഴി പോകുന്നതാണ് നല്ലതു്. അതു് ഈ സഭയുടെ ചർച്ചയ്ക്കു് വിഷയമാക്കുന്നതിനായിട്ടുള്ളതാണ് ഈ പ്രമേയം.

ഇവിടെ പ്രൈമറിസ്കൂളുകൾ നാലായിരത്തിൽ ചില്വാനമുണ്ട്. പ്രൈമറിസ്കൂളുകളിൽ അഞ്ചു ക്ലാസ്സുകൾ ഉണ്ട്. മിഡിൽസ്കൂളുകളിൽ മൂന്നു ക്ലാസ്സുകളുമുണ്ട്. ഇവയിൽ എല്ലാംകൂടി ഇരുപത്തയ്യായിരം അദ്ധ്യാപകന്മാർ ഉണ്ട്. ഈ രീതിയിൽ പഠിപ്പിക്കുന്നതിനുള്ള അദ്ധ്യാപകന്മാർക്ക് അങ്ങിനെ പഠിപ്പിക്കുന്നതിനുള്ള കഴിവു വേണം. അതിനു ഈ സഭ അനുവദിക്കുന്നപക്ഷം ചെയ്യാൻ ഉദ്ദേശിക്കുന്നതു് ആദ്യമേ തന്നെ വേണ്ടിടത്തോളം ട്രെയിനിംഗ് സ്കൂളുകൾ ഏർപ്പെടുത്തണമെന്നുള്ളതാണ്. ഇന്നു ചേർപ്പിൽമാത്രമേ ഇത്തരം ഒരു സ്കൂൾ ഉള്ളൂ. അവിടെ നാലു വർഷം കൊണ്ട് മുന്നൂറു വിദ്യാർത്ഥികൾക്കു മാത്രമേ പരിശീലനം കൊടുക്കാൻ കഴിഞ്ഞിട്ടുള്ളൂ. ഈ സ്ഥിതിക്ക് 25,000 അദ്ധ്യാപകന്മാർക്ക് പരിശീലനം സിദ്ധിച്ചുവരണമെങ്കിൽ എത്ര വർഷം വേണ്ടിവരും. അതുകൊണ്ട് ആദ്യമായി ചെയ്യേണ്ടതു് ഏതാനും ട്രെയിനിംഗ് സ്കൂളുകൾ ഏർപ്പെടുത്തി ഓരോ ട്രെയിനിംഗ്സ്കൂളിനു ചുററുമായിട്ടു മുപ്പതോ നാല്പതോ ബേസിക് സ്കൂളുകൾ തുടങ്ങുക. അതിന് ഇന്നിരിക്കുന്ന പ്രൈമറിസ്കൂളുകൾ തന്നെ ബേസിക് സ്കൂളുകളായി മാററാം. നമ്മുടെ നാട്ടിൽതന്നെ ഇന്നു ധാരാളം പ്രൈമറിസ്കൂളുകൾ ഉണ്ടല്ലോ. ആദ്യമായിട്ടു ഒന്നാമത്തെ ക്ലാസ്സു മാത്രം ഈ സിസ്റ്റത്തിനു അധീനമാക്കണമോ അതല്ല ആദ്യമായി അഞ്ചു ക്ലാസ്സുകളിലും വേണമോ, അതോ ആദ്യം മൂന്നു ക്ലാസ്സുകൾ ഒരുമിച്ച് ഈ സിസ്റ്റത്തിൽ കൊണ്ടുവരണമോ എന്നു ആലോചിച്ചതിൽ പ്രായോഗികമായി ചെയ്യാവുന്നതു ആദ്യത്തെ മൂന്നു ക്ലാസ്സുകൾ ഈ സിസ്റ്റത്തിനധീനമാക്കാമെന്നാണ് ഉദ്ദേശം. ഒന്നും രണ്ടും മൂന്നും ക്ലാസ്സുകൾ ഉള്ള ഒരു സ്കൂളിൽ പത്തു ഡിവിഷൻ കാണും. അപ്പോൾ ആ സ്കൂളിൽ പത്തു അദ്ധ്യാപകന്മാർ ഉണ്ടെങ്കിലേ ഈ ബേസിക് സിസ്റ്റം ഏർപ്പെടുത്താൻ സാധിക്കയുള്ളൂ. ഒരു സ്കൂളിൽ ആണ്ടിൽ അമ്പതുപേരെ വീതം എന്ന കണക്കിൽ പരിശീലനം കൊടുക്കുന്നപക്ഷം അഞ്ചോ ആറോ സ്കൂളുകളെ

[ശ്രീ. ഏ. താണുപിള്ള]

മാത്രം ബേസിക്ക് സ്കൂളുകളാകാൻ സാദ്ധ്യതയുള്ളു. ഇപ്പോൾ ചേർപ്പിലുള്ള സ്കൂളിലാണെങ്കിൽ ആറുമാസത്തെ പരിശീലനമാണുള്ളതു്. ഇപ്പോൾ ട്രെയിനിംഗ് കഴിച്ചിട്ടുള്ള അദ്ധ്യാപകന്മാർക്കാണെങ്കിൽ, ആറുമാസത്തെ ട്രെയിനിംഗ് വേണം. ട്രെയിനിംഗ് ഇല്ലാത്തവരാണെങ്കിൽ ഒരു വർഷത്തെ ട്രെയിനിംഗ് വേണം. അപ്പോൾ നാട്ടിൽ ഉള്ള ട്രെയിനിംഗ് സ്കൂളുകൾ ബേസിക്ക് സിസ്റ്റം പഠിപ്പിക്കുന്നതിനുള്ള ട്രെയിനിംഗ് സ്കൂളുകളാക്കണം. നമ്മുടെ സൗകര്യത്തെ പരിഗണിച്ചു് എത്ര സ്കൂളുകൾ ഇങ്ങനെ ബേസിക്ക് ട്രെയിനിംഗ് സ്കൂളുകൾ ആക്കാമെന്നു ആലോചിക്കണം. ഓരോ ഡിവിഷനിലും ഓരോ സ്കൂൾ തുടങ്ങുന്നതു ഒന്നിച്ചായിരുന്നാലും അങ്ങിനെ തുടങ്ങുകയാണെങ്കിൽ മുപ്പതോ നാല്പതോ സ്കൂളുകൾ അതിനു ചുററുമുള്ള സ്ഥലങ്ങളിലും നമുക്കു് ഏർപ്പെടുത്താം. ഇന്നുള്ള ട്രെയിനിംഗ് സ്കൂളുകളിൽ എല്ലാം നാം ഇതു സ്വീകരിച്ചുകഴിഞ്ഞാൽ, അതായതു ഈ പദ്ധതി നടപ്പിൽ വരുത്തിയാൽ, ഇന്നത്തെ സ്കൂളുകൾ എല്ലാംതന്നെ ബേസിക്ക് സ്കൂളുകളായി മാററാം. എന്നാൽ ഈ സ്കൂളുകളിൽ പഠിപ്പിക്കുന്നതിനു പ്രാപ്തിയുള്ള അദ്ധ്യാപകന്മാർ വേണം. അതിനു ഗ്രാഡുവേററുകൾ വേണം. അവർക്കു മാത്രമേ ട്രെയിനിംഗ് സ്കൂളുകളിൽ നേരേ അദ്ധ്യാപകന്മാരെ പരിശീലിപ്പിക്കുന്നതിനു സാധിക്കയുള്ളു. അപ്പോൾ ട്രെയിനിംഗ് കാളേജിൽ ഈ സിസ്റ്റം പഠിപ്പിക്കുന്നതിനുള്ള ട്രെയിനിംഗ് സ്കൂളുകളിലെ അദ്ധ്യാപകന്മാരെ ട്രെയിൻ ചെയ്യുന്നതിനു് കാളേജു് ഏർപ്പെടുത്തണം. അതോടുകൂടി വേണം ഇവിടത്തെ ഈ സിസ്റ്റംതന്നെ മാററാൻ.

ശ്രീ. ആർ. പ്രകാശം: ചേർപ്പിലുള്ള ബേസിക്ക് ട്രെയിനിംഗ് സ്കൂളിൽ ട്രെയിനിംഗ് കൊടുക്കുന്ന ഉദ്യോഗസ്ഥന്റെ യോഗ്യത എന്താണെന്നു പറയാമോ?

ശ്രീ. ഏ. താണുപിള്ള: വാർദ്ധായിലെ ട്രെയിനിംഗ് ഉള്ള ഗ്രാഡുവേററാണു്. ഓരോ ട്രെയിനിംഗ് സ്കൂളിലും ഇങ്ങനെ അദ്ധ്യാപകന്മാരെ ഉണ്ടാക്കണം. എന്റെ അന്വേഷണത്തിൽ മദിരാശിയിൽ ഇരുപതിനായിരം പ്രൈമറിസ്കൂളുകളോളമുണ്ടു്. ഏതാനുംകൊല്ലങ്ങളായി അവിടെ ബേസിക്ക് എഡ്യൂക്കേഷൻ നടപ്പാക്കിയിട്ടുണ്ടു്. എന്നിട്ടും ആയിരം സ്കൂളുകളിൽ മാത്രമേ ബേസിക്ക് എഡ്യൂക്കേഷൻ നടപ്പിൽ വരുത്താൻ സാധിച്ചിട്ടുള്ളു. എനിക്കെന്റെ സ്നേഹിതന്മാരോടു പറയാനുള്ളതു് ഈ സിസ്റ്റം തുടങ്ങി ഫലവത്തായി എന്നു കണ്ടാൽ വളരെ സമാധാനത്തിനു വകയുണ്ടു്. ഇന്നത്തെ രീതിയിലുള്ള വിദ്യാഭ്യാസസമ്പ്രദായം ആശാസ്യമല്ലെന്നുള്ള വസ്തുത സുവിദിതമാകുന്നു. ഇതു് ഇൻഡ്യാ ഒട്ടുക്കു സ്വീകരിച്ചു കഴിഞ്ഞിരിക്കയാണു്.

ശ്രീ. പി. കെ. യശോധരൻ: ഒഴുക്കൻമട്ടിൽ ഈ കാര്യങ്ങൾ പറയുന്നതല്ലാതെ ഇതിനു വ്യക്തമായി ഒരു സ്കീം ഉള്ളതായി പറയുന്നില്ല.

ശ്രീ. ഏ. താണുപിള്ള: ഞാൻ പറഞ്ഞതാണു് ഇതിന്റെ സ്കീം.

ശ്രീ. കെ. സി. ജോർജ്ജു്: ഒരു Full fledged സ്കൂളിനു് എന്തു ചിലവുവരും; അതിനെ അഡ്ജസ്ററു് ചെയ്യുന്നതെങ്ങിനെയാണു്. ?

ശ്രീ. എ. താണുപിള്ള: ചെലവിനെപ്പററിയാണെങ്കിൽ സർ, ഈ ചെലവു ഈ സ്കൂളിന്റെ ചെലവിനെ ആശ്രയിച്ചിരിക്കും. കൂടുതൽ സ്ഥലസൗകര്യമില്ലാത്ത സ്കൂളുകളിൽ കൂടുതൽ ചെലവുവരും. കെട്ടിടങ്ങൾ സൗകര്യമുള്ളവയാണെങ്കിൽ അദ്ധ്യാപകന്മാരെ സംബന്ധിച്ചിടത്തോളം ട്രെയിനിംഗ് കഴിഞ്ഞാൽ ആ വകയിൽ വലുതായ ചെലവിനിടയില്ല. പിന്നെ എക്വിപ്മെൻറിനു കുറെ ചെലവു വരും. പിന്നെ ക്രാഫ്ററ്സിനു കുറെ ചെലവു വരും. ഗണ്യമായ തോതിൽ ചെലവു വരാവുന്നതു സ്ഥലസൗകര്യം സംബന്ധിച്ചാണ്. പിന്നെ വേറെ ചെലവുണ്ട്. അതായതു് കൃഷിയാണ് നമ്മുടെ പ്രധാനമായ ക്രാഫ്ററായി എടുക്കുന്നതെങ്കിൽ അതിനു് സ്ഥലമാവശ്യമാണ്. ആ സ്ഥലം എങ്ങനെയെങ്കിലും ഓരോ സ്കൂളിനും കൊടുക്കേണ്ടതു് ഗവണ്മെൻറിന്റെ കടമയായിരിക്കും. സ്ഥലത്തെ ആളുകൾതന്നെ സഹായിച്ചു സ്കൂൾ വകയ്ക്കായി സ്ഥലം തരുന്നതായാൽ ചെലവു കുറയും.

ശ്രീ. കുട്ടപ്പൻ കോയിക്കൽ: ചേർപ്പിലുള്ള അടിസ്ഥാനവിദ്യാലയത്തിൽ കാർഷികമായ പരിശീലനമാണോ വ്യാവസായികമായ പരിശീലനമാണോ കൊടുക്കുന്നതു്?

ശ്രീ. എ. താണുപിള്ള: കൃഷിസംബന്ധമായ പരിശീലനമാണ്. സ്പിന്നിംഗും ഉണ്ട്. സർ, ഒരു പ്രൈമറിസ്കൂളിനെ ബേസിക് സ്കൂൾ ആക്കുന്നതിനെപ്പററി ശ്രീമാൻ ആര്യനായകം ഈയിടെ തിരുവനന്തപുരത്തു വന്നിരുന്നപ്പോൾ അദ്ദേഹവുമായി ഗവണ്മെൻറ ആലോചനകൾ നടത്തി. പ്രൊവിഷനലായിട്ടു് ചില നിർദ്ദേശങ്ങൾ അദ്ദേഹം തന്നിട്ടുണ്ട്. ഒരു ചെറിയ കമ്മിററി ഏർപ്പെടുത്തി അദ്ദേഹവും മററു ചില അംഗങ്ങളുമായിട്ടു ആലോചിച്ചുതന്നിട്ടുള്ള നിർദ്ദേശമാണ്. ഒരു പ്രൈമറിസ്കൂൾ ബേസിക് സ്കൂൾ ആക്കുന്നതിനു് കെട്ടിടമില്ലാതെ വന്നാൽ വന്നേക്കാവുന്ന ചെലവു് കെട്ടിടത്തിനുള്ള ചെലവിനു പുറമേ എക്വിപ്പ്മെൻറിനു ആദ്യമായിട്ടു വേണ്ടതു് ഒരു ആയിരത്തിഅഞ്ഞൂറു രൂപയാണ്. പത്തു ഡിവിഷനുള്ള ഒരു സ്കൂളിലേക്കു് 1500 രൂപ വരെയാണ് ഉദ്ദേശിച്ചിട്ടുള്ളതു്. (പിന്നെ കണ്ടിജൻസി 120 രൂപായും) അതായതു നാൺറക്കറിംഗായിട്ടു 500 രൂപയും റക്കറിംഗായിട്ടു 1000 രൂപയും വേണ്ടിവരുമെന്നാണുദ്ദേശം. പിന്നെ കെട്ടിടം ഇല്ലാതെ വന്നാൽ കെട്ടിടമുണ്ടാക്കുന്നതിനുള്ള ചെലവും. സർ, ഇന്നത്തെ ഒരു ട്രെയിനിംഗ്സ്കൂൾ, ഒരു ബേസിക് ട്രെയിനിംഗ്സ്കൂൾ ആക്കണമെങ്കിൽ ഏകദേശം 10000 രൂപയോളം ചെലവുവരുമെന്നാണുദ്ദേശിക്കുന്നതു്. അതുപോലെതന്നെ ഒരു പോസ്ററ ഗ്രാഡുവേററ ട്രെയിനിംഗ് കാളേജുണ്ടാക്കുന്നതിനു് ഏകദേശം 65000 രൂപയോളം വേണ്ടിവരും. പിന്നീടുള്ളതു് ഈ സ്ഥാപനങ്ങളിലേക്കു് പരിശീലനത്തിനെടുക്കുന്ന ഗ്രാഡുവേററ അദ്ധ്യാപകന്മാരെ പരിശീലിപ്പിക്കുന്നതിനു വേണ്ടിവരുന്ന ചെലവുകളാണ്. സർ, അതിനെപ്പററി പറയുകയാണെങ്കിൽ, ഒരാൾക്കു് ഏകദേശം ആണ്ടിൽ 2000 രൂപവരെ ചെലവുവരുന്നതാണ്.

ശ്രീ. പി. ആർ. മാധവൻപിള്ള: നാട്ടിലെ പ്രധാനപ്പെട്ട വ്യവസായശാലകളിലെ തൊഴിലുമായി സംഘടിപ്പിച്ചിട്ടാണോ ഈ വിദ്യാഭ്യാസസംപ്രദായം മുന്നോട്ടുപോകുന്നതു്?

ശ്രീ. എ. താണുപിള്ള : വ്യവസായശാലകളിൽ നടത്തപ്പെടുന്ന തൊഴിലുകളിൽ സ്വീകാര്യമായിട്ടുള്ളതു് സ്വീകരിക്കുന്നതിനും വിരോധമില്ല. എന്നാൽ ബേസിക് സ്കൂളുകളിൽ വ്യവസായശാലകളിലെ തൊഴിലുകൾ പഠിപ്പിക്കുന്നതിന് എത്രത്തോളം ബാദ്ധ്യതയുണ്ടെന്നുകൂടി നാം നോക്കേണ്ടതാണു്.

ശ്രീ. എ. എ. ഡി. ലൂയിസ് : സർ, ഏതെങ്കിലും സ്റ്റേറ്റുകളിൽ അടിസ്ഥാനവിദ്യാഭ്യാസം പരാജയപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ. താണുപിള്ള : എങ്ങും പരാജയപ്പെട്ടതായിട്ടു് അറിവില്ല. മദ്രാസിലാണെങ്കിൽ ഭംഗിയായി പ്രവർത്തിക്കുന്നുണ്ടു്. അതുപോലെതന്നെ യു. പി., ബീഹാർ എന്നിവിടങ്ങളിലും അടിസ്ഥാനവിദ്യാഭ്യാസം വിജയകരമായിത്തന്നെ നടന്നുവരുന്നു. ഇവിടത്തെ അടിസ്ഥാനവിദ്യാഭ്യാസം പരാജയപ്പെടാനിടയില്ലെന്നാണു ഞാൻ വിശ്വസിക്കുന്നതു്. എന്തുകൊണ്ടെന്നാൽ എല്ലാവരും സ്വീകരിക്കുന്ന പ്രധാന തത്വങ്ങളെ അടിസ്ഥാനപ്പെടുത്തിയാണു് ഇതു നടത്താനുദ്ദേശിക്കുന്നതു്. അതായതു്, കൊച്ചുകുട്ടികൾ പഠിക്കുന്ന പള്ളിക്കൂടങ്ങളും, ക്ലാസ്സുമുറികളും വൃത്തിയായും, ശുചിയായും സൂക്ഷിക്കുന്നതിനു് അവരെ പഠിപ്പിക്കുക, അതിനുവേണ്ട പരിശീലനങ്ങൾ നൽകുക, അങ്ങനെ അവർ സ്വയം പര്യാപ്തരായിത്തീരുക, ഇതാണു പ്രധാന ഉദ്ദേശം. നമുക്കുതന്നെ ചിലപ്പോൾ സന്തോഷം തോന്നും, കൊച്ചുകുട്ടികൾ ഈവക കാര്യങ്ങളിൽ ഉത്സാഹഭരിതരായി പ്രവർത്തിക്കുന്നതു കാണുമ്പോൾ. എന്നാൽ ഇന്നത്തെ നില ഇതല്ല. ഇന്നു് സ്കൂളുകൾ ആകപ്പാടെ നോക്കുകയാണെങ്കിൽ വളരെ വൃത്തികേടായ രീതിയിലാണു കാണപ്പെടുന്നതു്. ഇങ്ങനെ വൃത്തികേടായിത്തീരുന്നതിനു് കാരണക്കാരായ കുട്ടികളെത്തന്നെ ഈ ശുചീകരണം ഏൽപ്പിച്ചാൽ അവർ പ്രത്യേകം നിഷ്കർഷയായി അതിൽ ശ്രദ്ധിക്കുന്നതായിരിക്കും.

ബേസിക് എഡ്യൂക്കേഷൻ കഴിഞ്ഞാൽ ഹയർ എഡ്യൂക്കേഷനുള്ള സാദ്ധ്യതയെങ്ങനെയെന്നു ഇവിടെ ചോദിക്കുകയുണ്ടായി. സർ, എന്തുതന്നെയായാലും സെക്കൻഡറി സ്കൂളുകളെ സംബന്ധിച്ചിടത്തോളം, ഇന്നത്തെ രീതിമാററി, വൊക്കേഷനൽ എഡ്യൂക്കേഷൻകൂടി നടപ്പാക്കാൻ പോകുകയാണു്. സെക്കൻഡറി സ്കൂളുകളിൽനിന്നും പാസ്സായി, കാളേജുകളിൽ ഇന്നത്തെപ്പോലെ പഠിക്കാൻപോകുന്ന ഒരു സാഹചര്യം എല്ലാവർക്കും ഉണ്ടാകുമെന്നു വരികയില്ല. അതുകൊണ്ടു് സെക്കൻഡറി വിദ്യാഭ്യാസം കഴിഞ്ഞാൽ, ജീവിതമാർഗ്ഗത്തിനുള്ള ഏതെങ്കിലും തൊഴിലുകൾ പരിശീലിപ്പിക്കുന്നതിനുവേണ്ടി ഉപകരിക്കുന്നതാണു് ഈ ബേസിക് വിദ്യാഭ്യാസം. അങ്ങനെ വരുമ്പോൾ മിക്ക വിദ്യാർത്ഥികളും കാളേജുകളിൽ പഠിക്കുന്നതിനുവേണ്ടി മുതിരുകയില്ല. ഇന്നു് വിദ്യാഭ്യാസത്തിനുവേണ്ടി രക്ഷകർത്താക്കളും അതുപോലെ ഗവണ്മെൻറും ചെലവാക്കിക്കൊണ്ടിരിക്കുന്ന പണത്തിന്റെ പ്രതിഫലം അനുസരിച്ചു് നാട്ടിനു ലഭിക്കുന്നില്ല. ബേസിക് വിദ്യാഭ്യാസംകൊണ്ടു് കുട്ടികളെ ബുദ്ധിമാന്മാരായും, ചിന്താശീലമുള്ള പൗരന്മാരായും മാററുന്നതിനും, തന്നിമിത്തം വിദ്യാഭ്യാസം ചെയ്യുന്നതുകൊണ്ടുള്ള പ്രയോജനം സിദ്ധിക്കുന്നതിനും ഇടയാകുന്നതാണു്. വിദ്യാർത്ഥികളെ അവരുടെ ജീവിതവുമായുള്ള ബന്ധം ദൃഢപ്പെടുത്തി പരിശീലിപ്പിച്ചുവരുന്ന ഒരു സമ്പ്രദായമാണു് ബേസിക് വിദ്യാ

ഭ്യാസം. ബേസിക് വിദ്യാഭ്യാസം പൂർത്തിയാകുന്നതോടുകൂടി മററു തൊഴിലുകളിൽ പ്രവേശിക്കാനുള്ള സാദ്ധ്യത ഉണ്ടായിത്തീരുകയാണു ചെയ്യുന്നതു്. എന്നാൽ ഉപരിപഠനത്തിന് സാദ്ധ്യതയുള്ളവർക്ക് അങ്ങനെ ചെയ്യാവുന്നതുമാണു്. സർ, ഈ അവസരത്തിൽ ഇതിലധികം എന്തെങ്കിലും പ്രസ്താവിക്കണമെന്നു ഞാൻ ഉദ്ദേശിക്കുന്നില്ല. അതുകൊണ്ടു് ഈ സഭയിലുള്ള എല്ലാ ബഹുമാനപ്പെട്ട അംഗങ്ങളും ഈ പ്രമേയത്തെ അനുകൂലിക്കുമെന്നു വിശ്വസിക്കുന്നു.

Shri T. S. Ramaswami: On a point of information, Sir. Basic education is supposed to start from the 7th year and last till the 14th year In the 14th year. pupils will be given education up to the standard of School Final along with the knowledge of the craft. So, the education lasts only for 7 years. But under the present system, from the 1st class to the School Final it lasts for nearly 11 years. So, how does it fit in with the present system of education in regard to the period of education?

ശ്രീ. എ. താണുപിള്ള: 5-ം, 3-ം, എട്ടുവർഷം കഴിഞ്ഞിട്ടു്, സെക്കൻഡറിസ്കൂളുകളിൽ പോസ്ററ ബേസിക് വിദ്യാഭ്യാസം ആകാമെന്നുള്ള സമിതിക്കു് അങ്ങനെ തുടർന്നു പഠിക്കാവുന്നതാണു്. മാത്രമല്ല, കോളേജു വിദ്യാഭ്യാസത്തിനു ആഗ്രഹിക്കുന്നവർക്കു് അതിനും സൗകര്യമുണ്ടു്. ടെക്നോളജിക്കലായിട്ടുള്ള വിദ്യാഭ്യാസത്തിനും സൗകര്യം ലഭിക്കുന്നതാണു്.

Shri T. S. Ramaswami: In the present set up it is 11 years. But the basic education visualises only 7 years.

ശ്രീ. എ. താണുപിള്ള: അതാണു സർ, ഞാൻ പറഞ്ഞതു് ഏഴോ, എട്ടോ വർഷം ബേസിക് എഡ്യൂക്കേഷൻ കഴിഞ്ഞാൽ മൂന്നു വർഷം ഹൈസ്കൂൾ കോഴ്സിനും ആകാമെന്നു്. അതു് കഴിഞ്ഞാൽ കോളേജു വിദ്യാഭ്യാസത്തിനും പോകാം.

ശ്രീ. ടി. എസ്സ്. രാമസ്വാമി: അങ്ങനെ എട്ടും, മൂന്നും പതിനൊന്നു കൊല്ലം അല്ലേ?

ശ്രീ. എ. താണുപിള്ള: അതെ.

ശ്രീ. എം. വി. ചെറിയാൻ: സർ, വാർദ്ധായിൽ, ബേസിക് വൊക്കേഷനൽ സ്കൂളുകളിൽ കുട്ടികൾ നിർമ്മിച്ചുവരുന്ന പല സാധനങ്ങളും വിൽക്കുന്നതുകൊണ്ടു് അതിൽനിന്നും ഒരു നല്ല വരുമാനമുണ്ടാകുന്നില്ലേ?

ശ്രീ. എ. താണുപിള്ള: അങ്ങനെ നല്ല വരുമാനം, അതായതു് വാർദ്ധായിൽ ഈ ബേസിക് സ്കൂളുകൾക്കുവേണ്ടി ചെലവാക്കുന്ന തുകയുടെ 60 ശതമാനം കുട്ടികളുടെ പ്രയത്നഫലമായി ഉണ്ടാകുന്ന വരവാണു്. വാർദ്ധായിൽ നടക്കുന്ന ഈ സമ്പ്രദായംതന്നെ നമുക്കു് ഇവിടെയും അനുകരിക്കാം. പക്ഷെ, നാം ഈ സ്കൂളുകളിൽ സ്വീകരിക്കേണ്ട ക്രാഫ്ററുകൾ എന്തൊക്കെയാണെന്നു നോക്കേണ്ടതാണു്. സ്വീകാര്യ

[ശ്രീ. എ. താണുപിള്ള]

മായ ക്രാഫ്റ്റുകൾ തെരഞ്ഞെടുത്തു് കുട്ടികളെക്കൊണ്ടു് അവ പരിശീലിപ്പിക്കുന്നതായാൽ മുൻപറഞ്ഞ വിധത്തിലുള്ള ആദായം നമുക്കു ലഭിക്കുന്നതാണു്. നമുക്കു് കിട്ടുന്ന അത്തരത്തിലുള്ള ആദായം കുട്ടികൾക്കു വേണ്ടി വേണമെങ്കിൽ വിനിയോഗിക്കുകയും ചെയ്യാം.

ശ്രീ. എം. വി. ചെറിയാൻ: ബേസിക് സ്കൂളുകളിലെ സ്ഥലച്ചുരുക്കത്തിനെപ്പററി ഇവിടെ പറയുകയുണ്ടായി. ക്രാഫ്റ്റ് സെൻറേർഡ് എഡ്യൂക്കേഷൻ സ്വീകരിക്കുന്നതായാൽ കുട്ടികളുടെ എണ്ണം നിയന്ത്രിക്കേണ്ടിവരികയില്ലേ?

ശ്രീ. എ. താണുപിള്ള: നിശ്ചയമായിട്ടും നിയന്ത്രിക്കേണ്ടിവരും. അതായതു്, ഓരോ ക്ലാസ്സിലും 40 കുട്ടികളിൽ കൂടാൻപാടില്ലെന്നാണു് വ്യവസ്ഥ ചെയ്തിരിക്കുന്നതു്. ഇന്നാണെങ്കിൽ ഓരോ ക്ലാസ്സിലും കൂടുതൽ കുട്ടികൾ ഉണ്ടു്. അതു് ഏതായാലും മാററാതെ തരമില്ല. അതിനു വേണ്ടി കൂടുതൽ കെട്ടിടങ്ങൾ ഉണ്ടാക്കേണ്ടതായി വരും. അങ്ങനെ വരുമ്പോൾ ചിലതു് അല്പം കൂടിയെന്നു വന്നേക്കാം. പക്ഷെ, നമ്മുടെ ഇപ്പോഴത്തെ പ്രശ്നം അതല്ല. ഈ സംപ്രദായം ഈ നിയമസഭ അംഗീകരിക്കുന്നുണ്ടോ അതോ ഇല്ലയോ എന്നുള്ളതാണു് നോക്കേണ്ടതു്.

ശ്രീ. എ. എ. ഡി. ലൂയിസ്: കേന്ദ്ര ഗവണ്മെൻറിൽ നിന്നും നമ്മുടെ ബേസിക് എഡ്യൂക്കേഷനുവേണ്ടി വല്ല ധനസഹായവും ഉണ്ടാകുമോ?

ശ്രീ. എ. താണുപിള്ള: ഉണ്ടാകുമെന്നാണു പ്രതീക്ഷിക്കുന്നതു്.

ശ്രീ. ടി. പി. സീതാരാമൻ: മദ്രാസിൽ ഇരുപതിനായിരം സ്കൂളുകൾ ഉള്ളതിൽ ആയിരം സ്കൂളുകൾ മാത്രമെ ബേസിക് എഡ്യൂക്കേഷൻ സ്വീകരിച്ചിട്ടുള്ളു എന്നു പറയുന്നു. ബാക്കിയുള്ള സ്കൂളുകളിൽ കൂടി ഈ സംപ്രദായം ഏർപ്പെടുത്താതിരിക്കുന്നതിൻെറ കാരണം എന്താണെന്നന്വേഷിച്ചിട്ടുണ്ടോ?

ശ്രീ. എ. താണുപിള്ള: ഇരുപതിനായിരം പ്രൈമറിസ്കൂളുകളിൽ ഒന്നിച്ചു ബേസിക് വിദ്യാഭ്യാസസംപ്രദായം നടപ്പിലാക്കാൻ പെട്ടെന്നു സാധിക്കുകയില്ല. കാരണം, പരിശീലനം നൽകിയ അദ്ധ്യാപകന്മാർ അത്രത്തോളം ചുരുക്കമായിരിക്കും. ഇവിടെത്തന്നെ അയ്യായിരം പ്രൈമറിസ്കൂളുകളിൽ ഏകദേശം ഇരുപത്തയ്യായിരത്തിൽപരം അദ്ധ്യാപകന്മാർ ഉണ്ടു്. ഇവർക്കെല്ലാവർക്കുംകൂടി പരിശീലനം നൽകണമെങ്കിൽ എത്രവർഷം വേണ്ടിവരുമെന്നു നോക്കേണ്ടതാണു്. വർഷംതോറും നാലായിരം അദ്ധ്യാപകന്മാർക്കു് പരിശീലനം കൊടുക്കുന്നതായാൽത്തന്നെയും ഏകദേശം 6 വർഷത്തോളം വേണ്ടിവരും. ഈ സ്ഥിതിക്കു് പെട്ടെന്നു പ്രൈമറിസ്കൂളുകൾ മുഴുവനും ബേസിക് വിദ്യാലയങ്ങളായി മാറുന്നതു് അത്ര എളുപ്പമല്ല.

ശ്രീ. ടി. പി. സീതാരാമൻ: മദ്രാസിലെ രാജാജി നടപ്പാക്കിയ സ്കീമും ഇവിടത്തെ വിദ്യാഭ്യാസസ്കീമും തമ്മിൽ വ്യത്യാസമുണ്ടോ?

ശ്രീ. എ. താണുപിള്ള: വ്യത്യാസപ്പെടാൻ ചില ന്യായങ്ങളെല്ലാം ഉണ്ട്. കാരണം അവിടെ അംഗീകരിച്ചിട്ടുള്ള ക്രാഫ്റ്റുകളല്ലായിരിക്കും ഇവിടെ അംഗീകരിക്കേണ്ടിവരുന്നത്. അങ്ങനെ വരുമ്പോൾ ചില വ്യത്യാസങ്ങൾ വന്നേയ്ക്കും.

ശ്രീ. ടി. കെ. ദിവാകരൻ: ഈ സംസ്ഥാനത്ത് പ്രൈമറിസ്കൂളുകളും സെക്കൻഡറി സ്കൂളുകളും കൂടുതലായി നടത്തുന്നത് പ്രൈവറ്റ് ഏജൻസികളാണ്. ബേസിക് വിദ്യാഭ്യാസ സമ്പ്രദായത്തെപ്പറ്റി അവരുമായിട്ട് ആലോചിച്ചതിനുശേഷമാണോ ഇത് ഈ സഭയിൽ കൊണ്ടുവന്നിരിക്കുന്നത്?

ശ്രീ. എ. താണുപിള്ള: അങ്ങനെയുള്ള വലിയ ആലോചനകളൊന്നും അവരുമായിട്ട് നടത്തിയിട്ടില്ല. ഈ സമ്പ്രദായം ഈ സഭ അംഗീകരിച്ചാൽ അതായത്, സംസ്ഥാനത്തെ ജനങ്ങളുടെ പ്രതിനിധികളടങ്ങിയ ഈ സഭയ്ക്ക് ഇതു സ്വീകാര്യമാണെങ്കിൽ പ്രൈവറ്റ് ഏജൻസികളും ഈ സമ്പ്രദായം അംഗീകരിക്കുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. സഭ അനുവദിച്ചുകഴിഞ്ഞാൽ പ്രൈവറ്റ് ഏജൻസികൾക്ക് അഭിപ്രായവ്യത്യാസം വരാൻ ന്യായമില്ലെന്നുതന്നെയാണ് ഞാൻ വിചാരിക്കുന്നത്. ഇവിടെ പ്രൈമറിസ്കൂളുകളിൽ ഭൂരിഭാഗവും ഗവൺമെന്റ് സ്കൂളുകളാണ്. ആ സ്ഥിതിക്ക് പ്രൈവറ്റ് ഏജൻസികൾ ഇതിന് തടസ്സമായി നിൽക്കേണ്ട കാര്യമില്ല. എന്നിരുന്നാലും പ്രൈവറ്റ് ഏജൻസികളുടെ സഹകരണംകൂടി നമുക്ക് ആവശ്യമാണ്. അങ്ങനെയുള്ള സഹകരണം സ്വാഭാവികമായിത്തന്നെ നമുക്ക് ഉണ്ടാകുമെന്നുതന്നെയാണ് വിശ്വസിക്കുന്നത്. ഈ കാര്യത്തിൽ ബഹുമാനപ്പെട്ട മെംബർ ശ്രീ. ടി. കെ. ദിവാകരനെ സംശയിപ്പിക്കേണ്ട യാതൊന്നും ഇല്ലെന്നാണ് എനിക്കു പറയാനുള്ളത്?

ശ്രീ. ആർ. പ്രകാശം: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. ഇപ്പോൾതന്നെ മുക്കാൽമണിക്കൂറോളം ഇതിന് എടുത്തുകഴിഞ്ഞു. ആകെ രണ്ടുമണിക്കൂർ സമയമാണ് ഈ വിഷയത്തിന് അനുവദിച്ചിട്ടുള്ളത്. ആ സ്ഥിതിയ്ക്കു ചോദ്യോത്തരങ്ങൾക്കു സമയം ചിലവാക്കിയാൽ ഈ പ്രമേയത്തെ സംബന്ധിച്ചുള്ള ചർച്ചയ്ക്കു സമയം പോരാതെ വരുന്നതാണ്.

മി. സ്പീക്കർ: ഇപ്പോൾതന്നെ മുക്കാൽമണിക്കൂറോളം ഇതിനു എടുത്തുകഴിഞ്ഞു. അതുകൊണ്ട് ചോദ്യങ്ങൾ ചോദിച്ച് സമയംകളയുന്നതു് ശരിയാണെന്ന് തോന്നുന്നില്ല. ജോസഫ് മുണ്ടശ്ശേരിയെ പ്രസംഗിക്കുന്നതിന് ക്ഷണിക്കുന്നു.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: സർ, മുഖ്യമന്ത്രി മിക്കവാറും ഒരു വിദഗ്ദ്ധന്റെ ആത്മവിശ്വാസത്തോടുകൂടി ഈ അടിസ്ഥാനവിദ്യാഭ്യാസം സംബന്ധിച്ച് ഇവിടെ ചെയ്ത പ്രസ്താവന നിങ്ങൾ എല്ലാവരും കേട്ടിരിക്കും. അദ്ദേഹത്തിന്റെ ആത്മാർത്ഥതയെക്കുറിച്ച് ഞാൻ ചോദ്യംചെയ്യുന്നില്ല. പക്ഷെ രാജ്യത്ത് ഇന്ന് വരുത്തേണ്ട അതിപ്രധാനമായ വിദ്യാഭ്യാസപ്രവർത്തനത്തെക്കുറിച്ച് രണ്ടു മണിക്കൂറിനകത്തു് വാഗ്വാദം നടത്താൻ നിശ്ചയിക്കുകയും അതിൽ മുക്കാൽമണിക്കൂർ എത്തുംപിടിയുമില്ലാതെ സംസാരിച്ചുകഴിയുകയും ബാക്കിയുള്ള ഒന്നേകാൽ മണിക്കൂറിനുള്ളിൽ വിദഗ്ദ്ധാഭിപ്രായങ്ങൾ പറയുകയും ചെയ്യണമെന്നുള്ള നിലയിൽ പോ

[ശ്രീ. ജോസഫ് മുണ്ടശ്ശേരി]

കുന്നതു് അത്ര ശരിയാണോ എന്നു ഞാൻ സംശയിക്കുന്നു. ഏതായാലും ഈ വിഷയത്തെക്കുറിച്ചു് വളരെ ഏറെക്കാര്യങ്ങൾ ചിന്തിക്കുവാനുണ്ടെന്നാണു് എനിക്കു ഈ സന്ദർഭത്തിൽ പറയുവാനുള്ളതു്. ഈ അടിസ്ഥാനവിദ്യാഭ്യാസകാര്യത്തിൽ എനിക്കു വിശ്വാസമില്ല. പ്രത്യേകിച്ചും ഇതു പ്രയോഗിച്ചു് വിജയകരമാണെന്നു ബോദ്ധ്യപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല. ഒരു പ്രസ്ഥാനത്തിന്റെ പേരിൽ ഏതെങ്കിലും ഒരു കക്ഷിയുടെ നില അവലംബിച്ചു് ഒരു തീരുമാനം ചെയ്യുന്നതു് ഈ രാജ്യത്തോടു ചെയ്യുന്ന ഒരു ന്യൂനതയാകുകയില്ലേ എന്നു ഞാൻ സംശയിക്കുന്നു. ചേർപ്പിലെ വിദ്യാഭ്യാസകേന്ദ്രത്തെപ്പററി കേട്ടറിവുതന്നെയല്ല, കണ്ടറിവുതന്നെ എനിക്കുണ്ടു്. ആ സ്ഥലത്തു് അടിസ്ഥാനവിദ്യാഭ്യാസത്തിന്റെ പ്രധാന തത്വങ്ങളൊന്നും അനുസരിക്കുന്നില്ലെന്നു എനിക്കു അറിയുവാൻ കഴിഞ്ഞിട്ടുണ്ടു്. സാധാരണയുള്ള ട്രെയിനിംഗ് സെന്റേഴ്സിൽ പഠിപ്പിക്കുവാനുള്ള വിഷയങ്ങൾതന്നെയാണു് അവിടെയും പഠിപ്പിക്കുന്നതു്. ചില പ്രത്യേകതകൾ അവിടെ നിശ്ചയിച്ചിട്ടുള്ളതു് അവിടെ ട്രെയിനിംഗിനു വരുന്ന അദ്ധ്യാപകന്മാർ സ്വന്തമായി ഭക്ഷണം പാകംചെയ്തു ഉപയോഗിക്കണമെന്നുള്ളതാണു്, പിന്നെ അവരുടെ അലക്കുകാര്യങ്ങൾ അവർതന്നെ നിർവഹിക്കണം. പിന്നെ ഒന്നുള്ളതു് തൊട്ടടുത്തുള്ള സ്ഥലത്തു് കൃഷിചെയ്തു സസ്യഫലാദികൾ ഉല്പാദിപ്പിച്ചു് തങ്ങളുടെ ഉപയോഗത്തിനു് എടുക്കണമെന്നുള്ളതാണു്. ഇതൊക്കെ കടലാസിൽ ഉണ്ടെന്നല്ലാതെ പ്രവൃത്തിയിൽ ഒന്നും ഇല്ല. ട്രെയിനിംഗിനു വരുന്ന അദ്ധ്യാപകന്മാർക്കും പഠിപ്പിക്കുന്ന അദ്ധ്യാപകന്മാർക്കും മററുമുള്ള ഭക്ഷണപദാർത്ഥങ്ങൾ പാകംചെയ്യുന്നതു് പണ്ടേ അവിടെയുള്ള വാല്യക്കാരാണു്. പക്ഷെ അവർതന്നെ പാകംചെയ്യുന്നതായിട്ടാണു് ഗവണ്മെന്റിലേക്കു റിപ്പോർട്ടയക്കുന്നതു്. രണ്ടാമതു് കൃഷിത്തോട്ടമാണു്. ഈ കൃഷിത്തോട്ടത്തിലെ നല്ലൊരുഭാഗം പയറുപാട്ടത്തിനു കൊടുത്തു് പ്രതിഫലംവാങ്ങുന്നതായിട്ടാണു് അറിയുന്നതു്. അതൊന്നും കടലാസിൽ കാണുകയില്ല. അവിടെ ട്രെയിനിംഗിനു വന്നുപോകുന്ന അദ്ധ്യാപകന്മാരോടു് ഓരോ ടേമിനും 5 രൂപാവീതം വാങ്ങിയിട്ടു് ആ സംഖ്യ അവിടെ ഉല്പാദിപ്പിച്ചിട്ടുള്ള ഭക്ഷണപദാർത്ഥങ്ങൾ വിററുകിട്ടിയ സംഖ്യയെന്നുംപറഞ്ഞു് ഗവണ്മെന്റിലേക്കു റിപ്പോർട്ടുചെയ്യുന്നുണ്ടു്.

ശ്രീ. എ. താണുപിള്ള: ഇതെല്ലാം പ്രൊഫസർ അറിഞ്ഞിട്ടു് എത്ര കാലമായി?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: ഏതാണ്ടു് 5 കൊല്ലമായിട്ടുണ്ടു്.

ശ്രീ. എ. താണുപിള്ള: അതു് ഗവണ്മെന്റിന്റെ ദൃഷ്ടിയിൽ ഇതുവരെ കൊണ്ടുവരാതിരുന്നതു് എന്തുകൊണ്ടാണു്?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: പത്രങ്ങളിൽ ഞാൻ ഇതൊക്കെ പറഞ്ഞിട്ടുണ്ടു്. പത്രങ്ങളിൽ പറഞ്ഞതുകൊണ്ടു് മതിയാകയില്ലായിരിക്കാം. ഈ കാര്യത്തിൽ നേരിട്ടു് ഒരന്വേഷണം നടത്തുവാൻ ഞാൻ മുഖ്യമന്ത്രിയെ ക്ഷണിക്കുകയാണു്. ഞാൻ ഇതു് മനസ്സിലാക്കിയിട്ടുള്ളതു് അവിടെ ട്രെയിനിംഗ് കഴിച്ചു് പുറത്തുപോയിട്ടുള്ള അദ്ധ്യാപകന്മാരിൽനിന്നാണു്.

പിന്നെ അവിടെയുള്ളതു് അലക്കു്, തുന്നുക മുതലായവയാണു്. ഈ ജോലികൾക്കെല്ലാം അവിടെ പ്രത്യേകം പ്രത്യേകം ആളുകൾ വരാറുണ്ടു്. തുന്നുവാൻ അവിടെ ആളുകൾ ഉണ്ടു്. അലക്കുവാനുള്ള ആളുകളും ഉണ്ടു്. അവിടെയുള്ള ആളുകളൊന്നും ഈവക പ്രവൃത്തികൾ ചെയ്യുന്നില്ല. ഇതൊന്നും ഒരു ആരോപണമായിട്ടു ഞാൻ പറയുകയല്ല. പത്തും പന്ത്രണ്ടും കൊല്ലം അദ്ധ്യാപകന്മാരായിരുന്നു കുട്ടികളെ പഠിപ്പിച്ചു പരിചയമുള്ള ആളുകളാണു് അവിടെ വരുന്നതു്. അവർ പഠിച്ചു് അവിടെനിന്നു തിരിച്ചുപോകുമ്പോൾ പറയുന്നതായ കാര്യങ്ങൾ ഞാൻ പറയുന്നുവെന്നേയുള്ളു. ഇതിനപരിയായ നിലയിൽ ആ സ്ഥാപനം നടത്തുവാൻ സാധിക്കുമോ എന്നു പരീക്ഷിച്ചുനോക്കിയാൽ കൊള്ളാം. മുഖ്യമന്ത്രി പ്രസ്താവിച്ചതിൽനിന്നു രാജ്യത്തുടനേതന്നെ ബേസിക്ക് എഡ്യൂക്കേഷൻ നടപ്പാക്കുവാൻ പോകുന്നു എന്നറിയുന്നു. ഏതാണ്ടു് പരീക്ഷിച്ചുനോക്കുവാനുള്ള മട്ടിലെ അതു് എത്തിയിട്ടുള്ളു. നാലഞ്ചുകൊല്ലമായി നാലഞ്ചായിരം കുട്ടികൾക്കു് ഈ വിദ്യാഭ്യാസം കൊടുക്കുന്നുണ്ടു്. ഇന്നത്തെ വിദ്യാഭ്യാസസമ്പ്രദായത്തിൽ അററകുററങ്ങളുണ്ടെന്നു ഗവണ്മെന്റു സമ്മതിക്കുന്നുണ്ടു്. ഇന്നത്തെ വിദ്യാഭ്യാസസമ്പ്രദായത്തിലുള്ള അററകുററത്തിനുള്ള പ്രധാനകാരണം അതു് അധികവും കുട്ടികളെ ക്ലാസ്സിൽ ഇരുത്തി പഠിപ്പിക്കുന്നതുകൊണ്ടും ബുക്കിസം വിദ്യാഭ്യാസത്തിൽ പ്രധാനഭാഗമായിരിക്കുന്നതുകൊണ്ടുമാണു്. ക്രിയാത്മകമായി പ്രവൃത്തിയിൽനിന്നു പഠിപ്പിക്കുക എന്ന സ്വഭാവം ഇന്നു വളരെ കുറഞ്ഞുപോയിട്ടുണ്ടു്. പുസ്തകം വിദ്യാഭ്യാസത്തിന്റെ സ്വഭാവമായി വന്നതോടുകൂടി പരീക്ഷയാണു് വിദ്യാഭ്യാസത്തിനുള്ള മാനദണ്ഡം എന്നുവന്നു. തന്നിമിത്തം പുസ്തകത്തിലുള്ളതു പഠിക്കുക, പരീക്ഷ പാസാകുക, സർട്ടിഫിക്കററു വാങ്ങുക, ഈ നിലയിൽ ആണു് ഇന്നു വിദ്യാഭ്യാസം എത്തിച്ചേർന്നിരിക്കുന്നതു്. അതുകൊണ്ടു് പരീക്ഷയ്ക്കു് അത്രയും പ്രാധാന്യം കൊടുക്കാതെ അദ്ധ്യാപകന്മാർക്കു് കുട്ടികളെ പഠിപ്പിക്കുവാൻ കഴിഞ്ഞാൽ കൊള്ളാമെന്നാണു് വിദഗ്ദ്ധന്മാരുടെ അഭിപ്രായം. ഇങ്ങനെ ഒരു പുനഃസംവിധാനം വിദ്യാഭ്യാസസംബന്ധമായി ചെയ്യുക, അതു ശരിയാണു് അല്ലാതെ ഇന്നത്തെ വിദ്യാഭ്യാസത്തിനു പകരം ബേസിക്ക്സിസ്റ്റം ഇങ്ങനെ തന്നെ ഏർപ്പെടുത്തുക എന്നു പറയുന്നതു് ശരിയാണെന്നു എനിക്കു തോന്നുന്നില്ല. ക്രിയാത്മകമായിട്ടു് പഠിപ്പിക്കുക എന്ന തത്വത്തിനു് ഈ അസംബ്ലിയുടെ സാംഗ്ഷൻ ആവശ്യമില്ല. പണ്ഡിററു നെഹ്റുവിന്റെ സാംഗ്ഷനും ആവശ്യമില്ല. ക്രിയാത്മകമായി അദ്ധ്യാപകന്മാർ ചെയ്യണമെന്നുള്ളതിനു് ആരും തടസ്സമില്ല. ക്രിയാത്മകമായിട്ടു് ആദ്യകാലങ്ങളിൽ കുട്ടികളെ പറഞ്ഞു മനസ്സിലാക്കികൊടുക്കേണ്ടതാണു് എന്നുള്ളതു് എല്ലാ നാട്ടിലും അംഗീകരിച്ചിട്ടുള്ളതാണു്.

ശ്രീ. എൻ. വി. ചെറിയാൻ: വിദ്യാഭ്യാസവിദഗ്ദ്ധന്മാർ അടിസ്ഥാനവിദ്യാഭ്യാസമല്ലാതെ ക്രാഫ്റ്റ്സെന്റേർഡ് എഡ്യൂക്കേഷൻ വിഭാവന ചെയ്തിട്ടുണ്ടോ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: വിഭാവനചെയ്തിട്ടില്ല. അതിനു കാരണമുണ്ടു്. പ്രത്യേകം കൈത്തൊഴിലിനെ മുൻനിറുത്തി ജ്ഞാനവിജ്ഞാനം വിദ്യാഭ്യാസത്തിൽ സംക്രമിപ്പിക്കുന്നതു് അത്ര ബുദ്ധിപൂർവ്വകമല്ലെന്നാണു് വിദഗ്ദ്ധന്മാരുടെ അഭിപ്രായം. ഈ അടിസ്ഥാനവിദ്യാഭ്യാസത്തിന്റെ

[ശ്രീ. ജോസഫ് മുണ്ടശ്ശേരി]

കാര്യത്തിൽ ആര്യനായകത്തിന്റെ വാക്കിൽ പറഞ്ഞാൽ "We take into account the present and not the future" എന്നാണ്. ഈ അഭിപ്രായത്തെ അടിസ്ഥാനപ്പെടുത്തിയാണ് നാം അടിസ്ഥാന വിദ്യാഭ്യാസം ഏർപ്പെടുത്തുന്നതെങ്കിൽ നാം നമ്മുടെ ഭാവിയെ മനഃപൂർവ്വം മറക്കുകയായിരിക്കും ചെയ്യുക. രാജ്യവ്യാപകമായിട്ടുള്ള ഒരു സാമ്പത്തിക വ്യവസ്ഥയിൽ അപ്രതിഹതമായ നാട്ടിലെ കൈത്തൊഴിലിനെ മുൻനിറുത്തിക്കൊണ്ടു ജ്ഞാനവിജ്ഞാനം പകർന്നു കൊടുക്കുന്ന ഒരു ഏർപ്പാടാണ് ഇന്നത്തെ അടിസ്ഥാനവിദ്യാഭ്യാസം. തിരുവിതാംകൂർ-കൊച്ചിയുടെ ഭാവിക്ക് അത്യാവശ്യമായിട്ടുള്ളതു് ഇന്നുള്ളതിനെക്കാൾ കൂടുതലായി രാജ്യത്തെ വ്യാവസായികമായി പുരോഗമിപ്പിക്കുകയാണ് എന്നുള്ളതു് അദ്ദേഹം സമ്മതിക്കുന്നുണ്ടു്. അദ്ദേഹം ശാസ്ത്രത്തിന്റെ അടിസ്ഥാനത്തിലേക്കുള്ള ഒരു വ്യവസായയുഗത്തിലേയ്ക്കു പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ഈ സംസ്ഥാനത്തു് വർത്തമാനയുഗത്തെ പുരോഗമിപ്പിച്ചുകൊണ്ടുള്ള അടിസ്ഥാനവിദ്യാഭ്യാസം കൈക്കൊള്ളുന്നതു് നമ്മുടെ ഭാവിക്കു് യോജിച്ചതായിരിക്കയില്ല. അതുകൊണ്ടു് ഭാവിയെക്കൂടി അടിസ്ഥാനപ്പെടുത്തി വിദ്യാഭ്യാസത്തിൽ കുറെക്കൂടി ക്രിയാത്മകത്വം കൊടുത്തുകൊണ്ടു് കുട്ടികളെ പഠിപ്പിക്കുകയായിരിക്കും നല്ലതു്. അടിസ്ഥാന വിദ്യാഭ്യാസത്തിന്റെ വെളിച്ചത്തിൽ ഇന്നു് ഈ സംസ്ഥാനത്തേക്കു് ആവശ്യമായവിധത്തിൽ ഇവിടത്തെ വിദ്യാഭ്യാസത്തിൽ ഒരു മാററം ചെയ്യുവാൻ കഴിയുമെങ്കിൽ അതു് പ്രയോജനകരമായിരിക്കും. അതുകൊണ്ടാണു് അതിനു പകരമായി കൊണ്ടുവന്നിട്ടുള്ള ഈ അടിസ്ഥാനവിദ്യാഭ്യാസം എന്നുള്ള ഈ പ്രമേയത്തെ ഞങ്ങൾ എതിർക്കേണ്ടിവരുന്നതു്. ഈ തത്വത്തെ ആർക്കും പ്രതിഷേധിക്കുവാൻ സാധ്യമല്ല. ഇന്നു് നിലവിലുള്ള വിദ്യാഭ്യാസം കുറേക്കൂടി പ്രായോഗികമാക്കി, കുറേക്കൂടി പ്രയോജനകരമാക്കി ഭാവിയെക്കൂടി ചിന്തിച്ചു് നമുക്കു് മുന്നോട്ടുപോകണം. മുൻകാലങ്ങളെ മാത്രം ലക്ഷ്യമാക്കി ചെറിയ കുടിൽവ്യവസായങ്ങളെക്കൊണ്ടു് ഈ രാജ്യത്തെ ജനങ്ങൾ ജീവിച്ചുകൊള്ളണം, അല്ലെങ്കിൽ അവരവർ കൃഷിഭൂമിയിൽ നട്ടുണ്ടാക്കുന്ന ഭക്ഷണപദാർത്ഥങ്ങൾ ശേഖരിച്ചു്, കഴിഞ്ഞുകൊള്ളണം എന്നുള്ള അവസ്ഥയിൽനിന്നുകൊണ്ടാണു് നാം അടിസ്ഥാനവിദ്യാഭ്യാസം ഏർപ്പെടുത്തുവാൻ വിചാരിക്കുന്നതെങ്കിൽ അതു് ശരിയായിരിക്കുകയില്ല. നമ്മുടെ സാമ്പത്തികവ്യവസ്ഥയിൽ, നമ്മുടെ വ്യവസായത്തിനു ഒരു പ്രത്യേക മാററം വേണ്ടിവരുന്നുണ്ടു്. അതിനോടനുബന്ധിച്ചല്ലാത്ത നിലയിൽ വിദ്യാഭ്യാസം ക്രമപ്പെടുത്തുന്നതു് ശരിയായിരിക്കയില്ല.

ശ്രീ. എ. താണുപിള്ള: ഈ രീതിയിലുള്ള അടിസ്ഥാനവിദ്യാഭ്യാസം നാം സ്വീകരിക്കുന്നെങ്കിൽ പ്രൊഫസർ മുണ്ടശ്ശേരി വിഭാവനചെയ്യുന്ന വിദ്യാഭ്യാസരീതിക്കു് അതു് എങ്ങനെ ദോഷകരമായി ഭവിക്കും?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: ഇതു് വിഘാതമാകുന്നതു് ചില പ്രത്യേക കാരണങ്ങൾകൊണ്ടാണു്. ഒന്നാമതു് അടിസ്ഥാന
12 noon] വിദ്യാഭ്യാസംകൊണ്ടു് ഉദ്ദേശിക്കുന്നതു് സാമൂഹ്യജീവിതത്തെ പരിചയപ്പെടുത്തുക എന്നുള്ളതാണു്. അതു് ഒരു നല്ല കാര്യമാണു്. പക്ഷെ അതോടുകൂടി കുട്ടികളുടെയും കുട്ടികളോടു ചേരുന്ന ആളുകളുടെയും ജീവിതത്തോതുകൂടി ഉയർത്തണമെന്നുള്ള തത്വം ഈ

പദ്ധതിയിൽ അംഗീകരിച്ചിട്ടുണ്ടെന്നു് തോന്നുന്നില്ല. ഇവിടെ മുഖ്യ മന്ത്രി എടുത്തുപറഞ്ഞതുകൊണ്ടുമാത്രമായില്ല. ഡാക്ടർ ആര്യനായകവും ശ്രീ. ജി. രാമചന്ദ്രനും ഈയിടെ മുഖ്യമന്ത്രിയുമായി ഇതേപ്പററി ചർച്ച ചെയ്തപ്പോൾ ഈ അടിസ്ഥാന വിദ്യാഭ്യാസ പദ്ധതി തൊഴിലില്ലായ്മ എങ്ങനെ ഉപകരിക്കും എന്ന ചോദ്യത്തിനു ഉത്തരം പറഞ്ഞപ്പോൾ, തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തെ കൂടുതൽ വ്യവസായീകരിക്കുക എന്നു് അവർ പറഞ്ഞ അഭിപ്രായം ഏതാണ്ടു സ്വീകാര്യമായിട്ടുണ്ടു് എനിക്കു് തോന്നിയതു്. ഇവിടെ കയറുപിരിക്കൽ, കട്ടനെയ്ത്തു്, പായ്നെയ്ത്തു് തുടങ്ങിയ യന്ത്രസഹായം കൂടാതെ നടത്താവുന്ന ചെറുകിടവ്യവസായങ്ങൾ കൂടി വിദ്യാർത്ഥികളെ പരിശീലിപ്പിച്ചു് ആ നിലയിൽ നമ്മുടെ സാമ്പത്തികസ്ഥിതി ക്രമേണ അഭിവൃദ്ധിപ്പെടുത്തുവാൻ കഴിയും. ഇത്തരത്തിലുള്ള അനേക[illegible]ം മുഖേനല്ലാതെ ഇന്നത്തെ സാമ്പത്തിക വ്യവസ്ഥിതിക്കു് കാലക്രമേണയാണെങ്കിലും ഒരു പരിവർത്തനം വരുത്താൻ സാദ്ധ്യമല്ല. എന്നാൽ ഡാക്ടർ ആര്യനായകം ഭാവിയെ കണക്കാക്കിയിട്ടില്ലെന്നാണു് പറഞ്ഞതു്. "We are particular about the present recovery" എന്നു് അദ്ദേഹം പറയുന്നു. അങ്ങനെയാണെങ്കിൽ അദ്ദേഹം ഏർപ്പെടുത്തുവാൻ പോകുന്ന വിദ്യാഭ്യാസ സമ്പ്രദായംകൊണ്ടു് താണതരത്തിലുള്ള ഒരു സാമ്പത്തികവ്യവസ്ഥിതിയായിരിക്കും നമുക്കു ലഭിക്കുന്നതു്. നമ്മുടെ സാമ്പത്തിക വ്യവസ്ഥിതി എന്തൊന്നായിരിക്കണം? നമ്മുടെ വ്യവസായങ്ങൾ ഉദ്ധരിക്കണ്ടയോ? എന്നിങ്ങനെയുള്ള പ്രശ്നങ്ങൾക്കു് സുധീരമായ ഒരു സമീപനരീതി ഈ വിഷയത്തിൽ കൈക്കൊള്ളേണ്ടതായുണ്ടു്. ഇന്ന ഗ്രാമങ്ങളിൽ കാണുന്നതരത്തിൽ സമ്പത്തികവ്യവസ്ഥിതി താണരീതിയിലാക്കാൻ നാം ഉദ്ദേശിക്കുന്നുണ്ടോ? അതല്ല, ശ്രീ. ദേശ്മുഖ് പറഞ്ഞതുപോലെ ശാസ്ത്രീയമായ വിദ്യാഭ്യാസ രീതിയിൽ വേണം വ്യവസായം അഭിവൃദ്ധിപ്പെടുത്തുവാൻ എന്നും അങ്ങനെ സാമ്പത്തികനില ഉയർത്തണമെന്നും ഉള്ള അഭിപ്രായമാണു സ്വീകാര്യമെങ്കിൽ ഈ പദ്ധതി പോരാ. അതല്ല ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായത്തെ കുറെക്കൂടി പരിഷ്കരിക്കണമെന്നുള്ള ഉദ്ദേശം മാത്രമേ മുഖ്യമന്ത്രിക്കുള്ളുവെങ്കിൽ ഈ പദ്ധതി മതിയാകും. വേണമെങ്കിൽ വിദഗ്ദ്ധന്മാരുടെ അഭിപ്രായംകൂടി സ്വീകരിക്കയും ചെയ്യാം.

മറെറാന്നു് ഇതിൽ കാണുന്ന സ്വയംഭരണ പരിശീലനപരിപാടിയാണു്. ഇതിലുള്ള വിദ്യാർത്ഥികളും അദ്ധ്യാപകന്മാരും എല്ലാവരും സ്വയംഭരണം പരിശീലിക്കുക എന്നു പറഞ്ഞാൽ, അലക്കുക, കൃഷി ചെയ്യുക, സസ്യപദാർത്ഥങ്ങൾ ഉൽപ്പാദിപ്പിക്കുക, സ്വയംപാകം ചെയ്യുക, ഇതൊക്കെ പറയാമെന്നല്ലാതെ വിജയകരമായി നിർവ്വഹിക്കപ്പെടുമെന്നു് വിശ്വസിക്കാവാൻ വ്യക്തിപരമായി, പാർട്ടിയുടെ അടിസ്ഥാനത്തിലല്ല, എനിക്കു നിവൃത്തിയില്ല. നേരെമറിച്ചു് ചില പരീക്ഷണകേന്ദ്രങ്ങൾ ഏർപ്പെടുത്തി ഇതൊന്നു് പരീക്ഷിച്ചുനോക്കിയാൽ ചിലപ്പോൾ വിജയപ്രദമായേക്കാം എന്നേയുള്ളു. All demonstrations are not policies എന്നാണു് എനിക്കു പറയുവാനുള്ളതു്. ചതുരശ്രമൈലിനു ആയിരത്തിൽപ്പരം ആളുകളുള്ള ഈ രാജ്യത്തു് എല്ലാ കൈത്തൊഴിലുകളും ഈ നിലയിൽ പരിശീലിപ്പിക്കാമെന്നു പറയുന്നതു് കേവലം മൗഢ്യമായിരിക്കും.

സർ, ഗ്രാമജീവിതത്തെയും ഇവിടത്തെ ഗ്രാമത്തിന്റെ സ്വഭാവത്തെയും സംബന്ധിച്ചുള്ള ഡാക്ടർ ആര്യനായകത്തിന്റെയും മററും അഭി

[ശ്രീ. ജോസഫ് മുണ്ടശ്ശേരി]

പ്രായങ്ങൾ അത്രയേറെ ശരിയാകണമെന്നില്ല. നമ്മുടെ നാട്ടിലെ വില്ലേജുകളും ഗ്രാമങ്ങളും പട്ടണങ്ങളും തമ്മിൽ പറയത്തക്ക അന്തരമില്ലാതെയാണിരിക്കുന്നതു്. നമ്മുടെ ഗ്രാമങ്ങളിൽനിന്നും പട്ടണത്തിലേയ്ക്കു പോയാൽ വലിയ വ്യത്യാസമൊന്നും നാം കാണുന്നില്ല. അതുകൊണ്ടു് മററു രാജ്യങ്ങളിലെ അനുഭവംവച്ചുകൊണ്ടു് അവിടെ വിജയകരമായിക്കണ്ട പദ്ധതികൾ ഇവിടെയും ഏർപ്പെടുത്താമെന്നു് വിചാരിക്കുന്നതു് സാഹസമായിരിക്കും. മദ്രാസിലും ബീഹാറിലും മററും ഏർപ്പെടുത്തിയിട്ടുള്ള വിദ്യാഭ്യാസരീതി വിജയകരമായിരിക്കുന്നുവെന്നു്, പക്ഷെ ഡാക്ടർ ആര്യനായകവും ജി. രാമചന്ദ്രനും പറഞ്ഞിട്ടുണ്ടായിരിക്കാം. അവിടെ യഥാർത്ഥത്തിൽ വിജയപ്രദമാകുന്ന ഒരു പദ്ധതിയായിരിക്കാം അതു്. പക്ഷെ ആ പദ്ധതി മലബാർ പോലെയോ അല്ലെങ്കിൽ കേരളം പോലെയോ ഉള്ള ഒരു ഭൂപ്രദേശത്തു ശരിയായിരിക്കണമെന്നില്ല. സർ, ഇവിടെ ഗവണ്മെൻറിനു ലഭിച്ചുകൊണ്ടിരിക്കുന്ന റിപ്പോർട്ടുകളേയും അഭിപ്രായങ്ങളേയും പൂർണ്ണമായി ആശ്രയിച്ചുകൊണ്ടു് ഒരു പദ്ധതി ഏർപ്പെടുത്തുന്നതു് വാസ്തവത്തിൽ എപ്പോഴും ശരിയായ നടപടിയായിരിക്കുകയില്ല. ഉദ്യോഗസ്ഥന്മാർ അയയ്ക്കുന്ന റിപ്പോർട്ടുകൾ അപ്പോഴപ്പോഴത്തെ ഗവണ്മെൻറിന്റെ അഭിപ്രായത്തെ ആശ്രയിച്ചും വകവച്ചും കൊണ്ടായിരിക്കും. ഉദാഹരണമായി രാജാജിയുടെ വിദ്യാഭ്യാസപദ്ധതിതന്നെ ചൂണ്ടിക്കാണിക്കാവുന്നതാണു്. രാജാജിയുടെ ഗവണ്മെൻറു് വിദ്യാഭ്യാസത്തെ പരിഷ്ക്കരിക്കുന്നതിനും നവീകരിക്കുന്നതിനുംവേണ്ടി ഒരു പദ്ധതി ആസൂത്രണം ചെയ്യുവാൻ ഒരു കമ്മിററി ഏർപ്പെടുത്തി. ആ കമ്മററിയുടെ റിപ്പോർട്ടു് രാജാജി വിഭാവനം ചെയ്തിരുന്ന ഒരു പദ്ധതി ശുപാർശചെയ്കയും അതു നടപ്പിൽവരുത്തുവാൻ ഗവണ്മെൻറു് ശ്രമിക്കുകയും ചെയ്തു. എന്നാൽ മന്ത്രിസഭ പൊട്ടിയതോടുകൂടി ആ വിദ്യാഭ്യാസപദ്ധതി തെററാണു്, അതുകൊണ്ടു് അതു മാറേറണ്ടതാണു്, എന്ന അഭിപ്രായമുണ്ടായി. ഈ വസ്തുതയുടെ വെളിച്ചത്തിൽ ഗവണ്മെൻറു് കേവലം നിഷ്പക്ഷവും നിർമ്മലവുമായ മനോഭാവത്തോടുകൂടി ഈ പ്രശ്നത്തെ കൈകാര്യം ചെയ്യുകയാണു് ശ്രമിക്കേണ്ടതു്.

ശ്രീ. കെ. സി. ജാർജ്: മലബാർ ബേസിക്ക് എഡ്യൂക്കേഷൻ കാൺഫറൻസിന്റെ റിപ്പോർട്ടിൽ qualitative and quantitative effect അതുകൊണ്ടുണ്ടാവുകയില്ല എന്നു് പറഞ്ഞിട്ടുള്ളതായി അറിയാമോ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: ആ റിപ്പോർട്ടു് ഞാൻ വായിച്ചിട്ടുണ്ടു്. ആ പദ്ധതി അത്ര വിജയകരമായിരുന്നില്ല എന്നു് അതിൽ പറഞ്ഞിട്ടുണ്ടു്. പക്ഷെ മന്ത്രിമാരോടു ചോദിച്ചാൽ സമ്മതിക്കയില്ലായിരിക്കാം.

എന്തായാലും അടിസ്ഥാനവിദ്യാഭ്യാസത്തിന്റെ മൗലികമായ ഉദ്ദേശ്യവും ലക്ഷ്യവും എന്താണെന്നു വ്യക്തമാക്കേണ്ടിയിരിക്കുന്നു. അടിസ്ഥാന വിദ്യാഭ്യാസത്തിനു ഇന്നുള്ള പദ്ധതിക്കു പകരമായി ഈ പദ്ധതി കൈക്കൊള്ളുന്നുമെന്നാണു് പറയുന്നതെങ്കിൽ അതിലേയ്ക്കു് വിഷമമില്ല. പക്ഷെ അടിസ്ഥാന വിദ്യാഭ്യാസം ഇപ്പോൾ ആവിഷ്കരിക്കപ്പെട്ടിരിക്കുന്ന പദ്ധതിയിൽക്കൂടിയാണു് ഏർപ്പെടുത്തേണ്ടതെന്നാണു് ഈ പ്രമേയത്തിൽ കൂടി ഉദ്ദേശിക്കുന്നതെങ്കിൽ ഞാനും പാർട്ടിയും അതിനെ

എതിർക്കും. നേരെ മറിച്ചു ഇന്നത്തെ വിദ്യാഭ്യാസം ജീവിതത്തോടു കുറെക്കൂടി ബന്ധമുള്ളതാക്കിത്തീർക്കുകയും കുറെക്കൂടി പ്രയോജനകരമാക്കിത്തീർക്കുകയും ചെയ്യുക എന്നുള്ളതാണ് ഉദ്ദേശമെങ്കിൽ ഞങ്ങൾ അതിനോടു യോജിക്കാം. ഈ സഭയിലെ ഭൂരിപക്ഷം ഈ പദ്ധതിയെ അനുകൂലിക്കുമെന്നുള്ളതുകൊണ്ടുമാത്രം അനുകൂലിക്കുവാൻ നിവൃത്തിയില്ലെന്ന് വ്യസനസമേതം പറയേണ്ടിയിരിക്കുന്നു.

ശ്രീ. എം. വി. ചെറിയാൻ: ബഹുമാനപ്പെട്ട മെംബർ പ്രൈമറി സ്കൂളിൽ ബേസിക് എഡ്യൂക്കേഷൻ നടപ്പിലാക്കുന്നതിനെ എതിർക്കുകയാണ് എന്ന് ഞാൻ വിചാരിക്കുന്നു. മിഡിൽസ്കൂളുകളിലും സെക്കണ്ടറി സ്കൂളുകളിലും തൊഴിൽ പഠിപ്പിച്ച് തൊഴിലില്ലായ്മയ്ക്കു പരിഹാരം കാണുന്നത് എങ്ങനെയാണ്?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: സെക്കണ്ടറി എഡ്യൂക്കേഷനെ സംബന്ധിച്ച് വളരെ വിപുലമായ ഒരു റിപ്പോർട്ടുണ്ട്. ആ റിപ്പോർട്ടിൽ മിഡിൽസ്കൂൾ വിദ്യാഭ്യാസം കഴിഞ്ഞ് ഹൈസ്കൂൾ വിദ്യാഭ്യാസത്തിൽ വേണം കൈത്തൊഴിൽ വിദ്യാഭ്യാസം നൽകുവാനെന്ന് വളരെ വിസ്തരിച്ചുപറഞ്ഞിട്ടുണ്ട്. ഇത് എല്ലാ രാജ്യങ്ങളിലും അംഗീകരിച്ചിട്ടുള്ള ഒരു സമ്പ്രദായമാണ്. ഇംഗ്ലണ്ടിൽ ഈ സമ്പ്രദായമാണ് അംഗീകരിച്ചിട്ടുള്ളത്. ഫ്രാൻസ്, സോവിയറ്റ് യൂനിയൻ, ചൈന മുതലായ രാജ്യങ്ങളിലും ആ സമ്പ്രദായം സ്വീകരിച്ചിരിക്കുന്നു. ചൈനയിൽ ഞാൻ സന്ദർശിച്ച അവസരത്തിൽ അവർ വിദ്യാഭ്യാസകാര്യങ്ങളിൽ അതീവതാല്പര്യമുള്ളവരായി കണ്ടു. ബുദ്ധിപൂർവ്വം അവർ നടപ്പിൽ വരുത്തിയ വിദ്യാഭ്യാസത്തിന്റെ ഫലം എന്നെ കാണിക്കുകയും ചെയ്തു. അടിസ്ഥാനവിദ്യാഭ്യാസത്തിന്റെ രീതിയൊന്നും ഞാൻ അതിൽ കണ്ടില്ല. നേരെ മറിച്ച് ശൈശവവിദ്യാഭ്യാസസമ്പ്രദായം പരിഷ്കരിക്കുകയും കളിപ്പാട്ടങ്ങളും ഇഷ്ടപ്പെട്ട ഉപകരണങ്ങളും മറ്റും കാണിച്ചുകൊടുത്ത് കിൻഡർഗാർട്ടൻ രീതിയിൽ അവരുടെ സ്വഭാവം രൂപപ്പെടുത്തിക്കൊടുക്കുകയും കാലാന്തരത്തിൽ തൊഴിലിനോടുള്ള അഭിമുഖ്യം വർദ്ധിപ്പിക്കുകയും വിദ്യാഭ്യാസം കഴിഞ്ഞ് തൊഴിലില്ലാത്തവർക്ക് തൊഴിലുണ്ടാക്കിക്കൊടുക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുകയുമാണ് ചൈനയിൽ നടക്കുന്നത്. ഇതാണ് എല്ലാ പരിഷ്കൃതരാജ്യങ്ങളിലെയും സമ്പ്രദായം. ഇതെല്ലാം അവഗണിച്ച് ഒരു ആര്യനായകത്തിന്റെയും ഒരു രാമചന്ദ്രന്റെയും അഭിപ്രായം മാത്രം അവലംബമാക്കി ഒരു പദ്ധതി ഇൻഡ്യയിൽ നടപ്പിലാക്കുന്നത് ചിന്തിച്ചു വേണ്ടതാണെന്നേ എനിക്കു പറയുവാനുള്ളു. ഇന്നത്തെ വിദ്യാഭ്യാസത്തിന് ഒരു തിരുത്തൽ ആവശ്യമാണെന്നു ഞാനും സമ്മതിക്കുന്നു. പക്ഷെ ആ തിരുത്തൽ ഇന്നത്തെ വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനതത്വത്തെ ആശ്രയിച്ചായിരിക്കണം. ആ തത്വത്തെ കുറെക്കൂടി പരിഷ്കരിച്ചുകൊണ്ടുപോയി ക്രമേണ ആ തത്വം അംഗീകരിക്കുക എന്നുള്ളതാണ് പ്രധാനമന്ത്രി ഉദ്ദേശിക്കുന്നതെങ്കിൽ എനിക്ക് അഭിപ്രായവ്യത്യാസം ഇല്ല. പക്ഷെ ആ ലക്ഷ്യത്തിലേയ്ക്ക് എത്തുവാനുള്ള മാർഗ്ഗം തുറന്നുവയ്ക്കുവാനും അതിലേയ്ക്ക് ആവശ്യമുള്ള പരിപാടികൾ നിർദ്ദേശിക്കുവാനുമായി ഒരു കമ്മിററിയെ നിയമിച്ച് ഓവർഹോൾ പോളിസി ആഫ് എഡ്യൂക്കേഷനെപ്പററി വേണ്ട നിർദ്ദേശങ്ങൾ വരുത്തിയതിനുശേഷം ഈ പദ്ധതി നടപ്പിൽ വരുത്തുന്നതു നന്നായിരിക്കും. അല്ലാതെ പത്തും പതിനായിരവും രാജ്യ

[ശ്രീ. ജോസഫ് മുണ്ടശ്ശേരി]

പകന്മാരും ലക്ഷക്കണക്കിനു വിദ്യാർത്ഥികളും ഉൾക്കൊള്ളുന്ന ഒരു പദ്ധതി വേണ്ടത്ര ശ്രദ്ധിക്കാതെയും ആലോചിക്കാതെയും രാജ്യവ്യാപകമായ അടിസ്ഥാനത്തിൽ ഏർപ്പെടുത്തുന്നതു് നന്നായിരിക്കുകയില്ല. ഡാക്ടർ ആര്യനായകം പറഞ്ഞതുപോലെയുള്ള അടിസ്ഥാനവിദ്യാഭ്യാസത്തിനു പകരമായിട്ടാണു ഈ പദ്ധതി കൊണ്ടുവന്നിരിക്കുന്നതെങ്കിൽ ഈ പദ്ധതിയെ ഞങ്ങൾ എതിർക്കുന്നു. എന്തെന്നാൽ ഈ വിദ്യാഭ്യാസപദ്ധതിയുടെ പിന്നിൽ ഒരു സാമ്പത്തികമായ ഔന്നത്യം കൂടി ഉണ്ടായിരിക്കണമെന്നു് ഞങ്ങൾ ഉദ്ദേശിക്കുന്നു. എന്നാൽ ഈ പദ്ധതിയുടെ പിന്നിൽ നമ്മുടെ രാജ്യത്തിന്റെ സാമ്പത്തികഭാവി ക്ഷയോന്മുഖമായിപ്പോകുകയല്ലേ എന്നു് ഞങ്ങൾ ഭയപ്പെടുന്നു. അതുകൊണ്ടാണു് ഞങ്ങൾ ഈ പദ്ധതിയെ എതിർക്കുന്നതു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച ഈ പ്രമേയത്തെ കാൺഗ്രസ് പാർട്ടി സ്വാഗതം ചെയ്യുകയും അനുകൂലിക്കുകയും ചെയ്യുന്നു. അതിന്റെ ഉള്ളടക്കത്തെ മാത്രമല്ല സ്വാഗതംചെയ്യുന്നതു്. വിദ്യാഭ്യാസകാര്യത്തിൽ വളരെ പ്രധാനപ്പെട്ട വ്യതിയാനം നയത്തിൽ വരുത്തുവാൻ ഉദ്ദേശിക്കുന്ന ഈ സന്ദർഭത്തിൽ സാങ്കേതികമായി നോക്കുകയാണെങ്കിൽ ഈ നിയമസഭയുടെ സമ്മതം ആവശ്യമില്ലെങ്കിൽകൂടി ഇങ്ങനെയുള്ള കാര്യം നിയമസഭയുടെ വോട്ടോടുകൂടി തീരുമാനിക്കുന്നതു നന്നായിരിക്കുമെന്നു മുഖ്യമന്ത്രി തീരുമാനിച്ചതിൽ സന്തോഷമുണ്ടു്. കാലാന്തരത്തിൽ ഈ വക കാര്യങ്ങൾക്കു് വേണ്ടത്ര വ്യത്യാസങ്ങൾ വരുത്തുവാനും ഇതു് സഹായകമായിരിക്കും.

നമ്മുടെ രാജ്യത്തിൽ ഏതെങ്കിലും കാര്യത്തിൽ അഭിപ്രായ ഐക്യം ഉണ്ടെങ്കിൽ ഇന്നത്തെ വിദ്യാഭ്യാസസമ്പ്രദായം രാജ്യത്തിനു ഉതകുന്നതല്ല എന്നുള്ള കാര്യത്തിലാണു്. ഇക്കാര്യത്തിൽ വിദ്യാഭ്യാസത്തിന്റെ ശാസ്ത്രീയതയെപ്പററി വളരെയേറെ പരിജ്ഞാനമൊന്നും ആവശ്യമില്ല. ആ പരിജ്ഞാനത്തോടുകൂടി ഈ പ്രമേയത്തെപ്പററി വാദപ്രതിവാദം ചെയ്യുവാനുള്ള കഴിവും എനിക്കില്ല. എങ്കിലും നമ്മുടെ രാജ്യത്തു് ഇന്നു നിലവിലിരിക്കുന്ന വിദ്യാഭ്യാസസംപ്രദായത്തിനു മാററം വരുത്തിയാൽ കൊള്ളാമെന്നു് വിദ്യാഭ്യാസ പണ്ഡിതന്മാരും രാഷ്ട്രീയപ്രവർത്തകന്മാരും അദ്ധ്യാപകന്മാരും വിദ്യാർത്ഥികളും ഒരുപോലെ ആഗ്രഹിക്കുന്നുണ്ടു്. നൂറ നൂററി ഇരുപതും കൊല്ലങ്ങൾക്കുമുൻപു് ബ്രിട്ടീഷ് ഗവണ്മെൻറ് അടിസ്ഥാനം ഇട്ട വിദ്യാഭ്യാസസമ്പ്രദായത്തിൽ ഇന്നും കാര്യമായ യാതൊരു വ്യത്യാസവും ഉണ്ടായിട്ടില്ല. ഞാൻ വിദ്യാർത്ഥിയായിരുന്ന കാലത്തു് ഈ രാജ്യത്തെ പ്രൈമറിവിദ്യാഭ്യാസവും സെക്കണ്ടറിവിദ്യാഭ്യാസവും ഏതുവിധത്തിലായിരുന്നോ ഇരുന്നതു് ആ വിധത്തിലാണു് ഇന്നും ഇരിക്കുന്നതു്. എന്നെക്കാൾ പ്രായക്കൂടുതലുള്ളവർ വിദ്യാർത്ഥികളായിരുന്ന കാലത്തു് ഇതേ സമ്പ്രദായംതന്നെയാണു് ഉണ്ടായിരുന്നതും. പാഠപുസ്തകങ്ങൾക്കു് വ്യത്യാസം വന്നേക്കാം. അദ്ധ്യയനഭാഷ ഇംഗ്ലീഷിനു പകരം മലയാളമായിരിക്കാം. എന്നാലും അന്നത്തെ രീതിതന്നെയാണു് ഇന്നും തുടന്നു കൊണ്ടുപോകുന്നതു്. ഇൻഡ്യയ്ക്കു സ്വാതന്ത്ര്യം ലഭിക്കുന്നതിനു മുമ്പുതന്നെ വിദ്യാഭ്യാസസമ്പ്രദായത്തെപ്പററി വളരെയേറെ എതിരുകൾ ഉണ്ടാകുകയും ഒന്നിലധികംതവണ വിദ്യാഭ്യാസ പുനഃസംവിധാനത്തിന്റെ ആവ

ശ്യകതയെപ്പററി അന്വേഷിക്കുവാൻ കമ്മിററികൾ വയ്ക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ആ കമ്മററികൾക്കൊന്നും തക്കതായ പരിഹാരം നിർദ്ദേശിക്കാൻ സാധിച്ചിട്ടില്ല. ആദ്യമായി ഇന്നത്തെ പ്രയോജനശൂന്യമായ വിദ്യാഭ്യാസസമ്പ്രദായം മാററാനുള്ള ആരംഭം ഇതിൽ കാണുന്നതുകൊണ്ടാണ് ഞാൻ ഈ പ്രമേയത്തെ സ്വാഗതംചെയ്യുന്നത്. ഇന്നത്തെ വിദ്യാഭ്യാസം ജീവിതവുമായി ബന്ധമില്ലാത്തതാണെന്ന പ്രൊഫസർ മുണ്ടശ്ശേരി പറയുകയുണ്ടായി. അതാണ് ഈ വിദ്യാഭ്യാസത്തെപ്പററി ഉണ്ടായിട്ടുള്ള ഏററവും പ്രധാനമായ ആക്ഷേപം. ഇന്നുള്ള സ്കൂളുകളിലും, കാളേജുകളിലും, യൂണിവേഴ്സിററികളിലും നമ്മുടെ വിദ്യാർത്ഥികൾക്ക് ശാസ്ത്രജ്ഞാനം നൽകുന്നുണ്ട്. എന്നാൽ ആ ശാസ്ത്രജ്ഞാനത്തിന് ഇൻഡ്യയിലെ വിദ്യാർത്ഥികളേയും പണ്ഡിതന്മാരെയും ഒട്ടു[illegible]ാലും ഉയർത്താൻ കഴിഞ്ഞിട്ടില്ല. കഴിഞ്ഞ ഒരു നൂററാണ്ടുകാലമായി ഇൻഡ്യയിലെ വിദ്യാഭ്യാസം മൂലം അനേകമനേകം പണ്ഡിതന്മാർ ഉണ്ടായിട്ടുണ്ടെങ്കിലും ശാസ്ത്രത്തിനോ മററു പുതിയ വിജ്ഞാനരംഗങ്ങൾക്കോ വളരെ ഏറെയൊന്നും ഇൻഡ്യക്കു നൽകാൻ സാധിച്ചിട്ടില്ലെന്നുള്ളതിൻെറ കാരണം ഇന്നിരിക്കുന്ന വിദ്യാഭ്യാസസമ്പ്രദായമാണ്. അതുകൊണ്ട് ഈ വിദ്യാഭ്യാസസമ്പ്രദായം മാററണമെന്നുള്ളതിനെപ്പററി ആർക്കും അഭിപ്രായവ്യത്യാസം ഉണ്ടാകുന്നതല്ല. ഈ പ്രമേയത്തെ എതിർത്ത ശ്രീ. മുണ്ടശ്ശേരി തന്നെ വിദ്യാഭ്യാസത്തിൽ പല വ്യത്യാസങ്ങളും വരുത്തേണ്ടതുണ്ടെന്നും അതിൻെറ ഹ്രംഷൈസസിൽ ചില വ്യത്യാസങ്ങൾ വരുത്തേണ്ടതുണ്ടെന്നും പറയുകയുണ്ടായി. ഒരു രാജ്യത്തിനു സ്വാതന്ത്ര്യം കിട്ടിക്കഴിഞ്ഞാൽ ഏററവും പ്രധാനമായ വ്യത്യാസം ഉണ്ടാകേണ്ടതു വിദ്യാഭ്യാസരംഗത്താണ്. ഇൻഡ്യയിൽ വിദ്യാഭ്യാസരംഗത്ത് തക്കതായ വ്യത്യാസം ഉണ്ടായിട്ടില്ലെന്നുള്ളതാണ് സ്വാതന്ത്ര്യം കിട്ടിയതിനുശേഷം ഇൻഡ്യയിലുള്ള സക്കാരുകളുടെ പരാജയത്തിലൊന്നെന്നു ഞാൻ വിശ്വസിക്കുന്നു. ഈ വിഷയത്തെപ്പററി ഇത്രയും തീരുമാനത്തിൽ എത്തിക്കഴിഞ്ഞാൽ പിന്നെ ഈ സഭയുടെ മുമ്പിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ചിരിക്കുന്ന പ്രമേയത്തെ പിൻതാങ്ങിക്കൊണ്ട് ഇന്നു നിലവിലുള്ള മെക്കാളെപ്രഭു സ്ഥാപിച്ചിട്ടുള്ള വിദ്യാഭ്യാസസമ്പ്രദായത്തിനു ഒരു ആൾട്ടർനേററിവ് മഹാത്മജിയല്ലാതെ മററാരെങ്കിലും നിർദ്ദേശിച്ചിട്ടുണ്ടോ എന്നാണ് ഞാൻ ചോദിക്കുന്നത്. വേറെ ആരും നിർദ്ദേശിച്ചിട്ടില്ല. എൻെറ സ്നേഹിതൻ മുണ്ടശ്ശേരി പോലും ഇന്നത്തെ വിദ്യാഭ്യാസസമ്പ്രദായത്തെപ്പററി ആക്ഷേപിച്ചിട്ട് ഏതുവിധത്തിലാണ് നമ്മുടെ രാജ്യത്തെ വിദ്യാഭ്യാസത്തിനു ഒരു പുതിയരൂപം കൊടുക്കേണ്ടതെന്നു പറയുകയുണ്ടായിട്ടില്ല. അദ്ദേഹം ചൈനയിലെ വിദ്യാഭ്യാസസമ്പ്രദായത്തെപ്പററി പറഞ്ഞു. അദ്ദേഹം പറഞ്ഞ വാക്കുകൾ ഞാൻ വളരെ ശ്രദ്ധിക്കുകയുണ്ടായി. ഒരു പുതിയ ഭരണം വന്നതിനുശേഷം ചൈനയിലെ വിദ്യാഭ്യാസരംഗത്തു ഉണ്ടായതായി അദ്ദേഹം പറഞ്ഞതെന്താണ്? കുട്ടികൾക്ക് പലസാധനങ്ങളുംകൊടുത്തു അവർക്കു കൗതുകമുണ്ടാക്കുന്നു. പിന്നീട് അവക്കു തൊഴിലിൽ ആഭിമുഖ്യം ഉണ്ടാക്കുന്നു. അതിനുശേഷം തൊഴിലെടുക്കാനുള്ള സൗകര്യങ്ങൾ ഉണ്ടാക്കുന്നു. നമ്മുടെ രാജ്യത്തെ വിദ്യാർത്ഥികൾക്കും തൊഴിലിനു് ആഭിമുഖ്യമുണ്ടാക്കണം. ഞാൻ ധരിച്ചിടത്തോളം ഈ ബേസിക്ക് വിദ്യാഭ്യാസസമ്പ്രദായത്തിൻെറ അടിസ്ഥാനം അതുതന്നെയാണ്. ഇന്നു കേവലം പുസ്തകങ്ങൾ ഉരുവിട്ട് പരീക്ഷപാസായിരുന്ന വിദ്യാർത്ഥികൾക്ക്

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

തൊഴിലിൽ ആഭിമുഖ്യമില്ല. പരീക്ഷയാണ് ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ പ്രധാനയിനമെന്ന് പ്രൊഫസർ പറയുകയുണ്ടായി. ആ പരീക്ഷ വേണ്ടെന്നുവയ്ക്കുകയാണെങ്കിൽ പിന്നെ ഇന്നത്തെ വിദ്യാഭ്യാസത്തിൽ ബാക്കി എന്തുണ്ട് എന്നാണ് ഞാൻ ചോദിക്കുന്നത്. കുറെ പുസ്തകങ്ങൾ പഠിക്കാൻ പ്രിസ്ക്രൈബുചെയ്യുന്നു. കൊല്ലം അവസാനത്തിൽ പരീക്ഷ ഉണ്ടാകുന്നതുകൊണ്ടാണ് കുട്ടികൾ ആ പുസ്തകങ്ങൾ പഠിക്കാൻ താൽപ്പര്യപ്പെടുന്നത്. പരീക്ഷയില്ലാത്ത ഒരു വിദ്യാഭ്യാസസമ്പ്രദായം തെററാണെന്നു ഞാൻ പറയുകയല്ല. പക്ഷെ ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായത്തിൽ പരീക്ഷ വേണ്ടെന്നുവച്ചാൽ പിന്നെ വിദ്യാഭ്യാസമേ ഇല്ലാതെയാകുമെന്നാണ് ഞാൻ പറയുന്നത്. അതുകൊണ്ട് വിദ്യാഭ്യാസ സമ്പ്രദായത്തിൽ തക്കതായ വ്യത്യാസംവരുത്താതെ പരീക്ഷ വേണ്ടെന്നു വെയ്ക്കുക സാദ്ധ്യമല്ല. അങ്ങിനെയല്ലാതെ പരീക്ഷ വേണ്ടെന്നുവയ്ക്കുകയാണെങ്കിൽ മുഴുവൻ വ്യർത്ഥം. പരീക്ഷ നടത്തിയാലും വ്യർത്ഥംതന്നെ.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: പരീക്ഷ തീരെ നിറുത്തിക്കളയുന്നതിനെപ്പററിയുള്ള അഭിപ്രായം എന്താണ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായത്തിൽ വ്യത്യാസം വരുകയാണെങ്കിൽ പരീക്ഷ മാററുന്നതിൽ വിരോധമില്ല.

ഭാരതത്തിന് സ്വാതന്ത്ര്യം കിട്ടുമെന്നുകണ്ട് ആ സ്വാതന്ത്ര്യത്തിന്റെ അരുണോദയത്തിൽ സ്വതന്ത്രഭാരതത്തിന്റെ വിദ്യാഭ്യാസം ഏതുവിധത്തിലിരിക്കണമെന്ന് മഹാത്മജി ഒരു തീരുമാനമെടുക്കുകയുണ്ടായി. അദ്ദേഹം നാട്ടുകാരുടെ ജീവ തരംഗത്തെ സ്പർശിക്കാത്ത ഭാഗങ്ങൾ ഉണ്ടെന്ന് എനിക്ക് തോന്നിയിട്ടില്ല. മഹാത്മജി തന്നത്താൻ ആവിഷ്കരിച്ചു ഒന്നല്ല ഈ പദ്ധതി, ബേസിക്ക് വിദ്യാഭ്യാസമെന്നു പറയുന്നത്, എന്റെ ഓർമ്മ ശരിയാണെങ്കിൽ കഴിഞ്ഞ 17, 18 കൊല്ലമായി അനേകം കാൺഫറൻസുകൾക്കും അനേകം വാദപ്രതിവാദങ്ങൾക്കും വിഷയമായിട്ടുള്ള ഒരു കാര്യമാണ്. വാർദ്ധാസ്കീമെന്ന നാമധേയത്തിൽ അറിയപ്പെട്ട പദ്ധതി പിന്നീട് അനേക വിദ്യാഭ്യാസ പണ്ഡിതന്മാരുടെ ആലോചനയ്ക്കു് വിഷയമായശേഷമാണ് ബേസിക്ക് എഡ്യൂക്കേഷൻ എന്ന നിലയിൽ വന്നത്. ഡാക്ടർ ആര്യനായകത്തിന്റെയോ, ശ്രീ. രാമചന്ദ്രന്റെയോ ഒരു പ്രസ്ഥാനമല്ല ഇത്. ഇൻഡ്യയിലെ അനേകം പണ്ഡിതന്മാർ ഇതിനെപ്പററി ആലോചിച്ചിട്ടുണ്ട്. അങ്ങിനെ ഇന്നു നിലവിലിരിക്കുന്ന വിദ്യാഭ്യാസസമ്പ്രദായത്തിനു ബദലായി ആവിഷ്കരിച്ചിട്ടുള്ള ഒരു പദ്ധതിയാണ് ഇതെന്നു കാണണം. ഇന്നുള്ള വിദ്യാഭ്യാസസമ്പ്രദായത്തിനു പകരമായി മറെറാരു വിദ്യാഭ്യാസസമ്പ്രദായം നമ്മുടെ ഇടയിൽ ഉണ്ടായിട്ടില്ല. ബഹുമാനപ്പെട്ട ചേർപ്പു മെമ്പറോ അദ്ദേഹത്തെപ്പോലെ ഈവക വിഷയത്തെപ്പററി ആലോചിക്കുന്ന ആളുകളോ ഇപ്പോഴുള്ള വിദ്യാഭ്യാസസമ്പ്രദായം മാററി എന്തു വിദ്യാഭ്യാസസമ്പ്രദായമാണ് സ്വീകരിക്കേണ്ടതെന്ന് പറയുകയുണ്ടായിട്ടില്ല. കമ്മ്യൂണിസ്ററുപാർട്ടിയും പറഞ്ഞിട്ടില്ല.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: ഈ വിദ്യാഭ്യാസത്തിന്റെ മൗലികമായ ആധാരങ്ങളിൽ വ്യത്യാസം വരാത്ത നിലയിൽ പത്തുപതിനഞ്ചു പദ്ധതികൾ ഉണ്ടാകുമെന്നു ബഹുമാനപ്പെട്ട മെംബർ വിചാരിക്കുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതുകൊണ്ടാണ് എതിർക്കേണ്ടതെന്നു ഞാൻ പറയുന്നതു്.

ഇന്നത്തെ വിദ്യാഭ്യാസസമ്പ്രദായത്തിൽ മാററം വരുത്തുന്നതിനു് കൺസ്ട്രക്ടീവായി ഇവിടെ വേറെ ഒന്നുമില്ല. ഇന്നത്തെ വിദ്യാഭ്യാസസമ്പ്രദായം സാർവത്രികമായി മോശമാണെന്നു പറയുന്നുമുണ്ടു്. ഇന്നത്തെ സമ്പ്രദായം വിദ്യാർത്ഥികളുടെയിടയിൽ ഉണ്ടാക്കുന്നതായ frustration നെപ്പററി ആലോചിക്കുക. വിദ്യാഭ്യാസംചെയ്തുകഴിഞ്ഞാൽ എന്താണു് ചെയ്യേണ്ടതെന്നു അറിയാതെ കുഴങ്ങുന്നു. യാതൊരു തൊഴിലിനും അഭിമുഖ്യം ഉണ്ടാകുന്നില്ല. തൂമ്പായെടുക്കുന്നതും മണ്ണിൽ തൊടുന്നതും മോശമാണെന്നൊരു വിചാരം അവർക്കുണ്ടാകുന്നു. അങ്ങിനെ ഒരു വിചാരം വരുന്നതു വിദ്യാഭ്യാസവും ജീവിതവുമായി ബന്ധമില്ലാത്തതുകൊണ്ടാണു്. എന്റെ സ്നേഹിതൻ മററൊരുകാര്യം പറഞ്ഞതു് ഈ ബേസിക്ക് വിദ്യാഭ്യാസപദ്ധതി നാം സ്വീകരിക്കുകയാണെങ്കിൽ പ്രാകൃതമായ ഒരു സമൂഹവ്യവസ്ഥിതിയിലേക്കു് ഈ രാജ്യത്തെ ജനങ്ങളെ കെട്ടിയിടുന്നതിനു് തുല്യമായിരിക്കുമെന്നാണു്. അഥവാ ഒരു പുതിയ വ്യവസായയുഗം ഈ രാജ്യത്തുണ്ടാകുന്നതിനു് ഇതു തടസ്സമായിത്തീരുമെന്നു്, അല്ലെങ്കിൽ ഒരു പുതിയ വ്യവസായയുഗം ഈ രാജ്യത്തുണ്ടാകാതിരിക്കാനുള്ള ഒരു പദ്ധതിയാണു് ഇതെന്നു് അദ്ദേഹം പറയുകയുണ്ടായി. എനിക്കു് അദ്ദേഹത്തോടു് യോജിക്കാൻ സാദ്ധ്യമല്ല. ഈ രാജ്യത്തു ഒരു വ്യവസായയുഗം ഉണ്ടാകുന്നതു എങ്ങിനെയാണു്? ഇപ്പോഴത്തെ സ്കൂൾഫൈനൽകാരും, ഇന്റർമിഡിയെറ്റുകാരും, ബി. എ. ക്കാരും, എം. എ. ക്കാരും ഒരു പുതിയ യുഗം കൊണ്ടുവരുമോ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: ഇപ്പോഴത്തെ എം. എ. ക്കാരാണു് ഒരു വ്യവസായയുഗം കൊണ്ടുവരേണ്ടതെന്നു് എനിക്കു് അഭിപ്രായമില്ല.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: തൊഴിലുമായി വൈമുഖ്യമല്ലാതെ ബന്ധമൊന്നുമില്ലാത്ത ഇന്നത്തെ വിദ്യാർത്ഥികൾക്കും ഇന്നത്തെ വിദ്യാഭ്യാസസമ്പ്രദായത്തിന്റെ സന്താനങ്ങൾക്കും ഒരുവിധത്തിലും ഒരു പുതിയ വ്യവസായയുഗം ഉണ്ടാക്കുന്നതിനുള്ള സാഹചര്യം ഉണ്ടാകുന്നതല്ല.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: സാഹചര്യം ഉണ്ടാകുന്നതനുസരിച്ചല്ലേ വിദ്യാഭ്യാസരംഗം നടത്താൻ കഴിയൂ.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: തൊഴിലിന്റെ അഭിമുഖ്യമുള്ള വിദ്യാഭ്യാസം ഉണ്ടായാൽ തൊഴിലിനു് പുരോഗതി ഉണ്ടാകുമെന്നുള്ളതിനു് അനേകം ദൃഷ്ടാന്തങ്ങളുണ്ടു്. ഈ രാജ്യത്തു ഒരു വ്യവസായയുഗം വരികയാണെങ്കിൽ ബേസിക്ക് എഡ്യൂക്കേഷൻ അതിനൊരു തടസ്സമായി നിൽക്കയില്ല. മാത്രമല്ല, ആവിധത്തിലുള്ള ഒരു യുഗത്തിന്റെ പിറവിക്കു് അനുകൂലമായ അന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്യും.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: ഇന്നത്തെ തൊഴിലാളികളുടെ ഇടയിലുള്ളതു അടിസ്ഥാനവിദ്യാഭ്യാസത്തിന്റെ രീതിയിലുള്ള വിദ്യാഭ്യാസമല്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇന്നത്തെ തൊഴിലാളികൾക്ക് തൊഴിൽ കൊടുക്കുന്നതേ ഉള്ളൂ. ആ തൊഴിൽകൊടുക്കുന്ന അന്തരീക്ഷത്തിൽ അവർക്ക് കൂടുതൽ വിദ്യാഭ്യാസം നല്കാൻകൂടി ബേസിക്ക് എഡ്യൂക്കേഷൻ സമ്പ്രദായം എക്സ്റ്റെൻഡ്ചെയ്യാൻ കഴിയുമെന്നാണ് ഞാൻ ഉദ്ദേശിക്കുന്നത്.

സർ, ഒന്നു രണ്ട് ഉദാഹരണങ്ങൾ ഞാൻ പറഞ്ഞുകൊള്ളട്ടെ. ഇന്ന് തിരുവനന്തപുരത്തുള്ളതോ ഇൻഡ്യയിൽ എവിടെയെങ്കിലുമുള്ളതോ ആയ ഒരു ഇൻജിനീയറിംഗ്കാളേജ് എടുക്കുക. ആ കാളേജിൽ എന്താണ് നടക്കുന്നത്? ആ ഇഞ്ചിനീയറിംഗ്കാളേജിൽ പ്രവേശിക്കുന്ന വിദ്യാർത്ഥികൾക്ക് ടെക്സ്റ്റ്ബുക്കുകളിൽനിന്നും ഇൻജിനീയറിംഗിന്റെ തത്വങ്ങൾ പറഞ്ഞുകൊടുക്കുന്നു. അതുകഴിഞ്ഞ് അപ്രൻറിസ്സായി വല്ല ഫാക്റ്ററികളിലും പോകുന്നുണ്ട്. അവിടെനിന്നാണ് പ്രാക്റ്റിക്കലായിട്ടുള്ള അറിവുകൾ അവർക്ക് ലഭിക്കുന്നത്. ജീവിതവുമായി ബന്ധമില്ലാതെയാണ് അവർ കാളേജിൽനിന്നും പുറത്തുവരുന്നത്. പുറത്തുവന്ന ശേഷമാണ് പ്രായോഗികമായി ഇൻജിനീയറിംഗിനെപ്പററി പഠിക്കാൻ സാധിക്കുന്നത്. നേരെമറിച്ച് മററ ചില രാജ്യങ്ങളിൽ പ്രത്യേകിച്ച്, ജർമ്മനിയിലും, സ്വിററ്സർലണ്ടിലും നടക്കുന്നത് എങ്ങിനെയാണെന്നുവച്ചാൽ അക്ഷരങ്ങൾ പഠിച്ചുകഴിഞ്ഞാൽ ഫാക്റററിയിൽ പോകുകയാണ്. ഫാക്റററിയിൽപോയി ഒരു ഹീററ് എൻജിൻ എന്താണെന്നു കണ്ട് അതു കൈകാര്യം ചെയ്യുന്നത് എങ്ങനെയാണെന്നു പഠിച്ചശേഷമാണ് ഹീററ് ഇൻജിന്റെ ഇക്വേഷൻ പഠിക്കാൻ കാളേജിൽ പോകുന്നത്. ആ പദ്ധതിയാണ് ബേസിക്ക് എഡ്യൂക്കേഷനിൽ സ്വീകരിച്ചിട്ടുള്ളത്. ഇന്ന് നമ്മുടെ നാട്ടിൽ എല്ലാ വില്ലേജുകളിലും വ്യവസായശാലകളില്ല. എല്ലാ വില്ലേജുകളിലും വ്യവസായശാലകളുണ്ടാകുന്ന ഒരു യുഗം ഉണ്ടാകുമോ എന്നുതന്നെ എനിക്ക് സംശയമുണ്ട്. അങ്ങനെ ഉണ്ടാകുകയാണെങ്കിൽ അതു നല്ലതാണോ എന്നുള്ളതിനെപ്പററിയും എനിക്ക് സംശയമുണ്ട്. തിരുവിതാംകൂർ-കൊച്ചിയെപ്പോലുള്ള ഒരു രാജ്യത്ത് ഏതു വിധത്തിലാണ് വ്യവസായയുഗം വരുക എന്നുള്ളതിനെപ്പററി ഞാൻ സംശയിക്കുന്നുണ്ട്. പ്രൊഫസർ, ചൈനയിലോ റഷ്യയിലോ കണ്ടമാതിരിയുള്ള ഒരു വ്യവസായവല്ക്കരണം ഇവിടെ വരികയില്ല. ഒരു ചതുരശ്രമൈലിൽ 23 ആളുകൾ............

ശ്രീ. ജോസഫ് മുണ്ടശ്ശേരി: ഇംഗ്ലണ്ടിലുണ്ടായ വ്യവസായവൽക്കരണത്തിന്റെ സ്വഭാവമെന്താണ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: റഷ്യയിൽ ഇന്ന് ഒരു ചതുരശ്രമൈൽ വിസ്താരമുള്ള സ്ഥലത്ത് 23 ആളുകളാണ് പാർക്കുന്നത്. ആ രാജ്യത്ത് ഉണ്ടായിട്ടുള്ള രീതിയിൽ നമ്മുടെ രാജ്യത്ത് നടപ്പാക്കാൻ വിഷമമുണ്ട്. അതുകൊണ്ടാണ് ചൈനയിൽതന്നെ 1948-നുശേഷം റഷ്യയിൽ ആവിഷ്കരിച്ച സമ്പ്രദായം അതേപടി സ്വീകരിക്കാഞ്ഞത്. ഓരോ രാജ്യത്തിനും ആ രാജ്യത്തിനു യോജിച്ച സമ്പ്രദായത്തിലുള്ള ഒരു സാമൂഹ്യവ്യവസ്ഥിതി സ്വീകരിക്കേണ്ടിവരും.

ശ്രീ. എം. പി. മേനോൻ: ഭൂമിയുടെ കാര്യത്തിൽ ഏതു രീതിയിലുള്ള സാമൂഹ്യവ്യവസ്ഥിതിയാണ് മെംബർ വിഭാവനം ചെയ്യുന്നത്?

<u>ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ:</u> ബേസിക്ക് എഡ്യൂക്കേഷനെപ്പററി പറയുമ്പോൾ അതിനെപ്പററി പറഞ്ഞാൽ വിഷയം മാറിപ്പോകും. പ്രൊഫസർ മുണ്ടശ്ശേരി പറയുകയുണ്ടായി, Marxism is a guide to action എന്ന്. മാർക്സിസം ഏതു വിധത്തിലാണ് രാജ്യത്തിന് ഉതകുന്നതെന്നു നോക്കി ആ രീതിയിൽ പ്രയോഗിക്കേണ്ടിവരും. നമ്മുടെ രാജ്യത്തെ വിദ്യാഭ്യാസരീതി മാററുന്നതിന് ഇവിടെ ഒരു വ്യവസായവൽക്കരണം പൂർത്തിയാകുന്നതുവരെ കാത്തിരിക്കാൻ മാർഗ്ഗമുണ്ടോ എന്നാണ് ഞാൻ ചോദിക്കുന്നതു്. ബേസിക്ക് എഡ്യൂക്കേഷൻ സ്വീകരിക്കുന്നതുകൊണ്ടു് ബഹു മെമ്പർ ആഗ്രഹിക്കുന്ന വിധത്തിലുള്ള ഒരു വ്യവസായവൽക്കരണത്തിന് താമസംവരികയാണെങ്കിൽ അതു് ഒരു തടസ്സമാകുമോ? ഇന്നു് നമ്മുടെ ജനങ്ങളുടെയിടയിൽ, പ്രത്യേകിച്ചും കുട്ടികളുടെയിടയിൽ തൊഴിലിനു ആഭിമുഖ്യമുള്ള ഒരു വിദ്യാഭ്യാസം ഉണ്ടാകണം. ചൈനയിൽ പ്രൊഫസർ മുണ്ടശ്ശേരി കണ്ടെന്നു പറയുന്നമാതിരി തൊഴിലിനു് ആഭിമുഖ്യമുള്ള ഒരു വിദ്യാഭ്യാസം ഇവിടെ ഏർപ്പെടുത്തണം. അങ്ങനെ തൊഴിലിനു് ആഭിമുഖ്യമുണ്ടാക്കുന്ന ഒരു വിദ്യാഭ്യാസസമ്പ്രദായമാണ് ബേസിക്ക് എഡ്യൂക്കേഷൻ. അതിന്റെ തത്വങ്ങൾ ഇൻഡ്യയിൽ വളർന്നിട്ടുള്ള സ്ഥിതിക്ക് നാം എന്തിനതിനെ ആക്ഷേപിക്കണം.

<u>ശ്രീ. ജോസഫ് മുണ്ടശ്ശേരി:</u> ഞാൻ ചൈനയേയും, റഷ്യയേയും കുറിച്ചു് മാത്രമല്ല പറഞ്ഞതു്. ചതുരശ്രമൈലിന് ആയിരത്തിൽപ്പരം ആളുകൾ താമസിക്കുന്ന ഇംഗ്ലണ്ടിൽ തൊഴിലിനോടു ആഭിമുഖ്യമുള്ള വിദ്യാഭ്യാസം ഏർപ്പെടുത്തിയതു് എങ്ങനെയാണെന്നു പറയണം.

<u>ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ:</u> അതിനെപ്പററി എനിക്കു് അത്രതന്നെ പരിജ്ഞാനമില്ല. തൊഴിലിനോടു ആഭിമുഖ്യമുണ്ടാകണം. അങ്ങനെ ഉണ്ടാകുന്നില്ലെങ്കിൽ രാജ്യം നശിക്കും. ആ തൊഴിൽ ഇന്നതായിരിക്കണമെന്നില്ല. നൂൽനൂൽപ്പോ, ഫാക്ടറി ജോലിയോ, കയർ പിരിയോ എന്തുമാകാം. നമ്മുടെ രാജ്യത്തു് പതിനെട്ടും ഇരുപതും വയസ്സായി വിദ്യാഭ്യാസം കഴിഞ്ഞുവരുന്ന ആൺകുട്ടികളായാലും പെൺകുട്ടികളായാലും കൈകൊണ്ടു് വേലയെടുക്കുന്നതു് അഭിമാനക്ഷതമല്ല എന്നു് വിശ്വസിക്കുന്ന ഒരു വ്യവസ്ഥിതി ഉണ്ടാകണം.

<u>ശ്രീ. പി. ആർ. മാധവൻപിള്ള:</u> തൊഴിലിനോടു് ആഭിമുഖ്യമുണ്ടായാൽ തൊഴിലില്ലായ്മ പരിഹരിക്കപ്പെടുമോ?

<u>ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ:</u> ഞാൻ സാമ്പാറുണ്ടാക്കുന്ന കാര്യം പറയുമ്പോൾ ചമ്മന്തിയുടെ കാര്യം പറയേണ്ട ആവശ്യമുണ്ടോ? തൊഴിലുണ്ടാക്കാൻ നാം വേറെ മാർഗ്ഗങ്ങൾ ആരായണം. തൊഴിലിനോടു് ആഭിമുഖ്യം കാണിക്കുന്ന ജനസഞ്ചയം ഉണ്ടാകണം. അതുണ്ടാകണമെങ്കിൽ ഇന്നത്തെ വിദ്യാഭ്യാസപദ്ധതി പുതുക്കാതെ നിവൃത്തിയില്ല. ഇന്നത്തെ വിദ്യാഭ്യാസപദ്ധതി മാററിയാൽ അതിനു പകരമെടുക്കാൻ ഇന്നു നിലവിലുള്ള സമ്പ്രദായം ബേസിക്ക് സിസ്റ്റമാണ്. ആ ബേസിക്ക് സിസ്റ്റം ഇന്നത്തെ കാലസ്ഥിതിക്ക് അനുസരിച്ചുണ്ടാക്കിയിട്ടുള്ളതാണ്. കാലത്തിൽ വ്യത്യാസമുണ്ടാകയാണെങ്കിൽ അതിനു യോജിച്ച മാററങ്ങൾ വരുത്തുന്നതിൽ വിരോധമില്ല. ഒരു പുതിയ അന്തരീക്ഷം ഇവിടെ വരികയാണെങ്കിൽ അതനുസരിച്ചു് ഇതു സ്വീച്ചു് ആൺ ചെയ്യുന്നതിൽ വിരോധമുണ്ടോ? ഏതായാലും നമ്മുടെ പഴകി ജീർണ്ണിച്ച ഈ സിസ്റ്റം മാററണം,

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

ഇൻഡ്യ വിദേശാധിപത്യത്തിലിരുന്നപ്പോൾ ഗുമസ്തന്മാരെയും, മററു ശമ്പളക്കാരെയും ഉണ്ടാക്കുന്നതിനുവേണ്ടി കൊണ്ടുവന്ന ഒരു വിദ്യാഭ്യാസ സമ്പ്രദായമാണ് ഇന്ന് നിലവിലിരിക്കുന്നതു്. നമ്മുടെ ഇൻജിനീയറന്മാരും, ഡാക്ടർമാരും പ്രാക്ടിക്കൽ സയൻസ് പഠിച്ചിട്ടുള്ള ആളുകളും ഇപ്പോഴും ചുവർ പഞ്ചാംഗത്തിന്റെ താളുകൾ എണ്ണുന്ന ആളുകളായിട്ടിരിക്കയാണ്. മുപ്പതാംതീയതി എന്നു കഴിയും, ഒന്നാംതീയതി എന്നു വരും എന്നാണ് അവർ നോക്കുന്നതു്. ഒരു നൂറോ അഞ്ഞൂറോ രൂപ ശമ്പളം വാങ്ങാൻ എന്താണ് മാർഗ്ഗമെന്ന് നോക്കുന്ന ആളുകളെ മാത്രമെ നമ്മുടെ ടെക്ക്നിക്കൽ കാളേജുകൾക്ക് പുറത്തുവിടാൻ കഴിയുന്നുള്ളു. അതു് ബുക്കിഷ് വിദ്യാഭ്യാസത്തിന്റെ ദൂഷ്യമാണ്. നേരെമറിച്ച് തൊഴിലിനോട്ട് അഭിമുഖ്യമുള്ള വിദ്യാഭ്യാസമായിരുന്നെങ്കിൽ ഈ നില വരികയില്ലായിരുന്നു. കേവലജ്ഞാനം അതുകൊണ്ട് ഇല്ലാതാകുകയില്ല. ലോകത്തിലെ ചരിത്രം നോക്കുകയാണെങ്കിൽ തൊഴിലിൽ ഇരിക്കുന്ന ആളുകൾ തൊഴിലിനോട്ട് ബന്ധപ്പെട്ട കാര്യങ്ങളെപ്പററി ആലോചിക്കയും ഗവേഷണം നടത്തുകയും ചെയ്തതിന്റെ ഫലമായിട്ടാണ് പ്രസിദ്ധപ്പെട്ട കേവലജ്ഞാനങ്ങൾപോലും അവർക്കറിയാൻ കഴിഞ്ഞിട്ടുള്ളതു്. ഇൻഡ്യ ഉപരിഗണിതത്തിന്റെ കാര്യത്തിൽ ഒരുകാലത്തു് ലോകത്തിലെ മററു രാജ്യങ്ങളെ അപേക്ഷിച്ച് വളരെ വളരെ ഉയന്ന നിലയിൽ പ്രവത്തിച്ചിരുന്നു.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: കേവലം ചിന്തയുടെ ഫലമായിട്ടാണോ ഇത്രയും ശ്രേഷ്ഠതകൾ ഉപരിഗണിതത്തിനുണ്ടായതു്? അതോ അതിന്റെ ആവശ്യം ഉണ്ടായതുകൊണ്ടാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഓരോ കൂട്ടരും അവരുടെ പ്രവൃത്തികളിൽ ഏർപ്പെട്ടുകൊണ്ടിരുന്നപ്പോൾ കേവലഗണിതത്തിന്റെ ആവശ്യം നേരിട്ടു. സീറോ കണ്ടുപിടിച്ചതു് ഇൻഡ്യയാണെന്നുള്ളതു് പ്രസിദ്ധമാണ്. അതുപോലെതന്നെ ഒന്ന്, പത്തു്, നൂറ് എന്ന സ്ഥാന ക്രമത്തന് അക്കങ്ങൾ എഴുതുന്ന വിധവും ഇൻഡ്യയുടെ സംഭാവനയാണ്. അതിനുമുമ്പ് റോമിൽ സീസറിന്റെ കാലത്തുപോലും സ്ഥാനക്രമമനുസരിച്ചുള്ള അക്കങ്ങൾ എഴുതിക്കൊണ്ടിരുന്നതു്. വളരെ ലഘുവായി ഇൻഡ്യയുടെ സിസ്റ്റത്തിൽ എഴുതാവുന്ന ഒരു പത്തുകോടിയോ അമ്പതുകോടിയോ റോമൻസിസ്റ്റത്തിൽ എഴുതുകയാണെങ്കിൽ ഒരു ചുമരുമുഴവൻ വേണ്ടിവരും. ഇൻഡ്യയിൽ ജോത്സ്യവൃത്തിയിൽ ഏർപ്പെട്ടിരുന്ന ആളുകൾ കവടിയെടുത്തു് എണ്ണി വിഷമം തോന്നിയപ്പോൾ പത്തെണ്ണമുള്ളതെടുത്തു വേറെ ഇട്ടു. അപ്പോൾ പത്തിനുമുകളിൽ എണ്ണംതെതന്നെ ഒന്നും എട്ടും എഴുതിയാൽ പതിനെട്ടാകുമെന്ന് അവർക്കു സ്ഥാപിക്കാൻ കഴിഞ്ഞു. അതുമാതിരി തന്നെ പുതിയ യൂറോപ്യൻ പണ്ഡിതന്മാർ മാത്തമാററിക്സിലും സയൻസിലും "i = root of minus one" എന്നു പറയുന്ന ഒന്നിന്റെ സ്ക്വയർ റൂട്ട് ഒരു പ്രസിദ്ധ ജോത്സ്യനായ ഭാസ്കരാചാര്യർ പറഞ്ഞിട്ടുണ്ട്.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: അപ്പോൾ സാഹചര്യം വേണമെന്ന് ബഹുമാനപ്പെട്ട മെമ്പർ സമ്മതിക്കുന്നു.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സമ്മതിക്കുന്നു. ഞാൻ പറയുന്നതു് മദ്ധ്യകാലശതകങ്ങൾക്ക് പുസ്തകങ്ങളോട്ട് പ്രതിപത്തി

വലുതായിട്ടില്ലായിരുന്നു എന്നാണു്. പത്താംനൂററാണ്ടുമുതൽ ഇൻഡ്യയ്ക്കു് അധഃപതനമാണുണ്ടായതു്. അന്നുമുതൽ ഇൻഡ്യയിലെ പണ്ഡിതന്മാർ ജീവിതത്തോടു് ബന്ധപ്പെട്ട വിജ്ഞാനങ്ങൾ ശേഖരിക്കുന്നതിനുപകരം പുസ്തകങ്ങൾക്കു് ടീകകൾ എഴുതുന്നതിനും, ടീകകൾക്കു് ടിപ്പണി എഴുതുന്നതിലും, ടിപ്പണിക്കു് ഭാഷ്യം എഴുതുന്നതിലും വ്യാപരിച്ചുകൊണ്ടിരുന്നു. അതു് അവസാനിക്കണമെങ്കിൽ പുസ്തകത്തിൽനിന്നുള്ള വിദ്യാഭ്യാസം അവസാനിപ്പിച്ചു് ജീവിതത്തോടു് ബന്ധപ്പെട്ട വിദ്യാഭ്യാസം സ്വീകരിക്കേണ്ടിയിരിക്കുന്നു. അങ്ങനെ പുസ്തകത്തിൽനിന്നും കിട്ടുന്ന കേവലജ്ഞാനമല്ല, ജീവിതത്തിന്റെ എല്ലാ ഭാഗങ്ങളും സ്വീകരിക്കുന്ന അറിവുകളും പ്രയാസങ്ങളുമാണു് വിദ്യാഭ്യാസത്തിനു് വഴിതെളിക്കുന്നതു്. അതൊരിക്കലും ഈ രാജ്യത്തു് ഉയർന്ന വിദ്യാഭ്യാസം ഇല്ലാതാക്കയില്ല. ചിലർ വിചാരിക്കുന്നതുപോലെ ഈ പദ്ധതി ഇൻഡ്യയിലെ ജനങ്ങളെ പ്രാകൃതാവസ്ഥയിലേയ്ക്കു് പിൻവലിക്കുന്നതല്ല. നേരെമറിച്ചു് ഇൻഡ്യയിലെ ജനങ്ങൾ നൂററാണ്ടുകളായി ആണ്ടുകിടന്നിരുന്ന അനിശ്ചിതത്വത്തിൽനിന്നു് ഉയർത്തുന്നതിനും അതു നിരുപാധികമായി പാലിക്കുന്നതിനും സന്ദർഭം നൽകുന്ന ഒരു സമ്പ്രദായമാണിതു്. ഇങ്ങനെ മുമ്പോട്ടു പോയി പിന്നീടു് ഏതുവിധത്തിലെങ്കിലും വികസിപ്പിച്ചു് ഈ രാജ്യം നന്നാക്കുന്നതിനു് വിരോധമില്ല. അതിനുള്ള ഒരു കാല്വെയ്പാണു് മുഖ്യമന്ത്രി ഈ രാജ്യത്തു് ബേസിക്കു് എഡ്യൂക്കേഷൻ തുടങ്ങണമെന്നു പറയുന്നതിൽ കാണുന്നതു്.

ചേർപ്പിൽ നാലുകൊല്ലംമുമ്പു് ഒരു ബേസിക്കു് എഡ്യൂക്കേഷൻ ട്രെയിനിംഗ് സെൻറർ തുടങ്ങി. ചേർപ്പു മെംബർ പറഞ്ഞതുപോലുള്ള ആക്ഷേപം ആ സെൻററിനുള്ളതായി ഞാൻ കണ്ടില്ല. അങ്ങനെ ആക്ഷേപങ്ങളുള്ളപക്ഷം അതു പരിഹരിക്കാവുന്നതാണു്. ഏതായാലും ഇങ്ങനെ ഒരു വ്യത്യാസം ഇവിടത്തെ വിദ്യാഭ്യാസസമ്പ്രദായത്തിൽ വരുത്തുന്ന കാര്യത്തിൽ ഈ നിയമസഭയിലെ എല്ലാ കക്ഷികളും ഗവണ്മെൻറിനു് ആനുകൂല്യം നൽകണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു. പ്രൊഫസ്സർ മുണ്ടശ്ശേരി പറയുകയുണ്ടായി, ഇന്നത്തെ വിദ്യാഭ്യാസസമ്പ്രദായത്തിൽ ക്രിയാത്മകമായ ചില മാററങ്ങൾ വരുത്തണമെന്നു. അതൊക്കെ പറയുകയാണെങ്കിൽ 'tweedle dum, tweedle dee' എന്ന വ്യത്യാസമേയുള്ളൂ. നിസ്സാരങ്ങളായ കാര്യങ്ങളിലേയ്ക്കും വിശദാംശങ്ങളിലേയ്ക്കും കടന്നു് നാം തർക്കിക്കരുതു്. എന്തുവേണമെന്നു തോന്നുന്നുവോ അതനുസരിച്ചു് അതൊക്കെ ചെയ്യാൻ കഴിയും. സെൻട്രൽപ്രോവിൻസിൽ പരീക്ഷിച്ചതു് എല്ലാ രാജ്യങ്ങളിലും വിജയിച്ചുകൊള്ളണമെന്നില്ല. ഇൻഡ്യ ഒരു കോണ്ടിനെൻറാണു്. മററു പ്രദേശങ്ങളിൽ പത്തുപതിനഞ്ചേക്കർ ഭൂമിയിൽ പ്രവർത്തിക്കുന്ന വിദ്യാഭ്യാസം ഇവിടെ നടത്താൻ സാധിക്കയില്ല. ഇവിടെ വേറെ വിധത്തിലുള്ള സാഹചര്യമാണുള്ളതു്. ഈ സാഹചര്യങ്ങൾക്കു് തടസ്സമായ ഒരു പദ്ധതിയും മഹാത്മജി ആവിഷ്കരിച്ചിട്ടില്ല. മഹാത്മജിയുടെ പദ്ധതികൾ സ്ഥാപനങ്ങൾക്കും പ്രദേശങ്ങൾക്കും യോജിച്ചരീതിയിൽ മാററം വരുത്താമെന്നുള്ളതാണു്. ഇതിന്റെ തത്വമാണു് നാം സ്വീകരിക്കേണ്ടതു്. നാം ഈ പഴയ വ്യവസ്ഥയിൽക്കൂടി നമ്മുടെ വിദ്യാർത്ഥികളെ വിദ്യാഭ്യാസം തുടരാൻ അനുവദിക്കുന്നപക്ഷം അവരുടെ എല്ലാവിധത്തിലുള്ള അഭിരുചിയേയും നിഷേധിക്കുകയും ഹനിക്കുകയും ചെയ്യുക മാത്രമല്ല, വിപൽക്കര

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

മായ ഒരു ഭാവിയുണ്ടാക്കിക്കൊടുക്കുന്നതിനും അവരുടെ ജീവിതത്തിൽ ഒരു ഉത്സാഹം ഉണ്ടാക്കുന്നതിനും ഇടയാകും. ലക്ഷക്കണക്കിന് ഇങ്ങനെയുള്ള നമ്മുടെ ആളുകളെ ഉണ്ടാക്കിവിടുന്ന ഈ വിദ്യാഭ്യാസസമ്പ്രദായം മാററി, തൊഴിലിൽ പ്രവർത്തന പരിചയവും തൊഴിലുമായി ബന്ധപ്പെട്ട [illegible]യുംകൊണ്ടുള്ള ഒരു വിദ്യാഭ്യാസനയം നമുക്കാവശ്യമാണ് എന്ന് തുടർച്ചയായി അനേകം പണ്ഡിതന്മാരുമായി ആലോചിച്ച് ഉണ്ടാക്കിയിട്ടുള്ള ഒരു വിദ്യാഭ്യാസപദ്ധതി നാം സ്വീകരിക്കണമോ എന്നുള്ള പ്രശ്നം തീരുമാനിക്കേണ്ടതാണ്. ഇതു പരിപൂർണ്ണമാണെന്നു ഞാൻ പറയുന്നില്ല. എന്തെന്നാൽ അതു ഞാൻ പഠിച്ചിട്ടില്ല. ഇതു പരിപൂർണ്ണമാണ്, ഇതുകൊണ്ട് നാം ഉദ്ദേശിച്ച കാര്യങ്ങൾ സാധിക്കുമെന്നു മുഖ്യമന്ത്രിയും പറഞ്ഞിട്ടില്ല. നമുക്ക് ഇന്നത്തെ വിദ്യാഭ്യാസസമ്പ്രദായത്തിൽ ഒരു വ്യത്യാസം വരുത്തുക. അത്രയും തൊഴിലുമായി ബന്ധപ്പെടുത്തുകയും വ്യത്യാസം വരുത്തുകയും ചെയ്യുന്നതിന് ഈ പദ്ധതി സ്വീകരിക്കുക. ഈ പ്രമേയം ഈ നിയമസഭ പാസ്സാക്കിയതിനുശേഷം ഇതിന്റെ പ്രവർത്തനം കാര്യക്ഷമമായി നടത്തുന്നതിനെ സംബന്ധിച്ച് ഒന്നു പറയാനുണ്ട്. അതെന്താണെന്നുവച്ചാൽ ഈ വിദ്യാഭ്യാസം കാര്യക്ഷമമായി നടത്തുന്നതിനുള്ള ചുമതല ഈ സമ്പ്രദായത്തിൽ പരിപൂർണ്ണമായി വിശ്വാസമുള്ള ഏതെങ്കിലും ഒരു ഉദ്യോഗസ്ഥനെ ഏല്പിക്കണമെന്നാണ്. അതല്ലാതെ ഈ വലിയ കപ്പൽപോലെ കിടക്കുന്ന വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിൻെറ ഏതെങ്കിലും മുറിയിലിരിക്കുന്ന ഒരു ഉദ്യോഗസ്ഥനെ ഇതിന്റെ ചുമതല ഏല്പിക്കരുത്. മാത്രമല്ല, വിദ്യാഭ്യാസമന്ത്രിയുമായി നേരിട്ട് എഴുത്തുകുത്തുകൾ നടത്തുന്നതിനും വിദ്യാഭ്യാസമന്ത്രിയുടെ നേരിട്ടുള്ള നിയന്ത്രണത്തിലും ഈ ചുമതല നിർവ്വഹിക്കുന്നതിന് ഒരു ഉയർന്ന അധികാരമുള്ള ഉദ്യോഗസ്ഥനെ ഇതേല്പിച്ചാൽ നന്നായിരിക്കും. അല്ലാത്തപക്ഷം ഈ വിദ്യാഭ്യാസസമ്പ്രദായവുമായി പരിചയമില്ലാത്തവർ, അതിനോട് വൈമുഖ്യമുള്ള ചിലർ, അതിനെ ഞെക്കിക്കൊന്നു എന്നുവരും.

സർ, ഇന്ന് ഈ വിദ്യാഭ്യാസകാര്യത്തെപ്പററി പഠിച്ചിട്ടുള്ള ആളുകൾ—പ്രൊഫസ്സർ മുണ്ടശ്ശേരി ശാസ്ത്രീയമായി പഠിച്ച ആളാണ്—ആക്ഷേപങ്ങൾ പറയുന്നുണ്ട്. ഇതു വാർദ്ധായിൽനിന്നും കൊണ്ടുവന്നതാണെന്നും ഇവിടെ ഇതു പററിയതല്ലെന്നും മററും പറയുകയുണ്ടായി. ഇങ്ങനെയുള്ളവരുടെ അടുക്കൽ ഈ കുഞ്ഞിനെ ഏല്പിച്ചാൽ ആ കുഞ്ഞിനെ അവർ ഞെക്കിക്കൊല്ലാനിടയുണ്ട്. അവർ പറയുന്നതു ഇതൊരു പരാജയമായി തീരുകയേ ഉള്ളു എന്നാണ്. അതുകൊണ്ട് ഒരു എട്ടോ പത്തോ കൊല്ലക്കാലം എല്ലാവിധത്തിലുമുള്ള ഏർപ്പാടുകളും ചെയ്തു ഇതിനെ മുമ്പോട്ടുകൊണ്ടുപോകണമെന്നും ഈ രാജ്യം അതിനു സ്വന്തമായ അടിസ്ഥാനത്തിലും വിശ്വാസത്തോടുംകൂടി പ്രവർത്തിക്കണമെന്നും അറിയിച്ചുകൊണ്ട് ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

Mr. Speaker: The time is up. The Chief Minister can conclude. I cannot allow others to participate in the discussion now.

Shri Chengarappalli P. Narayanan Potti: Sir, I request that the time allotted may be extended by one more hour after lunch.

Shri A. Thanu Pillai : I do not object to it.

Mr. Speaker : All right, you can have one hour more after lunch.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി : സർ, ഈ സഭയിലെ എല്ലാ ഭാഗങ്ങളിലുമുള്ള അംഗങ്ങൾക്കു് ഇന്നത്തെ വിദ്യാഭ്യാസരീതി പോകണമെന്നും പുതിയ ഒരു അടിസ്ഥാനത്തിൽ അതിനു് ഒരു നവീകരണം ഏർപ്പെടുത്തണമെന്നും ഉറപ്പിച്ചു പറഞ്ഞിട്ടുള്ളതായി കാണുന്നതു് വളരെ സന്തോഷാവഹമാണു്. ഇന്നത്തെ വിദ്യാഭ്യാസപദ്ധതി കൊണ്ടു വല്ല പ്രയോജനവുമുണ്ടോ ? അതനുസരിച്ചു പഠിക്കുന്നവക്കും രാഷ്ട്രത്തിനും യാതൊരു പ്രയോജനവുമില്ലാതെയാണു് വന്നിരിക്കുന്നതു്. ആ വകുപ്പിനേയും ആ പ്രസ്ഥാനത്തേയും ഇന്നിവിടെ കൈകാര്യം ചെയ്തു വരുന്ന രീതികൊണ്ടുതന്നെ നമ്മുടെ ജീവിതത്തിൽ ഇതുകൊണ്ടു് എന്തെങ്കിലും പ്രയോജനമുണ്ടാകണമെന്നു് ഭരണാധികാരികൾക്കു് ഒരു ഉദ്ദേശവുമില്ലെന്നാണു് ഒരാൾക്കു് കാണാൻ കഴിയുക. കുട്ടികൾ നാലും അഞ്ചും വയസ്സാകുമ്പോൾ അവരുടെ അച്ഛന്മാരും അപ്പൂപ്പന്മാരും പോയ അതേ വഴിത്താരകളിലൂടെതന്നെ സ്കൂളിൽ പ്രവേശിച്ചു് ദിവസങ്ങൾ കഴിച്ചുകൂട്ടുകയല്ലാതെ ആ കുട്ടിക്കു് ജീവിക്കാനുള്ള എന്തെങ്കിലും സാഹചര്യങ്ങൾ സൃഷ്ടിക്കണമെന്നു് ആക്കും ആഗ്രഹമില്ലാത്തതുപോലെ തോന്നുന്നു. ഒരു വിദ്യാർത്ഥി പഠനം അവസാനിപ്പിച്ചതിനുശേഷം അവന്റെ അഭിരുചിക്കനുസരണമായും സമൂഹത്തിനു് പ്രയോജനകരമായും ഉള്ള ഏതെങ്കിലും നിശ്ചിത തൊഴിലിൽ അവനെ പ്രവേശിപ്പിക്കണമെന്നു് രക്ഷാകർത്താക്കന്മാക്കു് നേരത്തെ ആസൂത്രണം ചെയ്യാൻ കഴിയാത്ത ഒന്നാണു് ഇന്നത്തെ അദ്ധ്യയനരീതി. നമുക്കറിയാം കെമിസ്ട്രിയും, ബോട്ടണിയുമെല്ലാം എടുത്തു കാളേജുകളിൽ പഠിച്ചു് ബി. എസ്സ്. സി. യും മററും പാസ്സായി പുറത്തു വന്നതിനുശേഷം ഒരു തൊഴിൽ ലഭിക്കുന്നതിനുള്ള സാഹചര്യങ്ങൾ ഇല്ലാതെ അവസാനം ലാക്കാളേജിലോ കോവാപ്പറേററീവു് കാളേജിലോ ചെന്നു ചേരും. അതിനുശേഷം ബി. എസ്സ്. സി., ബി. എൽ., (അഡ്വക്കേററ്) എന്നു് ബോർഡും വച്ചിരിക്കും. പ്രബലമായ ശുപാർശയോടെ സാങ്കേതികവിഷയങ്ങളിൽ ഗ്രാഡ്വേററു ചെയ്യുന്നവരാണു് നിരാശ്രയരായി വക്കീൽപ്പണിയിൽ പ്രവേശിക്കാൻ നിർബ്ബന്ധിതരാവുന്നതു്. ഇന്നത്തെ വിദ്യാഭ്യാസസമ്പ്രദായമനുസരിച്ചു് ഈ കുട്ടികൾക്കു് മാനസികമായും കായികമായും തൊഴിൽപരമായും വികസിക്കുന്നതിനുള്ള സാഹചര്യങ്ങൾ ഇല്ലെന്നു് എല്ലാവരും സമ്മതിക്കുന്നു. ഇവിടെ ഒരു നൂററിഅൻപതു വർഷമായി ഒരേ രീതിയിലുള്ള വിദ്യാഭ്യാസസമ്പ്രദായം മാത്രമാണു് നിലനിന്നുവരുന്നതു്. ഇന്നു് ആ വിദ്യാഭ്യാസരീതിക്കു് മൌലികമായ ഒരു പരിഷ്കാരമാണോ ആവശ്യം എന്നു നാം ആലോചിക്കേണ്ടതുണ്ടു്. അങ്ങനെയാണോ ഇന്നത്തെ വിദ്യാഭ്യാസപദ്ധതി നവീകരിക്കേണ്ടതു് ? ഇവിടെ നമ്മുടെ മുമ്പാകെ ഇന്നു കൊണ്ടുവന്നിരിക്കുന്നതു് അതിനൊരു ആൾട്ടർനേററീവായി വാർധാ എഡ്യൂക്കേഷൻ സ്കീമാണു്; അതായതു് ബേസിക് വിദ്യാഭ്യാസപദ്ധതിയാണു്.

പാശ്ചാത്യരാജ്യങ്ങളെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ ചരിത്രപരമായി നോക്കിയാൽ നമുക്കറിയാൻ കഴിയും, ഭരണരീതിക്കു വ്യത്യാസം വരുമ്പോൾ സമൂഹത്തിനും സംഗൃഹ്യമായ ഓരോ പ്രവർത്തനമണ്ഡലത്തിനും മാററം വരുന്നതാണെന്നു്. അപ്പോൾ വിദ്യാഭ്യാസ

[ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി]

രീതിക്കും മററും ഒരു വ്യത്യാസം വരാതെ തരമില്ല. അതിന് അവർ അപ്പോഴപ്പോൾ വേണ്ട വ്യതിയാനങ്ങൾ വരുത്തുന്നുമുണ്ട്. എന്നാൽ നമ്മുടെ നാട്ടിൽ ഭരണരീതിക്കൊരു മാററം വന്നെങ്കിലും വിദ്യാഭ്യാസ സംബന്ധമായി പരിഷ്കാരങ്ങളെന്തെങ്കിലും വരുത്തുന്നതിന് യഥാർത്ഥമായ പരിശ്രമങ്ങൾ ഇതുവരെ നടന്നതായി കാണുന്നില്ല. അൻപതു കൊല്ലത്തിനു മുൻപ് ബി. എ. ക്ലാസ്സിൽ പഠിപ്പിച്ചുവന്നിരുന്ന പാഠങ്ങൾ തന്നെയാണ് ഇന്നും പഠിപ്പിക്കുന്നത്. അൻപതു കൊല്ലമായി ഇൻറർമീഡിയററ ക്ലാസ്സിൽ പഠിപ്പിച്ചുവന്നിരുന്ന പുസ്തകങ്ങൾതന്നെ ഇന്നും പഠിപ്പിക്കുന്നു. ഷേക്സ്പീയറിൻെറ രണ്ടു നാടകങ്ങളും, പ്രോസും, പൊയട്രിയും അവയിൽ ഇന്ന ഇന്ന സെലക്ഷൻസ് വേണമെന്ന നിർബ്ബന്ധം, ഇവയെല്ലാം അഭംഗമായി തുടന്നു വരുന്നു. അങ്ങനെ ആ പഴയ രീതിയിൽതന്നെ വിദ്യാഭ്യാസം പൂർത്തിയാക്കി ഡിഗ്രിയും കൊടുത്തു പുറത്തുവിടുന്നു. എട്ടിൽ പതിഞ്ഞ ആ പഴയ രീതിക്ക് ഇന്നും വ്യത്യാസമൊന്നും വന്നിട്ടില്ല. അന്നത്തെ വള്ളിപുള്ളിവിസർഗ്ഗങ്ങൾ ഇന്നും മാറാതെ തന്നെ ഇരിക്കുന്നു. ഈ രാജ്യത്തെ കുട്ടികളുടെ അഭിരുചിയും ആഗ്രഹവും അഭിവാഞ്ഛയും അനുസരിച്ച് അവർക്കാവശ്യമായ അഭ്യസനരീതി നൽകുവാനും നിയന്ത്രിക്കുവാനുമുള്ള അടിസ്ഥാനത്തിൽ അവരുടെ വാസനയെ വികസിപ്പിക്കുന്നതിനുതകത്തക്ക രീതിയിലുള്ള വിദ്യാഭ്യാസപരിഷ്ക്കരണം ഇവിടെ നടപ്പാക്കാൻ കാര്യമായ ശ്രമമെന്തെങ്കിലും ഇവിടെ നടന്നതായി തോന്നുന്നില്ല.

എങ്ങിനെയെങ്കിലും ഈ രീതി ഒന്നു മാററണമെന്ന് ജനങ്ങൾ നാട്ടിൻെറ നാനാഭാഗങ്ങളിലും മുറവിളികൂട്ടിത്തുടങ്ങിയിട്ടുണ്ട്. ബേസിക്ക് വിദ്യാഭ്യാസപദ്ധതിതന്നെ ഒന്ന് എടുത്തു നോക്കുക. ബേസിക്ക് വിദ്യാഭ്യാസപദ്ധതി ഇവിടെ കൊണ്ടുവരുമ്പോൾ അതെന്താണെന്നുള്ളതിനെപ്പററി പ്രാഥമികമായ ഒരു ബോധമെങ്കിലും ഭരണാധികാരികൾക്കും ഭരണീയർക്കും കാണേണ്ടതല്ലേ? അപൂർവ്വം ചിലർ കണ്ടേയ്ക്കാം വിദഗ്ദ്ധജ്ഞാനമുള്ളവരായി. എന്നാൽ അതിൻെറ വിശദാംശങ്ങളെ സംബന്ധിച്ച് ആർക്കും ഇതുവരെ ഒരു പരിജ്ഞാനവും ലഭിച്ചിട്ടില്ല എന്നുള്ളതു് നിർഭാഗ്യകരമാണ് എന്നു മാത്രമേ എനിക്കിപ്പോൾ പറയാനുള്ളൂ. ഇതിൻെറ വിശദാംശങ്ങളെയും പ്രയോഗരീതികളേയും വിവരിക്കുന്ന സമഗ്രമായ ഒരു Treatise ഈ സഭയിൽ നേരത്തെ അവതരിപ്പിക്കേണ്ടതായിരുന്നു. ഈ നാട്ടിൽ ഇപ്പോൾ ആവശ്യമായിട്ടുള്ളതു് കൈത്തൊഴിലുകൾ, വാസന അനുസരിച്ച് വികസിപ്പിക്കുന്നതിനുള്ള പ്രേരണാശക്തി കുട്ടികൾക്കു കൊടുക്കുകയാണ് എന്നു പൊതുവേ പറയാം. ഈ രീതിയിലുള്ള ഒരു വിദ്യാഭ്യാസപരിഷ്ക്കരണം ആ ലക്ഷ്യത്തെ ലാക്കാക്കിയുള്ള ഒരു സംരംഭം, നാട്ടുകാർക്ക് പ്രയോജനപ്പെടണം എന്നു കരുതി ആസൂത്രണം ചെയ്യപ്പെട്ടിട്ടുള്ളതായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രസംഗത്തിൽനിന്നും മനസ്സിലാക്കാൻ കഴിയുന്നില്ല. കുട്ടികളുടെ വാസനയെ വികസിപ്പിക്കാൻ ഉള്ള ഒരു പരിഷ്ക്കാരമാണ് ഇന്നു നമുക്കാവശ്യം.

ഇയ്യിടെ ഇംഗ്ലണ്ടിലെ രീതി എങ്ങനെയാണെന്നു ചോദിക്കയുണ്ടായി. അതിൻെറ വിശദാംശങ്ങളിലേയ്ക്കു കടന്നു സംസാരിക്കണമെന്ന് ഞാൻ വിചാരിക്കുന്നില്ല. തൊഴിൽ വിദ്യാഭ്യാസപദ്ധതി ഒരു പുതിയ അടിസ്ഥാനത്തിൽ സംഘടിപ്പിക്കാൻ എന്തൊക്കെയാണ് അവിടെ നടപ്പാക്കി

യിട്ടുള്ളതെന്ന് വളരെ ചുരുക്കമായി ... പറയാമെന്ന് ഞാനുദ്ദേശിക്കുന്നു. കംപൽസറി സ്കൂൾ ഗോയിംഗ് ഏജിലുള്ള ബാലികാബാലന്മാർ പതിനഞ്ച് ശതമാനം മുതൽ ഇരുപതു ശതമാനംവരെ പ്രൈമറി വിദ്യാലയങ്ങളിൽ പോകുകയാണ് അവിടെ പതിവ്. അതിനുശേഷം 5 ശതമാനം ...സാങ്കേതിക വിദ്യാലയങ്ങളിൽ തൊഴിൽ പരിശീലനം നേടുകയോ മറ്റ് ...സസ് സ്കൂളുകളിൽ പോയി പഠിക്കുകയോ ചെയ്യുന്നു. ആട്ടമേസ്കൂൾ, ഉദ്യാനനിർമ്മാണം, കൃഷി മുതലായവയിൽ അഭിരുചിക്കനുസരണമായി അദ്ധ്യയനം കൊടുക്കുകയാണു പതിവ്. അവരുടെ വാസന അനുസരിച്ചുള്ള ജോലികളിൽ അവക്ക് പരിശീലനം നൽകുന്നതിന് അവിടത്തെ ഗവണ്മെന്റ് ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്. അമേരിക്കയിൽ അതുപോലെ 'കോംപ്രിഹെൻസീവ് സിസ്റ്റം ഓഫ് എഡ്യുക്കേഷൻ' എന്ന ഒരു പദ്ധതി നടപ്പിലാക്കി അതിനുവേണ്ട കോംപ്രിഹെൻസീവ് സ്കൂളുകളും സ്ഥാപിച്ചിരിക്കുന്നു. ശരിയായ ... പരിശീലനം നൽകുന്ന ഈ പാഠശാലകളിൽ ... സ്വന്തമായ ബ്രാഡ് കാസ്റ്റിംഗ് സ്റ്റേഷൻ ...ണ് അറിവ്. ഈ സംസ്ഥാനത്ത് ഡെമോക്രസിയിലുള്ളത് കൺടിന്യുവേഷൻ സ്കൂളുകൾ എന്നു വിളിക്കപ്പെടുന്ന വിദ്യാലയങ്ങളാണ്. അതും കുട്ടികളുടെ വാസന അനുസരിച്ചു പഠിപ്പിക്കുന്ന ഒരു പദ്ധതിയാണ്.

എന്നാൽ ഇവിടെ ഇന്നു തുടർന്നു വരുന്നത് സ്ത്രീക്കും പുരുഷനും അവരുടെ വാസനയനുസരിച്ചുള്ള തൊഴിൽ പരിശീലിപ്പിക്കുന്നതിനും വികസിപ്പിക്കുന്നതിനുമുള്ള ഒരു പദ്ധതിയല്ലാ എന്നതോ പോകട്ടെ, ഓരോ വ്യക്തിക്കും ഉള്ള ജന്മവാസനയെ പോഷിപ്പിക്കാൻ ഉതകുന്ന ഒരു പരിപാടിയും ഉൾക്കൊള്ളുന്നതല്ല എന്നതു് ശോചനീയമാണ്. ഇതിലേയ്ക്ക് ഒരു നിശ്ചിതരീതിയിലുള്ള പദ്ധതി റഷ്യയിലും ചൈനയിലും എന്നല്ലാ മിക്കവാറും എല്ലാ പാശ്ചാത്യപൗരസ്ത്യരാജ്യങ്ങളിലും ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ആ രാജ്യങ്ങൾ ഒരു ഉറച്ച അടിസ്ഥാനത്തിൽ വിദ്യാഭ്യാസരീതിയെ മുന്നോട്ടുകൊണ്ടുപോകാനുള്ള സംരംഭങ്ങൾ വളരെ വ്യക്തമായി ആസൂത്രണം ചെയ്ത് പുരോഗമിക്കുകയാണ്.

ഇന്നുള്ള വിദ്യാഭ്യാസപദ്ധതി മുഴുവൻ മാററാതെതന്നെ പുതിയ ചില ആശയങ്ങൾകൊണ്ട് അതിന്റെ ചില അംശങ്ങളെ ഒന്നു മിനുക്കുകയാണോവേണ്ടതു്, അതോ പുതിയ രീതിയിലുള്ള ഒരു വിദ്യാഭ്യാസസമ്പ്രദായം ഉടലെടുക്കുകയാണോ വേണ്ടതു് എന്നുള്ള അഭിപ്രായം ഇന്നു പലരുടെയും മനസ്സുകളിലും കാണുന്നുണ്ട്. ആ സംശയം എനിക്കു മുമ്പ് സംസാരിച്ച പ്രൊഫസർ മുണ്ടശ്ശേരിയും പ്രകടമാക്കുകയുണ്ടായി. എന്റെ പാർട്ടിയുടെ വിശ്വാസം വച്ചുകൊണ്ടു പറയാം, ഇവിടെ 150 കൊല്ലമായിട്ടു നടന്നുവന്ന വിദ്യാഭ്യാസസമ്പ്രദായത്തിന്റെ മുക്കിലും മൂലയിലും ചില തേച്ചുമിനുക്കുകൾ ചെയ്ത് ശരിപ്പെടുത്തി അതിനെ ഇന്നത്തെ സാമൂഹ്യാവശ്യങ്ങളെ നിറവേററത്തക്കവണ്ണം പുനഃപ്രസാധനം ചെയ്യാമെന്ന് ഞങ്ങൾ വ്യാമോഹിക്കുന്നില്ല. അതുകൊണ്ട് പ്രയോജനമില്ലാ എന്നു നാം വ്യക്തമായി ധരിക്കണം. ശരിപ്പെടുത്തി എടുക്കാമെന്ന വിശ്വാസവും നശിച്ചു കഴിഞ്ഞു. അതു് ശരിപ്പെടുത്തി എടുത്തു പ്രയോജനമുണ്ടാക്കാൻ ഒക്കുമോ എന്ന പരീക്ഷണം നടത്താനും ആ പരീക്ഷണം സഫലമാകുമെന്നു വിശ്വസിപ്പിക്കാനും ഉള്ള ശ്രമങ്ങൾ നമ്മുടെ പുരോഗതിക്ക് അത്രവളരെ സഹായകമാകുകയില്ലെന്നാണ് ഞങ്ങൾ വിശ്വസിക്കുന്നതു്. നമ്മുടെ കുട്ടി

[ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി]

കളെ സ്കൂളുകളിൽ പഠിപ്പിക്കുന്നതിനു് അയയ്ക്കുന്ന അവസരങ്ങളിൽ ഇന്നു നടപ്പുള്ള സമ്പ്രദായമനുസരിച്ചു് എത്രമാത്രം പുസ്തകങ്ങളാണു് വാങ്ങിക്കേണ്ടതു്. ഇന്നു നാലാം ക്ലാസ്സിൽ പഠിക്കുന്ന ഒരു വിദ്യാർത്ഥിക്കു് ആറും ഏഴും രൂപയുടെ പുസ്തകങ്ങൾ വേണം. ഇന്നു കുട്ടികൾ ... വലിയ ചുമടുകളായി ചുമന്നുകൊണ്ടുപോവുകയാണു്. ഈ പദ്ധതി അനുസരിച്ചു് മൂന്നും നാലും ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കു് എത്രയെത്ര പുസ്തകങ്ങൾ വേണം. കണക്കിനു പുസ്തകം, ഭൂമിശാസ്ത്രത്തിനു് പുസ്തകം, ഗൃഹശാസ്ത്രത്തിനു്, സിവിക്സിനു്, എന്നുവേണ്ട ഏഴും എട്ടും വയസ്സുമാത്രം പ്രായമുള്ള കുട്ടികൾ മാറിച്ചു പാഠ്യപുസ്തകങ്ങളും താങ്ങി, ഒരുമാതിരി ടെക്സ്റ്റ്ബുക്കു് ചുമട്ടു തൊഴിലാളികളായിട്ടാണു് ഇന്നു് ചെറിയ ക്ലാസ്സുകളിൽ പോകുന്നതു്. ആ രീതിയുടെ ചില അംശങ്ങൾ വ്യത്യാസപ്പെടുത്തി, അടിസ്ഥാനവിദ്യാഭ്യാസത്തിന്റെ ചില അംശങ്ങളും അവിടവിടെ തൊട്ടുതേച്ചാൽ, ഇന്നത്തെ വിദ്യാഭ്യാസപദ്ധതി നവീകൃതമായെന്നും, സമൂഹപ്രശ്നങ്ങൾക്കു് പരിഹാരം കണ്ടെത്താനുള്ള ... മെന്നും വ്യാമോഹിക്കുന്നതു് ഒരുമാതിരി മൌഢ്യമാണെന്നുതന്നെയാണു് ഞങ്ങൾ വിശ്വസിക്കുന്നതു്. പത്തു പുസ്തകങ്ങളിൽ അഞ്ചെണ്ണം മാററി പ്രതിന്റെ സ്ഥാനത്തു് അടിസ്ഥാനവിദ്യാഭ്യാസപ്രകാരമുള്ള അഞ്ചു പുസ്തകങ്ങൾ വയ്ക്കുകയോ, അതിന്റെ ഭാഗികമായ ചില പരിപാടികളെപ്പററി ഇളംകുട്ടികളെ പറഞ്ഞു മനസ്സിലാക്കാൻ ശ്രമിക്കുകയോ ചെയ്യുന്നതു് നമ്മെ ഒരിടത്തും കൊണ്ടെത്തിക്കുകയില്ലെന്നു് ഊന്നിപ്പറയേണ്ടതായിട്ടുണ്ടു്.

Mr. Speaker: Order, order. We will now adjourn for lunch and meet again at 2 P. M.

The House rose for lunch at 1 p. m. and re-assembled at 2 p. m. with Mr. Speaker in the Chair.

ശ്രീ. ചെങ്ങാരപ്പിള്ളി പി. നാരായണൻപോററി: സർ, ഇന്നത്തെ വിദ്യാഭ്യാസപദ്ധതിക്കു് സമൂലമായ ഒരു പരിവർത്തനം ആവശ്യമാണെന്നുള്ള അഭിപ്രായത്തോടു ഈ സഭയിലുള്ള എല്ലാ

2 P. M.

അംഗങ്ങളും യോജിക്കുമെന്നുതന്നെയാണു ഞാൻ വിശ്വസിക്കുന്നതു്. ഇന്നത്തെ സാമൂഹ്യജീവിതത്തെ, ബേസിക് എഡ്യൂക്കേഷൻ കൊണ്ടു് സാരമായ പരിവർത്തനം ചെയ്യിക്കാമെന്നുള്ള ആഗ്രഹഗർഭമായ ഒരു ചിന്ത (Wishful thinking) ആണു് മുഖ്യമന്ത്രിയുടെ പ്രമേയത്തിൽ അന്തർഭവിച്ചിട്ടുള്ളതു്. അതിന്റെ വിശദാംശങ്ങൾ വ്യക്തമായും വെളിയിലായി അതിന്റെ ഗുണദോഷങ്ങളെപ്പററിയുള്ള ഒരു സാമാന്യധാരണം ലഭിക്കുന്നതിനുമുമ്പു് അതിനെപ്പററി വിമർശിക്കുന്നതിനോ, വിശദമായി ചർച്ചചെയ്യുന്നതിനോ ഞാൻ ഈയവസരത്തിൽ തുനിയുന്നില്ല. എന്നിരുന്നാലും, ബേസിക് വിദ്യാഭ്യാസം വിദ്യാർത്ഥികളെ തൊഴിൽപരമായ ഉപജീവനമാർഗ്ഗങ്ങൾകൂടി പരിശീലിപ്പിക്കുന്ന ഒരു സംപ്രദായമായിരിക്കുമെന്നുള്ള വിശ്വാസമുള്ളതുകൊണ്ടു് എല്ലാ അംഗങ്ങളും ഈ പ്രമേയത്തോടു യോജിക്കുമെന്നു് ഞാൻ പ്രതീക്ഷിക്കുന്നു. മനുഷ്യസമൂഹത്തിനു് യാതൊരു പ്രയോജനവുമില്ലാത്തതായ ഇപ്പോഴത്തെ വിദ്യാഭ്യാസസംപ്രദായം മാററണമെന്നുള്ള കാര്യത്തിൽ ഈ സഭയ്ക്കു അകത്തും പുറത്തും അഭിപ്രായവ്യത്യാസങ്ങൾ ഒന്നുംതന്നെ ഇന്നില്ല. എന്നാൽ, അതുസംബന്ധിച്ചു്

എന്റെ ബഹുമാന്യസ്നേഹിതൻ ശ്രീ മുണ്ടശ്ശേരി ഉന്നയിച്ച വാദമുഖങ്ങളിൽ ചിലതിനെസംബന്ധിച്ചു ഒന്നു സൂചിപ്പിച്ചുകൊള്ളട്ടെ.

സർ, വർത്തമാനകാലത്തിന് അമിതമായ പ്രാധാന്യം കൊടുത്തു ഭാവികാലത്തെ തീരെ അവഗണിച്ചുകൊണ്ടുള്ള ഒരു വിദ്യാഭ്യാസപദ്ധതിയാണ് ഇതെന്നു അദ്ദേഹം അഭിപ്രായപ്പെടുകയുണ്ടായി. അതു് പരിശോധനാർഹമായ ഒരു അഭിപ്രായപ്രകടനമാണ്. എന്റെ അഭിപ്രായത്തിൽ, വർത്തമാനകാലം എന്ന ഒരു നിശ്ചലമായ കാലമുണ്ടോ എന്നു ഞാൻ സംശയിക്കുന്നു. കാലമെന്നു പറയുന്നതു് ചലനാത്മകങ്ങളാണ്. ഭാവിയെന്നു പറയുന്ന ഒരു പ്രത്യേകകാലവും, ഭൂതം എന്ന മറ്റൊരുകാലവും, അതിനു രണ്ടിനുംമദ്ധ്യേ ത്രിശങ്കുസ്വർഗ്ഗത്തെപ്പോലെ ഒരു വർത്തമാനകാലവും ഉണ്ടെന്നു വ്യവച്ഛേദിക്കുക വളരെ പ്രയാസമാണ്. അതായതു് നിശ്ചലമായ ഒരവസ്ഥ ഈ കാലങ്ങൾക്കു ഇല്ല. അത്രത്തോളംകാലം ഈ വിധത്തിലുള്ള കാലപരിഗണനകൾ അശാസ്ത്രീയമാകാനെ തരമുള്ളു. ബേസിക് വിദ്യാഭ്യാസത്തെ സംബന്ധിച്ചടത്തോളം പറയുകയാണെങ്കിൽ, ശരിയായ ഒരു വീക്ഷണകോണത്തിൽക്കൂടി വിദഗ്ദ്ധന്മാർ ആത്മാർത്ഥമായി പരീക്ഷിച്ചുനോക്കിയിട്ടു്, ഏതുവിധത്തിൽ ആ പദ്ധതിയെ മാനവസമുദായത്തിന്റെ പുരോഗതിക്കു് സഹായകമാകുംവിധം വികസിപ്പിക്കാമെന്നു് തീരുമാനിക്കുന്നതിനു് കാലങ്ങളുടെ പരിഗണനയൊന്നും ആവശ്യമില്ല. വർത്തമാനകാലപരിതസ്ഥിതിക്കു് അനുഗുണമായ പദ്ധതികൾ ഭാവിസമൂഹത്തിന്റെ ആവശ്യങ്ങളനുസരിച്ചു് ക്രമീകരിക്കുക അസാദ്ധ്യമോ അപ്രായോഗികമൊ ആണെന്നു്, സർ, ഞങ്ങൾ വിശ്വസിക്കുന്നില്ല. സമൂഹത്തിനു് ഏറ്റവും കൂടുതൽ ആവശ്യമുള്ളതും, ഏറ്റവും കൂടുതൽ ഉപകരിക്കുന്നതുമായ പദ്ധതിയാണ് നാം സ്വീകരിക്കേണ്ടതും അനുകരിക്കേണ്ടതും. അങ്ങനെ നോക്കിയാൽ ഭാവിൽ വരുന്ന സോഷ്യലിസ്റ്റ്സമൂഹവ്യവസ്ഥിതിക്കു് ഇതു് അനുഗുണമായിരിക്കുകയില്ല എന്ന വാദത്തിന്റെ വക്കാൽത്തുമ്പു് അവലംബിച്ചുകൊണ്ടു്, ഒരു പി. എസ്. പി. സർക്കാർ അവതരിപ്പിച്ചു എന്ന ഒറ്റക്കാരണത്താൽ, ഇതിനെ നിരാകരിക്കാൻ നടത്തുന്ന ശ്രമങ്ങൾ ആശാസ്യമാണെന്നു് ഞങ്ങൾക്കു് തോന്നുന്നില്ല.

മറ്റൊന്നു അദ്ദേഹം ചൂണ്ടിക്കാണിച്ചതു്, ഏതെങ്കിലും ഒരു തൊഴിലിലൊ, അല്ലെങ്കിൽ ഒരു പ്രത്യേക ആക്റ്റിവിറ്റിയിലൊ വ്യാപൃതനായിരിക്കുന്ന ഒരാളിന്റെ വളർച്ച അഥവാ വികാസം വളരെ പരിമിതമായി മുരടിച്ചുപോകുമെന്നാണ്. സാങ്കേതികമായ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന ആളുകൾ, അതായതു് മരപ്പണി, പാത്രനിർമ്മാണം, തുടങ്ങിയ പണികളിൽ ഏർപ്പെട്ടിരിക്കുന്ന ആളുകൾ അവരവർ ഏർപ്പെട്ടിരിക്കുന്ന തൊഴിലുകളിൽമാത്രം ബുദ്ധിയും ശ്രദ്ധയും വ്യാപരിപ്പിക്കുന്നതുകൊണ്ടു് അവരുടെ മാനസികമായ വളർച്ച മുരടിച്ചുപോകുന്നുവെന്നു ഇവിടെ വാദിക്കപ്പെട്ടിരിക്കുന്നു. സർ, ഞാൻ ആ അഭിപ്രായത്തോടു യോജിക്കുന്നില്ല. ഏതു തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ആളായാലും, ജന്മനാതന്നെ അയാൾക്കു മറ്റേതെങ്കിലും കലയിൽ വാസനയുണ്ടായിരുന്നാൽ, തീർച്ചയായിട്ടും അയാൾക്കു് മാനസികമായ വളർച്ചയുണ്ടാകുമെന്നു തന്നെയാണു എനിക്കു് തോന്നുന്നതു്. അതിനു് പല ഉദാഹരണങ്ങളും പറയാൻ സാധിക്കും. ജന്മവാസനയാലുണ്ടാകുന്ന മാനസികവളർച്ചയെ തടയാൻ ലോകത്തു് ഒരു ശക്തിക്കും സാദ്ധ്യമല്ല. നമ്മുടെ ഇന്നത്തെ ജീവിതരീതി ഒരു മുതലാ

[ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി]

ളിത്ത വ്യവസ്ഥിതിയിൽക്കൂടിയാണു്; സമ്മതിച്ചു. മുതലാളിവ്യവസ്ഥിതിയെന്നു പറയുമ്പോൾ, മുതലാളിത്തത്തിൽപ്പെട്ടവർ എല്ലാവരും മറെറാരു സമൂഹഘടനയെ ഭയപ്പെടുന്നവരാണെന്നു് പറയുന്നതു് പരമാർത്ഥമാണു്. പക്ഷേ, മുതലാളിത്തവ്യവസ്ഥിതിയാണു് ഇന്നു നിലനില്ക്കുന്നതു് എന്ന ഒരൊററക്കാരണത്താൽ മാത്രം, ഒരു വ്യവസ്ഥിതിക്കും പററാത്ത ഇന്നത്തെ വിദ്യാഭ്യാസം ആക്ററിവിററികളിലും ക്രാഫ്ററുകളിലുംകൂടി വൈദഗ്ദ്ധ്യം പ്രദാനംചെയ്യത്തക്കവണ്ണം ഭേദഗതി ചെയ്യപ്പെടേണ്ടതാണെന്നു് വാദിക്കുന്നതു് തെററാണെന്നോ അശാസ്ത്രീയമാണെന്നോ എങ്ങനെയാണു് പറയാൻ കഴിയുക? മുതലാളിത്തം അസ്തമിച്ചു് സോഷ്യലിസം ഉദയം ചെയ്യുന്നതുവരെ ഇന്നത്തെ സംപ്രദായം വ്യത്യാസപ്പെടുത്തേണ്ടെന്നാണോ എൻെറ സ്നേഹിതന്മാർ ശാഠ്യംപിടിക്കുന്നതു്? ഏതെങ്കിലും ഒരു പ്രത്യേകതരത്തിലുള്ള പ്രവൃത്തിയിൽ വിദഗ്ദ്ധനാക്കുന്ന ഒരു സംപ്രദായമാണു് നമുക്കാവശ്യം. ഓരോ പ്രവർത്തിയിലും പ്രത്യേകം പ്രത്യേകം വൈദഗ്ദ്ധ്യം സിദ്ധിച്ചിട്ടുള്ള ആളുകളെ വേണം ആവശ്യത്തോളം പരിശീലനം നടത്തി പുറത്തിറക്കിവിടേണ്ടതു്. മുതലാളിത്തസമൂഹഘടനയിൽ അതിനു് വേണ്ട ഉദ്യമങ്ങൾ ചെയ്യരുതെന്നു് വാദിക്കുന്നതു് ബാലിശമാണു്. ഇന്നത്തെപ്പോലെ കുറെ കണക്കും, ഭൂമിശാസ്ത്രവും മററും പഠിച്ചു് പഴയ നാട്ടുവാഴികളുടെ പടയോട്ടവൃത്താന്തങ്ങൾ മനഃപാഠമാക്കി, പരീക്ഷയിൽ ചേർന്നു കണ്ടെഴുതിയോ, എക്സാമിനേഴ്സിൻെറ കൃപകൊണ്ടോ ഒരു ബിരുദവുംനേടി സോഷ്യലിസത്തിൻെറ സൂര്യോദയവും കൊതിച്ചുകൊണ്ടു കഴിഞ്ഞുകൂടാൻ നമ്മുടെ വിദ്യാർത്ഥിലോകത്തെ ഇനിയും അനുവദിക്കുന്നതു് മഹാപാതകമാണു്. ഇപ്പോൾ നടപ്പാക്കാനുദ്ദേശിക്കുന്ന ബേസിക് വിദ്യാഭ്യാസംകൊണ്ടു ദാരിദ്ര്യത്തിൽനിന്നും ദുരിതങ്ങളിൽനിന്നും രക്ഷനേടുന്നതിനുള്ള മാർഗ്ഗങ്ങൾ ഉണ്ടോ എന്നു ഒന്നു് പരീക്ഷിച്ചു് നോക്കേണ്ടതാണെന്നാണെൻെറ അഭിപ്രായം.

സർ, മറെറാരുകാര്യം; വിദ്യാഭ്യാസത്തെസംബന്ധിച്ചു് ആരെങ്കിലും വല്ലതും പറഞ്ഞുപോയാൽ ഉടൻ 'മെക്കാളെയുടെ കാര്യം പൊക്കിപ്പിടിക്കുംവണ്ടു്. മരിച്ചു മൺമറഞ്ഞ മെക്കാളെ പ്രഭുവാണു് ഇന്നത്തെ വിദ്യാഭ്യാസരീതി ഇങ്ങനെയായതിൻെറ ഉത്തരവാദിയെന്നു് പറയുന്നതിലെന്തർത്ഥമാണു്? സർ, നൂറു നൂററിരുപതു വർഷങ്ങൾക്കുമുൻപു് മെക്കാളെയുടെ പദ്ധതി ആവശ്യമായിരുന്നു. മെക്കാളെയുടേയും മെക്കാളെ പ്രതിനിധാനം ചെയ്ത താല്പര്യങ്ങളുടെയും സംരക്ഷണത്തിനു് ആ രീതിയിൽ അതു നടപ്പിലാക്കേണ്ടിവന്നതാണു്. അന്നത്തെ സമൂഹത്തിൻെറ നിലപാടിനെ ആസ്പദമാക്കിയായിരുന്നു ആ വിദ്യാഭ്യാസപദ്ധതി മെക്കാളെ അന്നു് ആസൂത്രണം ചെയ്തതു്. അന്നു് സമൂഹത്തിനു് ഈ പദ്ധതി വളരെ ആവശ്യമായിരുന്നുവെന്നുള്ള കാര്യം ആരാണു് സമ്മതിക്കാത്തതു്? മെക്കാളെയുടെ വിദ്യാഭ്യാസപദ്ധതിയെ ആക്ഷേപിക്കുകയും അപലപിക്കുകയും ചെയ്യാത്ത ഒരു വിദഗ്ദ്ധനും ഇന്നില്ല. അന്നു് ഏററവും പ്രധാനപ്പെട്ട സാമൂഹ്യപ്രശ്നം ഉദ്യോഗത്തിനു് ആളുകളെ സൃഷ്ടിക്കുകയായിരുന്നു എന്ന ചരിത്രസത്യം മനസ്സിലാക്കിയാൽ, ഒരു നൂററാണ്ടിനു് മുമ്പു് ബ്രിട്ടീഷ്സാമ്രാജ്യാധിപന്മാർ ആസൂത്രണംചെയ്ത ഏററവും സമർത്ഥമായ വൊക്കേഷണൽ ട്രെയിനിംഗുതന്നെയാണു് മെക്കാളെ സൃഷ്ടിച്ചതു്! പക്ഷെ, കാലം വളരെ മുൻപോട്ടു പോയിരിക്കുന്നു; ഇന്നുവരെയായിട്ടും ഈ വിദഗ്ദ്ധന്മാർ

എന്താണ് അതിന്റെ ഒരറ്റമെങ്കിലും ഒന്നു മാറ്റാൻ ശ്രമിക്കാത്തത്? ഇൻഡ്യാചരിത്രത്തിൽ പല പരിവർത്തനങ്ങളും ഉണ്ടായതിന്റെ ഫലമായിട്ട് മനുഷ്യസമുദായം പല വിഷമഘട്ടങ്ങളും തരണം ചെയ്യേണ്ടി വന്നിട്ടുണ്ട്. പല പ്രശ്നങ്ങളും നേരിടേണ്ടിവന്നിട്ടുണ്ട്. അപ്പോഴൊക്കെയും മെക്കാളെ ഗുമസ്തന്മാരെ സൃഷ്ടിക്കാനുണ്ടാക്കിയ ദുഷിച്ച പദ്ധതിയെന്ന് കുറ്റപ്പെടുത്തിക്കൊണ്ടിരുന്ന ധുരന്ധരന്മാരെയല്ലാതെ, അതിനെ കാലത്തിനനുയോജ്യമായി ഉടച്ചുവാർക്കാൻ ശ്രമിച്ച ആരെയും നാം കാണുന്നില്ല. അന്നത്തെ രീതിക്ക് മെക്കാളെയുടെ വിദ്യാഭ്യാസരീതി വളരെ യോജിച്ചിരുന്നുവെന്നുള്ളതിന് ആർക്കാണ് സംശയം. കാലത്തിനൊത്തവണ്ണം വിദ്യാഭ്യാസസമ്പ്രദായത്തെ പരിഷ്കരിക്കേണ്ടതാണ്. ഓരോകാലത്ത് സമൂഹത്തിലുണ്ടാകുന്ന പ്രശ്നങ്ങളെ നേരിടത്തക്കവണ്ണം വിദ്യാഭ്യാസസമ്പ്രദായത്തെ ആസൂത്രണം ചെയ്യാത്തതുകൊണ്ടാണ് ഇന്ന് ഇതു ഇത്രവലിയ ഒരു പ്രശ്നമായിത്തീർന്നിരിക്കുന്നത്.

സർ, 1948-ൽ Diversified system of education എന്ന ഒരു പദ്ധതി മദ്രാസിൽ പരീക്ഷണാർത്ഥം നടപ്പിലാക്കി. അതേപ്പറ്റി ഞങ്ങൾ ധാരാളം കേട്ടിട്ടുണ്ട്. ആ പദ്ധതിക്കുശേഷം, രാജഗോപാലാചാരി ഒരു പുതിയ പദ്ധതി ആവിഷ്കരിച്ചു—രാജാജി പദ്ധതി. പക്ഷെ, ഈ പദ്ധതികൾ നാട്ടുകാർക്ക് ഗുണപ്രദമാകണമെന്നുള്ള ആത്മാർത്ഥതയോടുകൂടി പ്രയോഗിച്ചിരുന്നെങ്കിൽ നാട്ടുകാർ അതിന് പിൻതുണ നൽകുമായിരുന്നു. ആത്മാർത്ഥതയില്ലാത്ത അടിസ്ഥാനത്തിലാണ് സാധാരണയായിട്ട് ഈ പദ്ധതികളൊക്കെ നടപ്പിലാക്കുന്നത്. അതുകൊണ്ട് മിക്കവാറും ഇവയെല്ലാം പരാജയമടയുകയാണു ചെയ്യുന്നത്. ആ പദ്ധതികളെല്ലാം ഇന്നെവിടെ? നാട്ടുകാരുടെ പ്രശ്നങ്ങൾ പരിഹരിക്കണമെന്നുള്ള ഉദ്ദേശമായിരുന്നോ, ഒരു പദ്ധതി സൃഷ്ടിച്ച് വിദഗ്ദ്ധന്റെ ബഹുമതി നേടണമെന്നുള്ള കൊതിയായിരുന്നോ ഇവയുടെ പിന്നിലുണ്ടായിരുന്നത് എന്നതിനെപ്പറ്റി ഞങ്ങൾക്ക് സംശയമുണ്ട്. എന്നാൽ നമ്മുടെ ബേസിക് വിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ സമൂഹത്തിന് ഏതുമാറ്റമാണ് നല്ലതെന്നുള്ളതു തിരഞ്ഞെടുത്ത് ആ മാറ്റങ്ങളിൽകൂടി ഈ അടിസ്ഥാനവിദ്യാഭ്യാസം കൊണ്ടുപോകേണ്ടതാണ്. മാത്രമല്ല, ജനങ്ങൾക്ക് ഇതുകൊണ്ടു ഗുണമുണ്ടാകുമെന്നുള്ള വിശ്വാസവും ഉണ്ടാകണം. ബേസിക് വിദ്യാഭ്യാസപദ്ധതി ഞങ്ങളാണ് നടപ്പിലാക്കിയതു് എന്ന മേന്മയ്ക്കു വേണ്ടിയാണെങ്കിൽ ഇത്രവളരെ പാടുപെടേണ്ടതില്ല. ബേസിക് സ്കൂളുകൾ ഉണ്ടാക്കുകയും, അതിലേയ്ക്കുള്ള ഒരു പ്രത്യേക ഡിപ്പാർട്ടുമെന്റുണ്ടാക്കുകയും ചെയ്യുന്നതിൽ വിരോധമില്ല. എന്നാൽ അതുകൊണ്ടു ഗുണമുണ്ടാകണമെന്നുള്ള വിചാരംകൂടി ഉണ്ടായിരിക്കണം. സർ, സെക്കണ്ടറി എഡ്യൂക്കേഷൻ കമ്മീഷൻ റിപ്പോർട്ടിന്റെ ഒരുഭാഗത്ത് വിദ്യാഭ്യാസപരിഷ്കരണത്തെക്കുറിച്ച് പറഞ്ഞിട്ടുള്ള ഒരു വസ്തുതയെക്കുറിച്ചുകൂടി ഞാൻ ഒന്നു സൂചിപ്പിച്ചുകൊള്ളട്ടെ. അതായത്, ഇന്നത്തെ വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റും, വ്യവസായഡിപ്പാർട്ടുമെന്റും തമ്മിൽ ചിലകാര്യങ്ങളിലൊക്കെ യോജിച്ചുപ്രവർത്തിക്കണമെന്നാണ് കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ളതു്. മറ്റൊരുവിധത്തിൽ പറഞ്ഞാൽ രണ്ടു ഡിപ്പാർട്ടുമെന്റുകളുടെയും നിർദ്ദിഷ്ടമായ ചില കർത്തവ്യങ്ങളെ പൊരുത്തപ്പെടുത്തി—Co-ordinate ചെയ്തു—കൊണ്ടുപോയാൽ ഇന്നത്തെ വിദ്യാഭ്യാസം ജനകീയതാല്പര്യങ്ങളെ കൂടുതൽ ഫലക്ഷമമായി സാക്ഷാൽക്കരി

[ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി]

ക്കാൻ സാധിക്കുമെന്ന് അവർ അഭിപ്രായപ്പെടുന്നു. അമേരിക്കയിൽ ഈ പ്രകാരം പരീക്ഷിച്ചുനോക്കിയതിന്റെ ഫലമായിട്ടാണ് കമ്മീഷൻ റിപ്പോർട്ടുചെയ്തിരിക്കുന്നത്. വിദ്യാഭ്യാസവകുപ്പും വ്യവസായവകുപ്പും പരസ്പരം ആലോചിച്ചും സഹകരിച്ചും പ്രവർത്തിക്കുന്നതായാൽ നമ്മുടെ അടിസ്ഥാനവിദ്യാഭ്യാസം നിശ്ചയമായിട്ടും വിജയിക്കാനാണ് വഴികാണുന്നത്. പ്രസംഗപാടവം പ്രദർശിപ്പിക്കാനല്ല, വിദ്യാഭ്യാസവിചക്ഷണന്മാർ ആലോചിച്ചു കൈകാര്യംചെയ്യേണ്ട ഒരു കാര്യത്തിലേക്കാണ് ഈ നിർദ്ദേശം വിരൽചൂണ്ടുന്നത്. ഏതായാലും നമ്മുടെ മുൻപിൽ ഇന്ന് ഏററവും ആശാഗർഭമായും ആശയഗർഭമായും അവതരിപ്പിച്ചിരിക്കുന്ന ഈ പദ്ധതിക്ക്, മറെറാരു ആൾട്ടർനേററിവിന്റെ അഭാവത്തിൽ, നാം മാന്യമായ ഒരു പരീക്ഷണം കൊടുക്കുക. ഇന്നത്തെ രീതിയിൽനിന്നും മോശമായിരിക്കുമെന്ന് ഈ സഭയിലാർക്കും സംശയമില്ലല്ലോ.

ഇന്നത്തെ അദ്ധ്യയനസമ്പ്രദായത്തിൽ അടിസ്ഥാനപരമായ ഒരു പരിവർത്തനം കൈവരുത്താമെന്ന വാഗ്ദാനത്തോടും വിശ്വാസത്തോടും ഇവിടെ അവതരിപ്പിക്കപ്പെട്ടിരിക്കുന്ന ബേസിക് എഡ്യൂക്കേഷൻ സ്കീമിന് ഈ സഭയുടെ എല്ലാ കക്ഷികളിൽനിന്നും ഭാഗങ്ങളിൽനിന്നും ആനുകൂല്യമുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

സർ, ഞാനും എന്റെ കക്ഷിയും ഈ സംരംഭത്തെ പിൻതാങ്ങുന്നു.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ അവതരിപ്പിച്ചിരിക്കുന്ന പ്രമേയത്തെ ഞാൻ ഹാർദ്ദമായി അനുകൂലിക്കുന്നു. ബേസിക്ക് വിദ്യാഭ്യാസംസംബന്ധിച്ച് ഒന്നുരണ്ടുവർഷത്തെ പരിശീലനത്തിൽനിന്നും, മാത്രമല്ല എന്റെ അനുഭവത്തിൽനിന്നും ഏതാനും ചില വസ്തുതകൾ ഗവണ്മെന്റിനെയും ഈ സഭയെയും അറിയിക്കണമെന്നു ഞാനാഗ്രഹിക്കുന്നു.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: ബഹുമാനപ്പെട്ട മെംബർക്ക് എവിടെനിന്നാണു ഈ പരിശീലനം സിദ്ധിച്ചത്?

ശ്രീ. കെ. കെ. ബാലകൃഷ്ണൻ: ബേസിക് വിദ്യാഭ്യാസം സംബന്ധിച്ച് വർദ്ധായിൽ രണ്ടുവർഷം പരിശീലനം നടത്തിയിട്ടുണ്ട്. അതിനുപുറമെ പ്രവർത്തനംമൂലമുള്ള അനുഭവവുമുണ്ട്.

സർ, ഇന്നു നിലവിലിരിക്കുന്ന വിദ്യാഭ്യാസംമൂലം വളരെ അധികം ആളുകൾ യാതൊരു ജോലിയും ഇല്ലാതെ പട്ടണങ്ങളിൽ അലഞ്ഞുതിരിഞ്ഞു നടക്കുന്ന ഒരു കാഴ്ചയാണ് നാം കാണുന്നത്. ആയിരക്കണക്കിന് വിദ്യാർത്ഥികൾ കാളേജുകളിൽ നിന്നും ഹൈസ്കൂളുകളിൽനിന്നും വർഷം തോറും പുറത്തുവരുന്നുണ്ട്. ഇവർക്കെല്ലാപേർക്കും ഏതുതരത്തിലുള്ള ജോലിയാണ് ഗവണ്മെന്റിനെക്കൊണ്ട് കൊടുക്കാൻ സാധിക്കുന്നത്. കാളേജുകളിൽ നിന്നും വരുന്ന വിദ്യാർത്ഥികളിൽ വളരെ ചുരുക്കംപേർക്ക് അതായത് അപൂർവ്വം ചില പണക്കാരുടെ മക്കൾക്കുമാത്രമേ മെഡിക്കൽകാളേജിലോ ഇൻജിനീയറിംഗ് കാളേജിലോ മറേറാ ഉയർന്നവിദ്യാഭ്യാസത്തിനു പോകുവാൻ സാധിക്കുന്നുള്ളു. ബാക്കിയുള്ളവരിൽ ഭൂരിപക്ഷവും കൃഷിക്കാരന്റേയും കൊല്ലന്റേയും അതുപോലെ തൊഴിൽചെയ്തുജീവിക്കുന്ന മററു സാധാരണക്കാരുടെയും മക്കളാണ്, അവർക്ക് അവരുടെ സന്താ

നങ്ങളെ എങ്ങനെ ആണ് പഠിപ്പിക്കുവാൻ സാധിക്കുന്നത് എന്നു നാം ആലോചിക്കണം. പുരയിടങ്ങൾ പണയംവച്ചും വീട്ടിലുള്ള ഓട്ടുപാത്രങ്ങളും ആഭരണങ്ങളും മററും വിററിട്ടാണ് ഇവർ കുട്ടികളെ പഠിപ്പിക്കുന്നത്. അവരുടെ ലക്ഷ്യം എന്തായിരിക്കും?

പത്താംക്ലാസ്സ് എങ്ങനെയെങ്കിലും പാസ്സായാൽ തങ്ങളുടെ മക്കൾക്ക് എന്തെങ്കിലുമൊരു ജോലി കിട്ടുമെന്നും അതിൽ നിന്നു കിട്ടുന്ന വരുമാനം കൊണ്ട് ജീവിക്കാമെന്നുമുള്ള അത്യാശയോടുകൂടി ആണ് ഈ ക്ലേശം സഹിച്ചുകൊണ്ട് അവർ മക്കളെ പഠിപ്പിക്കുന്നത്. എന്നാൽ സ്കൂൾ വിദ്യാഭ്യാസം കഴിഞ്ഞു മടങ്ങിവന്ന ശേഷം യാതൊരു ജോലിയും കിട്ടുന്നില്ല എങ്കിൽ ആ അച്ഛനമ്മമാരുടെ സ്ഥിതി എന്തായിരിക്കും. ഇന്ന് അനേകായിരം മാതാപിതാക്കന്മാർ കണ്ണുനീർ വീഴ്ത്തിക്കൊണ്ടാണ് കഴിയുന്നത്. ജോലികിട്ടുന്നില്ലായെങ്കിൽ ഗവർമെന്റിനെ ആയിരിക്കും അവർ കുററം പറയുന്നത്. ഒരുവർഷം കൊണ്ടോ അല്ലെങ്കിൽ രണ്ടുവർഷം കൊണ്ടോ ഇത്രയധികം പേർക്ക് ജോലി സൃഷ്ടിച്ചുകൊടുക്കുവാൻ ഏതൊരു ഗവർമെന്റിനെക്കൊണ്ടും സാദ്ധ്യമല്ല. ഇവിടത്തെ വിദ്യാസമ്പന്നന്മാർ പോലും വിദ്യാഭ്യാസത്തെ ജീവിതമാർഗ്ഗത്തിനുള്ള ഒരു ഉപാധിയായിട്ടുമാത്രമാണ കാണുന്നതും തങ്ങളുടെ കുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കുന്നതും. വളരെ അപകടം പിടിച്ച ഒരു സ്ഥിതി ആണ് ഇതെന്നു അവരെ ഓർമ്മിപ്പിക്കുവാൻ ഞാനാഗ്രഹിക്കുന്നു. ഇന്നത്തെ വിദ്യാഭ്യാസത്തിനു നിത്യജീവിതവുമായി യാതൊരു ബന്ധവുമില്ലെന്നു ചില സ്നേഹിതന്മാർ ഈ സഭയിൽ പറയുകയുണ്ടായി. അതുകൊണ്ട് വിദ്യാഭ്യാസത്തിനു ഒരു മാററം വരുത്തണമെന്നും പറയുന്നു. എന്നാൽ ഇങ്ങനെ കുററം പറയുന്ന മുണ്ടശ്ശേരിയെപ്പോലെയുള്ള പണ്ഡിതന്മാർക്കാകട്ടെ, വിദഗ്ദ്ധന്മാർക്കാകട്ടെ ഇതിനു പരിഹാരമായി ഏതെങ്കിലും ഒരു പദ്ധതി ആസൂത്രണം ചെയ്യാനോ അതു ഗവർമെന്റിലേക്ക് സമർപ്പിക്കുവാനോ കഴിഞ്ഞിട്ടില്ല. ഇപ്പോൾ പി. എസ്. പി. ഗവർമെന്റ് അടിസ്ഥാനവിദ്യാഭ്യാസം നടപ്പിലാക്കുവാൻ വേണ്ടി ഒരു പ്രമേയം ഇവിടെ അവതരിപ്പിക്കുകയാണ്. നമുക്ക് ഇതിനെ സ്വാഗതം ചെയ്യാം. ഇതു എത്രകണ്ട് പ്രയോജനകരമാകുമെന്ന് നമുക്ക് പ്രവൃത്തിപഥത്തിൽ നിന്നും മനസ്സിലാക്കുവാൻ സാധിക്കും. എന്തെങ്കിലും ഒരു പദ്ധതി ഏതെങ്കിലും ഗവർമെന്റ് നമ്മുടെ മുമ്പിൽ കൊണ്ടുവരുമ്പോൾ അതു നടപ്പിൽ വരുകയില്ലായെന്നും വിജയിക്കുകയില്ലെന്നും പറഞ്ഞു അതിനെ കണ്ണുമടച്ചു വിമർശിക്കുക എന്നുള്ളതു ഇവിടെ ചിലർക്ക് ഒരു പതിവായി തീർന്നിട്ടുണ്ട്. അതു ഈ സഭയിലുള്ള കമ്മ്യൂണിസ്റ്റ് സഖാക്കളാണെന്നു ഞാൻ എടുത്തു പറയേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. അടിസ്ഥാനവിദ്യാഭ്യാസത്തെപ്പററി പറയുമ്പോൾ ചില തത്വങ്ങൾ നാം സ്മരിക്കേണ്ടതായുണ്ട്. താഴെ പറയുന്ന മൂന്നു കാര്യങ്ങൾ പ്രധാനമായി ശ്രദ്ധിക്കേണ്ടതാകുന്നു.

"The fundamentals of Basic Education:—

1. All education to be true must be self-supporting, that is to say, in the end it will pay its expenses excepting the capital which will remain intact.

2. In it the cunning of the hand will be utilised even up to the final stage, that is to say, hands of the pupils will be skilfully working at some industry for some period during the day.

[ശ്രീ. കെ. കെ. ബാലകൃഷ്ണൻ]

3. This education whether it is confined to children, adults, male or female, will find its way to the homes of the peoples",

സർ, ബേസിക്ക് എഡ്യൂക്കേഷൻ എന്നു വച്ചാൽ Education in and through works എന്നാണ് മനസ്സിലാക്കേണ്ടതു്. ജോലിയിൽനിന്നും ജോലി മുഖേന സിദ്ധിക്കുന്ന വിദ്യാഭ്യാസം. വിദ്യ അഭ്യസിക്കുന്ന സമയത്തുതന്നെ ചെയ്യുന്ന ജോലിയിൽനിന്നും പലതും പഠിക്കാൻ സാധിക്കും. മുഖ്യമന്ത്രിയുടെ പ്രസംഗത്തിൽപ്പറഞ്ഞ നൂൽനൂൽപ്പിനെ സംബന്ധിച്ചുതന്നെ എടുക്കുക. നൂൽ ഉണ്ടാക്കിക്കഴിഞ്ഞാൽ എത്ര നൂൽ ഉണ്ടാക്കാൻ കഴിഞ്ഞു എന്നും നൂൽനൂൽക്കുന്നതിൻെറ ഉദ്ദേശവും ഉപയോഗവും എന്താണെന്നും ഈ നൂൽ നൂൽക്കുവാനുള്ള പരുത്തി എവിടെയാണു കൂടുതലായി ഉണ്ടാകുന്നതെന്നും മററുമുള്ള വിവരങ്ങളെ കുട്ടികളെ പറഞ്ഞു മനസ്സിലാക്കുവാനും എളുപ്പത്തിൽ പഠിക്കുവാനും സാധിക്കും. അങ്ങനെ തൊഴിലുകളിൽക്കൂടി കണക്ക്, ഭൂമിശാസ്ത്രം, ചരിത്രം മുതലായ പലതും പഠിപ്പിക്കുവാനും പഠിക്കുവാനും സാധിക്കും, പുസ്തകങ്ങളിൽനിന്നും ഗ്രഹിക്കുന്നതിനേക്കാൾ കൂടുതൽ ജ്ഞാനം ജോലിയിൽ നിന്നും ഗ്രഹിക്കുവാൻ കഴിയുമെന്നു് പല വിദഗ്ദ്ധന്മാരും പറഞ്ഞിട്ടുണ്ടു്. അതുപോലെ, മരപ്പണി കൊല്ലപ്പണി മുതലായ പല തൊഴിലുകളും വിദ്യ അഭ്യസിക്കുന്ന സമയത്തുതന്നെ പഠിക്കുവാൻ സാധിച്ചാൽ വിദ്യാഭ്യാസം കഴിഞ്ഞിട്ടു് ഒരു പക്ഷെ ജോലി ഒന്നും കിട്ടിയില്ലെങ്കിലും സ്വന്തമായി ഏതെങ്കിലും ജോലി ചെയ്തു ജീവിക്കുവാനുള്ള കഴിവു് വിദ്യാർത്ഥികൾക്കു് ലഭിക്കുകയും ചെയ്യും. ഇന്നു വിദ്യാഭ്യാസം കഴിഞ്ഞുവരുന്ന ഒരു കൃഷിക്കാരൻെറ മകനു് കൃഷിയുടെ എ. ബി. സി. ഡി. പോലും അറിഞ്ഞുകൂടാ. കൊല്ലൻെറ മക്കൾക്കു് ആ തൊഴിലിനെപ്പററി അറിഞ്ഞുകൂടാ. ഇങ്ങനെ യാതൊരു തൊഴിലും അറിഞ്ഞുകൂടാത്ത ഒരു വിദ്യാർത്ഥിസമൂഹത്തെ ആണു് ഇന്നു് രാജ്യത്തു്. നാം കാണുന്നതു്. ഇവർക്കു ജോലി ചെയ്യുന്നതിൽ വൈമുഖ്യമോ, ചെയ്യേണ്ടാ എന്നുള്ള വിചാരമോ കൊണ്ടല്ല ജോലിചെയ്യാതിരിക്കുന്നതു്. അതിനുള്ള പരിസരമില്ല. ഒരു കൃഷിക്കാരൻെറ മകനോടു് കൈക്കോട്ടു് എടുത്തു കിളക്കാൻ പറഞ്ഞാൽ അഭിമാനംകൊണ്ടു് അവൻ അതു് ചെയ്യുന്നില്ല. വാസ്തവത്തിൽ അവനതറിയാത്തതുകൊണ്ടുമാണു്. അവൻെറ സ്വന്തം പറമ്പിൽപ്പോലും കൃഷി ചെയ്യുവാൻ മനസ്സുവരുന്നില്ല. അങ്ങനെ നിത്യജീവിതവുമായി യാതൊരു ബന്ധവുമില്ലാതെയാണു് ഇന്നു് വിദ്യാർത്ഥികൾ വിദ്യാഭ്യാസം ചെയ്യുന്നതു്. പ്രൊഫസർ ജോസഫ് മുണ്ടശ്ശേരി, മുണ്ടലക്കുന്നതിനെപ്പററി പറയുകയുണ്ടായി, ഈ പുരോഗമനകാലത്തു് ഒരാളും അങ്ങനെ സ്വന്തം വസ്ത്രങ്ങളലക്കുവാൻ ഒരുങ്ങുമെന്നു് എനിക്കു തോന്നുന്നില്ല എന്നു്. സർ, സർവ്വചെലവും ചെയ്തു് പുരയിടവും കൂടി കടത്തിൽ ആക്കി ഒരു കുട്ടിയെ പത്തുകൊല്ലം പഠിപ്പിച്ചുകഴിഞ്ഞതിനു ശേഷവും അവൻെറ മുണ്ടലക്കി തേയ്ക്കാൻകൂടി പണം അവൻെറ മാതാപിതാക്കന്മാർക്കു് കൊടുക്കേണ്ടതായി വരുന്നുണ്ടു്. നാം ഓരോരുത്തരും നമ്മൾക്കു വേണ്ട കാര്യങ്ങൾ മററുള്ളവരെക്കൊണ്ടു് ചെയ്യിക്കുവാൻ ശ്രമിക്കരുതു്. അതായതു് സ്വയം പര്യാപ്തത നേടുവാൻ സാധിക്കണം. ഈ അടിസ്ഥാനവിദ്യാഭ്യാസത്തിൻെറ തത്വങ്ങളോടു് യോജിക്കുന്നുവെന്നു് ചില സ്നേഹിതന്മാർ ഇവിടെ പറഞ്ഞതിൽ ഞാൻ സന്തോഷിക്കുന്നു. അതേ സമയം അവർ ഈ പദ്ധതിയെ വിമർശിക്കുകയും ചെയ്യുന്നു. ഇതിൽ

ഞാൻ അത്ഭുതപ്പെടുന്നില്ല. ജോസഫ് മുണ്ടശ്ശേരി പറയുകയുണ്ടായി ഇതു് ആര്യനായകത്തിന്റെയും രാമചന്ദ്രന്റെയും പദ്ധതി ആണെന്നു്. മഹാത്മാഗാന്ധി 1937-ൽ ഇൻഡ്യയിൽ പല സ്ഥലങ്ങളിലും ബേസിക്ക് എഡ്യൂക്കേഷൻ നടപ്പിലാക്കിയിട്ടുണ്ടു്. ഓരോ സ്ഥലങ്ങളിലും ഈ വിദ്യാഭ്യാസം വിജയിച്ചിട്ടുള്ളതായും അദ്ദേഹം സ്വയം സമ്മതിക്കുകയും ചെയ്തിട്ടുണ്ടു്. പിന്നീടു് വളരെ കൂലങ്കഷമായ ചർച്ചകളും വളരെ കൂടി യാലോചനകളും നടന്നതിനു ശേഷമാണു് ഈ പദ്ധതി ആസൂത്രണം ചെയ്തതു്. ഇതു് ഒരു പുതിയ പദ്ധതിയല്ല. പക്ഷെ ഇതു് പ്രവൃത്തിരൂപത്തിൽ കൊണ്ടുവരുവാൻ ഒരു ഗവണ്മെന്റും മുൻകൈ എടുത്തില്ലാ എന്നേ ഉള്ളു. എന്നാൽ അടുത്തകാലത്തു് ബീഹാറിലും, മദ്രാസിലും, സെൻട്രൽ പ്രോവിൻസിലും ഈ പദ്ധതി വിജയകരമായി നടപ്പിലാക്കിയിട്ടുണ്ടു്. പക്ഷേ ചില സ്നേഹിതന്മാർ അതും സമ്മതിക്കുന്നില്ല. അവിടെ എല്ലാം പരാജയമാണു് ഉണ്ടായതെന്നു് ഇവർ പറയുന്നു. അവിടെ പോയി അന്വേഷിച്ചാൽ ഈ സ്നേഹിതന്മാൎക്കു് ഇതിന്റെ പരമാൎത്ഥം ബോദ്ധ്യമാകുന്നതാണു്. സർ, ഇന്നത്തെ വിദ്യാഭ്യാസാധികൃതന്മാർതന്നെയും അടിസ്ഥാനവിദ്യാഭ്യാസത്തിൽ യാതൊരു വിശ്വാസവുമില്ലാതെയാണിരിക്കുന്നതു്. ശ്രീ. പനമ്പിള്ളി പറഞ്ഞതുപോലെ അടിസ്ഥാനവിദ്യാഭ്യാസത്തെപ്പറ്റി യാതൊരറിവും വിശ്വാസവുമില്ലാത്തവരുടെ കയ്യിൽ ഗവണ്മെന്റ് ഈ പൊൻകുടക്ക കൊടുത്താൽ അവർ അതു് അടിച്ചുടച്ചു കളയും. ഈ പദ്ധതി വിജയിക്കണമെങ്കിൽ അതിൽ ഏർപ്പെട്ടിരിക്കുന്ന ഉദ്യോഗസ്ഥന്മാർ അതു വിജയിക്കണമെന്നു് ആത്മാൎത്ഥമായ ആഗ്രഹമുള്ളവരായിരിക്കണം; വിശ്വാസമുള്ളവരായിരിക്കണം. ഏതായാലും ഈ പദ്ധതി നടപ്പിലാക്കുവാൻ പി. എസ്. പി. ഗവണ്മെന്റെങ്കിലും ഉദ്യമിച്ചതിൽ ഞാൻ ഗവണ്മെന്റിനെ അനുമോദിക്കുന്നു.

ശ്രീ. ഡി. വിവേകാനന്ദൻ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ചതും ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ പിൻതാങ്ങിയതുമായ പ്രമേയത്തെ ഞാൻ എതിൎക്കുന്നു. ഈ പ്രമേയത്തെ അനുകൂലിച്ചുകൊണ്ടു് ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായത്തിനു സമൂലം പരിവൎത്തനമുണ്ടാകണമെന്നും തൊഴിലിൽ അഭിമുഖ്യം വളൎത്തുന്ന വിദ്യാഭ്യാസമാണു് വേണ്ടതെന്നും പറയുകയുണ്ടായി. ആ അഭിപ്രായത്തോടു ഞാനും അനുകൂലിക്കുന്നു. ഇന്നത്തെ വിദ്യാഭ്യാസസമ്പ്രദായത്തിൽ പരിവൎത്തനം വരുത്തിയേ മതിയാവൂ. ജീവിതവുമായി ഒരു ബന്ധവുമില്ലാത്ത ഈ രീതിയെ മാററി ജീവിതവുമായി ബന്ധമുള്ളതും പ്രയോജനകരമായതുമായ ഒരു വിദ്യാഭ്യാസ സമ്പ്രദായം ഏർപ്പെടുത്തേണ്ടതാണു്. പക്ഷെ, ഈ അടിസ്ഥാനവിദ്യാഭ്യാസ പദ്ധതിയിൽ അങ്ങനെ പരിവൎത്തനം വരുത്തുന്നതിനും ജീവിതവുമായി ബന്ധമുണ്ടാക്കുന്നതിനും ഉതകുന്ന പരിപാടികൾ ഒന്നുമില്ല. അടിസ്ഥാന വിദ്യാഭ്യാസത്തെപ്പററി വിദഗ്ദ്ധാഭിപ്രായങ്ങൾ പുറപ്പെടുവിച്ച മാന്യന്മാരുടെ അഭിപ്രായം നോക്കിയാൽ ഈ പദ്ധതി ജീവിതവുമായി ബന്ധമുള്ള ഒന്നല്ലെന്നു കാണാം. ഏതുതരത്തിലുള്ള വിദ്യാഭ്യാസമാണു് ജീവിതവുമായി ബന്ധിപ്പിക്കുന്നതു്? ഇന്നത്തെ സാമൂഹ്യജീവിതവുമായി ബന്ധമുള്ളതാവണമെങ്കിൽ വിവിധ തൊഴിലുകളെപ്പററി പഠിപ്പിക്കുന്നതായിരിക്കണം. ഞാൻ നേരത്തെ പറഞ്ഞതുപോലെ തൊഴിലുകളിൽ അഭിമുഖ്യം വളൎത്തുന്ന വിദ്യാഭ്യാസം നടക്കണം. അതിനനുകൂലമായ സാഹചര്യങ്ങൾ ഉണ്ടാക്കുകയാണു വേണ്ടതു്.

[ശ്രീ. ഡി. വിവേകാനന്ദൻ]

സർ, ഈ നാട്ട് വ്യവസായവൽക്കരണം നടത്തിയല്ലാതെ പുരോഗമിക്കയില്ലെന്നിരിക്കെ അതിന് അടിത്തറയിടുന്ന വിധത്തിലുള്ള ഒരു വിദ്യാഭ്യാസരീതിയല്ലെ ഇവിടെ നടപ്പാക്കേണ്ടതു്? അതിനു പകരം ഇന്നു നിലവിലുള്ള പ്രയോജനശൂന്യമായ വിദ്യാഭ്യാസം തന്നെ നമ്മുടെ കുട്ടികൾക്കു കൊടുക്കുന്നതുകൊണ്ട് ഈ നാട്ടു നശിക്കുകയേ ഉള്ളു. കഴിഞ്ഞ ഒരു നൂറ്റാണ്ടിൽ അധികം കാലമായി ഇവിടെ നടന്നുവരുന്ന പ്രയോജനശൂന്യമായ വിദ്യാഭ്യാസരീതി തന്നെയാണ് ഇന്നും ഇവിടെയുള്ളതെന്ന് ഇന്നിവിടെ പലരും പറഞ്ഞു. അതു മാറേണ്ടതു് വളരെ ആവശ്യമാണ്. പക്ഷെ ആ മാററം എങ്ങനെയുള്ളതെന്നു് നമുക്കു നിശ്ചയം വേണം. സാമൂഹ്യപുരോഗതിക്കുതകുന്ന ഒരു മാറ്റമാണ് നമുക്കു വേണ്ടതു്. പക്ഷെ അതനുള്ള മാറ്റമൊന്നും ഈ ബേസിക്കു വിദ്യാഭ്യാസപദ്ധതിയിൽ കാണുന്നില്ല. ഈ പദ്ധതിയിൽ ഒരു മാററം വിഭാവനം ചെയ്യുന്നുണ്ടെന്നു് ബഹുമാനപ്പെട്ട ചാലക്കുടി മെംബർ പറഞ്ഞു. സമുദായത്തിന്റെ പുരോഗതിയെ തടുക്കുകയും പിന്നാക്കം വലിക്കുകയും ചെയ്യുന്ന ഒരു മാററമാണ് ഈ പദ്ധതിയിൽ അടങ്ങിയിരിക്കുന്നതു് എന്നു മനസ്സിലാക്കാൻ പ്രയാസമില്ല. Advanced economy ഇല്ലെങ്കിൽ എന്തു പുരോഗതിയാണ്, സർ? ഈ പദ്ധതി നടപ്പിലായാൽ യന്ത്രീകൃതവ്യവസായത്തിലേയ്ക്കു് കാൽവയ്ക്കാനുള്ള പ്രേരണ നമുക്കു ലഭിക്കുകയില്ല. തൊഴിലില്ലായ്മ കൊണ്ടു് നട്ടം തിരിയുന്ന ഈ കാലത്തു് വ്യവസായീകരണത്തിനു് അടിത്തറയിടുന്ന ഒരു വിദ്യാഭ്യാസസമ്പ്രദായത്തിനു മാത്രമേ ഇവിടെ സ്ഥാനമുണ്ടാകാവൂ. ഈ പദ്ധതിയെ വിമർശിച്ച ബഹുമാനപ്പെട്ട അംഗങ്ങൾ കൺസ്ട്രക്റ്റീവ് സജഷൻസ് ഒന്നും വച്ചില്ലെന്നു് ബഹുമാനപ്പെട്ട ചാലക്കുടി മെംബർ ഇവിടെ പറയുകയുണ്ടായി. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ഈ അടിസ്ഥാനവിദ്യാഭ്യാസപദ്ധതിയാണോ കൺസ്ട്രക്റ്റീവ് സജഷൻ എന്നു ഞാൻ ചോദിക്കുന്നു. അദ്ദേഹം പറഞ്ഞു, ഈ പദ്ധതി മഹാത്മാഗാന്ധിയുടേതാണെന്നു്. അദ്ദേഹത്തിന്റെ പാർട്ടിയുടെ നിലയെ സാധൂകരിക്കുവാൻ വേണ്ടി പലപ്പോഴും മഹാത്മാഗാന്ധിയുടെ പേർ വലിച്ചുകൊണ്ടു് വരുന്ന പതിവു് അദ്ദേഹത്തിനുണ്ടു്. മഹാത്മാഗാന്ധി പറഞ്ഞ കാര്യങ്ങളെല്ലാം ഫ്ളെക്സിബിൾ ആണെന്നു് അദ്ദേഹം പറഞ്ഞു. കോൺഗ്രസ്സിന്റെയും പി. എസ്. പി. യുടെയും ഭരണം തുടരുന്നതിനു വേണ്ടി മഹാത്മാഗാന്ധിയുടെ അഭിപ്രായങ്ങൾ flexible ആണെന്നു പറഞ്ഞുകൊണ്ടുപോകുന്നതു് നന്നായിരിക്കാം. ഈ നാടിനു എത്രത്തോളം അവ പ്രയോജനപ്രദമായിരിക്കും എന്നു നോക്കിയിട്ടേ നമുക്കു അവയെ സ്വീകരിക്കുവാൻ നിവൃത്തിയുള്ളു. സർ, യഥാർത്ഥത്തിൽ ഈ നാടിനെ പുരോഗമിപ്പിക്കുവാനുള്ള ഒരു വിദ്യാഭ്യാസ രീതി ഈ പുതിയ പദ്ധതിക്കാർ വിഭാവനം ചെയ്യുന്നില്ലെന്നു പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

ശ്രീ. കെ. കരുണാകരൻ: അടിസ്ഥാനവിദ്യാഭ്യാസം എന്താണെന്നു് ഒന്നു് വിശദീകരിക്കാമോ?

ശ്രീ. പി. കെ. കുഞ്ഞച്ചൻ: ബഹുമാനപ്പെട്ട മെംബർ വിഭാവനം ചെയ്യുന്ന അടിസ്ഥാനവിദ്യാഭ്യാസം എന്താണെന്നു് ഒന്നു വിശദീകരിക്കാമോ?

ശ്രീ. എ. എ. റഹിം: സർ, ഒരു പായിന്റ് ഓഫ് ഓർഡർ. ഒരു മെംബറോട് ചോദ്യം ചോദിച്ചാൽ അതിനു വേറൊരു മെംബർക്ക് മറുപടി പറയാമോ?

മി. സ്പീക്കർ: അങ്ങിനെ മറുപടി പറയാൻ പാടില്ല.

ശ്രീ. ഡി. വിവേകാനന്ദൻ: ബഹുമാനപ്പെട്ട മണലൂർ മെംബർ ചോദിച്ച ചോദ്യത്തിനു ഞാൻ മറുപടി പറയാം. അടിസ്ഥാനവിദ്യാഭ്യാസത്തിൽ തൊഴിലിനു് പ്രാധാന്യം കൊടുക്കുന്നുണ്ട്. പക്ഷെ എന്തു തരം തൊഴിലെന്നു നോക്കണം. നമ്മുടെ രാജ്യത്തു് കൃഷിഭൂമിയുണ്ട്. കൃഷി ചെയ്യുന്ന ആളുകളുമുണ്ട്. നമ്മുടെ നാട്ടിൽ കുടിൽവ്യവസായങ്ങളുണ്ട്. കുടിൽവ്യവസായങ്ങളിലേർപ്പെട്ടിട്ടുള്ള ധാരാളം തൊഴിലാളികളും ഉണ്ട്. കൃഷിഭൂമിയിൽ കൃഷിചെയ്യുന്നതും കുടിൽവ്യവസായം നടത്തുന്നതും പഠിപ്പിക്കുന്നതുകൊണ്ട് പ്രയോജനമുണ്ടെന്നാണോ ഈ അടിസ്ഥാന വിദ്യാഭ്യാസക്കാർ കരുതുന്നതു്. ഉദാഹരണമായിട്ടു് കൈത്തറി വ്യവസായത്തെ എടുക്കാം. കൈത്തറിവ്യവസായത്തെ പഠിച്ചതുകൊണ്ട് ഭാവിയിൽ യാതൊരു പ്രയോജനവും ഇല്ല. ഈ നാട്ടിലെ ലക്ഷക്കണക്കിനു നെയ്ത്തുതൊഴിലാളികൾക്കു്, ഈ തൊഴിലിൽ വളരെ പ്രാവീണ്യവും പരിചയവും സിദ്ധിച്ചിട്ടുള്ളവരായ തൊഴിലാളികൾക്കുതന്നെ, ജീവിക്കാൻ നിവൃത്തിയില്ലാതെ അധഃപതിച്ചിരിക്കുന്ന കൈത്തറി വ്യവസായത്തെ സംബന്ധിച്ചു് നമ്മുടെ കുട്ടികളെ പഠിപ്പിച്ചിട്ടു് യാതൊരു പ്രയോജനവും ഇല്ല. അതുപോലെ കൃഷിപ്പണി ചെയ്യുവാൻ നിവൃത്തിയില്ലാത്ത വളരെ ആളുകൾ നമ്മുടെ നാട്ടിൽ ഉണ്ട്. കൃഷി സംബന്ധിച്ച ജോലികളറിയാത്തതുകൊണ്ടല്ല, സർ, കൃഷിഭൂമി ഇല്ലാത്തതുകൊണ്ട്—വേലചെയ്യുവാൻ ഇടം ഇല്ലാത്തതുകൊണ്ട്. ആ നിലയ്ക്കു് നമ്മുടെ കുഞ്ഞുങ്ങളെ കൃഷിപ്പണി പഠിപ്പിക്കുന്നതുകൊണ്ട് എന്തു പ്രയോജനമാണു് ഉണ്ടാകുന്നതു്. അടിസ്ഥാനവിദ്യാഭ്യാസം തൊഴിലില്ലായ്മക്കുള്ള പരിശീലനമായിരിക്കണമെന്നു് ബഹുമാനപ്പെട്ട മണലൂർ മെമ്പറും പറയുകയില്ലെന്നു ഞാൻ വിശ്വസിക്കുന്നു. സർ, ഇപ്പോൾത്തന്നെ അടിസ്ഥാന വിദ്യാഭ്യാസത്തിനുവേണ്ടി നടത്തിവരുന്ന സ്ഥാപനത്തിൽ നടക്കുന്ന വിശേഷങ്ങൾ ബഹുമാനപ്പെട്ട ചേർപ്പ് മെംബർ പറയുകയുണ്ടായി. അടിസ്ഥാനവിദ്യാഭ്യാസം വളരെ പരാജയത്തിലാണ് ഇന്നു് ഇവിടെ ഇരിക്കുന്നതു്. ട്രെയിനിംഗിനു് എടുക്കുന്ന അദ്ധ്യാപകന്മാർക്കു് അവിടെനിന്നു് വല്ലവിധത്തിലും തിരിയെപ്പോയാൽ മതിയെന്നു തോന്നുന്ന വിധത്തിലാണു് ട്രെയിനിംഗ് സെന്ററിലെ പഠിത്തം പോകുന്നതു്. ബാലരാമപുരത്തു് അടിസ്ഥാനവിദ്യാഭ്യാസത്തിനു് ഒരു സ്കൂൾ എടുത്തിട്ടുണ്ട്. അവിടെ മൂന്നു് അദ്ധ്യാപകന്മാരെ നിയമിച്ചിട്ടുണ്ട്. അവരവിടെ പോകുന്നുമുണ്ട്. ആ സ്കൂളിൽ ഇക്കൊല്ലം ഒന്നാം ക്ലാസ്സിലാണു് അടിസ്ഥാനവിദ്യാഭ്യാസം നടപ്പാക്കാൻ തീരുമാനിച്ചതു്. 274 വിദ്യാർത്ഥികൾ ആ ക്ലാസ്സിലുണ്ട്. മൂന്നു് അദ്ധ്യാപകന്മാരാണു് അവിടെ ഈ 274 വിദ്യാർത്ഥികൾക്കുമായി ഉള്ളതു്. പഴയതരത്തിലുള്ള വിദ്യാഭ്യാസം അവിടെ ഇപ്പോൾ നൽകുന്നില്ല. പുതിയതൊട്ടു തുടങ്ങിയിട്ടുമില്ല. അടിസ്ഥാനവിദ്യാഭ്യാസം കൊടുക്കേണ്ടതെങ്ങനെയെന്നു അറിയാതെ അദ്ധ്യാപകന്മാരും 274 വിദ്യാർത്ഥികളും ദിവസവും സ്കൂളിൽ പോകുന്നുണ്ട്. അതു മാത്രമാണവിടെ നടക്കുന്നതു്. അവിടെ തൊഴിലിന്റെ അടിസ്ഥാനത്തിലുള്ള പഠിത്തത്തിനു യാതൊരു സൗകര്യവും ഇതുവരെ ചെയ്തുകൊടുത്തിട്ടില്ല. ഈ തരത്തിലാണു് അടി

[ശ്രീ. ഡി. വിവേകാനന്ദൻ]

സ്ഥാനവിദ്യാഭ്യാസം ഇവിടെ നടത്തുവാൻ പോകുന്നതെങ്കിൽ വളരെ ദയനീയമായ പരാജയമായിരിക്കും അതിന്റെ ഫലം. ഇതിനെപ്പററി പഠിക്കുന്നതിനും വ്യക്തമായ പരിപാടികൾ തയാറാക്കുന്നതിനും മുമ്പായിട്ടാണു് ഈ പ്രമേയം ഇവിടെ അവതരിപ്പിച്ചിരിക്കുന്നതു് എന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കു് ഈ വിഷയത്തെപ്പററി കാര്യമായ അറിവൊന്നുമില്ലെന്നും അദ്ദേഹത്തിന്റെ പ്രസംഗത്തിൽ നിന്നും വ്യക്തമായിരിക്കുകയാണു്. ഈ കാര്യത്തെപ്പററി വിദഗ്ദ്ധന്മാരുടെ അഭിപ്രായം ആരാഞ്ഞതിനുശേഷം, അതിനെപ്പററി കാര്യമായി പഠിച്ചതിനുശേഷമല്ലാതെ ഇതു് നടപ്പാക്കാൻ പോകുന്നതു് ബുദ്ധിപൂർവ്വമായിരിക്കുമെന്നു് എനിക്കു തോന്നുന്നില്ല. ബാലരാമപുരത്തെ സ്കൂളിനെപ്പററി പറയുമ്പോൾ ഒരു കാര്യം ഞാൻ പ്രത്യേകം ഓർക്കുന്നുണ്ടു്. അവിടെ മൂന്നു് അദ്ധ്യാപകന്മാരുണ്ടു്. അവർക്കു് മൂന്നുപേർക്കും മൂന്നുമാസമായിട്ടു് ശമ്പളം കിട്ടിയിട്ടില്ല. ആ സ്കൂൾ കെട്ടിടം ഉണ്ടാക്കുന്നതിനു് കമ്മ്യൂണിററിപ്രോജക്ററിൽ നിന്നാണു് പണം ചെലവുചെയ്തതെന്നും ശമ്പളം ആരാണു കൊടുക്കേണ്ടതെന്നതിനെപ്പററി ഒരു തർക്കം സർക്കാരും പ്രോജക്ററും തമ്മിലുണ്ടെന്നും കേൾക്കുന്നു. അങ്ങനെ എല്ലാംവിധത്തിലും അടിസ്ഥാനപരമായി തകർന്ന ഒരു സ്ഥാപനമായിട്ടാണു് ഇന്നു് അതു് അവിടെ നിൽക്കുന്നതു്. സർ, ഈ അനുഭവം നിരാശാജനകമാണു്. ഇന്നത്തെ വിദ്യാഭ്യാസത്തിലുള്ള തകരാറു മനസ്സിലാക്കി അതിനെ ഇല്ലായ്മ ചെയ്യുന്നതിനു കഴിവുള്ള കാര്യങ്ങളെങ്കിലും ചെയ്യുന്നതിനാണു് ഈ സർക്കാർ ശ്രമിക്കേണ്ടതു്. ഇന്നു് പ്രൈമറി വിദ്യാലയങ്ങളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകന്മാരുടെ നില വളരെ ദയനീയമാണു്. സർ, ഇവിടെ എഞ്ചിനീയറന്മാരുടെ കാര്യം പറഞ്ഞുകൊണ്ടു് അവർ ചുവർപഞ്ചാംഗത്തിന്റെ താളുകൾ എണ്ണിക്കഴിയുന്നതായി ശ്രീ. പനമ്പിള്ളി പറഞ്ഞു. അവർ മാത്രമല്ല സർ, ഈ പാവപ്പെട്ട പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാരും ചുവരു പഞ്ചാംഗത്തിലെ താളുകളെണ്ണിത്തന്നെയാണു് കഴിഞ്ഞുകൂടുന്നതു്. പക്ഷെ അങ്ങനെ എണ്ണിയാൽ 30 ദിവസം കാത്തിരുന്നാൽ—അവർക്കു കിട്ടുന്നതു് 30 പിച്ചക്കാശാണു്. പട്ടിണിവേതനമല്ലേ, സർ ഇതു്? നമ്മുടെ കുട്ടികൾക്കു് അക്ഷരജ്ഞാനം കൊടുക്കുന്ന ഈ അദ്ധ്യാപകന്മാർക്കു് ശമ്പളവും അലവൻസും വർദ്ധിപ്പിക്കാനുള്ള ഒരു പ്രമേയം കൊണ്ടുവരേണ്ടതായിരുന്നു. എന്റെ അറിവു ശരിയാണെങ്കിൽ ഏതാണ്ടു് 5 ലക്ഷത്തോളം രൂപ ചെലവാക്കുകയാണെങ്കിൽ ഈ പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളം സർക്കാർ അദ്ധ്യാപകന്മാരുടേതുപോലെ ഉയർത്തുവാൻ സാധിക്കുന്നതാണു്. ഇന്നത്തെ 30 രൂപയെ 57 രൂപ ആയി ഉയർത്താൻ മാത്രമാണതു്. അത്രയും ഒരു തുക കൊടുത്തുകൊണ്ടു് പാവപ്പെട്ട അദ്ധ്യാപകന്മാരെ അല്പമെങ്കിലും ഭേദപ്പെട്ട ഒരു നിലയിലേയ്ക്കു് മാററേണ്ടതായിരുന്നു. അടിസ്ഥാനവിദ്യാഭ്യാസസമ്പ്രദായത്തെപ്പററി വിദഗ്ദ്ധന്മാരുടെ ഒരു റിപ്പോർട്ടു വരുത്തി അതിനെപ്പററി പഠിച്ചതിനുശേഷം അടിസ്ഥാന-വിദ്യാഭ്യാസം ഇവിടെ നടപ്പിൽ വരുത്തുന്നതിനെപ്പററി ആലോചിക്കുന്നതായിരിക്കും നല്ലതു്. വിദ്യാഭ്യാസ സമ്പ്രദായത്തിൽ ഈ പ്രമേയമനുവദിക്കുന്ന തരത്തിലുള്ള മാററം വരുത്തുകയാണെങ്കിൽ അതു് പുരോഗതിയിലേക്കു പോകുന്ന സമുദായത്തെ പിന്നാക്കം തള്ളിവിടുകയായിരിക്കും. സർ, എല്ലാവരും advanced economy വേണമെന്നും വ്യവസായവൽക്കരണമാണതിനുള്ള

മാറ്റമെന്നും വാദിക്കുന്ന കാലമാണിതു്. അപ്പോഴാണ് കുടിൽവ്യവസായങ്ങൾക്കുവേണ്ടി അതായതു് village economy ക്കുവേണ്ടിയുള്ള backward tendencies പ്രചരിപ്പിക്കുന്നതു് ദ്രോഹമാണു്. സർ, ഈ പദ്ധതിയുടെ ഫലം അതുമാത്രമായിരിക്കും. ഇതിനെപ്പററി വ്യക്തമായ ധാരണകൾ ഇല്ലാതെ ഇതു നടപ്പിലാക്കുന്നതു് ഈ രാജ്യത്തോടു ചെയ്യുന്ന ഒരു ദ്രോഹമായിരിക്കും. അതുകൊണ്ടു് ഈ വക കാര്യങ്ങളെപ്പററി ഈ മന്ത്രിസഭ ആലോചിക്കണമെന്നു് ആവശ്യപ്പെട്ടുകൊണ്ടു് ഞാൻ ഈ പ്രമേയത്തെ ശക്തിയായി എതിർക്കുന്നു.

C.1 മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള): സർ, ഈ സഭയിലുള്ള കക്ഷികളിൽ കോൺഗ്രസ്സും ആർ. എസ്സ്. പി. യും ഈ പ്രമേയത്തെ അനുകൂലിച്ചു കാണുന്നതിൽ എനിക്കു് അതിയായ സന്തോഷമുണ്ടു്. കോൺഗ്രസ്സ് പക്ഷത്തുനിന്നു് നിശ്ചയമായും ഇതിനു ആനുകൂല്യമേ വരുവാൻ ഇടയുള്ളു എന്നു മുൻകൂട്ടിത്തന്നെ തീരുമാനിച്ചിരുന്നതാണു്. മറിച്ചു വരുന്നതിനു് യാതൊരു കാരണവും ഇല്ല. എന്നാൽ ആർ. എസ്സ്. പി. യിൽനിന്നുകൂടി ഇതിനു പിൻതുണ കിട്ടുന്നതിൽ എനിക്കു് യഥാർത്ഥത്തിൽ വളരെ സന്തോഷമുണ്ടു്. ഇതുപോലെതന്നെ എല്ലാ കാര്യങ്ങളിലും ആർ. എസ്സ്. പി. സ്വതന്ത്രമായി പ്രവർത്തിച്ചു കാണണമെന്നു ഞാൻ ആശിക്കുകയും ചെയ്യുന്നു. സർ, പൊതുവെ പറഞ്ഞാൽ ഈ അടിസ്ഥാനവിദ്യാഭ്യാസം വലുതായ ഒരു കാര്യമല്ലെങ്കിലും നാട്ടിലെ പാവങ്ങളെ സംബന്ധിച്ചിടത്തോളം ഇതു് ശുഭസൂചകമായിട്ടുതന്നെ ഞാൻ കരുതുന്നു. എന്താണു്, സർ, ഈ പദ്ധതിയെപ്പററി ഇവിടെ പുറപ്പെടുവിച്ച ആക്ഷേപം. പരമാർത്ഥത്തിൽ ആക്ഷേപം ഒന്നും ഞാൻ ഇവിടെ കണ്ടില്ല. ഇന്നത്തെ വിദ്യാഭ്യാസരീതി വളരെ പിശകുള്ളതാണെന്നു് എല്ലാം പേരും സമ്മതിക്കും. അതിനു ഒരു മാററം വരുത്തേണ്ടതു് എങ്ങനെ? പ്രവർത്തിചെയ്യുന്നതിനു വിദ്യാർത്ഥികളെ അവരുടെ അദ്ധ്യയനംമൂലം സന്നദ്ധരാക്കണം. അതായതു് അവരുടെ കരങ്ങൾ ഉപയോഗിക്കുന്നതിനു് അവർ സന്നദ്ധരാകണം. ഇക്കാര്യത്തിൽ അഭിപ്രായവ്യത്യാസം ലവലേശമില്ല. അതായതു് വിദ്യാഭ്യാസരംഗത്തു് ഇന്നു് സ്വീകരിച്ചിരിക്കുന്നതിൽനിന്നും ഭിന്നമായ ഒരു വിദ്യാഭ്യാസ സംപ്രദായം വരണം. അടിസ്ഥാനവിദ്യാഭ്യാസം എന്നു പറയുന്നതു് പരിതഃസ്ഥിതികളെ ശരിയായി ഉപയോഗപ്പെടുത്തിയുള്ള വിദ്യാഭ്യാസം നൽകണമെന്നുള്ളതാണു്. പരിതഃസ്ഥിതികളെ ഉപയോഗപ്പെടുത്തുന്നതിൽ അതു് ഏതെങ്കിലും ഒരു ട്രെയിഡ്‌വഴി, ഒരു ക്രാഫ്ററുവഴി, വിദ്യാഭ്യാസം നൽകണമെന്നാണു് ഉദ്ദേശം. ഏതൊരു ക്രാഫ്ററാണോ ഒരു പ്രദേശത്തു് സ്വീകാര്യമായിട്ടു കാണുന്നതു് ആ ക്രാഫ്ററു് ഈ വിദ്യാഭ്യാസത്തിൽ ഉപയോഗപ്പെടുത്തണം. ഇതാണു് ഇതിലെ പ്രധാന തത്വം. ഇതിൽ എന്താണു്, സർ, തെററു്. ഇവിടെ കണ്ട എതിർപ്പുകൾ വലുതായ ഒരു ഭീതിയിൽനിന്നു ഉത്ഭവിച്ചതാണെന്നു എനിക്കു തോന്നുന്നു. നമ്മെ ഒരിക്കലും മുന്നോട്ടു വിടാത്ത സാമ്പത്തികനിലയിൽ ഉറപ്പിച്ചുകളയും എന്നൊരു ഭീതിയുള്ളതുപോലെ എനിക്കു തോന്നുന്നു. ഇതിനു് എന്താണു്, സർ അടിസ്ഥാനം. ഇതു് മഹാത്മാഗാന്ധി ആദ്യമായി നമ്മുടെ രാജ്യത്തു് ഏർപ്പെടുത്തണമെന്നു് ഉദ്ദേശിച്ചുണ്ടാക്കിയിട്ടുള്ള ഒരു പദ്ധതിയാണു്.

ശ്രീ. കെ. എ. ബാലൻ: സെൽഫ് റിലയൻസ് അല്ലേ ഇതിലെ അടിസ്ഥാന തത്വം?

ശ്രീ. ഏ. താണുപിള്ള: സെൽഫ് റിലയൻസ് ആണ് അടിസ്ഥാന തത്വം. അതുവരണമെങ്കിൽ കുട്ടികളുടെ കരങ്ങൾക്ക് ശക്തി കിട്ടണം. കുട്ടിക്കാലത്ത് എന്തും പ്രവർത്തിച്ച് പരിചയം കിട്ടണം. ഒരു കുഞ്ഞ് ഒന്നു ചെയ്തുവരുമ്പോൾ തെററിപ്പോയി, മറന്നുപോയി എന്നു കണ്ടാൽ അതിനെ നേരെ നിറുത്തുന്നതിനും തെററില്ലാതെ ചെയ്യുന്നതിനും ശീലിപ്പിക്കണം. ഇതൊക്കെ അതിൽ ഉൾപ്പെടുന്നുണ്ട്. സെൽഫ് റിലയൻസ് അതിൻെറ പ്രബലമായ ഒരംശമാണ്. അതുണ്ടാകണമെങ്കിൽ ഈ മാതിരി വിദ്യാഭ്യാസസംപ്രദായംതന്നെ ഇവിടെയുണ്ടാകണം. ഇന്നത്തെപ്പോലെ കേവലം പുസ്തകങ്ങൾമാത്രം പഠിച്ച് ഉരുവിട്ട് ഒന്നാംക്ലാസ്സിലുംമററും പാസ്സായ വന്നിട്ടുള്ള ആളുകൾ കാര്യങ്ങളെക്കുറിച്ചുള്ള പ്രായോഗികജ്ഞാനം ഇല്ലാതെയും പ്രവർത്തനപരിചയം ഇല്ലാതെയും കാര്യംവരുമ്പോൾ ഭയന്നുപോകാറുണ്ട്. ഇതാണ് ഇന്നത്തെ വിദ്യാഭ്യാസ സംപ്രദായത്തിൻെറ കുറവ്. നേരെ മറിച്ച് കുഞ്ഞുങ്ങളായിരിക്കുമ്പോൾത്തന്നെ ഈ മാതിരി ജോലികൾ ചെയ്തു ശീലിക്കുകയാണെങ്കിൽ സെൽഫ് റിലയൻസ് ഉണ്ടാകും.

ശ്രീ. കെ. ഏ. ബാലൻ: ഞാൻ സെൽഫ് സപ്പോർട്ടിങ്ങിനെക്കുറിച്ചാണു പറഞ്ഞത്.

ശ്രീ. ഏ. താണുപിള്ള: അതിൻെറ അടിസ്ഥാന തത്വവും ഇതുതന്നെയാണ്. ഞാൻ അതും ആദ്യമേ പറഞ്ഞു.

ഇവിടെ വിമർശനങ്ങൾ പലതു നടന്നു. ഒടുവിൽ പ്രസംഗിച്ച സ്നേഹിതൻ ശ്രീ. വിവേകാനന്ദൻ പറയുകയുണ്ടായി, ഇതിനെ കാൺഗ്രസ്സ് അനുകൂലിക്കുന്നത് പാർട്ടിക്കുവേണ്ടിയാണെന്ന്. ഏതായാലും എനിക്കു പറയുവാനുള്ളത് കമ്മ്യൂണിസ്ററുകാർക്ക് ഇതിനെക്കുറിച്ച് ഒരു ഭയമുണ്ട് എന്നാണ്. മഹാത്മാഗാന്ധി പറഞ്ഞ ഒരു കാര്യമാണല്ലോ. ഇന്നത്തെ ഗ്രാമപ്രദേശങ്ങൾ ഇതുമായി ബന്ധമുള്ളതാണ്. അതിനാൽ കമ്മ്യൂണിസ്ററു പാർട്ടിക്കുള്ള ഭയം ഗ്രാമപ്രദേശങ്ങളെല്ലാം ഈ വിധത്തിൽ പുരോഗമിച്ച് കുട്ടികൾ നല്ലകാര്യങ്ങൾ ചെയ്ത്, പഠിച്ച്, നല്ല സ്വഭാവമുള്ളവരായിത്തീരുകയാണെങ്കിൽ കൃത്രിമങ്ങൾക്ക് ഒന്നും വഴിയില്ലല്ലോ എന്നാണ്. ഗ്രാമപ്രദേശങ്ങൾ അതുമായി ബന്ധപ്പെടുത്തുകയാണെങ്കിൽ പഴയ ഗ്രാമീണജീവിതംതന്നെ തുടരുമെന്നും പുരോഗതി ഉണ്ടാകുകയില്ലെന്നുമാണ് ചിലരുടെ ഭയം. സാമ്പത്തികകാര്യങ്ങളെ ഇത് ബാധിക്കുമെന്ന സംശയം ആവശ്യമില്ല. വ്യവസായീകരണത്തിന് ഈ പദ്ധതി എങ്ങനെ തടസ്സമായിരിക്കുമെന്ന് എനിക്കറിയാൻ കഴിയുന്നില്ല. എത്ര വ്യവസായങ്ങൾ വന്നാലും ആത്മാർത്ഥമായി തൻെറ ടക്കോട്ടുകൂടി പ്രവർത്തിക്കാൻ സാധിക്കുന്ന പ്രവർത്തകന്മാരെയാണ് നമുക്ക് ഈ അടിസ്ഥാനവിദ്യാഭ്യാസംകൊണ്ട് ലഭിക്കുവാൻ പോകുന്നത്. പക്ഷെ, കൃത്രിമം ഉപയോഗിച്ചു പ്രവർത്തിക്കുന്നതിന് ഈ രീതിയിൽ പഠിച്ചുവരുന്ന ആളുകൾ തയ്യാറാകുകയില്ല. അങ്ങനെയൊരു ഭയം ചില സ്നേഹിതന്മാർക്കുള്ളതുകൊണ്ടാണ് ഇതിനെ എതിർക്കുന്നത്. ആ ഒരപത്ത് ഒരുപക്ഷെ, ഇതിൽനിന്നും ഉണ്ടായേക്കാം. ഈ രീതിയിൽ പഠിച്ചുവരുന്ന കുട്ടികളുടെ സ്വഭാവം നമുക്കു വിഭാവനചെയ്യുവാൻപോലും സാധിക്കാത്തതരത്തിൽ അത്ര ശുദ്ധിയുള്ളതായിരിക്കും. ഏതു കൃത്രിമം വേണമെങ്കിലും കാണിക്കത്തക്ക രീതിയിലുള്ളതാണ്

ഇന്നത്തെ വിദ്യാഭ്യാസസമ്പ്രദായം. കൃത്രിമത്തിനു വാസന വർദ്ധിപ്പിക്കുകയാണ് ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായം ചെയ്യുന്നതു്. നേരെ മറിച്ച് ഇപ്പോൾ ഇവിടെ പ്രതിപാദിച്ചരീതിയിലുള്ള വിദ്യാഭ്യാസ സമ്പ്രദായമായാൽ അതിനൊന്നിനും വഴിയില്ല. ചെയ്യേണ്ട കാര്യങ്ങൾ വേണ്ട സമയത്തുതന്നെ ചെയ്യുവാൻതക്ക ഒരു മനഃസ്ഥിതി ഈ വിദ്യാഭ്യാസസമ്പ്രദായംകൊണ്ടു് കുട്ടികൾക്കു ലഭിക്കുന്നതാണ്.

ബഹുമാനപ്പെട്ട ചേർപ്പുമെമ്പർ പറയുകയുണ്ടായി ചേർപ്പിൽ ആകപ്പാടെ കുഴപ്പമാണെന്നു്. അതു് ഒരു പക്ഷെ, അതിശയോക്തിയായിരിക്കാമെന്നാണ് എനിക്കു തോന്നുന്നതു്. ഞാൻ അവിടെ പോയിട്ടില്ല, ഒന്നു് അന്വേഷിക്കാം. എങ്കിലും അത്ര കുഴപ്പമുണ്ടെന്നു് എനിക്കു് തോന്നുന്നില്ല. അദ്ദേഹത്തിന്റെ സാഹിത്യത്തിലുള്ള പരിചയംകൊണ്ടാണ് അദ്ദേഹം ഇങ്ങനെ പറഞ്ഞുപോയതെന്നാണ് എനിക്കു തോന്നുന്നതു്. അവിടത്തെ ജോലിക്കാർക്കു് വയ്ക്കുന്നതും വിളമ്പുന്നതും മാത്രമല്ല, മററു ചില കാര്യങ്ങളിലും പിശകുണ്ടായിരിക്കാം. പക്ഷെ, ഉണ്ണുന്നതിൽ തെറെറാന്നും കാണുന്നില്ലായെന്നാണ് തോന്നുന്നതു്. ഏതായാലും വാദ്ധ്യാന്മാരെ ട്രയിൻ ചെയ്യിക്കാനുള്ള വിദ്യാലയങ്ങളിൽ വാദ്ധ്യാന്മാരും കുട്ടികളും എല്ലാവരുംകൂടി ഒരുമിച്ചു താമസിക്കണം. അവർക്കാവശ്യമുള്ള സസ്യാദികൾ അവർതന്നെ നട്ടുപിടിപ്പിക്കണം. അവരുടെ മുണ്ടും തുണിയുമെല്ലാം അവർ അടിച്ചു നനയ്ക്കണം. ഇതൊക്കെ എല്ലാവരും ചെയ്തു ശീലിക്കണം. അങ്ങിനെ ഒന്നിച്ചിരുന്നു ചെയ്യേണ്ട പല കാര്യങ്ങളുമുണ്ടു്. ഈ രീതിയിൽ മുമ്പോട്ടുപോകുന്നതായാൽ അവരുടെ സ്വഭാവത്തിനു നിശ്ചയമായും ഒരു നിയന്ത്രണം ഉണ്ടാകും. ഇന്നു നശിച്ചുകിടക്കുന്ന ഡിസിപ്ലിൻ ഉണ്ടാകും. ഒരുമിച്ചിരുന്നു പഠിക്കുക, ഒരുമിച്ചു വെള്ളംകോരുക മുതലായതു ചെയ്യുന്നതുകൊണ്ടു് സാമൂഹ്യമായ അകൽച്ചയും ഭിന്നതകളും ഇല്ലാതാകും. അങ്ങിനെ നല്ലകാര്യങ്ങൾക്കു തള്ളിവിടുന്നതിനാണ് ഈ രീതി സഹായകമായിരിക്കുന്നതു്. ഇന്നത്തെ വിഷമമേറിയ ഗ്രാമീണനില എന്നും തുടർന്നു പോകുന്നതായാൽ ദുർഘടസന്ധികൾ ഉണ്ടാകുമെന്നുള്ളതിനോടുകൂടെ ഞാൻ യോജിക്കുന്നില്ല. നല്ല കുട്ടികളായി വളർന്നുവന്നാൽ ഗുണമല്ലാതെ എങ്ങിനെ ദോഷമുണ്ടാകുമെന്നു് എനിക്കു മനസ്സിലാകുന്നില്ല. എട്ടുവർഷത്തെ പഠിത്തം കഴിഞ്ഞതിനുശേഷം പിന്നെ പോകുന്നതു് വൊക്കേഷണലായി പഠിക്കുന്നതിനു സൗകര്യമുള്ള സാങ്കേതിക വിദ്യാലയങ്ങളിലേയ്ക്കാണ്. യാന്ത്രികമായി പഠിക്കുന്നതിനു താൽപ്പര്യമുള്ളവർക്കു് ആ ലൈനിൽ പോകാം. ഇതിനൊന്നിനും ഇതു തടസ്സമല്ലെന്നുമാത്രമല്ല സഹായകവും കൂടിയാണ്. അതുകൊണ്ടു് ശ്രീമാൻ പനമ്പിള്ളി ഗോവിന്ദമേനോനും മററു സ്നേഹിതന്മാരും പറഞ്ഞ അഭിപ്രായങ്ങളോടു് ഞാൻ യോജിക്കുന്നു. ബാലരാമപുരത്തു പള്ളിക്കൂടത്തിലെ കാര്യം ഇവിടെ പറയുകയുണ്ടായി. അതു് അടിസ്ഥാനമില്ലാത്തതാണ്. മൂന്നുമാസമായി അവിടത്തെ വാദ്ധ്യാന്മാർക്കു് ശമ്പളം കൊടുത്തിട്ടില്ലായെന്നു പറയുന്നതു് ശരിയാണെന്നു തോന്നുന്നില്ല. അങ്ങിനെയാണെങ്കിൽ അതിൽ ഭരണപരമായ ഏതെങ്കിലും ചില ദുർഘടങ്ങൾ ഉണ്ടായിരിക്കാം. ഏതായാലും ആ കാര്യത്തെക്കുറിച്ചു് അന്വേഷിക്കാം.

പിന്നെ ഇവിടെ ചിലർ പറഞ്ഞതു് ഈ കാര്യം കാര്യക്ഷമതയോടുകൂടി നടത്തുന്നതിന് ഒരു നല്ല ആഫീസറെ നിയമിക്കണമെന്നാണ്.

[ശ്രീ. എ. താണുപിള്ള]

കോൺഗ്രസ്സുകാരും ഈ കാര്യം പറയുകയുണ്ടായി. അതിനോടു ഞാൻ യോജിക്കുന്നു. ആ കാര്യത്തിനുവേണ്ടിയാണ് ശ്രീ. ആര്യനായകത്തെയും മററും ഞാനിവിടെ വരുത്തിയതു്. ഈ കാര്യത്തെക്കുറിച്ചു നല്ലതുപോലെ അറിയാവുന്നവരുമായി വേണ്ടവിധം ആലോചിച്ചു പ്രവർത്തിക്കണമെന്നു കരുതിയാണ് ഞാൻ അദ്ദേഹത്തെ വരുത്തിയതു്. അതല്ലാതെ ഇതിൽ ദുരുദ്ദേശമൊന്നുമില്ല. ഈ പദ്ധതി വിജയകരമായി പ്രവർത്തിക്കുന്നതിന് പ്രാപ്തിയുള്ള ഒരു ഉദ്യോഗസ്ഥനെ നിയമിക്കുന്നതാണ്. അതിനുതക്ക ഉദ്യോഗസ്ഥൻ നമ്മുടെ നാട്ടിലില്ലെങ്കിൽ വെളിയിൽ നിന്നെങ്കിലും കൊണ്ടുവന്നു് കാര്യം ഭംഗിയായി നിർവഹിക്കണമെന്നാണ് ഗവണ്മെൻറ് ഉദ്ദേശിക്കുന്നതു്. പിന്നെ മറെറാന്നു പറയുവാനുള്ളതു് ഇതു് ഒരു ദിവസംകൊണ്ടോ, ഒരു മാസംകൊണ്ടോ, ഒരു കൊല്ലംകൊണ്ടോ രാജ്യം മുഴുവനും നടപ്പാക്കാൻ സാധിക്കുകയില്ല എന്നതാണ്. അതിനു കുറെ സമയം വേണം. ആ വിധത്തിൽ നോക്കിയാലും ഇതിൽ തെറെറാന്നും ഇല്ല. പിന്നെ എല്ലാവരും ഇതിൻെറ തത്വത്തെ സ്വീകരിക്കുന്നു, ഇന്നത്തെ രീതി മാററണമെന്നും പറയുന്നു. ഇന്നത്തെ രീതി മാററിയിട്ടു വേറെ എന്തു വേണമെന്നു് അവർ പറയുന്നില്ല. ഇന്നത്തെ രീതി മാററിയിട്ടു് വെറുതെ കയ്യുംകെട്ടി ഇരുന്നാൽ ഒന്നും നടക്കുകയില്ല. അതിന് പുതിയതായി എന്തെങ്കിലും നല്ല കാര്യങ്ങൾ പരീക്ഷിച്ചു നോക്കുകതന്നെവേണം. അതിനാൽ ഈ പ്രമേയത്തെ എല്ലാവരും അനുകൂലിക്കണമെന്നു് അപേക്ഷിക്കുന്നു.

Mr. Speaker: The question is that "that the system of basic education should be introduced in the State in the place of the present system". The motion was declared carried.

Shri T. P. Sitaraman: Sir, I demand a poll.

A poll was taken, when the House divided as follows:—

AYES : 65

1 Shri P. K. Abdul Khadir
2 ,, K. C. Abraham
3 ,, A. Achuthan
4 ,, V. K. Achutha Menon
5 ,, J. Alexander Parambithara
6 ,, J. A. Bhatt
7 ,, M. A. Antony
8 ,, K. Balakrishnan
9 ,, K. K. Balakrishnan
10 ,, T. O. Bava
11 ,, B. B. Pandarathil
12 ,, Prakkulam Bhasi
13 ,, M. Bhaskaran Nair
14 ,, N. G. Chacko
15 ,, A. C. Chacko
16 ,, N. Chandrasekharan Nair
17 Shri M. P. Chandrasekharan Pillai
18 ,, K. Chandrasekhara Sastri
19 ,, K. M. Chandy
20 ,, M. V. Cheriyan
21 ,, D. Damodaran Potti
22 ,, T. K. Divakaran
23 ,, K. M. George
24 ,, K. P. Gopala Menon
25 ,, Panampilli Govinda Menon
26 ,, K. P. Hormis
27 ,, Idiculla Idiculla
28 ,, A. J. John
29 ,, V. J. Joseph
30 ,, K. Karunakaran
31 ,, P. Kesava Menon

32 Shri T. T. Kesavan Sastry
33 ,, C. Kochukunju
34 ,, K. Kochukuttan
35 ,, K. M. Korah
36 ,, P. R. Krishnan
37 ,, K. Krishna Pillai
38 ,, K. S. Krishnan Sastry
39 Dr. N. K. Kumaran
40 Shri P. Kunjan
41 ,, K. Manjanatha Prabhu
42 ,, P. M. Markose
43 ,, M. M. Mathai
44 ,, C. A. Mathew
45 ,, N. Narayana Kurup
46 ,, K. Narayana Kurup
47 ,, Chengarappalli P. Narayanan Potti
48 ,, P. S. Nataraja Pillai
49 ,, V. P. Parameswaran Nambudiri
50 Shri N. Parameswaran Pillai
51 Dr. A. R. Menon
52 Shri C. K. Ramachandran Nair
53 ,, P. J. Sebastian
54 ,, V. V. Sebastian
55 ,, T. P. Sitaraman
56 ,, K. A. Sivarama Bharathy
57 ,, A. Thanu Pillai
58 ,, K. T. Thomas
59 ,, P. S. Vasudevan Pillai
60 ,, K. I. Velayudhan
61 ,, Kalathil Velayudhan Nair
62 ,, T. M. Varghese
63 ,, P. Viswambaran
64 ,, P. K. Yasodharan
65 ,, A. A. D. Luiz

NOES 28.

1 Shri P. V. Avira Tharakan
2 ,, C. C. Ayyappan
3 ,, K. A. Balan
4 ,, R. Balakrishna Pillai
5 ,, P. Bhaskaran Nair
6 ,, Thoppil Bhaskara Pillai
7 ,, P. K. Chathan
8 ,, K. C. George
9 ,, P. Gopalan
10 Sry. K. R. Gouri
11 Shri Joseph Mundassery
12 ,, Thalekkare K. Krishnan
13 ,, P. K. Kunjachan
14 ,, Kuttappan Koickal
15 Shri P. R. Madhavan Pillai
16 ,, T. A. Majeed
17 ,, N. Neelakantaru Pandarathil
18 ,, M. P. Menon
19 ,, R. Prakasam
20 ,, P. Ravindran
21 ,, C. G. Sadasivan
22 ,, R. Sankaranarayanan Thampi
23 ,, V. Sreedharan
24 ,, R. Sugathan
25 Dr. P. K. Sukumaran
26 Shri T. V. Thomas
27 ,, C. K. Viswanathan
28 ,, D. Vivekanandan

Neutrals Nil

Mr. Speaker: For the motion 65, against the motion 28, neutral nil. The motion is carried.

The motion was carried.

3 P. M.] **Mr. Speaker:** We will next proceed to Legislative Business.

LEGISLATIVE BUSINESS.

THE LEGISLATIVE ASSEMBLY OF TRAVANCORE-COCHIN (REMOVAL OF DISQUALIFICATIONS) AMENDMENT BILL.

Chief Minister **(Shri A. Thanu Pillai)**: Sir, I beg to present the report of the Select Committee on the Legislative Assembly of Travancore-Cochin (Removal of Disqualifications) Amendment Bill and move that the Bill, as reported by the Select Committee, be taken into consideration.

Minister for Finance **(Shri P. S. Nataraja Pillai)**: I second it.

The question that the Legislative Assembly of Travancore-Cochin (Removal of Disqualifications) Amendment Bill as reported by the Select Committee be taken into consideration, was put and carried.

Clause 2.

The question that Clause 2 stands part of the Bill, was put and carried.

Clause 2 was added to the Bill.

Clause 1.

The question that Clause 1 stands part [of the Bill, was put and carried.

Clause 1 was added to the Bill.

Preamble and Title.

The question that the Preamble and Title stand part of the Bill, was put and carried.

The Preamble and Title were added to the Bill.

Shri A. Thanu Pillai: Sir, I move that the Bill be finally passed.

Shri P. S. Nataraja Pillai: I second it.

The question that the Bill be finally passed, was put and carried.

The Bill was passed.

THE TRAVANCORE-COGHIN AGRICULTURAL INCOME TAX (AMENDMENT) BILL.

Minister for Finance **(Shri P. S. Nataraja Pillai)**: Sir, I beg to introduce the Travancore-Cochin Agricultural Income Tax (Amendment) Bill.

Minister for Works and Transport **(Shri A. Achuthan)**: I second it.

Mr. Speaker : The Bill stands introduced.

Shri P. S. Nataraja Pillai : Sir, I move that the Travancore-Cochin Agricultural Income Tax (Amendment) Bill be taken into consideration.

Shri A. Achuthan : I second it.

Shri P. S. Nataraja Pillai : Sir, The rates of Agricultural Income-tax and Super-tax prescribed under the Travancore-Cochin Agricultural Income-tax Act, 1950 are low when compared to those prevalent in the Travancore area before the commencement of the Act and also those under the Indian Income-tax Act. In order to augment the revenues of the State it has been considered that a slight increase in the rates of Agricultural Income-tax and Super-tax will be fully justified, and it has accordingly been proposed to increase the rates of Agricultural Income-tax by bringing it on a par with the rates in force in the Travancore area at the time of the commencement of the new Act, and in the case of Super-tax to increase the existing rates by 6 pies in every slab of income and in the company rate.

Sir, The rates of Agricultural Income-tax prescribed under Parts I and II of the Schedules appended to the Agricultural Income-tax Act of 1950 are low when compared to those prevalent as per the Repealed Travancore Income-tax Act. For the first slab of Rs. 1,500, there is no rate prescribed. But in the Act of 1950, any income below Rs. 3,000 is not taxable. For the next slab of Rs. 3,500, the present rate according to the amended Act is 9 pies and under the old Act it was 10 pies. Now the proposal is to increase it to 10 pies. Under the old Act, for the next Rs. 5,000 it was 1 anna 9 pies. It was reduced to 1 anna 6 pies. For the next Rs. 5,000 also under the old Act, the rate was 2 annas 10 pies. The existing rate is 2 annas 6 pies. The present Bill proposes to revise it so as to bring it on a par with the rates which were prevalent before the amending Act of 1951. That is the general purport of this Bill.

The rates of Super-tax under the Travancore-Cochin Agricultural Income-tax Act of 1950 are also much less than the previous rates and the Indian Income-tax rates. The slabs prescribed as per the Schedule (*vide* Government Notification dated 15th August 1949) under the Repealed Travancore Income-tax Act cannot coincide with the slabs prescribed under the present Agricultural Income-tax Act. I shall give the two rates, the new as well as the old. As per the old rates of earned income (it refers to Super-tax), the earned rate is Rs. 1,770-13-4 for the next Rs. 15,000 above Rs. 25,000 and the average of earned and unearned rates for the above Rs. 15,000 is Rs. 2,122-6-6. The Super-tax under the Indian Income-tax Act for the above corresponding taxable income works at Rs. 2,812-8-0. When worked out at the slab proposed here, it is only Rs. 1,406-4-0. That will be the difference when compared with the Income-tax rate.

The total number of persons inclusive of companies in the Travancore-Cochin State whose income goes above Rs. 3,000 and

[Shri P. S. Nataraja Pillai]

who are liable to assessment to Agricultural Income-tax works out to 7310 only. The figures for 1952-53 and 1953-54 are higher than the above, for these include persons whose income goes above Rs. 2000 and who are liable to assessment under the previous Acts. The arrear assessments of previous years pending under the old Acts are expected to be cleared very soon when the total number of assessees will be reduced to 7310. An analysis of the assessees was made, and the number of assessees in each grade of income is as follows:—

		No.
No. of assessees whose total income is below Rs. 5,000	..	4223
No. of assessees whose total income is between Rs. 5,001 and Rs. 10,000	..	2269
Do. between Rs. 10,001 and Rs. 15,000	..	355
Do. between Rs. 15,001 and Rs. 20,000	..	174
Do. do. Rs. 20,001 and Rs. 25,000	..	56
Do. over Rs. 25,000	..	133
		7210
Companies	..	100
Total	..	7310

So, the higher slab which is proposed for the Super-tax affects only a very small proportion of the agriculturists. We have liberalised the provision for the undivided families of Makkathayam and Marumakkathayam and they get a special concession, and the burden of their taxation to a certain extent is reduced. In these circumstances, Sir, I hope the House will accept the Amendment Bill as presented before the House. Only those who have the capacity to pay are proposed to be taxed. We have exempted people who have a net-income of Rs. 250 per month. Up to Rs. 3000, no tax is payable. So, the minimum of Rs. 3000 fixed, I think, is fair to the conditions of the country.

Shri A. J. John: May I know the assessable minimum under the Indian Income-tax Act? Is it not Rs. 4,200?

Shri P. S. Nataraja Pillai: I am not in a position to say now.

Shri Panampilli Govinda Menon: It is Rs. 4,200.

Shri P. S. Nataraja Pillai: It may be Rs. 4,200. We are not changing the rate proposed so far as the assessable figure is concerned. In the Travancore-Cochin State the old rate is being kept on. What is proposed is only the changing of rates as far as the schedule is concerned. What I was saying was that when the tax is proposed on net income, the taxable minimum fixed is also sufficiently high, and besides, the other factor should also be thought of. That is, in the case of the settlement of Agricultural Income-tax, it was

based on the productive net income earned from the land. That system of taxation was wholly abandoned and seigniorage tax of a very low order is being prescribed. So, the land-holders as a class are taxed only on their real earning, that is, on their net income. That is a fair method of approach. I am not unaware of the other fact. In Cochin, there is some disparity in the case of land tax. But Government propose to give relief to Cochin agriculturists by extending the basic tax which is prevalent in Travancore. Therefore, Sir, in that aspect too, the present Bill is acceptable to the House as it equalises the effect of taxation on all people alike. I move, Sir, that the Bill be taken into consideration at once.

Shri R. Sankaranarayanan Tampi: Sir, I move an amendment........

Shri Panampilli Govinda Menon: Amendments can be moved only after the motion before House is put.

Mr. Speaker: Yes.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സർ, ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ബഡ്ജററ് അവതരിപ്പിച്ചുകൊണ്ട് ചെയ്ത പ്രസംഗത്തിൽ തന്നെ, കാർഷികാദായ നികുതിയിൽ ചില ഭേദഗതികൾ വരുത്താൻ ഒരു ബില്ല് കൊണ്ടുവരുന്നതാണെന്ന് അറിയിച്ചിരുന്നു. ഒന്നരക്കോടി രൂപയോളം കമ്മിയുള്ള ഒരു ബഡ്ജററിന്റെ കമ്മി നികത്തുന്നതിന് ആവശ്യമായ ഒരു ബില്ലാണ് ഇതെന്നു പറയാൻ നിവൃത്തിയില്ല. എന്തുകൊണ്ടെന്നാൽ ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയുടെ വിശദീകരണത്തിൽ നിന്നും ബഡ്ജററ് പ്രസംഗത്തിൽ നിന്നും തന്നെ ഞങ്ങൾ മനസ്സിലാക്കിയിട്ടുള്ളത് ഇതിൽ നിന്നും ഉദ്ദേശിക്കുന്ന കൂടുതൽ വരവ് പത്തുലക്ഷം രൂപയോളം മാത്രം ആണെന്നാണ്. ഒന്നരക്കോടി രൂപ കമ്മിയുള്ള ഒരു ബഡ്ജററിൽ ആ കമ്മി നികത്താൻവേണ്ടി പത്തുലക്ഷം രൂപ കൂടുതൽ വരുമാനം ഉണ്ടാകുമെന്നു പ്രതീക്ഷിക്കുന്നതായ ഒരു ബില്ല് കൊണ്ടുവരുന്നത് ബഡ്ജററിലെ കമ്മി നികത്തണമെന്ന ഉദ്ദേശത്തോടുകൂടിയാണെന്നു വിചാരിക്കാൻ നിവൃത്തിയില്ല. കാർഷികാദായ നികുതി ഈ സ്റ്റേററിന്റെ നികുതിയുടെ ഘടനയിൽ ഒരു ഭാഗമായിത്തീർന്നിട്ടുണ്ട്. മററു പല രാജ്യങ്ങളിലും കാർഷികാദായ നികുതിയില്ലെങ്കിലും കാർഷികാദായനികുതി കൊണ്ടുവരാൻ ഉള്ള ലക്ഷണങ്ങളും കാണുന്നുണ്ട്. ഈ കാർഷികാദായനികുതി സ്റ്റേററിൽ നടപ്പിൽ വരുത്തുമ്പോൾ ഈ സ്റ്റേററിനെ സംബന്ധിച്ച് ധനകാര്യമന്ത്രി മനസ്സിൽ വച്ചിട്ടുള്ള ചില തത്വങ്ങൾ ഉണ്ട് എന്നെനിക്കു തോന്നുന്നുണ്ട്. നികുതിയുടെ സമാനമായ നിപാതം (Equal incidence of taxation) നോക്കേണ്ടതായിട്ടുണ്ട്. ഇന്ന് സ്റ്റേററ് ഗവണ്മെന്റിന് കൃഷിയിൽ നിന്നുള്ള ആദായമല്ലാതെ മററാദായങ്ങളിൽ നികുതി ചുമത്തുവാൻ അവകാശമില്ലാതെയാണിരിക്കുന്നത്. മററാദായങ്ങളിൽ നികുതി ചുമത്തുന്നതിനുള്ള അധികാരം ഭരണഘടന അനുസരിച്ച് സെൻട്രൽ ഗവണ്മെന്റിനാണ്. എന്നിരുന്നാലും സ്റ്റേററിനകത്തു കൃഷിയുടെ ആദായംമാത്രം എടുക്കുന്നതുകൊണ്ട് കൃഷിമാത്രം തൊഴിലായി സ്വീകരിച്ചിട്ടുള്ള ആളുകളിൽ ആ കൃഷി ഉപേക്ഷിച്ച് മററു തൊഴിൽ സ്വീകരിച്ചാലേ നികുതിയുടെ ഭാരം കുറയ്ക്കാൻ സാധിക്കയുള്ളു എന്നുള്ള നില വരരുത്. ഇൻഡ്യാ ഗവണ്മെന്റിന്റെ കമ്പൽസറി

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

ഇൻകംടാക്സ് അസ്സസ്സബിൾ മിനിമം എന്താണെന്ന് ഇവിടെ പരിശോധന നടത്തി. അതു് ഇപ്പോൾ നാലായിരത്തി ഇരുനൂറു രൂപയാണ്. അതിന്റെ അർത്ഥം ഇതാണ്. സർ, ഈ സ്റ്റേററിൽ കൃഷിയല്ലാതെ വേറെ ഏതെങ്കിലും തൊഴിൽ ചെയ്തു് ഉപജീവനം കഴിക്കുന്ന ഒരാൾക്കു് 350 രൂപയിൽ കുറവായിട്ടുള്ള വരവാണെങ്കിൽ അയാൾ നികുതി കൊടുക്കേണ്ട. സക്കാർ ഉദ്യോഗസ്ഥന്മാരും കച്ചവടക്കാരും വക്കീലന്മാരും ഡാക്കുറന്മാരും എൻജിനീയറന്മാരുമായി കൃഷിയല്ലാത്ത ഉപജീവനമാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുള്ള ജനങ്ങൾക്കു് പ്രതിമാസം 350 രൂപവരെ നികുതി കൊടുക്കാതെ സമ്പാദിക്കാം. അതാണ് ഇന്നത്തെ നില. ഇൻഡ്യാഗവണ്മെൻറു 350 രൂപായോ അതിൽ കൂടുതലോ രൂപ വരുമാനമുണ്ടെങ്കിൽ മാത്രമേ നികുതി വസൂലാക്കുകയുള്ളു. അങ്ങിനെ പോരാ, അതിൽ കുറഞ്ഞ വരുമാനമുള്ളവരിൽ കാർഷികാദായനികുതി ചുമത്താൻ പാടില്ല എന്നു ഞാൻ പറയുന്നില്ല. കാൺസ്റ്റിററ്യൂഷൻ അനുസരിച്ചു് അതിനുള്ള അധികാരം ഈ ഗവണ്മെൻറിനു ഉപയോഗിക്കാമോ? 350 രൂപയ്ക്കുമേൽ ഹയർ ഇൻകംടാക്സ് ചുമത്തുന്നതിൽ തെററില്ല എന്നാണ് ഞാൻ പറയുന്നതു്. വരുമാനമുള്ള കൃഷിക്കാരെപ്പററി ഞാൻ പറയുന്നില്ല. അവരുടെ മേൽ കൂടുതൽ നികുതി ചുമത്തുന്നതിനെ ഞാൻ ആക്ഷേപിക്കുന്നില്ല. അതിനെ അനുകൂലിക്കുവാൻ ഞങ്ങൾ ഒരുക്കമാണ്. പക്ഷേ, ഈ ചെറിയ വരുമാനമുള്ള ആളുകൾക്കു് മൂവായിരത്തിനു മീതേ അയ്യായിരം രൂപയിൽ താഴെയുള്ള വരുമാനമുള്ളവരിൽ നിന്നും കൂടുതൽ നികുതി ഈടാക്കുന്ന സമ്പ്രദായം ആവശ്യമാണോ എന്നു് ആലോചിക്കണമെന്നു് ഞങ്ങൾ പറയുകയാണ്. ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയുടെ പ്രസംഗത്തിൽ നിന്നു ഞാൻ അപ്പോൾ ഗ്രഹിച്ചതു അദ്ദേഹത്തിന്റെ ഉദ്ദേശം ഉയന്ന വരുമാനമുള്ളവരിൽ നിന്നുമാത്രം നികുതി വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു എന്നാണ്. അങ്ങനെ അന്നു പ്രസംഗിച്ചതിനു ശേഷം ഇപ്പോൾ അതു കൂട്ടാൻ ഉദ്ദേശിക്കുന്നതു് എന്തുകൊണ്ടാണെന്നു് വ്യക്തമാക്കിയിട്ടില്ല. അന്നത്തെ പ്രസംഗത്തെപ്പററി ചർച്ച നടത്തിയ സന്ദർഭത്തിൽ കാർഷികാദായ നികുതി ഉയർന്ന വരുമാനമുള്ളവരിൽ നിന്നും കൂടുതലായി ഈടാക്കുമെന്നു പറഞ്ഞു എന്നാണ് ഞാൻ അന്നു ഗ്രഹിച്ചതു്. മൂവായിരം രൂപയോ മൂവായിരത്തി അഞ്ഞൂറു രൂപയോ നാലായിരം രൂപയോ വരുമാനം ഉള്ളവരിൽ നിന്നും നികുതി ഈടാക്കരുതു്. കാരണം, "They belong neither to the middle class nor to the lower middle class."

അങ്ങിനെയുള്ള ആളുകളുടെമേൽ നികുതി ചുമത്തുന്നതു രണ്ടു മൂന്നു വിധത്തിൽ അവരുടെ ഭാരം കൂട്ടലാണ്. അവർക്കു കൃഷിയല്ലാ, മററു വല്ല തൊഴിലുമാണെങ്കിൽ അവർ നികുതി കൊടുക്കേണ്ട. കൃഷിചെയ്യുന്നതിൽ വല്ല തെററുമുണ്ടോ? കൃഷിചെയ്യുന്ന ഒരുത്തൻ 300 രൂപ ആദായമുണ്ടാക്കുകയും കൃഷിയല്ലാതെ മററു തൊഴിൽകൊണ്ടു് 300 രൂപ വരുമാനമുണ്ടാക്കുകയും ചെയ്താൽ കൃഷിചെയ്തു് 300 രൂപ ആദായമുണ്ടാക്കിയവന്റെ മേൽ കാർഷികാദായനികുതി ചുമത്തുകയും കൃഷി ചെയ്യാത്തവനെ വിടുകയും ചെയ്യുന്നു. ഇതാണ് inequitable taxation. അതേപ്പററി ഗവണ്മെൻറാലോചിച്ചിട്ടുണ്ടോ? എന്നാൽ ഇതു ചർച്ചയ്ക്കു എടുക്കുമ്പോൾ മിനിമം മൂവായിരത്തിൽ നിന്നും നാലായിരമായി ഉയർത്തണമെന്നു്

ഞങ്ങൾ ആവശ്യപ്പെടുകയല്ല. മൂവായിരംതൊട്ടു് അയ്യായിരം വരെ ഇപ്പോൾ വച്ചിരിക്കുന്ന ഫസ്റ്റ് സ്ലാബ് നികുതി 50 രൂപ എന്നുള്ളതു ധാരാളമാണു്. അതുയർത്തരുതു്. അതുയർത്തുന്നതിനുള്ള ആലോചന വളരെ ദോഷം ചെയ്യുന്നതാണു്. ആ ദോഷങ്ങളും വിഷമങ്ങളും എന്താണെന്നു പറയാം.

കാർഷികാദായം ലഭിക്കുന്ന ഉൽപ്പന്നങ്ങൾക്കു് ഇന്നു വില കുഞ്ഞിട്ടുണ്ടു്. നിർഭാഗ്യവശാൽ ജീവിതത്തോതു് താണുവരുന്നുമില്ല. മാത്രമല്ലാ, കർഷകനു് ഇന്നാവശ്യമുള്ള ഉപഭോഗവസ്തുക്കൾ മുഴുവൻ തന്നെ പുറരാജ്യങ്ങളിൽ നിന്നു വന്നുചേരേണ്ടതാണു്. അതിനു വില കുറഞ്ഞിട്ടില്ല. അതേ സമയം അവന്റെ വരുമാനം കുറഞ്ഞിട്ടുണ്ടു്. ആ അവസരത്തിൽ അവന്റെ നികുതി കൂടുതലാക്കുന്നതു് കർഷകരോടു സ്നേഹം കാണിക്കുന്ന സ്നേഹിതന്മാർക്കും സന്മനോഭാവം കാണിക്കുന്ന ഒരു ഗവണ്മെന്റിനും ഉചിതമല്ല. ഉതകിയതുമല്ല. ഞാൻ ഇപ്പോൾ എഴുന്നേററുനിൽക്കുന്നതു് ഒരു അഭ്യർത്ഥന ചെയ്യാൻ വേണ്ടിയാണു്. അതായതു് മൂവായിരം തൊട്ടു് അയ്യായിരം വരെയുള്ള ആദായം ലഭിക്കുന്നവരുടെ നികുതി കൂട്ടരുതു്. സാധാരണ ഇത്രയും വരുമാനമുള്ളവർ അഞ്ചോ ആറോ അംഗങ്ങൾ ഉള്ള കുടുംബങ്ങളാണു്. അഞ്ചോ ആറോ അംഗസംഖ്യയുള്ള ഒരു കുടുംബത്തിനു് 250 രൂപ വരുമാനമുണ്ടെങ്കിൽ അയാൾ തന്റെ ചെലവും കഴിച്ചു നികുതി കൊടുക്കുന്നതിനു കഷ്ടപ്പെടുന്നു. അതു് കൂട്ടരുതു്. അതാണു് ഞങ്ങൾ ആവശ്യപ്പെടുന്നതു്.

ഒരു കൊല്ലം മുമ്പു് തിരുവിതാംകൂറിൽ തോട്ടങ്ങളിലെ തൊഴിലാളികൾക്കു് ചുരുങ്ങിയ കൂലി എന്താണെന്നു നിശ്ചയിക്കുന്നതിനു് ഗവണ്മെന്റിൽ നിന്നും പ്രൊഫസർ വി. ആർ. പിള്ളയുടെ അദ്ധ്യക്ഷതയിൽ ഒരു കമ്മിററി നിയമിക്കയുണ്ടായി. ആ അന്വേഷണക്കമ്മിററിയുടെ റിപ്പോർട്ടിൽ നിന്നു തെളിയുന്നതു വളരെ ബെയർ മിനിമം റിക്വയർമെൻസിനു കഷ്ടിച്ചു് ദേഹവും ദേഹിയും കിടക്കുന്നതിനു് ആവശ്യമായ കാര്യങ്ങൾ നിർവഹിക്കുന്നതിനു് ആ തൊഴിലാളികൾക്കു് 90 മുതൽ 95 രൂപവരെ വേണമെന്നാണു്. ആ റിപ്പോർട്ടിൽ ജീവിതച്ചെലവിന്റെ കാര്യം സൂക്ഷ്മമായി അന്വേഷിച്ചിട്ടില്ല എന്നു് ആക്ഷേപങ്ങൾ ഉണ്ടായിട്ടുണ്ടു്. അതുകൊണ്ടു് ഈ കൃഷിക്കാരുടെ കാര്യത്തെപ്പററി കൂടി ആലോചിക്കണം. തൊഴിലാളിക്കും ഉദ്യോഗസ്ഥനും ഇന്നു് ഗാറന്റീഡ് ഇൻകമാണു് ലഭിക്കുന്നതു്. പക്ഷേ, കൃഷിക്കാരനു് പല വിധത്തിലുള്ള ഭാഗ്യവിപര്യയത്താൽ ചിലപ്പോൾ കൃഷിനാശം വരും, ചിലപ്പോൾ കന്നുകാലികൾ ചത്തുപോകും, ഇങ്ങനെയെല്ലാം സംഭവിക്കാനിടയുണ്ടു്. അതുകൊണ്ടു് അങ്ങനെ നിയന്ത്രിക്കാൻ ആലോചിക്കുമ്പോൾ മിനിമം 250 രൂപ മുതൽ 400 രൂപ വരെ പ്രതിമാസം വരവുള്ളവരുടെ നികുതി കൂടുതൽ വർദ്ധിപ്പിക്കരുതു്.

രണ്ടാമത്തു് ഈ നിയമസഭയിൽ ഒരു ലാൻഡ് ടാക്സ് ബിൽ കൊണ്ടുവന്നിട്ടുണ്ടു്. അതു് തിരുവിതാംകൂറിലുള്ള ബേസിക് ടാക്സ് സിസ്ററം കൊച്ചിയിലേക്കും നീട്ടുന്നതിനുവേണ്ടിയാണു്. ഒന്നുതെററിയാൽ രണ്ടു തെററം, രണ്ടു തെററിയാൽ മൂന്നു തെററം ഇങ്ങനെ 1950-ൽ ഈ സിസ്റ്റം കൊച്ചിയിൽ കൂടി വ്യാപിപ്പിക്കാൻ വേണ്ടി ഒരു ബിൽ കൊണ്ടുവന്നു. ആ ബില്ലിന്റെ ആലോചനാവേളയിൽ കൊച്ചിയിൽ നിന്നു വന്ന ഒന്നു രണ്ടംഗങ്ങൾ അതങ്ങോട്ടു വ്യാപിപ്പിക്കരുതെന്നു പറഞ്ഞു.

മി. സ്പീക്കർ: ഇനി ഒന്നരമണിക്കൂറുണ്ട്. സപ്ലിമെന്ററി ഡിമാൻഡിനെപ്പറ്റിയുള്ള ഡിസ്കഷൻ വേണമെങ്കിൽ ഇനി നടത്താം.

ശ്രീ. ടി. എ. തോമസ്: ഇൻകംടാക്സ് ബില്ലിനെപ്പറ്റിയുള്ള വിമർശനങ്ങൾ കഴിഞ്ഞിട്ട് സപ്ലിമെന്ററി ഡിമാൻഡ് എടുത്താൽ മതിയെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സർ, തിരുവിതാംകൂറിലെ ബേസിക് ടാക്സ് കൊച്ചിയിലേയ്ക്കും ബാധകമാക്കത്തക്ക നിലയിൽ കൊണ്ടുവന്ന ആ ബില്ല് ചില ആളുകളുടെ ആക്ഷേപങ്ങളുടെ ഫലമായി തള്ളികളഞ്ഞു. എന്റെ കണക്ക് ശരിയാണെങ്കിൽ കൊച്ചിയിൽ നിന്നും ലാൻഡ് റവന്യൂ ആയി ലഭിക്കുന്നതു് 12 ലക്ഷം രൂപയാണ്. ബേസിക് ടാക്സ് അതിനോടു പൂർപ്പെടുത്തിയാൽ 8 ലക്ഷം രൂപയായി കുറയും. അങ്ങനെ കൊല്ലംതോറും 1949-ലെ സംയോജനത്തിനു ശേഷം കൊച്ചിയിലെ നികുതിദായകന്മാർ 4 ലക്ഷം രൂപ കൂടുതൽ സ്റ്റേറ്റ് ലെവ്യൂ കൊടുത്തുവരികയാണ്. 1950-ൽ കൊണ്ടുവന്ന ബില്ല് തള്ളിപ്പോയതിനു ശേഷം ജനറൽ ഇലക്ഷൻ കഴിഞ്ഞു് 1952-ൽ വീണ്ടുമൊരു ബില്ലുകൊണ്ടുവന്നു. ആ ബിൽ ഗവണ്മെന്റിൽനിന്നവതരിപ്പിച്ചു് സെലക്ട് കമ്മിറ്റിയിലേക്കയച്ചു. സെലക്ട് കമ്മിറ്റി അതു ആലോചിച്ചുകൊണ്ടിരുന്ന അവസരത്തിൽ നിയമസഭ പിരിച്ചുവിട്ടു. അങ്ങനെ രണ്ടു പ്രാവശ്യം ഗവണ്മെന്റു ചെയ്ത ശ്രമം സഫലമായില്ല. ഇപ്പോഴും ലാൻഡ് ടാക്സ് ബിൽ കൊണ്ടുവന്നിട്ടുണ്ട്. ആ ബിൽ ഇപ്പോൾ ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഭൂനയബില്ലുകളോടു കൂടി കൊണ്ടുവന്നിരിക്കുകയാണ്. അതിനാൽ കൊച്ചിയിലെ ആളുകൾക്ക് ഇതു കൊണ്ടു് ഉടനടി ഗുണമുണ്ടാകുകയില്ല. ബിൽ പാസാകുന്നതിനു് കാലതാമസം വന്നേക്കാം. കൊച്ചിയിലെ ആളുകൾക്ക് ഉടനെ ഗുണംകിട്ടാത്തപക്ഷം അതു പ്രകടമായ ഒരു അനീതിയാണെന്നുള്ളതിനു രണ്ടുപക്ഷമില്ല. ഈ നിയമസഭയിൽ തന്നെ ലാൻഡ് ടാക്സ് ബിൽ പാസ്സാകുന്നില്ലെങ്കിൽ ഉടനെ ഒരു ഓർഡർ മൂലമോ അല്ലെങ്കിൽ ഓർഡിനൻസു മൂലമോ അതു നടപ്പാക്കണം; അതുകൊണ്ടു് ബഹുമാനപ്പെട്ട ഗവണ്മെന്റിനോടു രണ്ടപേക്ഷകളാണു ഞാൻ ചെയ്യുന്നതു്. ഒന്നാമതു് ബേസിക് ടാക്സ് ഓർഡർ മുഖേനയോ അല്ലെങ്കിൽ ഓർഡിനൻസ് മുഖേനയോ കൊച്ചിയിലേക്കും കൂടി വ്യാപിപ്പിക്കണം. രണ്ടാമതു 3000 മുതൽ 5000 വരെ രൂപ ആണ്ടിനാൽ വരവുള്ള കൃഷിക്കാർക്ക് നികുതി കൂട്ടുന്നതിനുള്ള ശ്രമം ഉപേക്ഷിക്കണം. അതുകൊണ്ടു് എന്റെ ഈ അഭിപ്രായങ്ങൾ എല്ലാവരും പിൻതാങ്ങണമെന്നു് അപേക്ഷിക്കുന്നു.

ശ്രീ. കെ. മഞ്ജുനാഥപ്രഭു: സർ, ഇതിനെപ്പറ്റി ഒരു വാക്ക് എനിക്കു പറയുവാനുണ്ട്. കൊച്ചിയിൽ അഗ്രികൾച്ചറൽ ഇൻകംടാക്സ് ചുമത്തിയിരിക്കുന്നതു് കൂടുതലാണെന്നൊരഭിപ്രായം ഇവിടെ ഉണ്ടായി. അതു ശരിയാണെന്നു തോന്നുന്നില്ല. കൊച്ചിയിൽ ഇപ്പോൾ കൊടുക്കുന്ന ലാൻഡ് റവന്യൂ കൂടുതലായതുകൊണ്ടു് ആ ചിലവുകൂടത്തള്ളി ബാക്കി വരുന്ന തുകയ്ക്കുമാത്രമേ ഇൻകംടാക്സ് ചുമത്തുന്നുള്ളു. ഇതു് കൊച്ചിക്കാർക്കു് ലാഭകരമാണ്. തിരുവിതാംകൂറിൽ ലാൻഡ് ടാക്സ് വളരെ കുറച്ചു മാത്രമായതുകൊണ്ടു് ഇൻകംടാക്സ് കൂടുതൽ കൊടുക്കേണ്ടതായിവരും. വരവു കുറവുള്ള ആളുകൾക്കു് ടാക്സ് കുറയ്ക്കണമെന്നുള്ള അഭിപ്രായത്തോടു ഞാനും യോജിക്കുന്നു.

Shri R. Sankaranarayanan Thampi: Sir, I move an amendment to the motion of the hon. Minister Shri P. S. Nataraja Pillai.

ഈ ബില്ല് ഈ സെഷനിൽത്തന്നെ റിപ്പോർട്ട് സമർപ്പിക്കത്തക്കവണ്ണം ഒരു സെലക്റ്റ് കമ്മറ്റിക്കയയ്ക്കണമെന്നാണ് എന്റെ അഭിപ്രായം. കുറഞ്ഞ നിരക്കിലുള്ള വരവുനങ്ങൾക്കു മേലുള്ള നിരക്ക കൂട്ടണമെന്നുള്ള തത്വത്തോടു ഞങ്ങൾക്കു യോജിപ്പാണുള്ളതു്. ഇപ്പോഴത്തെ ഭേദഗതി ആവശ്യമാക്കിയതു് 1951-ൽ കോൺഗ്രസ്സ് ഗവണ്മെന്റ് മേലെക്കിടയിലുള്ള ആദായക്കാരുടെ നികുതി കുറച്ചു ഷെഡ്യൂൾ ഭേദഗതി ചെയ്തതു നിമിത്തമാണ്. കോൺഗ്രസ്സുകാർ കുറച്ച ആ നിരക്ക് പഴയ നിരക്കാക്കി മാറ്റുകമാത്രമാണ് ഈ ഭേദഗതികൊണ്ടു് ചെയ്തിരിക്കുന്നതു്. കുറഞ്ഞ വരവുകാരെ നികുതിയിൽനിന്നും ഒഴിവാക്കണമെന്നുള്ള പഴുതു് ഈ ബില്ലിൽ തങ്ങിനിൽക്കുന്നതുകൊണ്ടു് ഞാൻ അതിനെപ്പറ്റി പ്രതിപാദിക്കുന്നില്ല. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ഉദ്ധരിച്ച കണക്കുകളിൽനിന്നും ഈ ഭേദഗതികൊണ്ടു് ഷെഡ്യൂളിലെ രണ്ടാമത്തെ ഇനം ആളുകളെയാണ് ഇതു് കൂടുതൽ ബാധിക്കുന്നതു് എന്നു വെളിവാകുന്നു. മറ്റിനങ്ങളിലെ നികുതിയടക്കേണ്ടവരുടെ മൊത്തം സംഖ്യയേക്കാൾ കൂടുതൽ ആളുകൾ രണ്ടാമത്തെയിനത്തിലുണ്ടു്. അതുകൊണ്ടു് ഷെഡ്യൂളിലെ റേറ്റുകൾതന്നെ സാരമായി ഭേദഗതി ചെയ്യേണ്ടതുണ്ടു്. കമ്പനികളുടെമേൽ ചുമത്തിയിട്ടുള്ള നികുതിനിരക്ക് വളരെ കുറവാണ്. ഈ പ്രശ്നങ്ങളെപ്പറ്റി സമഗ്രമായി പ്രതിപാദിച്ചു് ഒരു റിപ്പോർട്ട് ഈ ആഗസ്റ്റ് ഏഴാം തീയതിക്കകം സമർപ്പിക്കത്തക്കവണ്ണം ഒരു സെലക്റ്റ് കമ്മറ്റിയിലേയ്ക്കു് ബില്ല് അയച്ചുകൊടുക്കണമെന്നു് ഞാൻ ആവശ്യപ്പെടുന്നു.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഒറിജിനൽ ബില്ല് ഭേദഗതി ചെയ്യാനുള്ള അവകാശത്തോടുകൂടി സെലക്റ്റ് കമ്മിറ്റിക്കയയ്ക്കണമെന്നാണോ ബഹുമാനപ്പെട്ട മെമ്പർ പറയുന്നതു്.

ശ്രീ. ആർ. ശങ്കരനാരായണൻ തമ്പി: ഒറിജിനൽ ബില്ല് ഭേദഗതി ചെയ്യണമെന്നല്ല; ഇതിന്റെ റേറ്റുകൾ പറഞ്ഞിട്ടുള്ളതു് ഷെഡ്യൂളിലാണ്; ആ ഭാഗംമാത്രം ഭേദഗതിചെയ്താൽ മതിയാകുന്നതാണ്. അതുകൊണ്ടു് താഴെ പേരു പറയുന്ന അംഗങ്ങളടങ്ങിയ ഒരു സെലക്റ്റ് കമ്മിറ്റിക്കു് ഈ ബിൽ അയയ്ക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

Shri M. Bhaskaran Nair
,, K. M. Korah
,, T. O. Bava
,, Prakulam Bhasi
,, Manjanatha Prabhu
,, M. P. Menon
,, K. A. Sivarama Bharathy
,, K. C. George
,, R. Sankaranarayanan Thampi
,, P. S. Nataraja Pillai.

The Committee is to report before the 7th instant, the quorum being five.

Shri P. S. Nataraja Pillai: Sir, I have some facts to be placed before my hon. friends and the House for consideration. Shri K. P. Hormis has tabled an amendment to Clause 2. It reads:

> "In clause 2 of the Bill, the words 'Nine pies in the rupee' shall be substituted for the words "Ten pies in the rupee' against item 2".

That connotes the subject matter of the discussion here. For the last income slab, that is up to five-thousand the present rate is 10 pies and under the present Bill, it is sought to be reduced to nine pies on the specific suggestion that it will cause hardship and make the inequality greater in the lowest slab. From a particular point of view and in view of the existing conditions of the prices of agricultural produce and on behalf of the Government, I am ready to admit that position and Government is ready to accept that amendment. Therefore, and also from what discussion I heard from this side as well as the other, I believe that is a practical suggestion. I feel there is no real necessity at this stage to refer the matter to the Select Committee.

ശ്രീ. ടി. കെ. ദിവാകരൻ: സർ, ഞാൻ ഇതിനെ എതിർക്കുന്നു

Mr. Speaker: I shall give you a chance. Let the Minister finish.

Shri P. S. Nataraja Pillai: That is what I understood from what was debated on the floor of the House and from the trend of the discussion. I understand it is the object behind the reference to the Select Committee. If the exemption is to be increased, that proposition, as was pointed out by the hon. Member opposite, does not come within the purview of the present Bill. The only matter now under discussion in this House is the revision of the Schedule. That is the only matter before the House for consideration. There, what can be done is only to change the rates this side or that. The hardship that was pointed out was about the first slab alone. It is being sought to be revised by the present Bill from 9 to 10 pies, and there is the specific amendment tabled and given notice of to reduce it to 9 pies. On behalf of the Government I may say that the Government has no objection in view of the practical difficulties pointed out in this House to accept this amendment. I think this will serve the purpose which my hon. friend who moved for reference to Select Committee has in view. If the position is conceded, within the next ten or fifteen minutes we may dispose of this legislation so that we can have further opportunities to discuss the matters that come before us. I hope the mover of the amendment and the member who wants the reference to the Select Committee will be kind enough, in view of these facts and the limited time this House has at present, to allow the Bill to be carried so that we may dispose of this matter now.

Shri R. Sankaranarayanan Thampi: Sir, I think the hon. Minister has misunderstood the purpose for which I wanted the Bill to be referred to the Select Committee,

സർ, ബില്ല് സെലക്റ്റ് കമ്മിറ്റിക്ക് അയയ്ക്കേണ്ടതാണെന്ന് ഞാൻ വീണ്ടും അഭിപ്രായപ്പെടുന്നു. മേലെക്കിടയിലുള്ള ആദായക്കാരുടെ നികുതി കുറയുന്നതല്ലെന്ന് ബില്ലുകൊണ്ട് കാണുന്നില്ല. ഇതു സംബന്ധിച്ച് ഞങ്ങളുടെ ഭാഗത്തുനിന്നും ആരും ഭേദഗതി അവതരിപ്പിച്ചിട്ടില്ല. ഷെഡ്യൂളിൽ വേണ്ട മാറ്റം വരുത്തുവാനും നികുതി ആയിരം രൂപവരെ കൂട്ടാനും ഉള്ള അധികാരത്തോടുകൂടി ബില്ല് സെലക്റ്റ് കമ്മിറ്റിക്ക് അയയ്ക്കണമെന്നാണ് ഞാൻ പറയുന്നത്.

ശ്രീ. ടി. കെ. ദിവാകരൻ: സർ, ശ്രീ. ശങ്കരനാരായണൻ തമ്പി ഇവിടെ അവതരിപ്പിച്ചിരിക്കുന്ന മോഷനെ ഞാൻ അനുകൂലിക്കുന്നു. കോൺഗ്രസ്ഭാഗത്തുനിന്നും ശ്രീ. ഹാർമിസ് അവതരിപ്പിക്കാൻ ഉദ്ദേശിക്കുന്ന ഒരു ഭേദഗതി ഗവണ്മെന്റ് സ്വീകരിക്കുന്നുവെന്നു പറയുകയുണ്ടായി. ഭേദഗതി അവതരിപ്പിക്കുന്നതിനു മുൻപ്, ധനകാര്യവകുപ്പുമന്ത്രി ഭേദഗതിയെ സ്വീകരിക്കുന്നുവെന്ന് പ്രസ്താവിക്കുകയാണുണ്ടായത്. അങ്ങനെയാണെങ്കിൽ യഥാർത്ഥത്തിൽ 1500 രൂപ മുതൽ 3500 രൂപവരെ ആദായമുള്ളവർക്കുമാത്രമല്ല, 5000 രൂപയ്ക്കു മുകളിൽ ആദായമുള്ളവർക്കും ഈ ടാക്സേഷൻ സംബന്ധിച്ചിടത്തോളം ലാഭകരമായ ഒരു നിലയാണ് ഉണ്ടാകാൻ സാദ്ധ്യതയുള്ളത്. അതുപോലെതന്നെ 5000-നും, 10,000-ത്തിനും ഇടയ്ക്ക് ആദായമുള്ളവർക്ക് ആദ്യത്തെ 5000-ത്തിനു മാത്രമേ ടാക്സ് കുറവുണ്ടായിരുന്നുള്ളു. എന്നാൽ ആ റേറ്റിനെയും പരാതികളുടെ ഫലമായി കുറച്ചുകൊടുത്തിട്ടുണ്ട്. അങ്ങനെ നിജപ്പെടുത്തിയിരിക്കുന്ന നികുതി ഒരു കാരണവശാലും കുറയ്ക്കാൻ പാടില്ലാത്തതാണ്. ഇടത്തരക്കാരായ കർഷകരെ രക്ഷിക്കുന്നതിനുവേണ്ടി അവതരിപ്പിക്കാനുദ്ദേശിക്കുന്ന ഈ ഭേദഗതി അതേപടി പാസാക്കുകയാണെങ്കിൽ, ഇടത്തരക്കാരായ കർഷകരെ മാത്രമല്ല, ധനവാന്മാരെക്കൂടി അനർഹമായി സഹായിക്കുന്നതിനിടയാകുന്നതാണ്. ഇവിടെ ടാക്സിനു വിധേയമായ ഏറ്റവും കുറഞ്ഞ സംഖ്യ 3000 രൂപയാണ്. എന്നാൽ മദ്രാസിൽ ടാക്സബിൾ മിനിമം 2000 രൂപയാണ്. 2000 രൂപവരെ കാർഷികാദായം കിട്ടുന്ന ആളിൽനിന്നും കരം ഈടാക്കുന്നതിൽ വലിയ ആക്ഷേപമുള്ളതായി കേട്ടിട്ടില്ല. പാർട്ട് ബി. സ്റ്റേറ്റായ ഈ സംസ്ഥാനത്തെ പെർകാപ്പിറ്റാ 14·4 ആയിരിക്കുമ്പോൾ മറ്റുള്ള പാർട്ട് ബി. സ്റ്റേറ്റുകളിൽ 19·5 ആണ്. ആ കണക്കനുസരിച്ചു മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ചു നമ്മുടെ സംസ്ഥാനത്ത് ചെലവു കുറവാണെന്നു കാണാൻ കഴിയും. ആ സ്ഥിതിക്ക് മാസംതോറും 250 രൂപ കൃഷിയിൽനിന്നും ആദായം കിട്ടുന്ന ഒരാളിനെ ടാക്സിൽ ഉൾപ്പെടുത്തുന്നത് കർഷകന് ഒരു ഭാരമാണെന്നു പറയുന്നതിനോടു യോജിക്കാൻ നിവൃത്തിയില്ല. സർ, പ്രതിമാസം 42 രൂപ ശമ്പളം വാങ്ങുന്ന ഒരു ജീവനക്കാരനിൽനിന്നും രൂപയ്ക്ക് കാലണ വച്ചു നികുതിയിനത്തിൽ ഗവണ്മെന്റ് ഈടാക്കിക്കൊണ്ടിരിക്കുന്ന സ്ഥിതിക്ക് മാസംമാസം 250 രൂപ ആദായം ഉള്ള കർഷകനിൽനിന്നും എന്തുകൊണ്ട് നികുതി ഈടാക്കിക്കൂടാ എന്നാണ് എനിക്കു ചോദിക്കുവാനുള്ളത്. മുൻ ധനകാര്യവകുപ്പുമന്ത്രി ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ സമർത്ഥമായി ചില വാദഗതികൾ ഉന്നയിച്ചുകൊണ്ട് പറയുകയുണ്ടായി, പ്രതിമാസം 350 രൂപവരെ വരവുള്ളവരെ ഇൻഡ്യാഗവണ്മെന്റ് നികുതിയിൽനിന്നും ഒഴിവാക്കിയിരിക്കുകയാണെന്നും, അതുകൊണ്ടു കൂടുതൽ നികുതി കർഷകരിൽ ഇനിയും ചുമത്തരുതെന്നും. സർ, ആണ്ടുതോറും കൃഷിയിൽനിന്നും

[ശ്രീ. ടി. കെ. ദിവാകരൻ]

കിട്ടുന്ന ആദായം സംബന്ധിച്ച് ഒരു കണക്കെഴുതി സൂക്ഷിക്കാൻ പ്രാപ്തിയുള്ള ഒരു കർഷകന് അതായത്, പ്രതിമാസം 250 രൂപ ആദായം കിട്ടുന്ന ഒരു കർഷകനെപോലും ആദായനികുതികൊടുക്കുന്നതിനു പ്രയാസമുണ്ടായിരിക്കുകയില്ലെന്നു ബോദ്ധ്യമാകും. അതുകൊണ്ട് എന്തുതന്നെ ശ്രീ. പനമ്പിള്ളി അഭിപ്രായപ്പെട്ടാലും സർ, നമ്മുടെ ഇൻകംടാക്സ് റൂൾ 5-കൊണ്ട് പരിഹരിക്കാൻ പാടില്ലാത്ത ഒന്നുംതന്നെ ഇവിടെ ഉണ്ടാകാൻ പോകുന്നില്ലെന്നാണ് എന്റെ അഭിപ്രായം.

സർ, കഴിഞ്ഞകൊല്ലം 7,310 ആളുകളെയാണ് അസസ്സ് ചെയ്തിരുന്നത്. ഈ കൊല്ലം കാർഷികോല്പന്നങ്ങളുടെ വിലയിടിവുമൂലം കഴിഞ്ഞ കൊല്ലം ഉണ്ടായിരുന്നതിൽ 5000 ആളുകളെങ്കിലും കുറയുമെന്നാണ് വിചാരിക്കേണ്ടിയിരിക്കുന്നത്. കാർഷികോല്പന്നങ്ങൾക്ക് നാൾക്കുനാൾ വില കുറയുന്ന ഒരവസ്ഥയാണുണ്ടാകുന്നതെങ്കിൽ കൊല്ലംതോറും പുതിയ ആളുകളാണ് കാർഷികാദായനികുതിയിൽനിന്നും ഒഴിച്ചാക്കപ്പെടുന്നതെന്ന് നാം ഓർക്കേണ്ടതാണ്. മാത്രമല്ല, മുൻകൊല്ലങ്ങളിൽ അവരുടെമേൽ അസസ്സ് ചെയ്തിരുന്ന ടാക്സുപോലും ഈടാക്കാൻ സാധിക്കാതെയും വന്നേക്കും.

മറ്റൊരുകാര്യം, ഗവണ്മെന്റിന്റെ ഇപ്പോഴത്തെ നയം അനുസരിച്ച് 5000-ത്തിനും, 10,000-ത്തിനും ഇടയ്ക്ക് ആദായമുള്ളവർ, ടാക്സ് കൊടുക്കേണ്ടിയിരുന്നവർ, പഴയത്തെ ഗ്രേഡിലേയ്ക്ക്, അതായത് 1500-നു മേൽ 5000 രൂപവരെ 10 പൈസ കൊടുക്കുന്നവരായിത്തീരുന്നതാണ്. അങ്ങനെ 5000 രൂപ ആദായമുള്ളവർക്ക് കൊടുക്കേണ്ടിവരുന്ന ടാക്സിന്റെ ഒരു ആവറേജ് നോക്കുകയാണെങ്കിൽ ഏകദേശം രൂപയ്ക്ക് 7 പൈസയെ ആകുന്നുള്ളു. ഇന്നത്തെ വിലയിടിവിന്റെ അടിസ്ഥാനത്തിൽ ഒരു കർഷകന് പ്രതിമാസം 250 രൂപ ആദായം കിട്ടുന്നെങ്കിൽ അത് നിസ്സാരകാര്യമല്ലെന്നും, അങ്ങനെ ഇന്ന് ഏകദേശം 5000 ആളുകളിൽനിന്നും ന്യായമായി ടാക്സ് ഈടാക്കാനുള്ള സാദ്ധ്യതയുണ്ടെന്നും ആണ് ഞാൻ അഭിപ്രായപ്പെടുന്നത്. നിസ്സാരതുകയായ വെറും 42 രൂപ ശമ്പളം വാങ്ങുന്നവനിൽനിന്നും രൂപയ്ക്ക് കാലണ വില്പനനികുതി ഈടാക്കുമ്പോൾ, 250 രൂപ വരവുള്ള ഒരു കർഷകനിൽനിന്നും രൂപയ്ക്ക് 7 പൈസയെ ഈടാക്കുന്നുള്ളു. ഇത് കർഷകന് വലിയ ഭാരമാണെന്നു തോന്നുന്നില്ല. നമ്മുടെ ഇന്നത്തെ എല്ലാ പദ്ധതികളിലും കർഷകരുടെ നന്മയെ ഉദ്ദേശിച്ചു വേണ്ട സൗകര്യങ്ങൾ ചെയ്തുകൊടുക്കുകയാണ്. അവർക്ക് വളം സബ്സിഡി, പമ്പിംഗ് സബ്സിഡി എന്നിങ്ങനെ ഗണ്യമായ പല സഹായങ്ങളും ഗവണ്മെന്റിൽനിന്നും ലഭിച്ചുകൊണ്ടാണിരിക്കുന്നത്. തന്നെയുമല്ല, ഇപ്പോഴത്തെ വിദ്യാഭ്യാസപരിഷ്കാരംമൂലം അവരിൽ പലർക്കും വിദ്യാർത്ഥികളുടെ ഫീസ് ഇളവുമൂലം ആനുകൂല്യം ഉണ്ടാകുന്നുണ്ട്. ആദായനികുതിയിൽ അല്പം വ്യതിയാനം വരുത്തിയതുതന്നെ വിദ്യാഭ്യാസ പദ്ധതിമൂലം നേരിടുന്ന 20 ലക്ഷം രൂപയുടെ നഷ്ടം ഭാഗികമായി പരിഹരിക്കാൻകൂടിയാണ്.

സർ, മദ്രാസിൽ ടാക്സബിൾ മിനിമം 2000 രൂപയാണ്. മദ്രാസിലെ നിയമംതന്നെയാണ് ഇവിടെയും പകർത്തിയിട്ടുള്ളത്. ടാക്സിൽ അല്പസ്വല്പം വ്യത്യാസമുണ്ടെന്നേയുള്ളൂ. സർ, കാർഷികാദായനികുതി

സംബന്ധിച്ചുള്ള വിവരങ്ങൾ പഠിക്കുന്നതിനായി മദ്രാസിൽനിന്ന് ഒരാൾ ഇവിടെ വന്നിരുന്നതായി പത്രത്തിൽ വായിക്കുകയുണ്ടായി. സർ, ഞാൻ മുൻപു പറഞ്ഞതുപോലെ ഇപ്പോൾ കാർഷികാദായനികുതി കൊടുത്തുകൊണ്ടിരിക്കുന്ന പലരും കാർഷികാദായനികുതിയിൽനിന്നും മോചിക്കുകയും, മാത്രമല്ല, സെക്കൻഡ ഗ്രൂപ്പിൽ പറഞ്ഞിരിക്കുന്ന ആളുകൾ താഴോട്ടു ഇറങ്ങിവരികയുമാണു ചെയ്യുന്നതു്. കാംഗ്രസ്സ് ഗവണ്മെന്റിന്റെ കാലത്തു് 5000 രൂപവരെ ആദായമുള്ള ഒരാൾക്കു് ശരാശരി രൂപയ്ക്കു് ആറു പൈസയായിരുന്നതു് ഇപ്പോൾ ഈ അമൻഡ്മെന്റ സ്വീകരിക്കുന്നപക്ഷം ഒരു രൂപയ്ക്കു് ഏഴു പൈസ വീതമേ ടാക്സ് കൊടുക്കേണ്ടിവരുന്നുള്ളു. ആണ്ടുതോറും വർദ്ധിച്ചുകൊണ്ടിരിക്കുന്ന ജനസംഖ്യയെ അടിസ്ഥാനപ്പെടുത്തിനോക്കിയാൽ, നമ്മുടെ സംസ്ഥാനത്തു് ബെറ്റർലവി സമ്പ്രദായം ഒന്നുംതന്നെ സ്വീകരിച്ചിട്ടില്ലാത്ത നിലയ്ക്കു് ഈ കാർഷികാദായനികുതിയിൽ അല്പമായ വർദ്ധനവു വരുത്തുന്നതുകൊണ്ടു് കർഷകന് അതൊരു ഭാരമായിത്തീരുമെന്നു പറയുന്നതിനോടു് ഞാൻ യോജിക്കുന്നില്ല. മാത്രമല്ല, നമ്മുടെ സംസ്ഥാനത്തെ കാർഷികാദായനികുതിയും, ഇതരസംസ്ഥാനങ്ങളിലെ കാർഷികാദായനികുതിയും തമ്മിൽ തുലനം ചെയ്യുകയും, അതേ അവസരത്തിൽ സംസ്ഥാനത്തെ വരവനുസരിച്ചു് ചെലവിന്റെ പെർകാപ്പിറ്റാ നോക്കുകയും ചെയ്താൽ നിശ്ചയമായിട്ടും പ്രതിമാസം 250 രൂപ വരവുള്ള കർഷകനിൽനിന്നും ആദായനികുതി ഈടാക്കണമെന്നുതന്നെയാണു് ഞാൻ വാദിക്കുന്നതു്. വിശേഷിച്ചും കേരളത്തെ സംബന്ധിച്ചടത്തോളം മണി ക്രാപ്പുകളിലാണു് കർഷകർ നിലകൊള്ളുന്നതു്. അതുകൊണ്ടു് ഈ കാര്യങ്ങളെല്ലാം പര്യാലോചിച്ചു ക്ലിഷ്ടമായ ഒരു നിരക്കു് ഉണ്ടാക്കുന്നതിനുവേണ്ടി ഈ ബിൽ സെലക്റ്റ കമ്മിറ്റിക്കു അയയ്ക്കണമെന്നുള്ള ശ്രീ. ശങ്കരനാരായണൻ തമ്പിയുടെ പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു.

<u>ஸ்ரீ. டி. எஸ். ராமஸ்வாமி</u>: ஸர், ஸ்ரீமான் சங்கரநாராயணன் தம்பி அவர்கள் கொண்டுவந்திருக்கும் பிரேரணையை ஆதரித்துக் கொண்டு ஒரு சில வார்த்தைகள் பேச நினைக்கிறேன். சிறிய கிருஷிக்காரர்களின் மீதுள்ள வரிப்பளுவை குறைக்க வேண்டுமென்றும், அவர்களின் மீதுள்ள வரிப்பளுவை கூட்டக் கூடாதென்றும் சாலக்குடி மெம்பர் ஸ்ரீ. பனம்பள்ளி கோவிந்தமேனோன் அவர்களின் அபிப்பிராயத்தை நான் மனப்பூர்வமாக ஆதரிக்கிறேன். அதோடு, இந்த சபையிலுள்ள எல்லா கட்சியினரும் அதை ஆதரிக்கக்கூடிய நிலையில் இருக்கிறார்கள் என்று காண்கிறேன். அதோடு கூட, நான் ஒரு முக்கியமான விஷயத்தைப்பற்றி இங்கு கூற விரும்புகிறேன். இந்த வருமான வரியைப் பற்றியுள்ள சாங்கேதிக ஞானம், சட்ட நுணுக்கம் எனக்குக் கிடையாது என்றிருந்தபோதிலும் ஒரு விஷயத்தை நான் இந்த சபையின் கவனத்திற்குக் கொண்டுவர ஆசைப் படுகிறேன். இந்த பில்லின் ஷெடியூல் பார்ட் 2-ல் கூறப்பட்டிருக்கிறது.

"B. In the case of every company on the whole of the total agricultural income the assessment is at two annas in the rupee"

இந்த பில்லின் பிரகாரம், தனியொருவனாக இருக்கக்கூடிய ஒருவனுக்கு அவனுடைய வருமானம் இருபத்தையாயிரத்திற்கு மேல்

[ஸ்ரீ. டி. எஸ். ராமஸ்வாமி]

இருந்தால் அவன் கொடுக்கவேண்டிய Super-tax ரூபாய்க்கு 6½ அணுவாகும். ஆனல் ஒரு கம்பெனியாக விருந்தால் 2 அணு கொடுத்தால் போதும். இது, நிச்சயமாக தனி ஒரு மனிதனுக்கும் கம்பெனிக்கும் இடையே காட்டும் ஒரு பாரபட்சமாகும். அதுமாத்திரமல்ல; இந்த வித்தியாசம் காரணமாக தனி உரிமைகள் எல்லாம் கம்பெனிகள் என்ற பெயரைப்போட்டுக் கொண்டால் அவர்களுக்கு 6 அணு கொடுக்கவேண்டாம், 2 அணு கொடுத்தால் போதும். இரண்டு வருடங்களுக்கு முன்னல் ஸ்ரீமான் பனம்பள்ளி கோவிந்த மேனன் அவர்கள் இங்கு நிதி மந்திரியாய் இருந்தபோது நான் அவர்களிடம் ஒரு கேள்வி கேட்டிருந்தேன். விவசாய வருமானவரி கொடுக்கின்ற ஐந்து லட்சம் ரூபாய்க்குமேல் வருமானம் வருபவர்கள் எத்தனை பேர் என்று கேட்டிருந்தேன். அவர்களது பெயர்களைக் கூற வேண்டுமென்று நான் கேட்டதற்கு, பெயர்களை கூற முடியாது என்று சொன்னர்கள். ஆனல் எட்டு பேர்கள் உண்டு என்றும், அவர்கள் கம்பெனிகள் என்றும் ஸ்ரீமான் பனம்பள்ளி கோவிந்தமேனன் அவர்கள் கூறினர்கள். ஆகையினல் நான் கூறுவதென்னவென்றல், மூவாயிரமும், நாலாயிரமும் ரூபாய் வருமானம் உள்ள சிறிய கிருஷிக்காரர்களை மாத்திரம் எடுத்துக்கொண்டு, பெரிய திமிங்கலம் போன்ற பெரிய கம்பெனிகளைப் பற்றி மறந்துவிடுகிறேம். மூவாயிரமும், நாலாயிரமும் வருமானமுள்ள கிருஷிக்காரர்களின் மேலுள்ள வரியை மாத்திரம் கூட்டுகிறது, இந்த சோஷியலிஸ்ட் சர்க்கார். ஒரு சோஷியலிஸ்ட் அரசாங்கம் செய்யவேண்டியது என்னவென்றல், ஒரு சோஷியலிஸ்ட் ஆர்டர், Equalisation of Income, கொண்டுவர சிரமிக்கவேண்டும். ஒரு சோஷியலிஸ்ட் ஆர்டர் கொண்டுவர வேண்டும் என்றுதான் நான் இங்கு எடுத்துக்கூற ஆசைப்படுகிறேன். இருபத்தையாயிரத்துக்கு மேல் பல லக்ஷக்கணக்கில் வருமானம் வரக்கூடிய பல கம்பெனிகள் இந்நாட்டில் உள்ளன. ஆனல் அவைகளைப் பற்றி ஒன்றும் இச்சர்க்கார் சிந்திக்கவில்லை.

4 P. M.

Shri P. S. Nataraja Pillai: On a point of order. It is 4 O' clock.

Mr. Speaker: The member will soon conclude.

ஸ்ரீ. டி. எஸ். ராமஸ்வாமி: ஆகையால் நான் சொல்வதென்னவென்றல், இப்பில் கட்டாயம் ஒரு செலக்ட் கமிற்றிக்குப் போகவேண்டுமென்றும், தனி நபர்களுக்கும், கம்பெனிகளுக்கும் இடையே உள்ள இந்த வரி வித்தியாசத்தைப் பற்றி செலக்ட் கமிற்றி அங்கத்தினர்கள் பிரத்தியேகம் கவனிக்க வேண்டும் என்றும், இந்த இரண்டணு, 6½ அணு என்ற வித்தியாசத்தை மாற்றி தனி நபர்களுக்கும், கம்பெனிகளுக்கும் உள்ள ரேட்டை ஒன்றுபோலாக்கவேண்டுமென்றும் கேட்டுக்கொள்கிறேன். அதனல், நமக்கு பத்துலெட்சமல்ல, 1½, 2 கோடி ரூபாய் வரை கூடுதல் வருமானம் வரும் என்று நான் கருதுகிறேன். அதற்குள்ள புள்ளி விவரங்கள் என் கையிலில்லை. வேண்டிய புள்ளி விவரங்கள் மந்திரியவர்களின் கையில் இருக்கிறது.

அதைப் பற்றி நாம் கண்ணுங்கருத்துமாய் சிந்திக்க வேண்டும்; அதுவும் நமது பட்ஜெட் "டெபிஸிட் பட்ஜெட்"டாக இருக்கக்கூடிய இந்த சந்தர்ப்பத்தில் நாம் அதைப் பற்றி கண்ணுங்கருத்துமாக கவனிக்கவேண்டும். எட்டோ அல்லது பத்தோ கம்பெனிகளைப் பாதிக்கக்கூடிய இந்த மாற்றத்தினால் வரும் வருமானத்தை, பொது ஜன முன்னேற்றத்திற்காகவும், தொழிற்சாலைகளின் அபிவிருத்திக்காகவும் செலவிடமுடியும் என்று இந்த சந்தர்ப்பத்தில் கூறிக்கொண்டு நான் எனது பேச்சை முடித்துக்கொள்கிறேன்.

ശ്രീ. കെ. എം. ജോർജ്ജ്: സർ, കാർഷികാദായനികുതിയെ സംബന്ധിച്ച് എന്റെ സ്നേഹിതൻ മിസ്റ്റർ ദിവാകരൻ ഇവിടെ ഉന്നയിച്ച ചില കാര്യങ്ങൾ വളരെയേറെ തെറ്റിദ്ധാരണകളുടെ ഫലമായിട്ടുള്ളതാണെന്നു ചൂണ്ടിക്കാണിക്കുവാനേ ഞാൻ ഉദ്ദേശിക്കുന്നുള്ളു. അദ്ദേഹം പറയുന്നത് പത്തുനാൽപതു രൂപാ വരവുള്ള ഉദ്യോഗസ്ഥന്മാർ വരുമാനനികുതി കൊടുക്കുന്നുണ്ട്; എന്നാൽ കൃഷിക്കാരെ സംബന്ധിച്ചിടത്തോളം പ്രതിമാസം 250 രൂപായും അതിനു മേലും ഉള്ളവർക്കു മാത്രമേ കാർഷികാദായനികുതി കൊടുക്കേണ്ടിവരുന്നുള്ളു; അതുകൊണ്ടു കൃഷിക്കാർക്കു ഈ നികുതി സഹിക്കാവുന്നതാണ് എന്നാണ്. ഒരു തെറ്റിദ്ധാരണയുടെ ഫലമായിട്ടാണ് അദ്ദേഹത്തിനു അതു് തോന്നിയതെന്ന് ചൂണ്ടിക്കാണിക്കുക മാത്രമാണ് ഞാൻ ചെയ്യുന്നത്. ഇൻഡ്യയുടെ സർവ്വതോമുഖമായ അഭിവൃദ്ധിക്കുവേണ്ടി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത് ഇവിടത്തെ കൃഷിക്കാരാണ്.

ശ്രീ. എം. പി. മേനോൻ: On a point of information, Sir മിസ്റ്റർ ശങ്കരനാരായണൻതമ്പിയുടെ മോഷനാണ് സഭയുടെ മുമ്പിൽ ഇരിക്കുന്നത്. അതിനെ എതിർക്കുകയോ അനുകൂലിക്കുകയോ ബഹുമാനപ്പെട്ട മെംബർ ചെയ്യുന്നത്?

ശ്രീ. കെ. എം. ജോർജ്ജ്: ഞാൻ എന്റെ പാർട്ടിയുടെ നേതാവ് ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ പറഞ്ഞതിനെ സപ്പോർട്ടു ചെയ്യുകയാണ്. മിസ്റ്റർ തമ്പിയുടെ മോഷനെ ഞാൻ എതിർക്കുന്നു.

പട്ടണത്തിൽനിന്നു വരുന്ന മിസ്റ്റർ ദിവാകരനെപ്പോലെയുള്ള ആളുകൾക്ക് നാട്ടിൻപുറങ്ങളിലുള്ള കർഷകരുടെ കാര്യത്തിൽ പല തെറ്റിദ്ധാരണകളും ഉണ്ടാകും. ഈ നാട്ടിലെ കൃഷിക്കാർ ഈ നാട്ടിലെ വ്യവസായങ്ങളുടേയും വിഭവങ്ങളുടേയും ഉറവിടമാണെന്നും ഇന്നത്തെ എല്ലാ നികുതികളും കൃഷിക്കാരെ നിരുത്സാഹപ്പെടുത്തുന്നതാണെന്നും അറിയാതെ അവർക്ക് പിന്നെയും നികുതി ചുമത്തുവാനുള്ള സംരംഭങ്ങൾക്കാണ് ഇപ്പോൾ നിയമസഭ മുതിരുന്നത്. ഇന്ന് കൃഷിക്കാർ നികുതിമൂലം നിരുത്സാഹപ്പെട്ടിരിക്കുകയാണ്. കൃഷി ഇന്ന് ആദായകരമല്ലാത്ത ഒരു മാർഗ്ഗമായിത്തീർന്നിരിക്കുകയാണ്. അതുകൊണ്ട് കൃഷിവൃത്തി വിട്ടുമറ്റെന്തെങ്കിലും—ജോലി ചെയ്യുന്നതിന് വ്യവസായരംഗത്തിലേക്കും പട്ടണത്തിലേക്കും—അവർ കുടിയേറി പാർക്കുന്ന ഒരു നിലയാണ് സംജാതമായിരിക്കുന്നത്.

ശ്രീ. ടി. വി. തോമസ്: ശ്രീ. ശങ്കരനാരായണൻതമ്പിയുടെ ഭേദഗതി കൃഷിക്കു കൂടുതൽ ആശ്വാസം കൊടുക്കുന്നതിനുവേണ്ടിയുള്ളതാണ്. അതിനെ എതിർക്കുകയാണോ ചെയ്യുന്നത്?

ശ്രീ. കെ. എം. ജോര്‍ജ്ജ്: അതല്ല വാസ്തവം. 20,000,വും 25000.വും അതിനു മുകളിലും വരുമാനമുള്ള ആളുകളെ സംബന്ധിച്ചുള്ള നില മാറേണ്ടതാണെന്ന അഭിപ്രായമാണു് എനിക്കുള്ളതു്.

ശ്രീ. ടി. കെ. ദിവാകരന്‍: അഗ്രിക്കള്‍ച്ചറല്‍ ഇന്‍കംടാക്സ് കൊടുക്കേണ്ടതായി വളരെ ചുരുക്കം ആളുകളെ ഉണ്ടാകയുള്ളു എന്നറിയാമോ?

ശ്രീ. കെ. എം. ജോര്‍ജ്ജ്: ഇതു് പാസാക്കുമ്പോള്‍ കുറച്ചു കൊടുക്കേണ്ട ആളുകളും ഉണ്ടാകും. എന്റെ സ്നേഹിതന്‍ മിസ്റ്റര്‍ ദിവാകരന്‍ ചൂണ്ടിക്കാണിച്ച ഒരു സംഗതി ഇന്നത്തെ സാമ്പത്തികതകര്‍ച്ചമൂലം ഉണ്ടു് വളരെ ആളുകള്‍ക്കു് ഈ നികുതി കൊടുക്കേണ്ടി വരികയില്ല എന്നാണു്. അതു് ശരിയല്ല. ആലപ്പുഴയിലോ, കൊച്ചിയിലോ മാര്‍ക്കറ്റിലുള്ള റബ്ബറിന്റെ വിലയെന്താണു്? കുരുമുളകിന്റെ വിലയെന്താണു്? എന്തു വിലയ്ക്കു അവന്റെ വിഭവങ്ങള്‍ വില്‍ക്കാന്‍ സാധിച്ചു എന്നു് ഒന്നും നോക്കാതെ പാവപ്പെട്ട കൃഷിക്കാരനു് നികുതി ചുമത്തുന്നു. അവന്റെ കൃഷിയില്‍നിന്നു് എന്തു് ആദായം കിട്ടും എന്നു് നോക്കാതെ ഏക്കര്‍ നോക്കി അവനെ അസ്സസ്സ് ചെയ്യുന്നു എന്നുള്ളതു് ഒരു പരമാര്‍ത്ഥമാണു്. മിസ്റ്റര്‍ ദിവാകരന്‍ പറഞ്ഞു കൃഷിക്കാര്‍ക്കു് കൃഷിച്ചിലവിനു് കണക്കുണ്ടാകുമെന്നു്. കൃഷി ചെയ്യുന്നതിനുള്ള കണക്കെഴുതുന്ന കൃഷിക്കാര്‍ നമ്മുടെ രാജ്യത്തു് പ്രായേണ ഇല്ലെന്നുള്ളതു് ഒരു പരമാര്‍ത്ഥമാണു്. അവര്‍ കണക്കെഴുതിയാലും അതു ശരിയാകയില്ലത്രെ. കൃഷിക്കാരായ [illegible] ഓഫീസറന്മാരുടെ അടുക്കല്‍ ചെന്നു് അവര്‍ പറയുന്ന സംഖ്യ കൊടുക്കുകയാണു് ചെയ്യുന്നതു്. അതുകൊണ്ടു് ഈ മനോഭാവത്തോടുകൂടിയല്ല ഇതിനെ വീക്ഷിക്കേണ്ടതെന്നും നമ്മുടെ നാട്ടിലെ എല്ലാ വ്യവസായങ്ങളുടെയും ഉറവിടമായിരിക്കുന്ന, അടിത്തറയായിരിക്കുന്ന കൃഷിയേയും കൃഷിക്കാരനേയും അഭിവൃദ്ധിപ്പെടുത്തുന്നതിനും നമ്മുടെ നാട്ടിലെ കഴിവുള്ളവരായ ചെറുപ്പക്കാര്‍ മുഴുവനും നമ്മുടെ ഗ്രാമങ്ങളില്‍നിന്നു വ്യവസായരംഗങ്ങളിലേക്കും ടൗണുകളിലേക്കും [illegible] തിരിക്കുന്നതിനും അവരെ അവിടെത്തന്നെ താമസിപ്പിച്ചു് ജോലി ചെയ്യിക്കുന്നതിനും സഹായകമായ ഒരു നില സ്വീകരിക്കണമെന്നു് [illegible] ഞാന്‍ ആഗ്രഹിക്കുന്നു. 5,000 രൂപവരെ ആദായമുള്ള കൃഷിക്കാരന്റെ മേല്‍ കാര്‍ഷികാദായനികുതി നിരക്കു വര്‍ദ്ധിപ്പിക്കരുതു്. അതു നീതിക്കു ചേര്‍ന്നതല്ല. കൃഷിയേയും കൃഷിക്കാരെയും ശ്വാസംമുട്ടിച്ചു കൊല്ലുന്നതു ബുദ്ധിപൂര്‍വ്വകമല്ല.

ശ്രീ. എ. ജെ. ജാണ്‍: സര്‍, ഇവിടെ രണ്ടു മോഷനാണു് ആലോചനയില്‍ ഇരിക്കുന്നതു്. ഒന്നു് ഫൈനാന്‍സ്‌മിനിസ്റ്ററുടെ മോഷന്‍. ഒന്നു് ശ്രീ. ശങ്കരനാരായണന്‍തമ്പിയുടെ മോഷന്‍. ഈ ബില്‍ ഇവിടെ വിതരണം ചെയ്തിട്ടു് ആറേഴു ദിവസമായി. ഇതിനെ സംബന്ധിച്ചു് ആര്‍ക്കെങ്കിലും ആക്ഷേപം ഉണ്ടായിരുന്നെങ്കില്‍ അതിനു് അമെന്റുമെന്റു കൊടുക്കാമായിരുന്നു. ഇപ്പോള്‍ ഒരു അമെന്റുമെന്റിനു മാത്രമേ നോട്ടീസ് കിട്ടിയിട്ടുള്ളു. ആ അമെന്റുമെന്റ 1500 രൂപായ്ക്കുമേല്‍ 3500 രൂപാവരെയുള്ള വരുമാനത്തിനു രൂപാ ഒന്നിനു് 10 പൈസാ എന്നുള്ളതു് 9 പൈസ ആക്കണമെന്നതാണു്. അതുകൊണ്ടു് ഈ ബില്‍ സെലക്ട്‌കമ്മിറ്റിക്കു് അയക്കേണ്ട ആവശ്യമില്ല. ആകയാല്‍ ഫൈനാന്‍സ്‌മന്ത്രിയുടെ മോഷനെ ഞാന്‍ അനുകൂലിക്കുന്നു.

മിസ്റ്റർ ദിവാകരൻ പറഞ്ഞു 9 പൈസം ആക്കണം എന്നുള്ള ഭേദഗതി സ്വീകരിക്കരുത്; മദ്രാസിലും ഇപ്പോൾ ഒരു ബില്ല് അവതരിപ്പിക്കുവാൻ നോട്ടീസ് കൊടുത്തിട്ടുണ്ട് എന്ന്. മദ്രാസിൽ ഇതിനു മുമ്പ് രണ്ടു പ്രാവശ്യം ഇതുപോലെ ബില്ല് അവതരിപ്പിച്ചിട്ടുണ്ട്. അവിടെ നിയമസഭയിലും ഭൂരിപക്ഷം ആളുകളും കൃഷിക്കാർക്ക് ഇത് ദോഷമാണെന്നു പറഞ്ഞു അതിനെ എതിർത്തിട്ടുള്ളതാകുന്നു. ഇപ്പോൾ പരസ്യംചെയ്തിരിക്കുന്ന ബില്ലിൽ തന്നെ 9 പൈസയേ ഉള്ളൂ. അതുകൊണ്ട് ഇത് സെലക്ട് കമ്മിറ്റിക്ക് അയക്കേണ്ട ആവശ്യമില്ല. ഷെഡ്യൂളിൽ ഭേദഗതി ചെയ്യുന്നതിനാണെങ്കിൽ അതിന് അമെൻഡ്മെന്റ് അയയ്ക്കാമായിരുന്നു.

ശ്രീ. ടി. കെ. ദിവാകരൻ: 5000 രൂപയുള്ളവർക്ക് ഒരു പൈസ കുറക്കണം എന്നു പറഞ്ഞാൽ അതിനു മുമ്പുള്ളവർക്കും ഇതു കിട്ടുകയില്ലേ?

ശ്രീ. എ. ജെ. ജോൺ: ഇതിൽ പറഞ്ഞിരിക്കുന്നത്

	Rate.
On the first Rs. 1,500 of the total Agricultural income	Nil
On the next 3,500 of the total Agricultural income	Ten pies in the Rupee
On the next Rs 5 000 of the total Agricultural income.	One anna and nine pies in the Rupee.

... ... എന്നാണ്.

അതു കൂട്ടണമെന്നുള്ളത് തീർച്ചയാണ്. ഈ രാജ്യത്തെ ഗവൺമെന്റാണ് ടാക്സിന്റെ റേറ്റ് നിശ്ചയിക്കുന്നത്. ഗവൺമെന്റ് കൊണ്ടുവരുന്ന ടാക്സേഷൻ പ്രൊപ്പോസലിൽ കുറയ്ക്കണമെന്ന് പറയുകയല്ലാതെ ഗവൺമെന്റ് പ്രൊപ്പോസ് ചെയ്തതിലും സംഖ്യ കൂട്ടണമെന്ന് പറഞ്ഞതായി ഒരു സംഭവം ഇതേവരെ ഒരു രാജ്യത്തുള്ള ഒരു നിയമസഭയിലും ഉണ്ടായിട്ടില്ല. ഈ കാരണത്താൽ മിസ്റ്റർ ശങ്കരനാരായണൻതമ്പിയുടെ ഭേദഗതിയെ വളരെ ശക്തിയായി എതിർക്കുകയും ഫൈനാൻസ്മന്ത്രിയുടെ മോഷനെ അനുകൂലിക്കുകയും ചെയ്യുന്നു.

ശ്രീ. ടി. വി. തോമസ്: മിസ്റ്റർ ശങ്കരനാരായണൻതമ്പിയുടെ മോഷൻകൊണ്ടു കൂടിയ ആശ്വാസം കൃഷിക്കാർക്ക് ചെയ്യാനായിട്ടാണ് ഉദ്ദേശിക്കുന്നത് എന്നറിയാമോ?

ശ്രീ. എ. ജെ. ജോൺ: ഈ ആശ്വാസം തൽക്കാലം മതിയെന്നാണ് എന്റെ അഭിപ്രായം.

Shri P. S. Nataraja Pillai: Considering the fact that the Bill seeks to amend only the schedule of the Income-tax rates, I do not think that there will be any definite benefit to the public in sending it to a Select Committee. I therefore am inclined to stick to my original stand and request that the Bill may be passed.

The amendment of Shri Sankaranarayanan Thampi was put and lost.

The question that the Travancore-Cochin Agricultural Income-tax (amendment) Bill be taken into consideration, was put and carried.

CLAUSE 2.

Mr. Speaker: Mr. Hormis can move now his amendment.

ശ്രീ കെ. പി. ഹോർമിസ്: സർ, എന്റെ ഭേദഗതി ഇതാണ്.

> "In clause 2 of the Bill, the words 'Nine pies in the rupee' shall be substituted for the words 'Ten pies in the rupee' against item 2."

ഈ ഭേദഗതിക്ക് വിഷയമായ കാര്യങ്ങളെപ്പറ്റി ധാരാളം ചർച്ചകൾ നടന്നിരിക്കുന്നതുകൊണ്ട് ഇതിനെപ്പറ്റി അധികം പറയണമെന്ന് വിചാരിക്കുന്നില്ല. 5000 രൂപയിൽ താഴെ വരവുള്ള കർഷകരെ സംബന്ധിച്ചിടത്തോളമാണ് എന്റെ ഭേദഗതി. 5000-ത്തിന് താഴെയുള്ള കൃഷിക്കാർ വളരെ ബുദ്ധിമുട്ട് സഹിക്കുന്ന ഇടത്തരകർഷകരാണ്. ഇവിടെ പ്രഖ്യാപിച്ച രീതിയിൽതന്നെ........

Shri K. Manjanatha Prabhu: As the Minister has agreed to accept the amendment, there seems to be no necessity to make a speech.

ശ്രീ. കെ. പി. ഹോർമിസ്: എനിക്ക ചില വസ്തുതകൾ ഈ സഭയുടെ ദൃഷ്ടിയിൽ കൊണ്ടുവരുവാനുണ്ടായിരുന്നു. എങ്കിലും ഈ ഭേദഗതി ധനകാര്യമന്ത്രി സ്വീകരിച്ചിരിക്കുന്ന സ്ഥിതിക്ക് വലിയ പ്രസംഗം ഒന്നും കൂടാതെ ഈ ഭേദഗതി ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു.

Shri P. S. Nataraja Pillai: I will be only doing justice to the opinion in the House in accepting the amendment of Shri Hormis. I may just make one or two remarks on this occasion. One pie in the rupee will make a difference of Rs. 50,000 in the yield of the tax, but Government are willing to accept the amendment. A charge was made here that companies are exempted from this Act. I would like to say here that 75 per cent. of the revenue under Income tax is at present realised from the companies. That is the actual state of affairs. In the circumstances, the charge that companies are being charged at a lower rate has no force.

Shri T. S. Ramaswami: How can that meet my point ?

Shri P. S. Nataraja Pillai: Here are the figures. Out of a total income from income tax of Rs. 86·65 lakhs, Rs. 69·4 is derived from companies.

Shri T. S. Ramaswami: That only strengthens my argument.

Shri P. S. Nataraja Pillai: So I wish to point out that a major part of the income tax revenue comes from companies. I accept the amendment.

The question that clause 2 as amended stands part of the Bill was put and carried.

Clause 2 as amended was added to the Bill.

CLAUSE I.

The question that clause 1 stands part of the Bill was put and carried.

Clause 1 was added to the Bill.

Preamble and Title.

The question that the Preamble and Title stand part of the Bill, was put and carried.

The Preamble and Title were added to the Bill.

Shri P. S. Nataraja Pillai: I move that the Bill be finally passed.

Shri A. Achuthan: I second it.

The question that the Travancore-Cochin Agricultural Income Tax (Amendment) Bill be finally passed, was put and carried.

The Bill was passed.

Mr. Speaker: We will next take up Demands for Supplementary Grants.

DEMANDS FOR SUPPLEMENTARY GRANTS.

Demand XV—29 Police.

Chief Minister **(Shri A. Thanu Pillai):** I move for a supplementary grant of Rs. 1,65,800 under Demand XV—29 Police.

Shri A. Achuthan: I second it.

ശ്രീ.ടി. ഒ. ബാവാ: സർ, ഈ ഡിമാൻഡിൽ 5100 രൂപ പോലീസ് ആവശ്യത്തിനുവേണ്ടി തൃക്കാക്കര പകുതിയിൽ ഒരു സ്ഥലമെടുക്കാൻ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഈ സ്ഥലം ഏതു ആവശ്യത്തിനാണെന്നു വ്യക്തമാകുന്നില്ല. അതേ അവസരത്തിൽ തൃക്കാക്കര പകുതിയിൽ തന്നെ ഗവണ്മെൻറു കൈവശമിരിക്കുന്ന ഭൂമി—ഗവണ്മെൻറു പൊന്നുംവിലയ്ക്കെടുത്തിട്ടുള്ള ഭൂമി—10 ഏക്കർ നിരുപയോഗമായി കിടപ്പുണ്ട്. അതു റിസർവ്വ് ക്യാമ്പിനു ഉപയോഗിച്ചുകൊണ്ടിരുന്നതാണ്. ഇപ്പോൾ അതിലുള്ള കെട്ടിടങ്ങൾപോലും ശ്രദ്ധയില്ലാതെ ജീർണ്ണിച്ചു നശിച്ചുകൊണ്ടിരിക്കുന്നു. ആ അവസരത്തിലാണ് 5000-ൽ ചില്വാനം രൂപ തൃക്കാക്കര പകുതിയിൽ പോലീസ് ആവശ്യത്തിനു സ്ഥലം എടുക്കുന്നതിനുവേണ്ടി ചോദിക്കുന്നതു്. ഞാൻ പറയുന്നതു് ഗവണ്മെൻറിന്റെ കൈവശമുള്ള ഭൂമി കണ്ടുപിടിച്ചു ഉപയോഗിക്കാതെ ഇങ്ങനെ കൂടുതൽ ചെലവുചെയ്തു ഭൂമി പൊന്നുംവിലയ്ക്കെടുക്കുന്നതു് പൊതുമുതൽ വ്യർത്ഥമാക്കലാണെന്നാണ്. അതുകൊണ്ടു് ഈ തുക കുറവുചെയ്യണമെന്നു് ഞാൻ അഭിപ്രായപ്പെടുന്നു. തൃക്കാക്കര പകുതിയിൽ 25000-ത്തിനുമേൽ ജനങ്ങൾ താമസിക്കുന്നു. അവർക്കു ഗവണ്മെൻറുവക ആദ്യമായി സംഭാവന ചെയ്യാൻ പോകുന്നതു് ഒരു മലംഡിപ്പോയും ഒരു പോലീസ് സ്ഥാപനവുമാണ്.

[ശ്രീ. ടി. ഒ. ബാവാ]

മററ ഒന്നുംതന്നെ നൽകുവാനില്ല. എന്തും പ്രവർത്തിക്കാൻ ലൈസൻസ് കൊടുത്തിട്ടുള്ള ഒരു പോലീസാണ് ഇവിടെയുള്ളതു്. അതിനുദാഹരണമാണ് ഈയിടെ ആലുവായിൽ നടന്ന പോലീസ് മർദ്ദനം. യാതൊരുവിധത്തിലും പുരോഗതിയില്ലാത്ത ആ ഗ്രാമപ്രദേശത്തു ആറ ഏക്കർ സ്ഥലം എടുത്തുകൊടുത്തിട്ട് പോലീസിനു എന്തും പ്രവർത്തിക്കാനുള്ള അവസരം ഉണ്ടാക്കിക്കൊടുക്കുന്നതു് ശരിയല്ല. പോലീസ് ഡിപ്പാർട്ടുമെൻറിൽ വളരെ നീതിമാനായ ഒരു മേലധികാരി ഉണ്ടെങ്കിലും ആലുവായിലെ തൊഴിലാളിമർദ്ദനത്തെപ്പോലെ ചില കൊള്ളരുതായ്മകൾ നടക്കുന്നുവെന്നുള്ള വസ്തുത ഞാൻ ബഹുമാനപ്പെട്ട ഈ സഭയുടെയും ഗവൺമെൻറിൻെറയും ശ്രദ്ധയിൽ കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നു. കുറച്ചു വിവരമുള്ള ആളുകളെയും അല്പം പണമുള്ള ആളുകളെയും വിട്ടിട്ട് തൊഴിലാളികളെയും അധഃകൃതരെയും ഉപദ്രവിച്ചുകൊണ്ടിരിക്കുന്ന ഒരു രീതിയാണ് ഇന്നു പോലീസിൻെറ പെരുമാററത്തിൽ കാണുന്നതു്. എൻെറ സ്നേഹിതന്മാർ ഇടപ്പള്ളിയിൽ വരുത്തിവച്ച അക്രമത്തിൻെറ ഫലമായി തൃക്കാക്കര പകുതിയിൽ പുലയരെയും പറയരെയും പോലീസുകാർ അടിച്ചു അവശരാക്കിയിട്ടുണ്ട്. ഈ പ്രദേശത്തുതന്നെയാണ് ഇപ്പോൾ പോലീസിനെ കേന്ദ്രീകരിക്കുന്നതിനായി ഈ തുക കൊള്ളിച്ചിട്ടുള്ളതു്. ഇതു് എന്തിനു വേണ്ടിയാണെന്നു് ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ വിശദീകരിച്ചാൽ കൊള്ളാം.

ശ്രീ. എൻ. നാരായണക്കുറുപ്പ്: ഈ ഡിമാൻഡിനെപ്പററി രണ്ടു വാക്കു പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. പോലീസിൻെറ ആവശ്യത്തിനു ജീപ്പുകളും ബോട്ടുകളും വാങ്ങിക്കേണ്ടതത്യാവശ്യമാണ്. എന്നാൽ ഇപ്പോൾ ഓരോ സ്ഥലങ്ങളെയും സംബന്ധിച്ചുള്ള പോലീസ് അധികാരാതിർത്തിയിൽ വലുതായ മാററങ്ങൾ വരുത്താനുണ്ട്. ഇന്നത്തെ രീതിയനുസരിച്ച്, പല സ്ഥലങ്ങളിലെ ജനങ്ങളും അവരുടെ മേൽ അധികാരമുള്ള പോലീസും വളരെ വിഷമിക്കുന്നുണ്ട്.

ഉദാഹരണമായി അമ്പലപ്പുഴ താലൂക്കിൽ തലവടി വില്ലേജിലെ ഇരുപതിനായിരത്തോളം വരുന്ന ജനങ്ങൾക്കു് പോലീസ് സഹായം തേടേണ്ടതു്, അവിടെനിന്നും 18 മൈൽ പടിഞ്ഞാറുള്ള അമ്പലപ്പുഴ പോലീസ് ഇൻസ്പെക്ടർ മുഖാന്തരമാണ്. അമ്പലപ്പുഴ കച്ചേരിയിലേയ്ക്കു് പോകുന്നതിനു് കരമാർഗ്ഗം ഇല്ല. വള്ളത്തിൽ യാത്രചെയ്തു് അവിടെ ചെല്ലുന്നതിനോ പോലീസ് ഇൻസ്പെക്ടർ തലവടിയിൽ എത്തുന്നതിനോ കുറഞ്ഞതു് അഞ്ചുമണിക്കൂർ വേണം. അതിനാൽ പോലീസ് ഇൻസ്പെക്ടർ തലവടിയിൽ കാൽകുത്തിയിട്ടില്ല. തലവടിയിൽനിന്നും തിരുവല്ലാ പോലീസ് സ്റ്റേഷനിലേക്കു് കൂടിയ ദൂരം 6 മൈലാണ്. ഗതാഗതത്തിനു റോഡുണ്ട്. നടന്നാണെങ്കിൽ ഒന്നരമണിക്കൂറിൽ എത്താം. ബോട്ടു സർവ്വീസുള്ളതിനാൽ ഒന്നരമണിക്കൂർകൊണ്ടെത്താം. പോലീസിലേക്കു് പരാതിപ്പെടാനും പോലീസ് അന്വേഷണത്തിനും വളരെ സൗകര്യമുണ്ട്. സൗകര്യത്തെ ഉദ്ദേശിച്ചു് തലവടി വില്ലേജിനെ സംബന്ധിച്ചടത്തോളം മുനിസിപ്പിൻെറ അധികാരം തിരുവല്ലാ കോടതിക്കും, ഡിസ്ട്രിക്റ്റ് കോടതി മാവേലിക്കരെയ്ക്കും, രണ്ടാംക്ലാസ് മജിസ്ട്രേട്ടധികാരം തിരുവല്ലായ്ക്കും, ഒന്നാംക്ലാസ് മജിസ്ട്രേട്ടധികാരം ചെങ്ങന്നൂരിലുമാണ് ഇപ്പോൾ സ്ഥിതി

ചെയ്യുന്നതു്. അതിലേയ്ക്കു് പോലീസ് അധികാരംകൂടി തിരുവല്ലാ പോലീസിനു മാറേറണ്ടതു കേവലം ന്യായമാണു്. അതുപോലെ രജിസ്റ്റർ കച്ചേരിയുടെ കാര്യത്തിലും തലവടവില്ലേജിന്റെ അധികാരസീമ തിരുവല്ലായിലേയ്ക്കു് മാറേറണ്ടതായിട്ടുണ്ടു്. ആകയാൽ തലവടി പകുതിയുടെ പോലീസധികാരംകൂടി തിരുവല്ലാ പോലീസ് കച്ചേരിക്കു് മാററി ഉത്തരവുണ്ടാകണമെന്നു് പറഞ്ഞുകൊള്ളുന്നു.

ശ്രീ. എ. താണുപിള്ള : സർ, തൃക്കാക്കരയുള്ള ഈ സ്ഥലം ഇപ്പോഴും പോലീസിന്റെ കൈവശത്തിലാണു്. ഇതിൽ ആകെ 10 ഏക്കർ 84 സെൻറു് സ്ഥലമാണുള്ളതു്. അതിൽ 4 ഏക്കർ 24 സെൻറ ഗവണ്മെൻറ അക്വയർ ചെയ്തിട്ടുണ്ടു്. ബാക്കിയുള്ളതിനു് ഗവണ്മെൻറു് ആണ്ടിൽ 795 രൂപ പാട്ടം കൊടുത്തുകൊണ്ടിരിക്കുകയാണു്. അതിനാൽ ഗവണ്മെൻറു് ഇപ്പോഴും അക്വയർ ചെയ്തിട്ടുള്ളതു് പോയി ബാക്കിയുള്ള 6 ഏക്കർ 60 സെൻറു് സ്ഥലം അക്വയർ ചെയ്യുന്നതിനുവേണ്ടിയാണു് ഈ തുക ചോദിക്കുന്നതു്. ഇതിൽ പുതുതായി ഒന്നും ഇല്ല.

ശ്രീ. ടി. ഒ. ബാവാ : സ്ഥലം ഇപ്പോഴും വെറുതെ കിടക്കുകയാണല്ലോ ചെയ്യുന്നതു്. അതു് എടുക്കേണ്ട ആവശ്യമുണ്ടോ?

ശ്രീ. എ. താണുപിള്ള : ഉണ്ടെന്നു പോലീസ് റിപ്പോർട്ടു് ചെയ്തിട്ടുണ്ടു്. അതുകൊണ്ടു് അതെടുക്കാൻ പോകുകയാണു്. പിന്നെ ജൂറിസ്ഡിക്ഷനെക്കുറിച്ചാണെങ്കിൽ ശ്രീമാൻ കുറുപ്പു പറഞ്ഞതുപോലെ അസൗകര്യങ്ങളും ഉണ്ടായേയ്ക്കും. പക്ഷെ അതു് സ്റ്റേററു് ഒട്ടാകെ നോക്കേണ്ട ഒരു കാര്യമാണു്. അതിനെക്കുറിച്ചു് ആലോചിച്ചു് വേണ്ടതു ചെയ്യുന്നതിനു വിരോധമില്ല. പിന്നെ മറെറാന്നു്, ഈവക കാര്യങ്ങളെക്കുറിച്ചാണെങ്കിൽ ജൂഡീഷ്യറിയും എക്സിക്യൂട്ടീവും വേർതിരിക്കുമ്പോഴും ആലോചിക്കുന്നതായിരിക്കും നല്ലതു്. അതിനു് ഇപ്പോഴും സൗകര്യമില്ലാതായിട്ടാണിരിക്കുന്നതു്. ഏതായാലും ഇങ്ങനെയുള്ള കാര്യങ്ങളെക്കുറിച്ചു് ആലോചിച്ചു വേണ്ടതു ചെയ്യുന്നതാണു്.

The question that a supplementary sum not exceeding Rs. 1,65,800 be granted under Demand XV—29 Police, was put and carried.

The grant was made.

Demand XVIII—37 Education.

Chief Minister **(Shri A. Thanu Pillai)** : I move for a supplementary grant of Rs. 18,00,100 under XVIII—37 Education.

Shri A. Achuthan : I second it.

ശ്രീ. പി. കെ. യശോധരൻ : വിദ്യാഭ്യാസവകുപ്പിലേയ്ക്കു് 18 ലക്ഷത്തിൽചില്വാനം രൂപ കൂടുതൽ അനുവദിക്കണമെന്നു കാണിച്ചുകൊണ്ടു് കൊണ്ടുവന്നിരിക്കുന്ന ധനാഭ്യർത്ഥനയെപ്പററി പരാമർശിക്കുന്ന അവസരത്തിൽ ഗവണ്മെൻറിന്റെ വിദ്യാഭ്യാസനയത്തെക്കുറിച്ചു് ചില കാര്യങ്ങളും സ്പർശിക്കേണ്ടതുണ്ടു്. പക്ഷെ ഈ അവസരത്തിൽ ഇതു അസംഗതമാണെന്നു് ചിലപ്പോഴും പറഞ്ഞേയ്ക്കാം.

ശ്രീ. എ. താണുപിള്ള: സപ്ലിമെൻററി ഡിമാൻഡ് കൊണ്ടുവരുമ്പോൾ നൂതനമായി ഏതെങ്കിലും പോയിൻറുകൾ ഉന്നയിക്കുകയോ സപ്ലിമെൻററി ഗ്രാൻറിന് ആസ്പദമായ സംഗതിയെപ്പററി സംസാരിക്കുകയോ ചെയ്യാമെന്നല്ലാതെ പൊതുവായ നയത്തെപ്പററിയുള്ള പരാമർശനം ഇപ്പോൾ ശരിയാണോ എന്നു എനിക്കു സംശയമുണ്ട്.

ശ്രീ. പി. കെ. യശോധരൻ: ഈ സപ്ലിമെൻററി ഗ്രാൻറ് ഒരു വിധത്തിൽ പൊതുവായ നയത്തെ ബാധിക്കുന്നതാകകൊണ്ട് ഞാൻ അതിനെ പരാമർശിക്കുകയാണ്. ഇതിൽ ഓരോ ഐററത്തെപ്പററി പറയേണ്ടതുണ്ടെങ്കിലും സമയം അതിനനുവദിക്കാത്തതുകൊണ്ട് ഞാൻ പ്രധാനമായി യൂണിവേഴ്സിററിയെപ്പററി മാത്രം ചിലതു പറയാമെന്നു വിചാരിക്കുന്നു. സർ, ഈ സഭയിലുള്ള എല്ലാ ആളുകളുടെയും ശ്രദ്ധയെ ആകർഷിച്ച ഒരു സമരം ഇന്ന് വിദ്യാർത്ഥികൾ നടത്തുന്നുണ്ട്. കാളേജു യൂണിയൻ അനുവദിക്കുന്നതിനുവേണ്ടി, ഏററവും ന്യായമായ ഒരു അവകാശത്തിനുവേണ്ടി കഴിഞ്ഞ വർഷം ഇവിടത്തെ വിദ്യാർത്ഥികൾ നടത്തിയ ഒരു സമരത്തിൻെറ ഫലമായിട്ടു ശിക്ഷണനടപടിക്കു വിധേയരായ വിദ്യാർത്ഥികളാണ് ഈ സമരം നടത്തുന്നതെന്നുള്ള കാര്യം വ്യക്തമാണ്. ഇന്നത്തെ സഭാനേതാവും ഈ സമരത്തെ ഇന്ന് അനുകൂലിച്ച ആളാണ്.

ശ്രീ. എ. താണുപിള്ള: ഞാൻ സമരത്തെ ഒരിക്കലും അനുകൂലിച്ചില്ല. അവരുടെ കാര്യങ്ങൾക്കുവേണ്ട നടപടി എടുക്കത്തക്കവിധത്തിൽ പ്രവർത്തിക്കുന്നതാണ് എന്നു പറഞ്ഞുവെന്നല്ലാതെ ഞാൻ സമരത്തെ ഒരിക്കലും അനുകൂലിച്ചിട്ടില്ല.

ശ്രീ. പി. കെ. യശോധരൻ: അന്നു ഗവണ്മെൻറ് വിദ്യാർത്ഥികളോട് കാണിച്ച നടപടിയെ കഠിനമായി എതിർക്കേണ്ടതാണെന്നാണ് അദ്ദേഹം അന്നു പരസ്യമായി പറഞ്ഞത്. വിദ്യാർത്ഥികളുടെ ന്യായമായ ആ ആവശ്യങ്ങളെ സാധിച്ചുകൊടുക്കുന്നതിനുവേണ്ടി അന്നത്തെ വൈസ് ചാൻസലരും ഇന്നത്തെ വൈസ് ചാൻസലരുമായ മി. രാമസ്വാമി മുതലിയാരുമായി അദ്ദേഹം സമ്പർക്കം പുലർത്തി കാര്യങ്ങൾ ഒതുക്കുന്നതിനു ശ്രമിച്ചു എന്നുള്ളത് വാസ്തവമാണ്. അത് നിഷേധിക്കുകയില്ലെന്നു കരുതുന്നു. അത് അതിനോടനുബന്ധിച്ച് 144 പ്രഖ്യാപിച്ചതിനെ അദ്ദേഹം എതിർക്കുകയുണ്ടായി. അങ്ങനെ വിദ്യാർത്ഥികളുടെ സമരത്തെ അനുകൂലിച്ചുകൊണ്ടിരുന്ന അദ്ദേഹം ഇന്നു പ്രധാനമന്ത്രി എന്ന നിലയിൽ അദ്ദേഹത്തിൻെറ പരമാവധി കഴിവുപയോഗിച്ച് ഇതിനു വേണ്ട നടപടി എടുക്കണം. അതു ധാർമ്മികമായ ഒരു ചുമതല കൂടിയാണ്. ധർമ്മവും നീതിയും മനഃസാക്ഷിയും ഉണ്ടെങ്കിൽ അദ്ദേഹം അതു ചെയ്യേണ്ടതാണ്. ഇന്നു നാലു ദിവസമായി ഇവിടെ വിദ്യാർത്ഥികൾ കൂട്ടസത്യാഗ്രഹം നടത്തുകയാണ്. മഴനനഞ്ഞുകൊണ്ട്, പട്ടിണികിടന്നുകൊണ്ടു സത്യാഗ്രഹം അനുഷ്ഠിക്കുകയാണ്. ഇന്നലെ വൈകിട്ടു ശൈത്യബാധ ഏററ ഒരു വിദ്യാർത്ഥി നടുറോഡിൽ കിടന്നു പിടച്ചതായി നിങ്ങൾ അറിഞ്ഞിരിക്കും. ഇന്നു സഖാവ് കേശവൻനായർ അവിടെ നിരാഹാരസത്യാഗ്രഹം അനുഷ്ഠിക്കുകയാണ്. ഒരുപക്ഷെ മുഖ്യമന്ത്രി വിചാരിക്കുന്നുണ്ടായിരിക്കാം കുറച്ചു ദിവസം കഴിഞ്ഞതിനുശേഷം എഴുന്നേററുപൊയ്ക്കൊള്ളുമെന്ന്. ആവശ്യമില്ലാതെ വിദ്യാർത്ഥികളുടെ വികാരത്തെ ഇളക്കി നാട്ടിൽ വീണ്ടും അസ്വസ്ഥത ഉളവാക്കുവാൻ ഇടവരുത്തരുതെന്നു മാത്രമാണ് എനിക്കു പറയു

വാനുള്ളതു്. ഈ സമരം നീട്ടിക്കൊണ്ടുപോകാതെ അവസാനിപ്പിക്കേണ്ട ധാർമ്മികമായ ഒരു ചുമതല അദ്ദേഹത്തിനുണ്ടു്. ഉടൻതന്നെ വൈസ് ചാൻസലറെ ഇവിടെ വരുത്തി മൂന്നുനാലുദിവസങ്ങൾക്കകം പരിഹാരം കാണാമെന്നു് ഒരുറപ്പ് കൊടുത്തു് അവരെ ഈ സമരത്തിൽനിന്നും പിൻതിരിപ്പിക്കണമെന്നു് ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. ടി. പി സീതാരാമൻ: സർ, 18 ലക്ഷത്തിൽ ചില്വാനം രൂപ ഇവിടെ വിദ്യാഭ്യാസവകുപ്പിൽ കൂടുതൽ ആവശ്യപ്പെട്ടിരിക്കുകയാണു്. യൂണിവേഴ്സിററിക്കു് 25 ലക്ഷം രൂപ ആണ്ടുതോറും ഗ്രാൻറായി കൊടുക്കുന്നുണ്ടു്. പബ്ലിക്കു് ഹെൽത്തു ലാബറട്ടറി കാര്യമായി പ്രവർത്തിക്കുന്നില്ലെന്നു പറഞ്ഞു് ഒന്നരലക്ഷം രൂപ ലാഭമുണ്ടാക്കി ഗവണ്മെൻറ നേരിട്ടുനടത്തിയിരുന്നു. ഈ Laboratory യുടെ ചിലവിനു $1\frac{1}{2}$ ലക്ഷം ക. ആവശ്യമാണെന്നു് യൂണിവേഴ്സിററിക്കാർ പറഞ്ഞിട്ടും ഇക്കൊല്ലം അവർക്കുതന്നെ 42000 ക. കൊടുക്കുന്ന ഒരു പരിപാടികാണുന്നുണ്ടു്. ഞാൻ രണ്ടുസ്കൂളുകളുടെ മാനേജരാണു്. അതുകൊണ്ടു് പ്രൈവററുകാളേജുകളെപ്പററിയും സ്കൂളുകളെപ്പററിയും രണ്ടു വാക്കു് പറയണമെന്നു് വിചാരിക്കുന്നു. പ്രൈവററ സ്കൂളുകളുടെ ആവശ്യത്തിലേയ്ക്കു് ഗവണ്മെൻറിൽനിന്നും മരംകൊടുക്കുന്നതു് സീനിയറേജ് റെറവച്ചാണു്. അതു് സർക്കാരിനു യാതൊരുനഷ്ടവുമുള്ള കാര്യമല്ല. പ്രൈവററസ്കൂളുകൾക്കും കാളേജുകൾക്കും കൊടുത്തിരിക്കുന്ന ആനുകൂല്യങ്ങളിൽ കാര്യമായ ഒരാനുകൂല്യം ഇതാണു്. ഒരു പുതിയസ്കൂൾ തുടങ്ങണമെങ്കിൽ സർക്കാരിനു് വളരെ ചെലവു് വരുന്നുണ്ടു്. അതായതു് സ്ഥലം വാങ്ങിക്കുക, കെട്ടിടം വയ്ക്കുക, മററുപകരണങ്ങൾ ശേഖരിക്കുക തുടങ്ങി പല ചെലവും ഉണ്ടാകും. അങ്ങിനെയിരിക്കെ നാട്ടുകാർ സ്കൂളുണ്ടാക്കിയാൽ കൊടുത്തിരുന്ന ഒരാനുകൂല്യത്തിൽപ്പോലും മുൻ ഗവണ്മെൻറു് ഈ ഇനത്തിൽ കൊള്ളിച്ചിരുന്നതിൽ 50000 രൂപ വെട്ടിക്കുറച്ചിരിക്കുകയാണു്.

ഒരു ട്രെയിനിംഗ് കാളേജിലേയ്ക്കു് കൊടുക്കുവാൻ കൊടുത്തിരുന്ന സംഖ്യകൂടി ഇവിടെ കുറച്ചിട്ടുണ്ടു്. ആർട്ട്സ് കാളേജിനെ സംബന്ധിച്ചിടത്തോളമുള്ള ഗവണ്മെൻറിന്റെ നയം മാററിയിട്ടുണ്ടെന്നു് രണ്ടു ദിവസം മുമ്പു് ഇവിടെ പറയുകയുണ്ടായി. പ്രത്യേകിച്ചും training കഴിച്ച അദ്ധ്യാപകന്മാർ വേണ്ടടത്തോളം ഇല്ലാത്ത ഈ കാലത്തു് ട്രെയിനിംഗ് കാളേജിനു് സംഖ്യ കൊടുക്കുന്നതു് നന്നായിരിക്കുമെന്നാണു് ഞാൻ പറയുന്നതു്.

ഇവിടെ പുതിയ ഒരു ലാക്കാളേജ് തുടങ്ങുകയുണ്ടായി. ബഡ്ജററു പ്രസംഗവേളയിൽ പലരും പറയുകയുണ്ടായി, ആ കാളേജിന്റെ ആവശ്യമില്ലെന്നു്. എറണാകുളത്തെ ലാക്കാളേജ് കാലക്രമേണ ഇല്ലാതാകുവാനുള്ള തന്ത്രമല്ലെ ഇതു്. ഏതായാലും അതു തുടങ്ങിക്കഴിഞ്ഞു. ആ കാളേജിലേയ്ക്കു് റെക്കറിംഗായി 14,000 രൂപ ചെലവുവരുന്നതായി കാണുന്നുണ്ടു്. ചിററൂർകാളേജിനും വളരെ ചെലവുവരുന്നുണ്ടു്. ഇതെല്ലാം ഗവണ്മെൻറ കാളേജായതുകൊണ്ടു് വലിയ ഒരു സംഖ്യ ചെലവു ചെയ്യേണ്ടിയിരിക്കുന്നു. കാളേജുകൾ വർദ്ധിക്കുന്നതനുസരിച്ചു് University യ്ക്കു ക്രമേണ കൂടുതൽ ഗ്രാൻറു് കൊടുക്കേണ്ടിവരും. പ്രൈവററകാളേജുകളെ പ്രോത്സാഹിപ്പിക്കാൻ ഞാൻ പറയുകയല്ല. എങ്കിലും പ്രൈവററകാളേജുകളാണെങ്കിൽ ഇത്രയധികം സംഖ്യ കൂടാതെ കഴിയാമായിരുന്നു. ഏതായാലും പ്രൈവററ കാളേജുകൾക്കും സ്കൂളുകൾക്കും കൊടുക്കുന്ന മരത്തി

[ശ്രീ. ടി. പി. സീതാരാമൻ]

ന്റെ തുകയിൽ കുറവുചെയ്തതു് വളരെ കഷ്ടമാണെന്നു പറയേണ്ടിയിരിക്കുന്നു. ആ കാര്യത്തിലുള്ള ഗവണ്മെന്റിന്റെ പാളിസി പുനരാലോചിക്കണമെന്നു് ഞാൻ പറയുന്നു.

ശ്രീ. കെ. റ്റി. തോമസ്സ്: സപ്ലിമെന്ററി ഗ്രാന്റിനെ അനുകൂലിച്ചുകൊണ്ടു് ഒരു കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തണമെന്നു് ഞാനാഗ്രഹിക്കുന്നു. പ്രിലിമിനറി ബഡ്ജറ്റിൽ മൂന്നു കാളേജുകൾക്കു കൊടുക്കുന്നതിനായി ഒന്നര ലക്ഷം രൂപ ഇവിടെ നീക്കിവച്ചിട്ടുണ്ടായിരുന്നു. എന്റെ അറിവു ശരിയാണെങ്കിൽ കാലടി കാളേജിനും ആലപ്പുഴ വനിതാകാളേജിനും കോട്ടയം ട്രെയിനിംഗ് കാളേജിനും 50,000 രൂപ വീതം കൊടുക്കുന്നതിനാണു് നിശ്ചയിച്ചിരുന്നതു്. എന്നാൽ ഇപ്പോൾ ഈ തുക മുഴുവനും വെട്ടിക്കുറച്ചിരിക്കുകയാണു്. മുമ്പു് പുതിയതായി സ്ഥാപിക്കുന്ന ഓരോ കാളേജുകൾക്കും 5,00,000 രൂപ വീതം ഗവണ്മെന്റിൽ നിന്നും കൊടുത്തിരുന്നു. യൂണിവേഴ്സിററി നിയമമനുസരിച്ചു് ഓരോ കാളേജും 5,00000 രൂപ കെട്ടിവയ്ക്കേണ്ട ആവശ്യമുണ്ടായിരുന്നു. അന്നതിലേയ്ക്കാണു് തുക കൊടുത്തിരുന്നതു്. എങ്കിലും ആ തുകയുടെ പലിശ എടുത്തുപയോഗിക്കുന്നതിനുള്ള സൗകര്യം ആ കാളേജുകൾക്കുണ്ടായിരുന്നു. നാലുശതമാനം പലിശ കണക്കാക്കിയാലും ഒരാണ്ടിൽ 20,000 രൂപയോളം പലിശ കിട്ടും. ഈ അഞ്ചുലക്ഷം രൂപ വീതം പല കാളേജുകൾക്കും ഇവിടെ കൊടുത്തിട്ടുണ്ടു്. എന്റെ ഓർമ്മയിൽ നിന്നും പറയുകയാണെങ്കിൽ ആലപ്പുഴ സനാതന കാളേജിനും ചങ്ങനാശേരിയിലേയും തിരുവനന്തപുരത്തേയും എൻ. എസ്സ്. എസ്സ്. കാളേജിനും തുകകൾ കൊടുത്തിട്ടുണ്ടെന്നു കാണാം. ഗവണ്മെന്റു് ആ നയം മാററിയശേഷം 50,000 രൂപ വീതം പുതിയ കാളേജുകൾക്കു് കൊടുത്തുകൊണ്ടിരുന്നു. അങ്ങിനെ ഒരു തീരുമാനമെടുത്തശേഷവും കൊല്ലം ശ്രീനാരായണകാളേജിനു് 500,000 രൂപ കൊടുക്കുകയുണ്ടായി. അതിന്റെ കാരണം ഗവണ്മെന്റു നയം മാറുന്നതിനു് മുമ്പുതന്നെ ശ്രീനാരായണകാളേജു ഗ്രാന്റിനപേക്ഷ സമർപ്പിച്ചിരുന്നു എന്നുള്ളതാണു്. നയം മാറുന്നതിനു മുമ്പുണ്ടായിരുന്ന അപേക്ഷയുടെ പേരിൽ അവർക്കു 5,00,000 രൂപ അനുവദിച്ചുകൊടുത്തിട്ടുണ്ടു്. 50000 രൂപ ആക്കിയതിനു ശേഷവും പല കാളേജുകൾക്കും തുക കൊടുത്തിട്ടുണ്ടു്. കഴിഞ്ഞ ദിവസം മുഖ്യമന്ത്രി പറയുകയുണ്ടായി ആ നയവും മാററിയെന്നു്. പുതിയ കാളേജുകൾക്കു് കൊടുക്കുന്നതിനുവേണ്ടി പ്രിലിമിനറി ബഡ്ജററിൽ കൊള്ളിച്ചിരുന്ന തുക എടുത്തുകളഞ്ഞതിനെപ്പററി ദയാപൂർവ്വം ആലോചിക്കണമെന്നാണു് എനിക്കു് പറയാനുള്ളതു്. ഇനിയും ആർട്ട്സ് കാളേജുകളെ ഗവണ്മെന്റു പ്രോത്സാഹിപ്പിക്കയില്ല എന്നു പറയുന്നതു് മനസ്സിലാക്കാൻ കഴിയും. എന്നാൽ കോട്ടയത്തുള്ളതു് ഒരു പ്രൊഫഷനൽ കാളേജാണു്. ഗവണ്മെന്റിൽ നിന്നും തെരഞ്ഞെടുക്കുന്ന ആളുകളെയാണു് അവിടെ പഠിപ്പിക്കുന്നതു്. ആ നിലയ്ക്കു് അതിനെ ഒരു സെമിഗവണ്മെന്റു് * സ്ഥാപനമായി കരുതാം. അതിനു് 50,000 രൂപ കൊടുത്തതു ഒരു വലിയ കാര്യമല്ല. അതിനെപ്പററി ഗവണ്മെന്റു ദയാപൂർവ്വം പരിഗണിക്കേണ്ടതാണു്. അവിടെ കെട്ടിടം പണി തുടങ്ങിക്കൊണ്ടിരിക്കയാണു്. ഈ തുക കിട്ടുന്നതു് അവർക്കു വളരെ ഉപകാരപ്രദമായിരിക്കും. ഇപ്പോൾ സ്കൂളുകളിൽ ട്രെയിനിംഗ് പാസായ ആളുകളെമാത്രമെ അദ്ധ്യാപകന്മാരായി

നിയമിക്കയുള്ളുവെന്നുണ്ട്. ഇന്നു് ട്രെയിനിംഗ് പാസായ അദ്ധ്യാപകന്മാരെ ആവശ്യത്തിനു കിട്ടാതിരിക്കുകയാണു്. അതിലേയ്ക്കു് ഒരു രണ്ടു മൂന്നു കാളേജുകൾ കൂടി നടത്തണം. ഗവണ്മെൻറ് നേരിട്ടു നടത്തുകയാണെങ്കിൽ ഇതിനു പത്തോ പതിനഞ്ചോ ലക്ഷം രൂപ വേണ്ടിവരും. ആ നിലയിൽ ഒരു പ്രൈവറ്റേജൻസി ഒരു സ്ഥാപനം നടത്തുന്ന സ്ഥിതിക്കു് ഈ നിസ്സാരമായ തുകകൊടുത്തു് അവരെ സഹായിക്കണമെന്നു് ഞാൻ ആവശ്യപ്പെടുന്നു.

Shri P. K. Yasodharan Sir, I move for a closure.

ശ്രീ. പി. വിശ്വംഭരൻ : പ്രസംഗിച്ചുകഴിഞ്ഞ ആളിനു് ക്ലോഷർ മൂവുചെയ്യാൻ അവകാശമുണ്ടോ ?

മി. സ്പീക്കർ : മൂവുചെയ്യാമെങ്കിലും; സാധാരണ അങ്ങിനെ പതിവില്ല.

The motion was put and lost.

ശ്രീ. കെ. എ. ശിവരാമഭാരതി : സർ, പ്രാഥമികവിദ്യാഭ്യാസം നിർബന്ധിതമാക്കിയിട്ടുള്ള ഗവണ്മെൻറിൻെറ ....

ശ്രീ. പി. കെ. യശോധരൻ : ക്ലോഷറിനു തീരുമാനം എടുത്ത ശേഷമാണു് പ്രസംഗിക്കുന്നതു്.

Mr. Speaker : The closure motion was not carried.

ശ്രീ. കെ. എ. ശിവരാമഭാരതി : പ്രൈമറിസ്കൂൾ കെട്ടിടങ്ങളുടെ ശോച്യാവസ്ഥയെപ്പററി രണ്ടുവാക്കു് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. അഞ്ചെട്ടുകൊല്ലമായി തുടരെത്തുടരെ അപേക്ഷിക്കുകയും ആവലാതിപ്പെടുകയും ചെയ്തിട്ടുള്ള ഒരു കാര്യമാണു് കൊഴിഞ്ഞാംപാറ പ്രൈമറിസ്കൂളിൻെറ കാര്യം. പക്ഷെ ഇതുവരെ ഗവണ്മെൻറ ഫലപ്രദമായ നടപടികൾ എടുത്തിട്ടില്ലെന്നുള്ളതു് വളരെ വേദനാജനകമാണു്. അറുന്നൂറോളം കുട്ടികൾ പഠിക്കുന്ന ഒരു സ്കൂളാണതു്. തമിഴും മലയാളവും അവിടെ പഠിപ്പിക്കുന്നുണ്ടു്. സാധാരണ പ്രൈമറിസ്കൂളുകളിൽ ഏതെങ്കിലും ഒരു ഭാഷമാത്രമേ പഠിപ്പിക്കുന്നുള്ളു. ഇപ്പോൾ സ്കൂളിലുള്ള ചുരുങ്ങിയ സ്ഥലംകൊണ്ടു് ശരിക്കു് കാര്യങ്ങൾ നടത്താൻ സാധിക്കുന്നില്ല. ഷിഫ്ററ്സമ്പ്രദായത്തിലാണു് ഇപ്പോൾ ക്ലാസുകൾ നടത്തിവരുന്നതു്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവർകൾതന്നെ ഈ സ്ഥലം വന്നു നോക്കിയിട്ടുള്ളതും അദ്ദേഹത്തിനുതന്നെ ഈ വിഷമങ്ങൾ ബോദ്ധ്യപ്പെട്ടിട്ടുള്ളതുമാണു്. ഇതിനുമുമ്പു് വിദ്യാഭ്യാസമന്ത്രിമാരായിരുന്നവരും അവിടെവന്നുനോക്കി കാര്യങ്ങൾ മനസ്സിലാക്കിയിട്ടുണ്ടു്. എങ്കിലും അതുസംബന്ധിച്ചു് യാതൊരു നടപടികളും എടുത്തുകണ്ടില്ല. അതിനാൽ ആ കാര്യം ഗവണ്മെൻറിൻെറ അടിയന്തിരമായ ശ്രദ്ധയിൽ ഉണ്ടായിരിക്കണമെന്നും അവിടെയുള്ള കുട്ടികളുടെ എണ്ണക്കൂടുതലിനെ പരിഗണിച്ചു് സ്കൂൾകെട്ടിടം പണിയുന്നതിനു് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ടു് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി : പുതിയതായി വായനശാലകൾക്കു് ഗ്രാൻറുകൊടുക്കുന്നതിനു് 60,000 രൂപ വച്ചിട്ടുണ്ടു്. ഗ്രന്ഥശാലകൾക്കും മററുമുള്ള ഗ്രാൻറ് സമയാസമയത്തു ശരിയായി കിട്ടു

[ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി]

തക്കവണ്ണം വിതരണം ചെയ്യുന്നതിനുള്ള മാർഗ്ഗങ്ങൾ കണ്ടുപിടിക്കണമെന്നു് ഞാൻ അപേക്ഷിക്കുന്നു. പലപ്പോഴും അവർക്കുള്ള ഗ്രാൻറുകൾ സമയത്തിനു കിട്ടുന്നില്ല. മേലാൽ അപ്രകാരം വരാതിരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണു്.

ശ്രീ. ടി. കെ. ദിവാകരൻ: ഈ ഗ്രാൻറിനെ അനുകൂലിക്കുന്നു. മഹോപാദ്ധ്യായപരീക്ഷ പാസ്സായി പ്രൈമറിസ്കൂളുകളിൽ അദ്ധ്യാപകന്മാരായിരിക്കുന്നവരെ മുമ്പു ഹൈസ്കൂൾ പണ്ഡിററുകളായി നിയമിക്കുന്നതിനു് റിസർവ്വേഷൻ അനുവദിച്ചിരുന്നു. ആ റിസർവ്വേഷൻ അനുവദിച്ചിരുന്നകാലത്തു പ്രമോഷൻകൊടുത്ത മൂന്നു മഹോപാദ്ധ്യായ അദ്ധ്യാപകന്മാരെ വീണ്ടും പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാരായി റിവർട്ടുചെയ്യുകയുണ്ടായി. അതിനുശേഷം ഹൈസ്കൂൾ പണ്ഡിററ റിസർവേഷൻക്യാൻസൽ ചെയ്തു. സാഹിത്യവിശാരദക്കാരെ ഹൈസ്കൂളുകളിൽ പണ്ഡിററുകളായി നിയമിക്കുന്നതിനു യാതൊരു തടസ്സവുമില്ലാത്തസ്ഥിതിക്കു് മഹോപാദ്ധ്യായപാസ്സായി പ്രൈമറിസ്കൂളുകളിൽ അദ്ധ്യാപകന്മാരായിരിക്കുന്നവരെ ഹൈസ്കൂൾപണ്ഡിററുകളായി നിയമിക്കുന്നതിനു ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നു് വിദ്യാഭ്യാസമന്ത്രിയോടു അഭ്യർത്ഥിച്ചുകൊള്ളുന്നു.

ശ്രീ. ജെ. ഏ. ഭട്ട്: ധനാഭ്യർത്ഥനയെ ഞാൻ അനുകൂലിക്കുന്നു. സ്കൂളുകളിൽ ഫസ്റ്റ്ഫാറത്തിലും സെക്കൻറഫാറത്തിലും ഫീസ്സൗജന്യം നൽകിയകാരണം പ്രൈവററസ്കൂൾമാനേജുമെൻറുകൾക്കു് നഷ്ടപരിഹാരം എത്രയാണു് കൊടുക്കുന്നതെന്നു് പ്രത്യേകം കാണിച്ചിട്ടില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പലതവണ ഈ സഭമുമ്പാകെ പറഞ്ഞിട്ടുണ്ടു്, അവർക്കു വരുന്ന നഷ്ടം കൊടുക്കുന്നകാര്യം ഗവണ്മെൻറ ആലോചിക്കുന്നുണ്ടെന്നു്. സ്കൂളുകളിലെ മാസ്റ്ററന്മാർക്കു കൊടുക്കേണ്ട ശമ്പളംമാത്രമേ കാണിച്ചിട്ടുള്ളു. സ്കൂൾമാനേജരന്മാർക്കു വരുന്ന നഷ്ടം എത്രത്തോളമാണെന്നു കണക്കാക്കി ആ സംഖ്യ കൊടുക്കാൻ വേണ്ട നടപടികൾ എടുക്കണമെന്നാണു് ഞാൻ അഭ്യർത്ഥിക്കുന്നതു്.

ശ്രീ. പി. വിശ്വംഭരൻ: സർ, ചിററൂർ ഗവണ്മെൻറ കാളേജിൻേറയും എറണാകുളം മഹാരാജാസ് കാളേജിൻേറയും ഭരണച്ചുമതല വിദ്യാഭ്യാസഡയറക്ടർക്കും മററെല്ലാ നിയന്ത്രണങ്ങളും യൂണിവേഴ്സിററിക്കും വിട്ടുകൊടുത്തിരിക്കയാണല്ലോ. എന്നാൽ ഈ രണ്ടു കാളേജുകളുടേയും എല്ലാ ഭരണച്ചുമതലയും നിയന്ത്രണങ്ങളും ഈ യൂണിവേഴ്സിററിയെ ഏല്പിക്കണമെന്നു ഞാൻ ഗവണ്മെൻറിനെ അറിയിച്ചുകൊള്ളുന്നു.

ശ്രീ. കെ. കരുണാകരൻ: ഈ രണ്ടു കാളേജുകളുടേയും മാനേജുമെൻറ് സർക്കാരിനാണെന്നു് അറിയാമോ?

ശ്രീ. പി. വിശ്വംഭരൻ: അതെല്ലാം മാറണമെന്നാണു് പറയുന്നതു്. അതിൻെറ മാനേജുമെൻെറല്ലാം യൂണിവേഴ്സിററിയെ ഏല്പിക്കണമെന്നാണു് പറയുന്നതു്.

ശ്രീ. ഏ. താണുപിള്ള: ഇവിടെ ആദ്യമായി പറഞ്ഞതു വിദ്യാർത്ഥിസമരത്തെക്കുറിച്ചാണു്. ശ്രീമാൻ യശോധരനാണു് പ്രസ്താവിച്ചതു്. ഈ വിദ്യാർത്ഥിസമരത്തെ സംബന്ധിച്ചു, വിദ്യാർത്ഥികളെ തിരിയെ അതാതു കാളേജുകളിൽ അയക്കുന്നതിനു ഗവണ്മെൻറിനു ചുമതലയു-

ണ്ടെന്നും വ്യക്തിപരമായി എനിക്കു കൂടി ആ ചുമതലയുണ്ടെന്നും ആണ് അദ്ദേഹം പറഞ്ഞതു്. സർ, അങ്ങനെ വ്യക്തിപരമായ ചുമതല എനിക്കില്ല. ഞാൻ ഈ വിദ്യാർത്ഥികളെ കാളേജിൽനിന്നും പുറത്തയച്ചപ്പോൾ തിരിയെ അവരെ അവരുടെ കാളേജുകളിൽ പ്രവേശിപ്പിക്കുന്നതിനു് അന്നെനിക്കു കഴിവുള്ളതു ചെയ്തിട്ടുള്ളതു വാസ്തവംതന്നെ. അങ്ങിനെ ഒരിക്കൽ ഒരു സഹായം ചെയ്യുമ്പോൾ അതോടുകൂടി ഒരു ചുമതല പിന്നെയും വന്നുകൂടും എന്നു ഞാൻ മനസ്സിലാക്കിയില്ല. അന്നും ഞാൻ ശ്രമിച്ചുനോക്കി, ഞാൻ അപേക്ഷിച്ചുനോക്കി; കാളേജുകാരോടും യൂനിവേഴ്സിററിയോടും അപേക്ഷിച്ചു.

<u>ശ്രീ. പി. കെ. യശോധരൻ</u> : ഇന്നു ശ്രമിച്ചാൽ പററുമോ?

<u>ശ്രീ. എ. താണുപിള്ള</u> : ഇന്നും ഞാൻ ശ്രമിക്കുന്നു. സർ, പക്ഷെ ഇന്നു് യൂനിവേഴ്സിററിയുടെ കീഴിലുള്ള കാളേജുകളിൽ ഗവണ്മെൻറിനു അധികാരം ചെലുത്താൻ സാധിക്കുകയില്ല. വിദ്യാർത്ഥികളുടെ മേൽ തെററുണ്ടെന്നിരുന്നാലും ഒരു വർഷം അവർ വിഷമപ്പെട്ടു. ഇനിയും അവരെ വിഷമിപ്പിക്കാതെ കാളേജുകളിൽ തിരിയെ ചേർത്തുകാണാൻ ഗവണ്മെൻറു കഴിവതു ചെയ്തുകൊണ്ടിരിക്കയാണു്.

<u>ശ്രീ. കെ. സി. ജോർജ്ജു്</u> : ഇങ്ങനെ പതിനഞ്ചാം തീയതി കഴിഞ്ഞാൽ പിന്നെ അവക്കു് ഈ കൊല്ലത്തെ അഡ്മിഷൻ കിട്ടാൻ വിഷമമാണെന്നറിയാമോ?

<u>ശ്രീ. എ. താണുപിള്ള</u> : അതു് ഈ മാസത്തിൽതന്നെ വേണമെന്നു് എനിക്കറിയാം. അതു് അങ്ങിനെ അഡ്മിററു ചെയ്തുകാണാൻ ഞാൻ ശ്രമിക്കുകയാണു്. എന്നെ എല്ലാററിനും കുററം പറയുന്നുണ്ടു്, എങ്കിലും ഞാൻ ശ്രമിക്കുന്നുണ്ടു്.

<u>ശ്രീ. ടി. കെ. ദിവാകരൻ</u> : എക്സ്പൾഷൻ ക്യാൻസൽ ചെയ്തു മററു കാളേജുകളിൽ ചേരുന്നതിനു സർട്ടിഫിക്കററുകൊടുക്കാൻ വിരോധമില്ലെന്നു പറഞ്ഞിട്ടും അങ്ങിനെ ചെയ്തുകാണാത്തതെന്താണു്?

<u>ശ്രീ. എ. താണുപിള്ള</u> : അതു് ശരിയല്ല, അതിനു മറുപടിപോലും കൊടുത്തിട്ടില്ല, അതാണു് പരമാർത്ഥം. ഗവണ്മെൻറു ന്യായമായി ചെയ്യാവുന്നതെല്ലാം ചെയ്യുന്നുണ്ടു്. പക്ഷേ, അധികാരം ചെലുത്താൻ സാദ്ധ്യമല്ല. യൂനിവേഴ്സിററി അതു ചെയ്തുകൊള്ളുമെന്നു പറഞ്ഞാൽ ഗവണ്മെൻറിനു പിന്നെ അധികാരമില്ല. അങ്ങിനെ ഗവണ്മെൻറു് അതു ചെയ്യുകയാണെങ്കിൽ ഗവണ്മെൻറിന്റെ നില ദുരുപയോഗപ്പെടുത്തുകയാണു്. യൂനിവേഴ്സിററി എല്ലാ കാര്യങ്ങളും നോക്കുമ്പോൾ ഗവണ്മെൻറു് അതിൽ നേരിട്ടിടപെടുന്നതു് ശരിയല്ല.

സർ, പിന്നെ എനിക്കു് ഈ സഭയിലെ എന്റെ സ്നേഹിതന്മാരോടു് ഒരപേക്ഷ ചെയ്യാനുണ്ടു്. കുട്ടികളെ ഈ ദുർഘടസ്ഥിതിയിലേയ്ക്കു നയിക്കാതിരിക്കാൻ എല്ലാവരും ശ്രമിക്കണം. ഞാൻ ഇതു പറയുന്നതു് അവർ ക്ഷമിക്കണം. ഇവരെ പിൻതിരിപ്പിക്കുകയല്ലാതെ അതിനു പ്രോത്സാഹനം നൽകിയിട്ടു പിന്നെ കുഴപ്പത്തിലാകരുതു്. അവസാനം കുഴപ്പം തീരുന്നതുവരെയ്ക്കും അവക്കും അവരുടെ രക്ഷകർത്താക്കൾക്കും വിഷമങ്ങൾ നേരിടാനിടയുണ്ടു്. സർ, ഇവിടെ ഒരു ദിവസം ചോദിക്കയുണ്ടായി, ഈ പട്ടം താണുപിള്ള തന്നെ കുട്ടികളെക്കൊണ്ടു് രാഷ്ട്രീയത്തിലേയ്ക്കു

[ശ്രീ. എ. താണുപിള്ള]

ഇറങ്ങിയിട്ടില്ലേ എന്നു്. മഹാത്മാഗാന്ധി സ്വാതന്ത്ര്യസമരകാലത്തു കുട്ടികളെ സ്കൂളിൽനിന്നും ഇറങ്ങിവരാൻ പറഞ്ഞതു് "നിങ്ങൾ വിദ്യാലയങ്ങൾ വിട്ടു് ഇങ്ങു പോരിൻ, പക്ഷെ ഒരു കാൽ രാഷ്ട്രീയരംഗത്തും ഒരു കാൽ വിദ്യാലയങ്ങളിലും വച്ചുകൊണ്ടു് നിങ്ങൾ ഇറങ്ങി വരരുതു്" എന്നാണു്. പഠിക്കണമെന്നുണ്ടെങ്കിൽ പഠിക്കണം. രാഷ്ട്രീയമാണു് പ്രവർത്തനരംഗമെന്നുണ്ടെങ്കിൽ അതിനുവേണ്ടതൊക്കെ ചെയ്തുകൊള്ളുവിൻ. അല്ലാതെ വിദ്യാലയങ്ങളിൽ കുഴപ്പമുണ്ടാക്കി പുറത്തയക്കപ്പെട്ടതിനു ശേഷം എനിക്കു തിരിയെ പോകണം, തിരിയെ എടുത്തില്ലെങ്കിൽ ഞാൻ സത്യാഗ്രഹം നടത്തും എന്നു പറയുന്നതു ശരിയല്ല. അതിനു കഴിവുള്ളതൊക്കെ ഗവണ്മെൻറു ചെയ്യുന്നുണ്ടു്. പിന്നെ ലൈബ്രറിയുടെ കാര്യം, തുക തിരിയെ കൊടുക്കാൻ ഉത്തരവായിട്ടുണ്ടു്. അതിനുവേണ്ട ഏർപ്പാടു ചെയ്യാം. യാതൊരു വൈമുഖ്യവും കാണിച്ചിട്ടില്ല.

ശ്രീ. റ്റി. പി. സീതാരാമൻ: ആവശ്യമുള്ളതു് കൊടുക്കുമെന്നു ഞങ്ങൾക്കു് വിശ്വസിക്കാമോ?

ശ്രീ. എ. താണുപിള്ള: വിശ്വസിക്കാം. പിന്നെ ഈ കാളേജുകളുടെ കാര്യം നാം ആലോചിക്കണം. ഞാൻ നാലു കാളേജുകൾക്കുള്ള ഗ്രാൻറ് അനുവദിച്ചില്ല. (1) ആലപ്പുഴ സനാതനധർമ്മ കാളേജ്, അൻപതിനായിരമോ എഴുപതിനായിരമോ രൂപ ഗവണ്മെൻറിൽനിന്നും കൊടുത്തു് ഒരു സ്ഥലം എടുത്തുകൊടുക്കണമെന്നു് ആവശ്യപ്പെട്ടു. (2) ആലപ്പുഴയുള്ള മറെറാരു ആർട്ട്സ് കാളേജ്, അൻപതിനായിരം രൂപയുടെ ഗ്രാൻറ്. (3) കോട്ടയത്തുള്ള ഒരു കാളേജ്. (4) ശങ്കരാചാര്യർ കാളേജ്, കാലടി. ഇതുമാതിരി ആർട്ട്സ് കാളേജുകൾക്കുവേണ്ടി ഇക്കൊല്ലം പണം ചെലവാക്കരുതെന്നു തീരുമാനിച്ചു. ഞാൻ അതുസംബന്ധിച്ചുള്ള ഫയലുകൾ നോക്കിയതിൽ പണം ആവശ്യപ്പെടുകയില്ലെന്നു് അവർ എഴുതിത്തന്നിട്ടുള്ളതുമാണെന്നു കണ്ടു.

ശ്രീ. റ്റി. വി. തോമസ്: ഈ അഞ്ചു ലക്ഷം വീതം കൊടുക്കുന്ന കാലത്തു് ഇങ്ങനെ വല്ലതും നോക്കിട്ടുണ്ടോ?

ശ്രീ. എ. താണുപിള്ള: അന്നു ഞാനല്ലാ കൊടുത്തതു്. അന്നു കൊടുത്തതും ശരിയായിരുന്നോ എന്നു സംശയിക്കുന്നു. നമ്മുടെ പദ്ധതികൾ ഒക്കെ ശരിയായി വരുമ്പോൾ................

ശ്രീ. റ്റി. വി. തോമസ്: ട്രെയിനിംഗ് കാളേജുകൾക്കും ആ അവകാശം വേണ്ടെന്നാണോ പറയുന്നതു്?

ശ്രീ. എ. താണുപിള്ള: ട്രെയിനിംഗ് കാളേജിനു് യാതൊരുവിധമായ സഹായവും ആവശ്യപ്പെടുകയില്ലെന്നു് റിട്ടൺ അണ്ടർടേക്കിംഗ് തന്നിട്ടുണ്ടു്.

ശ്രീ. എ. ജെ. ജാൺ: ഈ സ്ഥാപനങ്ങൾ അനുവദിക്കുന്നതിനു് അങ്ങനെ എഴുതിത്തരണമെന്നുണ്ടു്. പണസംബന്ധമായി യാതൊരു സഹായവും ആവശ്യപ്പെടുകയില്ലെന്നു് അന്നു് എഴുതിത്തരണമെന്നുണ്ടായിരുന്നു. അതുകൊണ്ടങ്ങനെ എഴുതിയിട്ടുള്ളതാണു്. അങ്ങനെ വ്യവസ്ഥയുണ്ടായിരുന്ന കാലത്താണു് ഈ അഞ്ചു ലക്ഷവും അൻപതിനായിരവു

മൊക്കെ കൊടുക്കുന്നതു്. അതുകൊണ്ടു് പിന്നീടുള്ള കാളേജുകൾക്കും കൊടുക്കണമോ എന്നുള്ള കാര്യം ദയവായി ആലോചിക്കണം.

ശ്രീ. എ. താണുപിള്ള: നമ്മുടെ ധനസ്ഥിതിയുംകൂടി ആലോചിക്കണം. പിന്നെ ലാകാളേജിന്റെ കാര്യത്തിൽ റക്കറിംഗ് എക്സ്പെൻസ് നമുക്കില്ല. അതു് ഇവിടെ ആവശ്യമാണോ എന്നു നോക്കിയതിൽ എഫ്. എൽ. ക്ലാസ്സിൽ എറണാകുളത്തു് 150-ഉം, 200 ഇവിടെയുമുണ്ടു്. അങ്ങനെയിരിക്കുമ്പോഴാണു് യൂണിവേഴ്സിറ്റി ഇവിടെ ലാകാളേജു് സ്ഥാപിക്കണമെന്നു് ആവശ്യപ്പെട്ടതും അതിനു ഗവണ്മെന്റു് അനുവാദം കൊടുത്തതും.

ശ്രീ. കെ. എം. ചാണ്ടി: യൂണിവേഴ്സിറ്റിക്കു് 25 ലക്ഷം എന്നുള്ള ബ്ലോക്കു് ഗ്രാന്റു് കൂട്ടിക്കൊടുക്കാൻ ആലോചിക്കുന്നുണ്ടോ?

ശ്രീ. എ. താണുപിള്ള: ഒന്നും ആലോചിക്കുന്നില്ല. പിന്നെ ലൈബ്രറിയുടെ കാര്യത്തിൽ പല രൂപത്തിലായിട്ടു് 60,000 രൂപകൂടി അനുവദിച്ചിട്ടുണ്ടു്. അതേക്കുറിച്ചു് അത്രേ പറയാനുള്ളു.

The question that a supplementary sum not exceeding Rs. 18,00,100 be granted under Demand No. XVIII—37 Education was put and carried.

The grant was made.

Demand XIX—38 Medical.

Minister for Finance **(Shri P. S. Nataraja Pillai) :** Sir, I move for a supplementary grant of Rs. 5,30,000 under Demand No. XIX—38 Medical.

Shri A. Achuthan : I second it.

ശ്രീ. എൻ. പരമേശ്വരൻപിള്ള: പുതിയ ആശുപത്രികൾ സ്ഥാപിക്കുന്നതിലേയ്ക്കു് 25,000 രൂപ ഉൾപ്പെടെ ഒരു ലക്ഷം രൂപ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ടു്. കൂടുതൽ ആശുപത്രികൾ സ്ഥാപിക്കുന്ന കാര്യത്തിൽ അതിനു് എന്തു നയമാണു് ഗവണ്മെന്റു സ്വീകരിക്കുന്നതു് എന്നുള്ള കാര്യം പ്രസ്താവിച്ചുകണ്ടില്ല. ഏതെങ്കിലും ഒരു സ്ഥലത്തു് ആശുപത്രി സ്ഥാപിക്കണമെന്നുണ്ടെങ്കിൽ സ്ഥലത്തെ ആളുകൾ അതിനുള്ള സ്ഥലവും കെട്ടിടവും ഉപകരണങ്ങളും ഉണ്ടാക്കി ഗവണ്മെന്റിലേയ്ക്കു് വിട്ടുകൊടുത്താൽ ആ കാര്യത്തെക്കുറിച്ചുകൂടി ശ്രദ്ധിക്കുന്നതാണു് എന്നു് ചോദ്യോത്തരവേളയിൽ മനസ്സിലാക്കാൻ സാധിച്ചു. ചങ്ങനാശേരി താലൂക്കിൽപ്പെട്ട കുട്ടനാടൻ പ്രദേശങ്ങളിൽ വൈദ്യസഹായം ലഭിക്കുന്നതിനുള്ള സൗകര്യം ഇല്ലാതെയാണിരിക്കുന്നതു്. പുതിയ ആശുപത്രികൾ സ്ഥാപിക്കുന്ന അവസരത്തിൽ അവിടെ ഒരാശുപത്രി സ്ഥാപിക്കുന്ന കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നുകൊള്ളുന്നു. പുതിയ ആശുപത്രികൾ വർദ്ധിപ്പിക്കുന്നതോടുകൂടി ഇപ്പോഴുള്ള ആശുപത്രികളിൽ കൂടുതൽ സജ്ജീകരണങ്ങളും സൗകര്യങ്ങളും ഉണ്ടാക്കേണ്ടതാണെന്നും ചങ്ങനാശേരി സർക്കാർ ആശുപത്രിയിൽ പുതിയ കെട്ടിടങ്ങൾ പണിയുന്നതിനായിട്ടു് ചില ആനുകൂല്യങ്ങൾ ചെയ്യണമെന്നും ഗവണ്മെന്റിന്റെ ശ്രദ്ധയിൽ ഞാൻപെടുത്തുന്നു.

[ശ്രീ. എൻ. പരമേശ്വരൻപിള്ള]

അടുത്തതായി ഗ്രാൻറ വൈദ്യശാലകളുടെ കാര്യമാണ്. ചിങ്ങവനത്ത് ഒരു ഗ്രാൻറ വൈദ്യശാല ഇല്ലാ എന്നുള്ള നിലയിലായിരിക്കുന്നു അവിടെ ഒരു അപേക്ഷകൻ ഉണ്ടായിരുന്നിട്ടും ഇതുവരെ ഗ്രാൻറകൊടുത്തിട്ടില്ല ആശുപത്രിയില്ലാത്ത സ്ഥലത്തു ശരിയായ വൈദ്യസഹായം ലഭിക്കുന്നതിന് പ്രൈവററ് വൈദ്യന്മാരുണ്ടെങ്കിൽ അവർക്ക് ഗ്രാൻറ കൊടുക്കണം. അതുപോലെയുള്ള സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുകയും വേണം. അങ്ങനെയുള്ള കാര്യങ്ങളിൽ ഗവണ്മെൻറ് വ്യക്തമായ ഒരു നയം സ്വീകരിക്കുകയും അതിനു വേണ്ട നടപടികൾ എടുക്കുന്നതിന് വളരെ നിഷ്കർഷിക്കുകയും ചെയ്യേണ്ടതാണ്. പുതിയ ആശുപത്രികൾ സ്ഥാപിക്കുന്ന കാര്യത്തിൽ അതുസംബന്ധിച്ചിടത്തോളം അതാതു താലൂക്കുകളിലെ പഞ്ചായത്തുകളുടെ അഭിപ്രായം അറിയേണ്ടതും അവിടെയുള്ള എം. എൽ. എ—മാരെയും ഉൾപ്പെടുത്തി ഒരു ഉപദേശകസമിതി രൂപീകരിച്ച്, അവരുടെ അഭിപ്രായം അറിഞ്ഞു പ്രവർത്തിക്കുന്നപക്ഷം പരാതി കൂടാതെ ഏററവും ആവശ്യമായ സ്ഥലങ്ങളിൽ വൈദ്യസഹായം നൽകുന്നതിന് സാധിക്കുകയും ചെയ്യും. അതിനുള്ള നടപടികൾ ഗവണ്മെൻറ രൂപീകരിക്കണം. ഈ ഉപധനാഭ്യർത്ഥനയെ സംബന്ധിച്ചിടത്തോളം ഈ വക സംഗതികൾ ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്യുന്നു. എട്ടുകൊല്ലമായി നെടുമുടിയിൽ ഒരു ആയുർവേദഡിസ്പെൻസറി ആവശ്യമാണെന്നു പറഞ്ഞുതുടങ്ങിയിട്ട്. അതിനു വേണ്ടതു ചെയ്യണമെന്നുംകൂടി ഞാൻ പറയുന്നു.

Mr. Speaker : Time is up. I shall now put this demand and the remaining demands to the Vote of the House.

The question that a supplementary sum not exceeding Rs. 5,30,000 be granted under Demand No. XIX—38 Medical was put and carried.

The grant was made.

Demand XXI—40 Agriculture.

The question that a supplementary sum not exceeding Rs. 4,15,900 be granted under Demand No. XXI—40. Agriculture was put and carried.

The grant was made.

Demand XXII—40. A. Rural Development.

The question that a supplementary sum not exceeding Rs. 67,31,700 be granted under Demand No. XXII—40. A. Rural Development was put and carried.

The grant was made.

Demand XXIII—41. Veterinary.

The question that a supplementary sum not exceeding Rs. 36,000 be granted under Demand XXIII—41. Veterinary was put and carried.

The grant was made.

Demand XXIV—42 Co-operation.

The question that a supplementary sum not exceeding Rs. 26,600 be granted under Demand No. XXIV—42 Co-operation was put and carried.

The grant was made.

Demand XXV—43 Industries and Supplies and XXXII—Industries and Supplies.

The question that a supplementary sum not exceeding Rs. 11,76,500 be granted under Demand No. XXV—43 Industries and Supplies and XXXII—Industries and Supplies was put and carried.

The grant was made.

Demand XXVI—47 Miscellaneous Departments.

The question that a supplementary sum not exceeding Rs. 6,27,000 be granted under Demand No. XXVI—47 Miscellaneous Departments, was put and carried.

The grant was made.

Demand XXVII—50 Civil Works.

The question that a supplementary sum not exceeding Rs. 18,88,400 be granted under Demand No. XXVII—50 Civil Works, was put and carried.

The grant was made.

Demand XXIX—55 Superannuation Allowances and Pension.

The question that a supplementary sum not exceeding Rs. 5,99,000 be granted under Demand No. XXIX—55 Superannuation allowances and Pension, was put and carried.

The grant was made.

Demand XXXI—57 Miscellaneous.

The question that a supplementary sum not exceeding Rs. 88,000 be granted under Demand No. XXXI—57 Miscellaneous, was put and carried.

The grant was made.

Demand XXXIV—XLVI—A. Receipts from Transport Schemes—Working expenses.

The question that a supplementary sum not exceeding Rs. 10,900 be granted under Demand No. XXXIV—XLVI—A. Receipts from Transport Schemes—Working Expenses was put and carried.

The grant was made.

Demand XXXVIII—81 Capital Account of Civil Works outside the Revenue Account.

The question that a supplementary sum not exceeding Rs. 16,00,000 be granted under Demand No. XXXVIII—S. Capital Account of Civil Works outside the Revenue Account, was put and carried.

The grant was made.

Demand XL—82 B .Capital Outlay on Transport Schemes outside the Revenue Account.

The question that a supplementary sum not exceeding Rs. 600 be granted under Demand No. XL—82 B. Capital Outlay on Transport Schemes outside the Revenue Account, was put and carried.

The grant was made.

Demand XLI—85 A. Capital Outlay on State Schemes of Government Trading.

The question that a supplementary sum not exceeding Rs. 1,13,100 be granted under Demand No. XLI—85 A Capital Outlay on State Schemes of Government Trading, was put and carried.

The grant was made.

Demand XLII—R. Loans and Advances.

The question that a supplementary sum not exceeding Rs. 25,26,500 be granted under Demand No. XLII—R. Loans and Advances, was put and carried.

The grant was made.

Mr. Speaker: The House will now adjourn and meet again at 11 a. m. tomorrow.

The Assembly adjourned at 5-5 P. M. to meet again at 11 A. M. on Friday, the 6th August, 1954.